# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലപ്പുറം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dpmpm.ksad@kerala.gov.in

ഫോൺ : -

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM/DP 2/83/2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2023
ഇ-മെയിൽ:
dpmpm.ksad@kerala.gov.in
ഫോൺ: -

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലപ്പുറം ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1- ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2- അഡീഷണൽ ചീഫ് സെക്രട്ടറി,ത.സ്വ.ഭ.വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3- കാര്യാലയ പകർപ്പ്

നമ്പർ: KSA MPM/DP 2/83/2023 തീയ്യതി: 31/03/2023

## മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 83 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഗിരിജ.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-08-2022 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-08-2022 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എം.കെ.റഫീഖ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എൻ.എ.അബ്ദുൽ | സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| റഷീദ് | | | |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുൽഫിക്കർ.എൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ LID & EW | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്കുമാർ. സി.ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LID & EW | 01-04-2021 | 03-10-2021 |
| ശ്രീ.മുരളികൃഷ്ണൻ. സി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LID & EW | 04-10-2021 | 31-03-2022 |
| ശ്രീമതി.പ്രീതി മേനോൻ | പ്രൊജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2021 | 31-03-2022 |
| ഡോ.സക്കീന | ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 01-04-2021 | 15-11-2021 |
| ഒഴിവ് | ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 16-11-2021 | 19-11-2021 |
| ഡോ.രേണുക.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 20-11-2021 | 31-03-2022 |
| ഡോ.ഉഷ.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം) | 01-04-2021 | 24-09-2021 |
| ഒഴിവ് | ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം) | 25-09-2021 | 06-10-2021 |
| ഡോ.സ്റ്റെല്ല ഡേവിഡ് | ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം) | 07-10-2021 | 31-03-2022 |
| ശ്രീമതി.കുസുമം.കെ.എസ് | വിദ്യാഭ്യാസ ഉപ ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലളിതദേവി.പി.ടി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.പി.ബി.സന്തോഷ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ.എം.എസ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 21-01-2022 |
| ശ്രീ.ഷാജി.കെ.പി | ജില്ലാ പട്ടികജാതി വികസന | 22-01-2022 | 02-02-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(അഡീഷണൽ ചാർജ്ജ്) | | |
| ശ്രീ.മണികണ്ഠൻ.കെ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 03-02-2022 | 31-03-2022 |
| ഡോ.ബിന്ദുഭായി.കെ.വി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മുണ്ടുപറമ്പ് | 01-04-2021 | 12-12-2021 |
| ഡോ.റാണി കമലം.എൽ.ആർ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, മുണ്ടുപറമ്പ് | 13-12-2021 | 31-03-2022 |
| ഡോ.റംലത്ത് കുഴിക്കാട്ടിൽ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ കാൻസർ ആശുപത്രി, വണ്ടൂർ | 01-04-2021 | 31-03-2022 |
| ഡോ.എൻ.അബൂബക്കർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, നിലമ്പൂർ | 01-04-2021 | 31-03-2022 |
| ഡോ.ആരതി രഞ്ജിത്ത് | സൂപ്രണ്ട്, ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | 01-04-2021 | 31-03-2022 |
| ഡോ.ബേബി ലക്ഷ്മി.കെ.ആർ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, തിരൂർ | 01-04-2021 | 31-03-2022 |
| ഡോ.ആശ.കെ | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി, വളവന്നൂർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ്.വി.പി | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2021 | 31-03-2022 |
| ശ്രീ.ടോം എബ്രഹാം | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 01-04-2021 | 30-04-2021 |
| ശ്രീ.ബെന്നി സെബാസ്റ്റ്യൻ | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 01-05-2021 | 10-05-2021 |
| ശ്രീമതി.നിമ്മി.ആർ | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 11-05-2021 | 23-08-2021 |
| ശ്രീ.പ്രമോദ് ചന്ദ്രൻ.പി.ആർ | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 24-08-2021 | 15-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി.സൈറാബാനു.വി.കെ | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 16-10-2021 | 20-12-2021 |
| ശ്രീമതി.ഷീന.എസ്.എൽ | സൂപ്രണ്ട്, ജില്ലാ കൃഷി തോട്ടം, ചുങ്കത്തറ | 21-12-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.എസ്.എൻ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിമ്മി.ആർ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 01-04-2021 | 23-08-2021 |
| ശ്രീമതി.ഗീത.ആർ.ചന്ദ്രൻ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 24-08-2021 | 30-09-2021 |
| ശ്രീ.സുനിൽ.കെ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 01-10-2021 | 06-12-2021 |
| ശ്രീ.ഹംസ കുരിക്കൾ.എം.ടി | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 07-12-2021 | 25-01-2022 |
| ഒഴിവ് | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 26-01-2022 | 26-01-2022 |
| ശ്രീമതി.ഷീന.എസ്.എൽ | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, ചോക്കാട് | 27-01-2022 | 31-03-2022 |
| ശ്രീ.അബ്ദു റസാക്ക് മുസ്ലിയാർ | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി | 01-04-2021 | 31-10-2021 |
| ശ്രീമതി.ലത.പി | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി | 01-11-2021 | 06-02-2022 |
| ശ്രീ.സുരേഷ് കുമാർ.എസ്.എൻ | സീനിയർ കൃഷി ഓഫീസർ, കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി | 07-02-2022 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സുരേഷ്.ബി | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2021 | 31-03-2022 |
| ഡോ.അബ്ദുൽ അസീസ്.പി.യു | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം,മലപ്പുറം | 01-04-2021 | 31-03-2022 |
| ഡോ.ഷൗക്കത്തലി വടക്കുമ്പാടം | അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ, ആർ.എ.എച്ച്.സി, നിലമ്പൂർ | 01-04-2021 | 14-05-2021 |
| ഡോ.സക്കറിയ സാദിഖ് മധുരക്കറിയൻ | അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ, ആർ.എ.എച്ച്.സി, നിലമ്പൂർ | 15-05-2021 | 31-03-2022 |
| ഡോ.ഹാറൂൺ അബ്ദുൽ റഷീദ് | അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ, ആർ.എ.എച്ച്.സി, ആതവനാട് | 01-04-2021 | 31-03-2022 |
| ഡോ.പി.ശിവകുമാർ | അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ പൗൾട്രി ഫാം, ആതവനാട് | 01-04-2021 | 25-07-2021 |
| ഡോ.രാജ്.ആർ | അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ പൗൾട്രി ഫാം, ആതവനാട് | 26-07-2021 | 23-08-2021 |
| ഡോ.മധു.സി | അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ പൗൾട്രി ഫാം, ആതവനാട് | 24-08-2021 | 31-03-2022 |
| ശ്രീമതി.ഷീബ ഖമർ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2021 | 30-09-2021 |
| ശ്രീ.വർക്കി ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-10-2021 | 31-03-2022 |
| ശ്രീ.വിനോദ്.എസ്.ബി | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീ.പ്രദീപ്.എം | പ്രിൻസിപ്പൽ, ഗവ: | 01-04-2021 | 05-04-2021 |

| | | | |
|---|---|---|---|
| | പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | | |
| ശ്രീമതി.ബിന്ദു.ഒ.എസ് | പ്രിൻസിപ്പൽ, ഗവ: പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | 06-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.ജെ.എസ് | പ്രിൻസിപ്പൽ, ഗവ: പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി | 01-04-2021 | 30-09-2021 |
| ശ്രീ.വേണുഗോപാൽ.എസ്.ആർ | പ്രിൻസിപ്പൽ, ഗവ: പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി | 01-10-2021 | 31-03-2022 |
| ശ്രീ.മുരളി.ടി.എസ് | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 01-04-2021 | 25-08-2021 |
| ഒഴിവ് | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 26-08-2021 | 26-08-2021 |
| ശ്രീ.സുരേന്ദ്രൻ.വി.കെ | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 27-08-2021 | 14-01-2022 |
| ശ്രീ.ജയപ്രസാദ്.പി | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 15-01-2022 | 15-01-2022 |
| ഒഴിവ് | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 16-01-2022 | 31-03-2022 |
| ശ്രീ.കൃഷ്ണമൂർത്തി.കെ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-04-2021 | 26-01-2022 |
| ശ്രീമതി.സതീദേവി.വി.വി | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 27-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അക്കൗണ്ട് സർട്ടിഫിക്കേഷൻ- അപാകതകൾ | 1-11 |
| 12 | കളക്ഷൻ തുക യഥാസമയം അടവാക്കുന്നില്ല | 1-12 |
| 13 | ഫാം ഉൽപ്പന്നങ്ങളുടെ വിൽപ്പന –തുക ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം ലഭ്യമല്ല | 1-13 |
| 14 | പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി-തെങ്ങിൻ തൈ വിൽപ്പനയിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നില്ല- ലക്ഷങ്ങളുടെ നഷ്ടം | 1-14 |
| 15 | വാടക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ; കുടിശ്ശികയായത് 2190410 രൂപ | 1-15 |
| 16 | കെൽട്രോണിൽ നിന്നും ഡെസ്ക്ടോപ്പ് വാങ്ങൽ - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഡെസ്ക്ടോപ്പ് ലഭ്യമാക്കിയില്ല | 1-16 |
| 17 | സംയുക്ത പ്രോജക്റ്റുകൾക്ക് വിഹിതം നൽകൽ- തുക വിനിയോഗ വിവരം ലഭ്യമല്ല | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി- ക്രെഡിറ്റ് സ്റ്റാറ്റസ് ലഭ്യമല്ല | 1-18 |
| 19 | കസ്റ്റം ഹയറിംഗ് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല | 1-19 |
| 20 | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം- ലക്ഷ്യപ്രാപ്തി പത്തു ശതമാനത്തിൽ താഴെ | 1-20 |
| 21 | എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര പദ്ധതി - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 22 | പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം- ആളു മാറി ചെക്ക് നൽകി | 1-22 |
| 23 | സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ വരവു വെച്ചില്ല | 1-23 |
| 24 | ന്യൂസ് പേപ്പർ ചാർജ്, ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ് എന്നിവ അനുവദനീയമല്ല | 1-24 |

| | | |
|---|---|---|
| 25 | സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ വൗച്ചറിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തി | 1-25 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല | 1-26 |
| 27 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 1-27 |
| 28 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 1-28 |
| 29 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 1-29 |
| 30 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 1-30 |
| 31 | സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി | 1-31 |
| 32 | നാല് വർഷമായിട്ടും പ്രവൃത്തി പൂർത്തിയാക്കാനായില്ല | 1-32 |
| 33 | ചുങ്കത്തറ കൃഷി ഫാം സെയിൽസ് കൗണ്ടർ നിർമ്മാണം - അപാകതകൾ | 1-33 |
| 34 | തവനൂർ കൃഷി ഫാം ഓഫീസ് നവീകരണം - പെയിന്റിങ്ങ് അപാകതകൾ | 1-34 |
| 35 | പ്രവൃത്തികൾ പൂർത്തിയാക്കാതെ തുക അനുവദിച്ചു | 1-35 |
| 36 | ആയുർവേദ ആശുപത്രിയിൽ സ്വീവേജ് പ്ലാന്റ് - നടപടികൾക്ക് ഗതിവേഗമില്ല | 1-36 |
| 37 | ആയുർവേദ ആശുപത്രിയിൽ ഡീസൽ ജനറേറ്റർ - നടപടിക്രമം പാലിച്ചില്ല | 1-37 |
| 38 | ആർട്കോ മുഖേനയുള്ള പ്രോജക്ട് നിർവ്വഹണം - അപാകതകൾ | 1-38 |
| 39 | യഥാസമയം കരാർ വെക്കാത്തതിന് ഫൈൻ ഈടാക്കിയില്ല | 1-39 |
| 40 | പ്രവൃത്തി പൂർത്തീകരണ സമയം പിഴയില്ലാതെ നീട്ടി നൽകൽ - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധം | 1-40 |
| 41 | നാളികേര സംസ്കരണ യൂണിറ്റ് കീഴുപറമ്പ് - ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ | 1-41 |
| 42 | കുറുവ റിഹാബിലിറ്റേഷൻ സെന്റർ - മികച്ച കെട്ടിട സൗകര്യം പ്രയോജനപ്പെടുത്താൻ ഫലപ്രദമായ ഇടപെടലുകൾ അനിവാര്യം | 1-42 |
| 43 | വെള്ളൂർ പാലക്കലോടി കുളം സംരക്ഷണ പ്രവൃത്തി - കരിങ്കൽ കെട്ടിന് പാക്കിങ്ങ് കുറവ് | 1-43 |
| 44 | പുളിക്കൽ വനിത വ്യവസായ കേന്ദ്രം - പ്രയോജനപ്പെടുത്താനായില്ല | 1-44 |
| 45 | കൊള്ളിത്തൊടി കോളനി ഭവന സുരക്ഷ – നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേടുകൾ | 1-45 |
| 46 | പട്ട്കുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - സൈഡ് വാൾ തകരുന്നു | 1-46 |
| 47 | പന്തീരായിപ്പാടം തോട് പുരോഗമനം -നിർവ്വഹണത്തിൽ അപാകതകൾ | 1-47 |
| 48 | മുതുവിൻകുണ്ട് അങ്കനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം - സീലിങ്ങ് തകർന്ന് വീണു | 1-48 |

| | | |
|---|---|---|
| 49 | മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രൈയിനേജ് നിർമ്മാണവും - അധിക നിരക്ക് നൽകി | 1-49 |
| 50 | പള്ളിക്കടവ് കോളനി നടപ്പാലം നിർമ്മാണം - പൊതു സമൂഹത്തിന്റെ മനസ്സ് വായിക്കാനായില്ല | 1-50 |
| 51 | ഉണ്ണ്യാൽ ശ്മശാന സംരക്ഷണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 1-51 |
| 52 | GVHSS പറവണ്ണ കോമ്പൗണ്ട് വാൾ – ചെങ്കല്ലിന് പകരം കരിങ്കല്ല് ഉപയോഗിച്ചു | 1-52 |
| 53 | മാട്ടുമ്മൽ ഇൻഡോർ സ്റ്റേഡിയം -പൂർത്തിയാക്കാനായില്ല | 1-53 |
| 54 | കരാട്ടെ പരിശീലന കേന്ദ്രം - വെള്ളം വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ല | 1-54 |
| 55 | വലിയകുന്ന് എസ്.സി കോളനി കണ്ണംകുളം നവീകരണം - നിർവ്വഹണത്തിൽ അപാകത | 1-55 |
| 56 | KMGVHSS കുടിവെള്ള പദ്ധതി . പൂർത്തികരിക്കാനായില്ല | 1-56 |
| 57 | ചെമ്മന്തട്ട ആറ്റുമല പട്ടികജാതി കോളനി സമഗ്ര വികസനം - അപാകതകൾ | 1-57 |
| 58 | കട്ടുക്കാപ്പറമ്പ് എസ്.സി കോളനി ഭവന സുരക്ഷ - നിർവ്വഹണത്തിൽ ക്രമക്കേടുകൾ | 1-58 |
| 59 | വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ് | 1-59 |
| 60 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-60 |
| 61 | വണ്ടർ ഗ്യാസ് ക്രിമറ്റോറിയം 47.6 ലക്ഷം ചെലവഴിച്ചു-ഇനിയും പ്രവർത്തന ക്ഷമമാക്കാനായില്ല. | 1-61 |
| 62 | മദിരശ്ശേരി പമ്പ് ഹൗസ് റോഡ് റീ ടാറിങ്ങ് - അധിക നിരക്ക് നൽകി | 1-62 |
| 63 | മറവഞ്ചേരി തൃക്കണാപുരം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-63 |
| 64 | നേഡറ്റ് NH ഭാരതപ്പുഴ റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-64 |
| 65 | ZMHS - പുളമംഗലം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-65 |
| 66 | കാരത്തൂർ ബീരാഞ്ചിറ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-66 |
| 67 | തെക്കൻ കുറ്റൂർ സൗത്ത് പല്ലാർ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-67 |
| 68 | നീണ്ടാരത്തിൽ കോളനി ഭവന സുരക്ഷ - അധിക നിരക്ക് നൽകി | 1-68 |
| 69 | പനക്കൽ എസ്.സി കോളനി ഭവന സുരക്ഷ – അധിക നിരക്ക് നൽകി | 1-69 |
| 70 | അംബേദ്കർ എസ്.സി കോളനി ഭവന സുരക്ഷ – ഫോം വർക്കിന് അധിക | 1-70 |

| | | |
|---|---|---|
| | നിരക്ക് നൽകി | |
| 71 | ചെനപ്പുറം വെള്ളരിക്കുളം പുത്തൂർപള്ളി റോഡ് പുരോഗമനം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-71 |
| 72 | കൊടവമ്പൻപടി - ചോലക്കാട് റോഡ് പുനരുദ്ധാരണം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-72 |
| 73 | വലിയകല്ല് മൊട്ട അല്ലൂർ റോഡ് പുരോഗമനം - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-73 |
| 74 | പൊറ്റമ്മൽ എസ്.സി കോളനി സംരക്ഷണം - അടിത്തറയില്ലാതെ തോട് സംരക്ഷണ പ്രവൃത്തി | 1-74 |
| 75 | പൊതു മരാമത്ത് പ്രവൃത്തികൾ- ഒരു വിലയിരുത്തൽ | 1-75 |
| 76 | അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-76 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ന്യൂസ് പേപ്പർ ചാർജ്, ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ് എന്നിവ അനുവദനീയമല്ല | 3-1 |
| 2 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 3-2 |
| 3 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 3-3 |
| 4 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 3-4 |
| 5 | മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി | 3-5 |
| 6 | സിംഗിൾ സെക്ഷൻ വർക്കിന് ടസ്സ് വർക്കിന്റെ നിരക്ക് നൽകി | 3-6 |
| 7 | പ്രവൃത്തികൾ പൂർത്തിയാക്കാതെ തുക അനുവദിച്ചു | 3-7 |
| 8 | യഥാസമയം കരാർ വെക്കാത്തതിന് ഫൈൻ ഈടാക്കിയില്ല | 3-8 |
| 9 | നാളികേര സംസ്കരണ യൂണിറ്റ് കീഴുപറമ്പ് - ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ | 3-9 |
| 10 | കൊള്ളിത്തൊടി കോളനി ഭവന സുരക്ഷ – നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേടുകൾ | 3-10 |
| 11 | പട്ട്കുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - സൈഡ് വാൾ തകരുന്നു | 3-11 |
| 12 | പന്തീരായിപ്പാടം തോട് പുരോഗമനം -നിർവ്വഹണത്തിൽ അപാകതകൾ | 3-12 |
| 13 | മുതുവിൻകുണ്ട് അങ്കനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം - സീലിങ്ങ് തകർന്ന് വീണു | 3-13 |
| 14 | മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രെയിനേജ് നിർമ്മാണവും - അധിക നിരക്ക് നൽകി | 3-14 |

| | | |
|---|---|---|
| 15 | ഉണ്ണ്യാൽ ശ്മശാന സംരക്ഷണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 3-15 |
| 16 | GVHSS പറവണ്ണ കോമ്പൗണ്ട് വാൾ – ചെങ്കല്ലിന് പകരം കരിങ്കല്ല് ഉപയോഗിച്ചു | 3-16 |
| 17 | കരാട്ടെ പരിശീലന കേന്ദ്രം - വെള്ളം വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ല | 3-17 |
| 18 | വലിയകുന്ന് എസ്.സി കോളനി കണ്ണംകുളം നവീകരണം - നിർവ്വഹണത്തിൽ അപാകത | 3-18 |
| 19 | കടുക്കാപ്പറമ്പ് എസ്.സി കോളനി ഭവന സുരക്ഷ - നിർവ്വഹണത്തിൽ ക്രമക്കേടുകൾ | 3-19 |
| 20 | വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ് | 3-20 |
| 21 | മദിരശ്ശേരി പമ്പ് ഹൗസ് റോഡ് റീ ടാറിങ്ങ് - അധിക നിരക്ക് നൽകി | 3-21 |
| 22 | മറവഞ്ചേരി തൃക്കണാപുരം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-22 |
| 23 | നേഡറ്റ് NH ഭാരതപ്പുഴ റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-23 |
| 24 | ZMHS - പുളമംഗലം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-24 |
| 25 | കാരത്തൂർ ബീരാഞ്ചിറ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-25 |
| 26 | തെക്കൻ കുറ്റൂർ സൗത്ത് പല്ലാർ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-26 |
| 27 | നീണ്ടാരത്തിൽ കോളനി ഭവന സുരക്ഷ - അധിക നിരക്ക് നൽകി | 3-27 |
| 28 | പനക്കൽ എസ്.സി കോളനി ഭവന സുരക്ഷ – അധിക നിരക്ക് നൽകി | 3-28 |
| 29 | അംബേദ്കർ എസ്.സി കോളനി ഭവന സുരക്ഷ – ഫോം വർക്കിന് അധിക നിരക്ക് നൽകി | 3-29 |
| 30 | ചെനപ്പുറം വെള്ളരിക്കുളം പുത്തൂർപള്ളി റോഡ് പുരോഗമനം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-30 |
| 31 | കൊടവമ്പൻപടി - ചോലക്കാട് റോഡ് പുനരുദ്ധാരണം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-31 |
| 32 | വലിയകല്ല് മൊട്ട അല്ലൂർ റോഡ് പുരോഗമനം - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-32 |
| 33 | പൊറ്റമ്മൽ എസ്.സി കോളനി സംരക്ഷണം - അടിത്തറയില്ലാതെ തോട് സംരക്ഷണ പ്രവൃത്തി | 3-33 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22-02-2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 28-06-2022 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 106161427 |
| വരവ് | 1296895972 |
| ആകെ | 1403057399 |
| ചെലവ് | 1208605065 |
| നീക്കിയിരിപ്പ് | 194452334 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 474834285 | 474834285 | 370516762 | 104317523 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 221831565 | 221831565 | 193246611 | 28584954 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 16253087 | 16253087 | 16075000 | 178087 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | - | 294206000 | 294206000 | 222426236 | 71779764 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR | - | 203723843 | 203723843 | 164155625 | 39568218 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (ACR പ്രകാരം) | - | 185296226 | 185296226 | 68479842 | 116816384 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied (ACR പ്രകാരം) | - | 115576506 | 115576506 | 76840396 | 38736110 |
| ബി ഫണ്ട് | - | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1274 | 2098952388 | 703 | 1136343329 | - | 571 | 55.18 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-03-2023 - ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173(1) വകുപ്പ് അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വിവരിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലോ , മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ ഉൾപൊടാത്ത പ്രോജക്ടുകൾ നിർവഹണം നടത്തുന്നത് വ്യാപകമാണ്.

2) 1057/22 പ്രോജക്ട് പൂക്കരത്തറ ദാറുൽ ഹിദായ HSS ടോയ്‌ലറ്റ് നിർമിക്കുന്നതിനാണ്. ഇതിനായി പതിനഞ്ച് ലക്ഷം രൂപ വകയിരുത്തുകയും 1428046 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3) സുലേഖ ചെലവ് പത്രികയിൽ എല്ലാ ചെലവുകളും സൂക്ഷ്മമായ രീതിയിൽ പ്രതിഫലിക്കുന്നില്ല എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തനത് ഫണ്ടിന്റെ ചെലവും പ്ലാൻ ചെലവും ഇപ്രകാരം കാണുന്നുണ്ട്. 956/22 പാറൽ അംഗനവാടി ബിൽഡിങ്ങ് എന്ന പ്രോജക്ടിന് 451615 രൂപ ചെലവുണ്ട്. എന്നാൽ, ചെലവ് പത്രികയിൽ 514081 രൂപയാണ് ബുക്ക് ചെയ്തിട്ടുള്ളത്. ഇത്തരം അപാകതകൾ വിശകലനം ചെയ്യേണ്ടതാണ്.

4) കരാർ വെച്ച് സൈറ്റ് കൈമാറിയ ശേഷം പ്രവൃത്തി യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ വീഴ്ച്ച വരുത്തുന്നത് ഗൗരവമായി കാണേണ്ടതാണ്. വകുപ്പിന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി വൈകുന്ന സാഹചര്യങ്ങളിൽ അർഹമായ പിഴ ഈടാക്കുന്നതിൽ വീഴ്ച്ച വരുത്തുന്നു. പ്രവൃത്തി വൈകുന്നത് ജില്ലാ പഞ്ചായത്ത് ഫണ്ട് ലാപ്സാവുന്നതിന് കാരണമാവുന്നു എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

5) ജില്ലാ പഞ്ചായത്തിന് വിപുലമായ എഞ്ചിനീയറിങ്ങ് വിഭാഗം ഉണ്ടായിരിക്കെ, സർക്കാർ നിർദേശങ്ങൾ അവഗണിച്ച് അക്രഡിറ്റഡ് ഏജൻസികൾക്ക് പി.എം.സി ആയി വർക്കുകൾ നൽകുന്നത് തുടരുന്നു.

6) കെൽ എന്ന ഏജൻസി മുഖേന നിർവഹണം നടത്തിയ പ്രവൃത്തികളിൽ, പ്രത്യേകിച്ച് ഭവന സുരക്ഷാ വർക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ആയത് പ്രത്യേകമായി പരിശോധനാ വിധേയമാക്കേണ്ടതാണ്.

7) ഭവന സുരക്ഷാ വർക്കുകളിൽ ഉണഭോക്താക്കൾ ആഗ്രഹിക്കുകയോ, ആവശ്യപ്പെടുകയോ ചെയ്യാത്തതും ഗ്രാമാസൂത്രണത്തിന്റെ അനിവാര്യതകളിൽ ഉൾപെടാത്തതുമായ വാൾ കോൺക്രീറ്റ് തികച്ചും അനുചിതമാണ്. എസ്.സി ഭവന നിർമാണത്തിന് കേവലം നാല് ലക്ഷം രൂപ മാത്രം അനുവദിക്കുന്ന സമയത്ത്, ഭവന സുരക്ഷ എന്ന പേരിൽ ലക്ഷങ്ങൾ ചെലവഴിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

8) ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ കൃഷിഫാമുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ശ്രമിക്കേണ്ടതാണ്.

9) കിൻഫ്ര ടെക്നോപാർക്ക് സംരംഭകരിൽ നിന്ന് പിരിച്ചെടുക്കേണ്ട വാടക ഓരോ വർഷം കഴിയുന്തോറും കുടിശ്ശികയായി കുമിഞ്ഞ് കൂടുന്നു. കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-11-2022 മുതൽ 19-11-2022 വരെ | 2021-22 | 16-12-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-06-2019 മുതൽ 01-07-2019 വരെ | 2018-19 | 02-08-2019 |

## 1-11 അക്കൗണ്ട് സർട്ടിഫിക്കേഷൻ- അപാകതകൾ

1- കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 75 പ്രകാരം മറ്റ് ചട്ടങ്ങളും ഉത്തരവുകളും ബാധകമാക്കിയിട്ടുള്ളതിനാൽ വാർഷികക്കണക്കിൽ വരുമാനമായി കാണിച്ചിട്ടുള്ള ഇനങ്ങൾക്ക് അതത് ചട്ട പ്രകാരം ബാധകമായ രജിസ്റ്ററുകളും രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഇനങ്ങളിൽ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

A) RP-4 Fees And User Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്റർ.
B) RP-5-Sale And Hire Charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്റർ.

C) RP-6- Receipts From Transferred Institution എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്റർ.

D) വാർഷികക്കണക്കിൽ കാണുന്ന മറ്റ് വരവിനങ്ങളുടെ രജിസ്റ്റർ.

2- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ താഴെ പറയും പ്രകാരം കുടിശ്ശിക ഉണ്ട്.

| | |
|---|---|
| Rent Receivables From Buildings (Current) | 324520 |
| Rent Receivables From Buildings (Arrear) | 2076171 |

നികുതി നികുതേിയതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4-ശരിയായ രീതിയിൽ റസീപ്റ്റ് ചെയ്യുകയാണെങ്കിൽ Receipt & Payment ലെ Schedule ന് Corresponding ആയി Income & Expenditure ൽ വരുന്ന Schedule -ൽ വരുന്ന തുകയും ഒന്ന് തന്നെയായിരിക്കും. എന്നാൽ താഴെ കാണിച്ചിരിക്കുന്ന ഷെഡ്യൂളുകളിലുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Sl No. | Receipts & Payment Schedule | Amount | Income & Expentiture Schedule | Amount |
|---|---|---|---|---|
| 1 | RP - 12 | 2234964 | I-11(b) | 2253844 |
| 2 | RP - 13 | 24718011 | I-12(b) | 29716059 |
| 3 | RP - 16 | 468971377 | I-14 (A) | 532940457 |
| 4 | RP - 17 | 11581953 | I-14 (B) | 11249503 |
| 5 | RP - 20 | 349110404 | I-14 (E) | 375696743 |
| 6 | RP - 21 | 178629 | I-15(a) | 9890074 |

5- ശരിയാം വിധം എൻട്രികൾ നടത്തിയിട്ടുണ്ടെങ്കിൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ കാണിച്ചിട്ടുള്ള തുകകൾ തന്നെയായിരിക്കും ഷെഡ്യൂൾ B-17 ലും വരുക. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ B-4 ൽ 172058912 രൂപയും ഷെഡ്യൂൾ B-17 ൽ 194452334 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം ക്രമീകരിച്ച് നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

6- ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B -18 ൽ താഴെ പറയുന്ന ഡെപ്പോസിറ്റ് വിവരങ്ങൾ വന്നിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1560/22, ജില്ലാ ഹോമിയോ ആശുപത്രി മുണ്ടുപറമ്പ്- ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ | 4089985/ 22-01-22 | 242840 | - | 242840 |
| കെ.എസ്.ഇ.ബി | 1554/22, ജി.വി.എച്ച് എസ്.എസ് കീഴുപറമ്പ് ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ | 397945/ 22-03-22 | 264260 | - | 264260 |
| ഭൂജല വകുപ്പ് | 1322/22. ജി.എച്ച്.എസ്.എസ്. പുല്ലാനൂർ കുടിവെള്ള പദ്ധതി | 262837/ 07-03-22 | 472000 | - | 472000 |
| കെ.എസ്.ഇ.ബി | 457/22, എടപ്പാൾ ഗവ: ഹൈസ്കൂളിലേക്ക് ട്രാൻസ്ഫോമർ | 205174/ 25-02-22 | 700000 | - | 700000 |

7- ക്രമ നമ്പർ 6 – ൽ കാണിച്ചിരിക്കുന്ന ഇനങ്ങൾ അഡ്വാൻസ് രജിസ്റ്ററിലും വരാത്തതിനാൽ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിരിക്കുന്ന സംഗ്രഹം തെറ്റാണ്.

8- പരിശോധനക്കായി ഹാജരാക്കിയ വാടക സംബന്ധിച്ച ഡി.സി.ബി പത്രികയും വാർഷിക കണക്കും തമ്മിൽ താഴെ പറയും വിധം പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | | വാർഷിക കണക്ക് പ്രകാരം | | വാർഷിക കണക്കുമായുള്ള വ്യത്യാസം | |
|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ |

| | | | | | | |
|---|---|---|---|---|---|---|
| ഡിമാന്റ് | 509802 | 2076457 | 509802 | 2106425 | - | 29968 രൂപ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം കുറവ് |
| കളക്ഷൻ | 175964 | 39572 | 185282 | 30254 | 9318 രൂപ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം കുറവ് | 9318 രൂപ വാർഷിക കണക്ക് പ്രകാരം കുറവ് |
| ബാലൻസ് | 333838 | 2036885 | 324520 | 2076171 | 9318 രൂപ വാർഷിക കണക്ക് പ്രകാരം കുറവ് | 39286 രൂപ ഡി.സി.ബി പ്രകാരം കുറവ് |

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 59/22-03-23)

## 1-12 കളക്ഷൻ തുക യഥാസമയം അടവാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം , ഓരോ എക്സ് ഒഫീഷ്യോ സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ചട്ടം 23 പ്രകാരം, 500 രൂപയിൽ അധികരിച്ച് ലഭിക്കുന്ന തുകകൾ പ്രസ്തുത ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിൽ ഫാം ഉൽപന്നങ്ങൾ വിൽപന നടത്തുമ്പോൾ ജില്ലാ പഞ്ചായത്ത് നൽകുന്ന രശീതി ബുക്കുകൾ ഉപയോഗിച്ച് പിരിച്ചെടുക്കുന്ന തുക മലപ്പുറം എം.ഡി.സി ബാങ്കിലുള്ള 090011201000176 നമ്പർ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല. മൂന്നോ നാലോ ദിവസത്തെ കലക്ഷൻ തുകയോ, അല്ലെങ്കിൽ ഒരു മാസത്തിൽ രണ്ടോ മൂന്നോ തവണയോ ആയിട്ടാണ് ഫാമുകൾ തുക ട്രാൻസ്ഫർ ചെയ്യുന്നത്. ട്രാൻസ്ഫർ ചെയ്ത തുകയുടെ കൃത്യമായ കണക്ക്, ഏത് മുതൽ ഏത് വരെയുള്ള രശീതികൾ ഉപയോഗിച്ച്, ഏത് തിയ്യതി മുതൽ ഏത് തിയ്യതി വരെ പിരിച്ച തുകയാണ്, ഏതൊക്കെ ഇനത്തിലുള്ള തുകയാണ് തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച പത്രിക തുക ട്രാൻസ്ഫർ ചെയ്യുന്ന മുറക്ക് സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിന് നൽകുന്നില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും ബാങ്ക് അക്കൗണ്ട് റീ കൺസിലിയേഷൻ നടത്തുമ്പോഴാണ് മേൽ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ തുകകൾ അക്കൗണ്ടിൽ ഉൾക്കൊള്ളിക്കുന്നത്. അടവ് വൈകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 9/21-22, തീയതി: 24-11-2022)

1- സ്റ്റേറ്റ് സീഡ് ഫാം , ചോക്കാട്

| ക്രമ നമ്പർ | രസീത് നമ്പർ/തീയതി | തുക | അടവാക്കിയ തീയതി | കാലതാമസം |
|---|---|---|---|---|
| 1 | 19/1251/07-05-21 | 1611 | 24-05-21 | 16 ദിവസം |
| 2 | 66,67,68,&69/1251/26-07-21 | 2680 | 02-08-21 | 6 ദിവസം |
| 3 | 82/1251/02-09-21 | 809 | 16-09-21 | 13 ദിവസം |

2- ജില്ലാ കൃഷിതോട്ടം , ചുങ്കത്തറ

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക | അടവാക്കിയ തീയതി | കാലതാമസം |
|---|---|---|---|---|---|
| 1 | 55/836 മുതൽ 71/836 വരെ | 07-06-22 | 5243 | 13-06-22 | 5 ദിവസം |
| 2 | 25/838 മുതൽ 42/838 വരെ | 18-06-22 | 5800 | 22-06-22 | 3 ദിവസം |
| 3 | 81/838 മുതൽ 99/838 വരെ | 22-06-22 | 5097 | 27-06-22 | 4 ദിവസം |
| 4 | 36/840 മുതൽ 52/840 വരെ | 08-07-22 | 15680 | 15-07-22 | 6 ദിവസം |

(ഓഡിറ്റ് എൻക്വയറി നമ്പർ 10/21-22, തീയതി: 24-11-2022)

3- സ്റ്റേറ്റ് സീഡ് ഫാം , തവനൂർ

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക | അടവാക്കിയ തീയതി | കാലതാമസം |
|---|---|---|---|---|---|
| 1 | 28/1260 മുതൽ 30/1260 വരെ | 08-04-22 | 4550 | 22-04-22 | 13 ദിവസം |
| 2 | 92/817, മുതൽ 95/817 വരെ | 22-03-22 | 4470 | 04-05-22 | 42 ദിവസം |

| | | | | | |
|---|---|---|---|---|---|
| 3 | 83/843 മുതൽ 89/849വരെ | 01-11-22 | 3093 | 30-11-22 | 28 ദിവസം |

ഇപ്രകാരം അടവാക്കുന്ന തുക ജില്ലാ പഞ്ചായത്തിന്റെ മേൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 2021-22 ൽ ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് വാങ്ങിയതായും കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 17/21-22, തീയതി: 30-11-2022)

4- കോക്കനട്ട് നഴ്സറി , പരപ്പനങ്ങാടി

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക | അടവാക്കിയ തീയതി | കാലതാമസം |
|---|---|---|---|---|---|
| 1 | 57/1248 മുതൽ 65/1248 വരെ | 08-08-22 | 7568 | 17-08-22 | 8 ദിവസം |
| 2 | 74/1248, 75/1248 | 30-08-22 | 18500 | 15-09-22 | 15 ദിവസം |
| 3 | 86/1248 മുതൽ 88/1248 വരെ | 10-11-22 | 2000 | 21-11-22 | 10 ദിവസം |

ഇപ്രകാരം അടവാക്കുന്ന തുക ജില്ലാ പഞ്ചായത്തിന്റെ മേൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 01-10-21 മുതൽ 31-03-22 വരെയുള്ള ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് വാങ്ങിയതായും കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 14/21-22, തീയതി: 29-11-2022 )

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-13 ഫാം ഉൽപ്പന്നങ്ങളുടെ വിൽപ്പന -തുക ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം ലഭ്യമല്ല

കൃഷി ഫാമുകളിൽ നിന്നും കൃഷി ഭവനുകളിലേക്ക് വിതരണം ചെയ്യുന്ന എല്ലാതരം ഉൽപന്നങ്ങളുടെയും കൈമാറ്റം ഇൻവോയ്സ് മുഖേന നടത്തേണ്ടതും ആർക്കാണോ സാധനങ്ങൾ എത്തിക്കുന്നത്, അവർ ഇൻവോയ്സ് ബില്ലിൽ Acknowledge ചെയ്ത് ഫാമിന് നൽകേണ്ടതും പേയ്മെന്റ് NEFT അല്ലെങ്കിൽ ഏത് തരത്തിലാണ് നടത്തുന്നത്, ആ സമയത്ത് ഫാമിന് ട്രാൻസ്ഫർ ചെയ്യുന്ന തുകയുടെ വിവരങ്ങൾ ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് തന്നെ ഒരു ഹാർഡ് കോപ്പിയായി ഫാമിന് അയച്ചു കൊടുക്കുകയും ചെയ്യേണ്ടതുമാണെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 03-08-2018 -ലെ TH(2)21204/18 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

2021-22 -ൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാമുകളിൽ നിന്നും നെല്ല്. തെങ്ങിൻ തൈ, കുരുമുളക് വള്ളി, പച്ചക്കറി വിത്തുകൾ , തൈകൾ എന്നിവ വിവിധ കൃഷി ഭവനുകളിലേക്ക് ഇൻവോയ്സ് മുഖേന കൈമാറിയിട്ടുണ്ട്. ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കൃഷി ഭവനുകൾ ക്രെഡിറ്റ് സെയിൽ ഇനത്തിൽ അടവാക്കേണ്ട തുക അതത് ഫാമുകളുടെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്ന് ശ്രദ്ധയിൽ പെട്ടു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1- കോക്കനട്ട് നഴ്സറി, പരപ്പനങ്ങാടി

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ തീയതി | ഇനം | എണ്ണം | തുക | കൃഷി ഭവന്റെ പേര് |
|---|---|---|---|---|---|
| 1 | 2/14-06-21 | കുരുമുളക് വള്ളി | 3300 | 26400 | തെന്നല |
| 2 | 3/15-06-21 | -ടി- | 6600 | 52800 | വേങ്ങര |
| 3 | 4/15-06-21 | -ടി- | 3300 | 26400 | പറപ്പൂർ |
| 4 | 12/28-06-21 | -ടി- | 1100 | 8800 | നെടിയിരിപ്പ് |
| 5 | 18/06-07-21 | -ടി- | 3300 | 26400 | നന്നമ്പ്ര |
| 6 | 21/06-07-21 | തെങ്ങിൻ തൈ | 1048 | 104800 | നെടിയിരിപ്പ് |
| 7 | 22/06-07-21 | -ടി- | 1048 | 104800 | കൊണ്ടോട്ടി |
| 8 | 23/06-07-21 | -ടി- | 920 | 92000 | ചേലേമ്പ്ര |
| 9 | 24/06-07-21 | -ടി- | 1112 | 111200 | പുളിക്കൽ |
| 10 | 25/06-07-21 | -ടി- | 1172 | 117200 | എ.ആർ നഗർ |
| 11 | 26/06-07-21 | -ടി- | 1300 | 130000 | താനാളൂർ |
| 12 | 27/06-07-21 | -ടി- | 916 | 91600 | തെന്നല |
| 13 | 28/06-07-21 | -ടി- | 1045 | 104500 | പറപ്പൂർ |
| 14 | 29/06-07-21 | -ടി- | 916 | 91600 | നിറമരുതൂർ |
| 15 | 30/09-07-21 | -ടി- | 916 | 91600 | ചെറിയമുണ്ടം |
| 16 | 32/09-07-21 | -ടി- | 1176 | 117600 | പുളിക്കൽ |
| 17 | 33/09-07-21 | -ടി- | 728 | 72800 | ചെറുകര |
| 18 | 34/09-07-21 | -ടി- | 980 | 98000 | ഒഴൂർ |
| 19 | 38/09-07-21 | -ടി- | 930 | 93000 | ചീക്കോട് |
| 20 | 39/09-07-21 | -ടി- | 675 | 67500 | കീഴുപറമ്പ് |
| 21 | 40/09-07-21 | -ടി- | 693 | 69300 | കുഴിമണ്ണ |
| 22 | 42/09-07-21 | -ടി- | 916 | 91600 | ഊരകം |
| 23 | 46/22-07-21 | -ടി- | 985 | 98500 | വാഴക്കാട് |
| 24 | 47/22-07-21 | -ടി- | 802 | 80200 | വെട്ടത്തൂർ |
| 25 | 49/22-07-21 | -ടി- | 856 | 85600 | വാഴയൂർ |
| 26 | 50/22-07-21 | -ടി- | 1000 | 100000 | പൂക്കോട്ടൂർ |
| 27 | 51/22-07-21 | -ടി- | 935 | 93500 | മൊറയൂർ |
| 28 | 52/22-07-21 | -ടി- | 1122 | 112200 | ആലിപ്പറമ്പ് |
| 29 | 53/22-07-21 | -ടി- | 802 | 80200 | ഏലംകുളം |
| 30 | 56/22-07-21 | -ടി- | 1255 | 125500 | ആനക്കയം |
| 31 | 57/22-07-21 | -ടി- | 728 | 72800 | മുതുവല്ലൂർ |
| 32 | 58/22-07-21 | -ടി- | 1953 | 195300 | പെരിന്തൽമണ്ണ |
| 33 | 59/26-07-21 | -ടി- | 11182 | 118200 | തൃപ്രങ്ങോട് |
| 34 | 60/26-07-21 | -ടി- | 1055 | 105500 | തലക്കാട് |
| 35 | 61/26-07-21 | -ടി- | 1058 | 105800 | പുലാമന്തോൾ |
| 36 | 62/26-07-21 | -ടി- | 1250 | 125000 | അങ്ങാടിപ്പുറം |
| 37 | 63/26-07-21 | -ടി- | 1118 | 111800 | വെട്ടം |

| | | | | | |
|---|---|---|---|---|---|
| 38 | 64/26-07-21 | -ടി- | 1118 | 111800 | മംഗലം |
| 39 | 65/26-07-21 | -ടി- | 1310 | 131000 | തിരുനാവായ |
| 40 | 67/26-07-21 | -ടി- | 1055 | 105500 | തിരൂരങ്ങാടി |
| 41 | 72/26-07-21 | കുരുമുളക് വള്ളി | 3300 | 26400 | തിരൂരങ്ങാടി |
| 42 | 73/02-08-21 | തെങ്ങിൻ തൈ | 1063 | 106300 | ഒതുക്കങ്ങൽ |
| 43 | 74/02-08-21 | -ടി- | 2341 | 234100 | മലപ്പുറം |
| 44 | 76/02-08-21 | -ടി- | 1055 | 105500 | കൽപകഞ്ചേരി |
| 45 | 77/02-08-21 | -ടി- | 1630 | 163000 | തിരൂർ |
| 46 | 79/02-08-21 | -ടി- | 20 | 2000 | എടപ്പാൾ |
| 47 | 80/02-08-21 | -ടി- | 20 | 2000 | വട്ടംകുളം |
| 48 | 82/02-08-21 | -ടി- | 1246 | 124600 | ആതവനാട് |
| 49 | 83/02-08-21 | -ടി- | 1310 | 131000 | മൂന്നിയൂർ |
| 50 | 84/02-08-21 | -ടി- | 926 | 92600 | തേഞ്ഞിപ്പലം |
| 51 | 85/02-08-21 | -ടി- | 1310 | 131000 | വള്ളിക്കുന്ന് |
| 52 | 86/02-08-21 | -ടി- | 995 | 99500 | പൊന്നാനി |
| 53 | 87/02-08-21 | -ടി- | 1055 | 1055 | പെരുവള്ളൂർ |
| 54 | 88/02-08-21 | -ടി- | 1040 | 104000 | കാലടി |
| 55 | 89/03-08-21 | -ടി- | 1310 | 131000 | കുറ്റിപ്പുറം |
| 56 | 90/03-08-21 | -ടി- | 2641 | 264100 | താനൂർ |
| 57 | 91/09-08-21 | കുരുമുളക് വള്ളി | 3300 | 26400 | പെരുവള്ളൂർ |
| 58 | 92/09-08-21 | -ടി- | 3300 | 26400 | വള്ളിക്കുന്ന് |
| 59 | 94/09-08-21 | -ടി- | 2200 | 17600 | പെരുമണ്ണ ക്ലാരി |
| 60 | 97/13-08-21 | തെങ്ങിൻ തൈ | 1948 | 194800 | വളാഞ്ചേരി |
| 61 | 98/13-08-21 | -ടി- | 1055 | 105500 | എടയൂർ |
| 62 | 99/13-08-21 | -ടി- | 926 | 92600 | ഇരിമ്പിളിയം |
| 63 | 101/13-08-21 | -ടി- | 2120 | 212000 | പരപ്പനങ്ങാടി |
| 64 | 102/16-08-21 | പച്ചക്കറി വിത്ത് | 232 | 2320 | ചെറിയമുണ്ടം |
| 65 | -ടി- | -ടി- | 232 | 2320 | നിറമരുതൂർ |
| 66 | 103/16-08-21 | -ടി- | 252 | 2520 | തൃപ്രങ്ങോട് |
| 67 | -ടി- | -ടി- | 252 | 2520 | തിരുനാവായ |
| 68 | -ടി- | -ടി- | 252 | 2520 | തലക്കാട് |
| 69 | -ടി- | -ടി- | 252 | 2520 | തിരൂർ |
| 70 | -ടി- | -ടി- | 257 | 2570 | മംഗലം |
| 71 | 104/16-08-21 | -ടി- | 262 | 2620 | തിരൂരങ്ങാടി |
| 72 | -ടി- | -ടി- | 262 | 2620 | പരപ്പനങ്ങാടി |
| 73 | -ടി- | -ടി- | 262 | 2620 | മൂന്നിയൂർ |
| 74 | -ടി- | -ടി- | 262 | 2620 | വള്ളിക്കുന്ന് |
| 75 | -ടി- | -ടി- | 262 | 2620 | തേഞ്ഞിപ്പലം |
| 76 | 105/16-08-21 | -ടി- | 207 | 2070 | തെന്നല |

| | | | | | |
|---|---|---|---|---|---|
| 77 | -ടി- | -ടി- | 232 | 2320 | എടരിക്കോട് |
| 78 | -ടി- | -ടി- | 232 | 2320 | ഊരകം |
| 79 | -ടി- | -ടി- | 232 | 2320 | വേങ്ങര |
| 80 | -ടി- | -ടി- | 232 | 2320 | കണ്ണമംഗലം |
| | | | ആകെ | 6183495 | |

മേൽ തുക അതത് കൃഷിഭവനകൾ കോക്കനട്ട് നഴ്സറിക്ക് കൈമാറിയതിന്റെയും തെങ്ങിൻ തൈ വില്പന നടത്തിയതിന്റെ തുക സർക്കാറിലേക്കും, അവശേഷിക്കുന്ന തുക ജില്ലാ പഞ്ചായത്തിലേക്കും കൈമാറിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 29-11-2022 – ന് നൽകിയ - 13 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2- സ്റ്റേറ്റ് സീഡ് ഫാം, തവനൂർ

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/ തീയതി | ഇനം | എണ്ണം/കി.ഗ്രാം | തുക | കൃഷി ഭവന്റെ പേര് |
|---|---|---|---|---|---|
| 1 | 1/21-22 /27-05-21 | നെൽ വിത്ത്(ഉമ) | 450 | 18000 | ചെറുകാവ് |
| 2 | 2/21-22 /27-05-21 | -ടി- | 300 | 12000 | ചേലേമ്പ്ര |
| 3 | 3/21-22 /27-05-21 | -ടി- | 300 | 12000 | കൊണ്ടോട്ടി |
| 4 | 4/21-22 /27-05-21 | -ടി- | 390 | 15600 | നെടിയിരുപ്പ് |
| 5 | 5/21-22 /27-05-21 | -ടി- | 450 | 18000 | വാഴക്കാട് |
| 6 | 6/21-22 /27-05-21 | -ടി- | 450 | 18000 | വാഴയൂർ |
| 7 | 7/21-22 /27-05-21 | -ടി- | 300 | 12000 | പുളിക്കൽ |
| 8 | 8/21-22 /28-05-21 | -ടി- | 300 | 12000 | പുൽപ്പറ്റ |
| 9 | 9/21-22 /28-05-21 | -ടി- | 300 | 12000 | കുഴിമണ്ണ |
| 10 | 10/21-22 /28-05-21 | -ടി- | 510 | 20400 | അരീക്കോട് |
| 11 | 11/21-22 /28-05-21 | -ടി- | 90 | 3600 | ചീക്കോട് |
| 12 | 13/21-22 /28-05-21 | -ടി- | 300 | 12000 | എടവണ്ണ |
| 13 | 14/21-22 /28-05-21 | -ടി- | 300 | 12000 | കുറുവ |
| 14 | 16/21-22 /28-05-21 | -ടി- | 300 | 12000 | മഞ്ചേരി |
| 15 | 17/21-22 /31-05-21 | -ടി- | 300 | 12000 | പുഴക്കാട്ടിരി |
| 16 | 18/21-22 /31-05-21 | -ടി- | 300 | 12000 | മക്കരപറമ്പ് |
| 17 | 19/21-22 | -ടി- | 300 | 12000 | മങ്കട |

| | | | | | |
|---|---|---|---|---|---|
| | /31-05-21 | | | | |
| 18 | 20/21-22 /31-05-21 | -ടി- | 300 | 12000 | മൂർക്കനാട് |
| 19 | 21/21-22 /31-05-21 | -ടി- | 300 | 12000 | കുട്ടിലങ്ങാടി |
| 20 | 22/21-22 /01-06-21 | -ടി- | 300 | 12000 | ആലങ്കോട് |
| 21 | 23/21-22 /01-06-21 | -ടി- | 300 | 12000 | നന്നംമുക്ക് |
| 22 | 24/21-22 /01-06-21 | -ടി- | 300 | 12000 | പെരുമ്പടപ്പ് |
| 23 | 25/21-22 /01-06-21 | -ടി- | 300 | 12000 | വെളിയങ്കോട് |
| 24 | 26/21-22 /02-06-21 | -ടി- | 300 | 12000 | മാറഞ്ചേരി |
| 25 | 27/21-22 /02-06-21 | -ടി- | 300 | 12000 | കാലടി |
| 26 | 29/21-22 /02-06-21 | -ടി- | 450 | 18000 | വട്ടംകുളം |
| 27 | 30/21-22 /02-06-21 | -ടി- | 300 | 12000 | ഈഴവതിരുത്തി |
| 28 | 26 A/21-22 /02-06-21 | -ടി- | 300 | 12000 | തവനൂർ |
| 29 | 32/21-22 /14-07-21 | -ടി- | 630 | 25200 | വെളിയങ്കോട് |
| 30 | 33/21-22 /22-07-21 | -ടി- | 60 | 2400 | KVK മലപ്പുറം |
| 31 | 34/21-22 /24-07-21 | -ടി- | 900 | 36000 | എടപ്പാൾ (50% തുക 27-08-21 ന് കിട്ടി) |
| 32 | 35/21-22 /09-08-21 | -ടി- | 1050 | 42000 | കാലടി |
| 33 | 37/21-22 /10-08-21 | -ടി- | 600 | 24000 | അരീക്കോട് |
| 34 | 1/21-22 /16-06-21 | കുരുമുളക് വള്ളി | 1100 | 8800 | ആലങ്കോട് |
| 35 | 2/21-22 /16-06-21 | -ടി- | 1100 | 8800 | നന്നംമുക്ക് |
| 36 | 3/21-22 /16-06-21 | -ടി- | 1100 | 8800 | വെളിയങ്കോട് |
| 37 | 4/21-22 /16-06-21 | -ടി- | 2200 | 17600 | പെരുമ്പടപ്പ് |
| 38 | 5/21-22 /16-06-21 | -ടി- | 1100 | 8800 | മാറഞ്ചേരി |
| 39 | 6/21-22 /17-06-21 | -ടി- | 2200 | 17600 | വട്ടംകുളം |
| 40 | 7/21-22 /17-06-21 | -ടി- | 2200 | 17600 | എടപ്പാൾ (50% തുക 15-07-21 ന് കിട്ടി) |

| | | | | | |
|---|---|---|---|---|---|
| 41 | 8/21-22 /17-06-21 | -ടി- | 2200 | 17600 | ഈഴവതിരുത്തി(50% തുക 23-07-21 ന് കിട്ടി) |
| 42 | 9/21-22 /21-06-21 | -ടി- | 2200 | 17600 | തവനൂർ |
| 43 | 10/21-22 /21-06-21 | -ടി- | 2200 | 17600 | കാലടി(50% തുക 12-08-21 ന് കിട്ടി) |
| 44 | 17/21-22 /28-06-21 | -ടി- | 2200 | 17600 | വെട്ടം(50% തുക 17-08-21 ന് കിട്ടി) |
| 45 | 23/21-22 /05-07-21 | -ടി- | 2200 | 17600 | താനാളൂർ(50% തുക 19-08-21 ന് കിട്ടി) |
| 46 | 24/21-22 /05-07-21 | -ടി- | 2200 | 17600 | നിറമരുതൂർ(50% തുക 23-09-21 ന് കിട്ടി) |
| 47 | 1/21-22 /23-11-21 | പച്ചക്കറി തൈ | 36 യൂണിറ്റ് | 3600 | തവനൂർ(50% തുക 12-01-22 ന് കിട്ടി) |
| 48 | 2/21-22 /23-11-21 | -ടി- | 36 യൂണിറ്റ് | 3600 | കാലടി |
| 49 | 3/21-22 /16-12-21 | -ടി- | 32യൂണിറ്റ് | 3200 | എടപ്പാൾ |
| 50 | 4/21-22 /16-12-21 | -ടി- | 32യൂണിറ്റ് | 3200 | വട്ടംകുളം(50% തുക 14-01-22 ന് കിട്ടി) |
| 51 | 5/21-22 /21-12-21 | -ടി- | 32യൂണിറ്റ് | 3200 | ഈഴവതിരുത്തി |
| 52 | 6/21-22 /21-12-21 | -ടി- | 32യൂണിറ്റ് | 3200 | പൊന്നാനി |
| 53 | 1/21-22 /27-07-21 | തെങ്ങിൻ തൈ | 1035 | 103500 | എടപ്പാൾ |
| 54 | 1 A/21-22 /27-07-21 | -ടി- | 4500 | 450000 | PAO മലപ്പുറം |
| 55 | 2/21-22 /02-08-21 | -ടി- | 1035 | 103500 | വട്ടംകുളം |
| 56 | 3/21-22 /02-08-21 | -ടി- | 1035 | 103500 | തവനൂർ |
| 57 | 4/21-22 /11-08-21 | -ടി- | 1395 | 139500 | പൊന്നാനി |
| 58 | 6/21-22 /01-09-21 | -ടി- | 250 | 25000 | പുൽപ്പറ്റ |
| 59 | 7/21-22 /01-09-21 | -ടി- | 250 | 25000 | അരീക്കോട് |
| 60 | 8/21-22 /01-09-21 | -ടി- | 50 | 5000 | ഊർങ്ങാട്ടിരി |
| 61 | 9/21-22 /01-09-21 | -ടി- | 256 | 25600 | ചീക്കോട് |
| 62 | 10/21-22 /01-09-21 | -ടി- | 250 | 25000 | മഞ്ചേരി |
| 63 | 11/21-22 /05-11-21 | -ടി- | 834 | 83400 | കീഴുപറമ്പ് |

| | | | | | |
|---|---|---|---|---|---|
| 64 | 12/21-22 /10-11-21 | -ടി- | 830 | 83000 | കീഴപറമ്പ് |
| | | | ആകെ | 1878800 | |

മേൽ തുക അതത് കൃഷിഭവനകൾ കോക്കനട്ട് നഴ്സറിക്ക് കൈമാറിയതിന്റെയും തെങ്ങിൻ തൈ വില്പന നടത്തിയതിന്റെ തുക സർക്കാറിലേക്കും, അവശേഷിക്കുന്ന തുക ജില്ലാ പഞ്ചായത്തിലേക്കും കൈമാറിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 30-11-2022 – ന് നൽകിയ - 16 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-14 പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി-തെങ്ങിൻ തൈ വിൽപ്പനയിൽ നിന്നുള്ള വരുമാനം ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നില്ല- ലക്ഷങ്ങളുടെ നഷ്ടം

സർക്കാർ ഉത്തരവുകളെ മറികടന്ന് കൃഷി ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ, കോക്കനട്ട് നഴ്സറിയിൽ നിന്നും തെങ്ങിൻ തൈ വില്പനയിലൂടെ ലഭിച്ച 53,35,860 രൂപ സർക്കാരിലേക്ക് നേരിട്ട് അടവാക്കിയതിനാൽ ജില്ലാ പഞ്ചായത്തിന് വരുമാന ചോർച്ചയുണ്ടായി.

18-09-1995 – ലെ സർക്കാർ ഉത്തരവ്(പി)നം.189/95/ത.സ്വ.ഭ.വ പ്രകാരമാണ് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 3,4 ,5 പട്ടികകളിൽ പരാമർശിച്ചിട്ടുള്ള സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും യഥാക്രമം ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ളത്. ഈ കൈമാറ്റം 1995 ഒക്ടോബർ 2 ന് പ്രാബല്യത്തിൽ വന്നതുമാണ്. ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ തനത് വരുമാനം ജില്ലാ പഞ്ചായത്തിലേക്കാണ് മുതൽ കൂട്ടേണ്ടത്.

തദ്ദേശ സ്വയം ഭരണ (ഡി.പി) വകുപ്പിന്റെ 27-02-2003 -ലെ സ.ഉ(ആർ.ടി)നം.677/2003/ത.സ്വ,ഭ.വ ഉത്തരവിൽ *Income Accruing From The Assets Like Schools, Hospitals, Farms Etc. Which Are Under The Conmtrol Of Local Governments Should Be Transferred As Own Income Of The Local Governments Concerned* എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ കൃഷി ഡയറക്ടറുടെ 09-02-2018 -ലെ റ്റി.എച്ച് (2)41730/17 നമ്പർ കത്തിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന കോക്കനട്ട് നഴ്സറികളിൽ തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കുന്നതിന്, കൃഷി വകുപ്പിലെ സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൃഷി വകുപ്പിന്റെ തുക ഉപയോഗിച്ചാണ് വിത്ത് തേങ്ങ സംഭരിച്ച് വിതരണം ചെയ്യുന്നതെന്നും, ആയതിന്റെ അടിസ്ഥാനത്തിലാണ് തെങ്ങിൻ തൈയുടെ വില നിശ്ചയിക്കുന്നതെന്നും ആയതിനാൽ തെങ്ങിൻ തൈകളുടെ വില്പനയിലൂടെ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്തിൽ അടവാക്കരുതെന്നും പ്രസ്തുത തുക സർക്കാർ ശീർഷകത്തിലാണ് അടവാക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം ചുവട് പിടിച്ച് 2021-22 വർഷത്തിൽ തെങ്ങിൻ തൈ വില്പനയിലൂടെ മാത്രം ലഭിച്ച 53,35,860 രൂപ ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കാതെ വിവിധ കൃഷിഭവനകൾ സർക്കാരിലേക്ക് നേരിട്ട് അടവാക്കിയിരിക്കുകയാണ്.

കോക്കനട്ട് നഴ്സറിയുടെ ദൈനം ദിന ചെലവുകൾക്കായി 2021-22 -ൽ 10,00,000 രൂപ ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. വിത്ത് തേങ്ങ സംഭരിക്കുന്നതിനായി ദൈനം ദിന ചെലവുകളിൽ നിന്ന് തുക കണ്ടെത്തുകയാണെങ്കിൽ ഈ സാങ്കേതിക പ്രശ്നം മറി കടക്കാവുന്നതും ജില്ലാ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് 13-12-2022 – ന് നൽകിയ 20 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവുകളെ മറികടന്ന് കൃഷി ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ, കോക്കനട്ട് നഴ്സറിയിൽ നിന്നും തെങ്ങിൻ തൈ വില്പനയിലൂടെ ലഭിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കുന്നതിന് പകരം ജില്ലാ പഞ്ചായത്തിന് തന്നെ മുതൽ കൂട്ടുന്നതിനായി, ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

## 1-15 വാടക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ; കുടിശ്ശികയായത് 2190410 രൂപ

കേരള വികസന പദ്ധതിയുടെ ഭാഗമായി ഐ.ടി വികസനത്തിനായി മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2003-04 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ടെക്നോപാർക്ക് (പ്രൊജക്ട് നമ്പർ 07/04) എന്ന പ്രോജക്ടിന്റെ ഭാഗമായി കാക്കഞ്ചേരി കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലെ നിയോ സ്പേസ് കെട്ടിടത്തിന്റെ 3-ാം നിലയിൽ 4000 ചതുരശ്രഅടി സ്ഥലം ജില്ലാ പഞ്ചായത്ത് കിൻഫ്രയിൽ നിന്നും 90 വർഷത്തിന് പാട്ടത്തിനെടുക്കുകയും, പാട്ടക്കരാർ KIN/BSD /ALOT/KITEL-MLPM (6)/05-06 തിയ്യതി: 30.01.2006 പ്രകാരം ഒപ്പ് വെക്കുകയും ചെയ്തു. (04.06.2015 ലെ KIN/BSD /ALOT/KITEL-MLPM (6) / 2015-16 നമ്പർ തിരുത്തൽ കരാർ പ്രകാരം 90 വർഷത്തെ പാട്ടകാലാവധി 30 വർഷമായി ചുരുക്കിയിട്ടുണ്ട്). പാട്ടത്തുക ഒരു ചതുരശ്ര അടിക്ക് 800 രൂപ നിരക്കിൽ 32 ലക്ഷം രൂപയും, രജിസ്ട്രേഷൻ ഫീസ് 5000 രൂപയും ഉൾപ്പെടെ 32,05,000 രൂപ 02.03.2004 ലെ ഡി.ഡി നമ്പർ 430487 മുഖേന കിൻഫ്രക്ക് മുൻകൂർ നൽകിയാണ്

പാട്ടക്കരാർ ഒപ്പുവെച്ചത്. ഇത് കൂടാതെ ടൈൽ വിരിക്കുന്നതിന് 159927 രൂപയും ചെലവഴിച്ചിരുന്നു.

പാട്ടക്കരാർ പ്രകാരം കിൻഫ്ര നിയോ സ്പേസിന്റെയും അനുബന്ധ ഏരിയയുടെയും പരിപാലനത്തിനും, റോഡ്, തെരുവ് വിളക്ക്, ഡ്രൈനേജ് എന്നീ സൗകര്യങ്ങളുടെ പരിപാലനത്തിനുമായി വരുന്ന ചെലവിന്റെ ആനുപാതിക വിഹിതം കോമൺ ഫെസിലിറ്റി ചാർജ് (CFC) ആയി പ്രതിമാസം കിൻഫ്രക്ക് നൽകേണ്ടതാണ് (കരാറിലെ 8-ാം വ്യവസ്ഥ). കിൻഫ്രക്ക് നൽകേണ്ട വാർഷിക പാട്ടം 100 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട് (കരാറിലെ 4-ാം വ്യവസ്ഥ).

ജില്ലാപഞ്ചായത്ത് ലീസിനെടുത്ത പ്രസ്തുത 4000 ചതുരശ്ര അടി കെട്ടിടത്തിൽ 3500 ചതുരശ്ര അടി ഐ.ടി മേഖലയിൽ സംരംഭം തുടങ്ങുന്നതിനായി 13 സംരംഭകർക്ക് വീതിച്ച് നൽകി. 500 ച.അടി സ്ഥലം സംരംഭകർക്ക് പൊതുവായി ഉപയോഗിക്കാവുന്നതാണ്. സംരഭകരുമായുണ്ടാക്കിയ വാടക കരാറിൽ വീതിച്ച് നൽകിയ സ്ഥലത്തിന്റെ ചതുരശ്ര അടിയിലുള്ള വിസ്തീർണ്ണം , ആയതിന് കരാർ തിയ്യതി മുതൽ 3 വർഷത്തേക്കുള്ള വാടക (ചതുരശ്ര അടിക്ക് 4.41 പ്രകാരം) എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 13 സംരംഭകരിൽ 5 പേരുമായി 29.07.2008 നും, 8 പേരുമായി 19.09.2008 നും, 3 വർഷത്തേക്കുള്ള വാടക കരാറാണ് ഒപ്പിട്ടത്.

സംരംഭകരിൽ നിന്നുള്ള വാടക പിരിവ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആണ്. സംരംഭകരിൽ നിന്ന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ശേഖരിക്കുന്ന വാടക പിന്നീട് ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ തുടക്കം മുതലേ വാടക പിരിവ് കാര്യക്ഷമമായിരുന്നില്ല. ഓരോ സാമ്പത്തിക വർഷാവസാനവും ലക്ഷങ്ങളുടെ കുടിശ്ശികയാണ് പിരിച്ചെടുക്കാനുണ്ടായിരുന്നത്. വാടക പിരിവിലെ അപാകതകളും പരിഹാര നിർദ്ദേശങ്ങളും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ സവിസ്തരം പ്രതിപാദിച്ചിരുന്നു. വാടക പിരിവ്, കരാർ വ്യവസ്ഥകൾ, ബൈലോ എന്നിവ കാലികമാക്കുന്നതിന് സ്വീകരിക്കേണ്ട പ്രായോഗിക സമീപനങ്ങളെ കുറിച്ചും മുൻ റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ ബന്ധപ്പെട്ടവർ പ്രാവർത്തികമാക്കിയിട്ടില്ല. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം 31.03.2022 ന് ഭീമമായ തുക വാടകയും കോമൺ ഫെസിലിറ്റി ചാർജും ഇനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശികയുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംരംഭകന്റെ പേര് | അനുവദിച്ച സ്പേസ് (ചതുരശ്ര അടി) | പ്രതിമാസ വാടക | അവസാനം വാടക ഒടുക്കിയ തിയ്യതി | കുടിശ്ശിക വാടക | കുടിശ്ശിക CFC | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|
| 1 | ശ്രീ.കിളിയമണ്ണിൽ യാക്കൂബ് | 320 | 1408 | 16.09.2014 | 197451 | 135435 | 332886 |
| 2 | ശ്രീ.അബ്ദുൽ റസാഖ് വരിക്കോടൻ | 350 | 1540 | 16.09.2014 | 216101 | 150181 | 366282 |
| 3 | ശ്രീ.രാജേഷ് കരുവത്ത് | 350 | 1540 | 28.02.2020 | 87105 | 40932 | 128037 |
| 4 | ശ്രീ.മുജീബ് കക്കോടി | 350 | 1540 | 28.02.2020 | 87105 | 40932 | 128037 |
| 5 | ശ്രീ.ഫസൽ വരിക്കോടൻ | 350 | 1540 | 16.09.2014 | 216101 | 150181 | 366282 |
| 6 | ശ്രീ.നാഫിഹ്. പി | 320 | 1408 | 28.02.2020 | 66647 | 37422 | 104069 |
| 7 | ശ്രീ.അബ്ദുൾ ഗഫൂർ കളപ്പാടൻ | 320 | 1408 | 16.09.2014 | 197451 | 135435 | 332886 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ശ്രീ.മുഹമ്മദ് ജഫ്സൽ പി.ടി | 320 | 1408 | 28.02.2020 | 79319 | 38895 | 118214 |
| 9 | ശ്രീ.പി. വിനോദ് | 100 | 441 | 10.09.2021 | 32193 | 112472 | 144665 |
| 10 | ശ്രീ.ഹംസ അഞ്ചുമുക്കിൽ | 150 | 662 | 12.11.2021 | 8814 | 0 | 8814 |
| 11 | ശ്രീ.പ്രകാശ്. പി | 100 | 441 | 12.11.2021 | 2607 | 0 | 2607 |
| 12 | ശ്രീ.മുഹമ്മദ് ആഷിർ. എൻ | 100 | 441 | 30.09.2020 | 18298 | 11515 | 29813 |
| 13 | ശ്രീ.മുഹമ്മദ് സഫീർ അടാട്ടിൽ | 370 | 1632 | 19.11.2021 | 99552 | 28266 | 127818 |
| | | | | ആകെ | 1308744 | 881666 | 2190410 |

വാടക കുടിശ്ശിക നിയമാനുസൃത പലിശ സഹിതം പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിഷ്ക്രിയമായി കിടക്കുന്ന സ്പേസുകൾ ഏറ്റെടുത്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക വാടക മുഴുവനായും ഈടാക്കാത്ത പക്ഷം വാടക ഈടാക്കാൻ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കാലഹരണപ്പെട്ട വാടക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 കെൽട്രോണിൽ നിന്നും ഡെസ്ക്ടോപ്പ് വാങ്ങൽ - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഡെസ്ക്ടോപ്പ് ലഭ്യമാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി

പ്രോജക്ട് :ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സെന്റർ, കൊണ്ടോട്ടി പഠനോപകരണങ്ങൾ (1425/22)

അടങ്കൽ : 2,50,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് : 249987/- (ബിൽ നമ്പർ : 03/21-22 തീയതി : 14-03-2022 തുക – 171516 രൂപ)

(ബിൽ നമ്പർ : 05/21-22 തീയതി : 22-03-2022 തുക – 78471 രൂപ)

മേൽ പ്രോജക്ട് പ്രകാരമുള്ള നാല് ഡെസ്ക്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി, നിർവ്വഹണ ഏജൻസിയായ KELTRON – ന്റെ 03-03-2022 – ലെ 35927 നമ്പർ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 30,004 രൂപ നിരക്കിൽ നാല് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കായി ആകെ 1,20,016 രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിത് വരെ കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, CPRCS ലെ സാങ്കേതിക തകരാർ കാരണം യഥാസമയം സപ്ലൈ ഓർഡർ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും ഇക്കാര്യം കെൽട്രോൺ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ മേൽ സാധനങ്ങളുടെ വിലയിൽ മാറ്റം വന്നിട്ടുണ്ടെന്നും പുതിയ നിരക്കിൽ ഡെസ്ക്ടോപ്പുകൾ ലഭ്യമാകണമെങ്കിൽ അധിക തുക അടവാക്കേണ്ടി വരുമെന്നും ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ CPRCS -ൽ 4 ഡെസ്ക്ടോപ്പുകൾ പകരം 3 ഡെസ്ക്ടോപ്പുകൾക്ക് സപ്ലൈ ഓർഡർ ജനറേറ്റ് ചെയ്യുമ്പോൾ 7205 രൂപ കൂടി അധികമായി കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

അധികമായി നൽകേണ്ട തുക 7205 രൂപ, 2022-23 വാർഷിക പ്രോജക്റ്റ് തുകയിൽ നിന്നും അടവാക്കുവാൻ അനുമതി ചോദിച്ച് 17-02-2023 -ന് ഇ/788/2021 നമ്പറായി നിർവ്വഹണോദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത്

സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർനടപടി വിവരം ലഭ്യമായിട്ടില്ല.

ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ച് കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് 22-02-2023 – ന് നൽകിയ 34 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1,20,016 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 സംയുക്ത പ്രോജക്റ്റുകൾക്ക് വിഹിതം നൽകൽ- തുക വിനിയോഗ വിവരം ലഭ്യമല്ല

ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടർ 2021-22 – ൽ നിർവ്വഹണം നടത്തിയ വിവിധ ഭവന നിർമ്മാണ/ഭൂമി വാങ്ങൽ പ്രോജക്റ്റുകളുടെ ഭാഗമായി, നിരവധി ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ വിവരം ഫയലുകളിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1 -പ്രോജക്റ്റ് നമ്പർ - 1289/22 പി.എം.എ.വൈ(ജനറൽ) -2021-22

വകയിരുത്തിയ തുക - 9162000 രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവഴിച്ചത് - 8770000 രൂപ

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | തിരൂർ | 25-09-21 | 462000 |
| 2 | പൊന്നാനി | 25-09-21 | 196000 |
| 3 | വേങ്ങര | 25-09-21 | 98000 |
| 4 | താനൂർ | 8-10-21 | 98000 |
| 5 | മങ്കട | 22-11-21 | 172000 |
| 6 | താനൂർ | 22-11-21 | 392000 |
| 7 | കുറ്റിപ്പുറം | 22-11-21 | 196000 |
| 8 | വേങ്ങര | 06-12-21 | 98000 |
| 9 | പൊന്നാനി | 10-01-22 | 98000 |
| 10 | തിരൂർ | 10-01-22 | 294000 |
| 11 | നിലമ്പൂർ | 15-01-22 | 490000 |
| 12 | പെരുമ്പടപ്പ് | 05-2-22 | 98000 |
| 13 | കുറ്റിപ്പുറം | 05-2-22 | 98000 |
| 14 | കുറ്റിപ്പുറം | 05-2-22 | 98000 |
| 15 | വേങ്ങര | 05-02-22 | 196000 |
| 16 | തിരൂർ | 11-02-22 | 294000 |
| 17 | വേങ്ങര | 11-02-22 | 98000 |
| 18 | കൊണ്ടോട്ടി | 15-02-22 | 98000 |
| 19 | പൊന്നാനി | 15-02-22 | 196000 |
| 20 | കാളികാവ് | 04-03-22 | 392000 |
| 21 | പെരുമ്പടപ്പ് | 04-03-22 | 100000 |
| 22 | വേങ്ങര | 04-03-22 | 98000 |
| 23 | പൊന്നാനി | 04-03-22 | 98000 |
| 24 | തിരൂർ | 18-03-22 | 294000 |
| 25 | നിലമ്പൂർ | 18-03-22 | 490000 |
| 26 | നിലമ്പൂർ | 18-03-22 | 98000 |
| 27 | പെരിന്തൽമണ്ണ | 18-03-22 | 1274000 |
| 28 | വണ്ടൂർ | 18-03-22 | 490000 |

| | | | |
|---|---|---|---|
| 29 | വേങ്ങര | 18-03-22 | 98000 |
| 30 | വേങ്ങര | 18-03-22 | 98000 |
| 31 | വേങ്ങര | 18-03-22 | 98000 |
| 32 | വേങ്ങര | 18-03-22 | 98000 |
| 33 | നിലമ്പൂർ | 22-03-22 | 290000 |
| 34 | പെരിന്തൽമണ്ണ | 22-03-22 | 392000 |
| 35 | കാളികാവ് | 22-03-22 | 686000 |
| 36 | വേങ്ങര | 22-03-22 | 98000 |
| ആകെ | | | 8962000 |

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 8770000 രൂപയാണ്. എന്നാൽ 8962000 രൂപ അലോട്ട്മെന്റ് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 192000 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

2- പ്രോജക്റ്റ് നമ്പർ - 1286/22 ലൈഫ് ഭവന പദ്ധതി (എസ്.സി.പി)2021-22

വകയിരുത്തിയ തുക - 89258180 രൂപ (എസ്.സി.പി)

ചെലവഴിച്ചത് - 89258180 രൂപ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | മൂത്തേടം | 7-10-21 | 2250000 | സ്ഥലം വാങ്ങൽ |
| 2 | പോത്തുകല്ല് | 7-10-21 | 440000 | ഭവന നിർമ്മാണം |
| 3 | വഴിക്കടവ് | 7-10-21 | 1000000 | |
| 4 | പെരുവള്ളൂർ | 7-10-21 | 1000000 | |
| 5 | മൂത്തേടം | 18-10-21 | 1125000 | സ്ഥലം വാങ്ങൽ |
| 6 | പാണ്ടിക്കാട് | 18-10-21 | 1350000 | |
| 7 | തൃക്കലങ്ങോട് | 18-10-21 | 1000000 | ഭവന നിർമ്മാണം |
| 8 | വള്ളിക്കുന്ന് | 18-10-21 | 160000 | |
| 9 | വണ്ടൂർ | 18-10-21 | 1000000 | |
| 10 | ആനക്കയം | 21-10-21 | 640000 | ഭവന നിർമ്മാണം |
| 11 | തേഞ്ഞിപ്പലം | 21-10-21 | 1000000 | |
| 12 | ചാലിയാർ | 21-10-21 | 840000 | |
| 13 | വെട്ടത്തൂർ | 1-11-21 | 1000000 | ഭവന നിർമ്മാണം |
| 14 | ചുങ്കത്തറ | 1-11-21 | 640000 | |
| 15 | വള്ളിക്കുന്ന് | 1-11-21 | 480000 | |
| 16 | നന്നംമുക്ക് | 16-11-21 | 1000000 | ഭവന നിർമ്മാണം |
| 17 | പള്ളിക്കൽ | 16-11-21 | 160000 | |
| 18 | വേങ്ങര | 20-11-21 | 1000000 | ഭവന നിർമ്മാണം |
| 19 | കരുളായി | 20-11-21 | 440000 | |
| 20 | പുളിക്കൽ | 20-11-21 | 700000 | |
| 21 | പെരുവള്ളൂർ | 20-11-21 | 225000 | സ്ഥലം വാങ്ങൽ |
| 22 | ചേലേമ്പ്ര | 25-11-21 | 480000 | ഭവന നിർമ്മാണം |
| 23 | പോരൂർ | 25-11-21 | 400000 | |
| 24 | മംഗലം | 25-11-21 | 1075000 | സ്ഥലം വാങ്ങൽ |

| | | | | |
|---|---|---|---|---|
| 25 | പോത്രൂർ | 10-12-21 | 400000 | ഭവന നിർമ്മാണം |
| 26 | പോത്രൂർ | 10-12-21 | 550000 | |
| 27 | വള്ളിക്കുന്ന് | 10-12-21 | 240000 | |
| 28 | ത്രുവ്വൂർ | 10-12-21 | 200000 | സ്ഥലം വാങ്ങൽ |
| 29 | ത്രുവ്വൂർ | 10-12-21 | 320000 | |
| 30 | മൂത്തേടം | 10-12-21 | 4500000 | |
| 31 | പോത്രൂർ | 14-12-21 | 550000 | ഭവന നിർമ്മാണം |
| 32 | വള്ളിക്കുന്ന് | 14-12-21 | 240000 | |
| 33 | ത്രുവ്വൂർ | 14-12-21 | 200000 | |
| 34 | ത്രുവ്വൂർ | 14-12-21 | 320000 | |
| 35 | മൂത്തേടം | 14-12-21 | 4500000 | സ്ഥലം വാങ്ങൽ |
| 36 | തൃക്കലങ്ങോട് | 16-12-21 | 6320000 | ഭവന നിർമ്മാണം |
| 37 | വെട്ടത്തൂർ | 16-12-21 | 1000000 | |
| 38 | വെട്ടത്തൂർ | 22-12-21 | 680000 | ഭവന നിർമ്മാണം |
| 39 | മൂന്നിയൂർ | 22-12-21 | 1000000 | |
| 40 | പോത്തുകല്ല് | 22-12-21 | 640000 | |
| 41 | പള്ളിക്കൽ | 22-12-21 | 1000000 | |
| 42 | ചുങ്കത്തറ | 22-12-21 | 360000 | |
| 43 | കുറുവ | 22-12-21 | 1500000 | |
| 44 | കൂട്ടിലങ്ങാടി | 22-12-21 | 1000000 | |
| 45 | കണ്ണമംഗലം | 22-12-21 | 4680000 | |
| 46 | പെരുവള്ളൂർ | 22-12-21 | 1710000 | |
| 47 | എടക്കര | 22-12-21 | 640000 | |
| 48 | മൂത്തേടം | 22-12-21 | 675000 | സ്ഥലം വാങ്ങൽ |
| 49 | കാളികാവ് | 27-12-21 | 200000 | ഭവന നിർമ്മാണം |
| 50 | ത്രുവ്വൂർ | 27-12-21 | 480000 | |
| 51 | ത്രുവ്വൂർ | 27-12-21 | 480000 | |
| 52 | ത്രുവ്വൂർ | 27-12-21 | 439000 | |
| 53 | കാളികാവ് | 05-2-22 | 400000 | ഭവന നിർമ്മാണം |
| 54 | കാളികാവ് | 05-2-22 | 640000 | |
| 54 | എടക്കര | 05-2-22 | 160000 | |
| 55 | എടക്കര | 05-2-22 | 320000 | |
| 56 | പോത്തുകല്ല് | 05-2-22 | 160000 | |
| 57 | പെരുവള്ളൂർ | 05-2-22 | 160000 | |
| 58 | തേഞ്ഞിപ്പലം | 05-2-22 | 1000000 | |
| 59 | കരുളായി | 05-2-22 | 1560000 | |
| 60 | മൂത്തേടം | 05-2-22 | 225000 | സ്ഥലം വാങ്ങൽ |
| 61 | ചേലേമ്പ്ര | 10-02-22 | 400000 | ഭവന നിർമ്മാണം |
| 62 | ഏലംകുളം | 10-02-22 | 2640000 | |
| 63 | മമ്പാട് | 10-02-22 | 560000 | |
| 64 | ആനക്കയം | 10-02-22 | 360000 | |

| | | | | |
|---|---|---|---|---|
| 65 | വെട്ടത്തൂർ | 10-02-22 | 2640000 | |
| 66 | തുവ്വൂർ | 10-02-22 | 1140000 | |
| 67 | വണ്ടൂർ | 10-02-22 | 5520000 | |
| 68 | തുവ്വൂർ | 10-02-22 | 1000000 | |
| 69 | കാളികാവ് | 10-02-22 | 440000 | |
| 70 | കാളികാവ് | 10-02-22 | 480000 | |
| 71 | എടക്കര | 10-02-22 | 880000 | |
| 72 | ഏലംകുളം | 10-02-22 | 3120000 | |
| 73 | തെന്നല | 10-02-22 | 900000 | സ്ഥലം വാങ്ങൽ |
| 74 | കുട്ടിലങ്ങാടി | 14-02-22 | 1440000 | ഭവന നിർമ്മാണം |
| 75 | എടക്കര | 11-03-22 | 440000 | ഭവന നിർമ്മാണം |
| 76 | എടക്കര | 11-03-22 | 1120000 | |
| 77 | കരുവാരക്കുണ്ട് | 11-03-22 | 2000000 | |
| 78 | പള്ളിക്കൽ | 11-03-22 | 80000 | |
| 79 | പള്ളിക്കൽ | 11-03-22 | 480000 | |
| 78 | കീഴാറ്റൂർ | 16-03-22 | 1000000 | ഭവന നിർമ്മാണം |
| 79 | കീഴാറ്റൂർ | 16-03-22 | 520000 | |
| 80 | പുൽപ്പറ്റ | 16-03-22 | 800000 | |
| 81 | പുൽപ്പറ്റ | 16-03-22 | 480000 | |
| 82 | ഏലംകുളം | 16-03-22 | 251900 | |
| 83 | ഇരിമ്പിളിയം | 16-03-22 | 800000 | |
| 84 | ഇരിമ്പിളിയം | 17-03-22 | 1350000 | സ്ഥലം വാങ്ങൽ |
| 85 | ഇരിമ്പിളിയം | 17-03-22 | 900000 | |
| 86 | ഇരിമ്പിളിയം | 17-03-22 | 900000 | |
| 87 | ഇരിമ്പിളിയം | 17-03-22 | 675000 | |
| 88 | പൂക്കോട്ടൂർ | 22-03-22 | 2320000 | ഭവന നിർമ്മാണം |
| 89 | പൂക്കോട്ടൂർ | 22-03-22 | 480000 | |
| 90 | പൂക്കോട്ടൂർ | 22-03-22 | 497280 | |
| | | ആകെ | 95468180 | |

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 89258180 രൂപയാണ്. എന്നാൽ 95468180 രൂപ അലോട്ട്മെന്റ് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6210000 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

3- പ്രോജക്റ്റ് നമ്പർ - 1287/22 ലൈഫ് ഭവന പദ്ധതി (ടി.എസ്.പി)2021-22

വകയിരുത്തിയ തുക - 7700000 രൂപ(ടി.എസ്.പി)

ചെലവഴിച്ചത് - 7700000 രൂപ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ചുങ്കത്തറ | 07-10-21 | 450000 | സ്ഥലം വാങ്ങൽ |
| 2 | മൂത്തേടം | 07-10-21 | 2925000 | |
| 3 | പോത്തുകല്ല് | 21-10-21 | 360000 | സ്ഥലം വാങ്ങൽ |
| 4 | വണ്ടൂർ | 01-11-21 | 320000 | ഭവന |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണം |
| 5 | ചുങ്കത്തറ | 18-12-21 | 280000 | ഭവന നിർമ്മാണം |
| 6 | പോത്തുകല്ല് | 06-01-22 | 720000 | ഭവന നിർമ്മാണം |
| 7 | പോത്തുകല്ല് | 21-01-22 | 880000 | ഭവന നിർമ്മാണം |
| 8 | വണ്ടൂർ | 23-02-22 | 80000 | ഭവന നിർമ്മാണം |
| 9 | വണ്ടൂർ | 23-02-22 | 240000 | |
| 10 | ചാലിയാർ | 23-02-22 | 520000 | |
| 11 | വണ്ടൂർ | 18-03-22 | 299332 | ഭവന നിർമ്മാണം |
| 12 | വണ്ടൂർ | 18-03-22 | 38300 | |
| 13 | തുവ്വൂർ | 18-03-22 | 40000 | |
| 14 | പോത്തുകല്ല് | 18-03-22 | 547368 | |
| | | ആകെ | 7700000 | |

4- പ്രോജക്റ്റ് നമ്പർ - 1285/22 ലൈഫ് ഭവന പദ്ധതി (ജനറൽ)2021-22

വകയിരുത്തിയ തുക - 86883792(വികസന ഫണ്ട്- ജനറൽ)

ചെലവഴിച്ചത് - 86883792

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | പുലാമന്തോൾ | 28-09-21 | 700000 | ഭവന നിർമ്മാണം |
| 2 | മംഗലം | 28-09-21 | 1000000 | |
| 3 | വഴിക്കടവ് | 28-09-21 | 240000 | |
| 4 | ചുങ്കത്തറ | 28-09-21 | 200000 | |
| 5 | മൂത്തേടം | 28-09-21 | 2000000 | സ്ഥലം വാങ്ങൽ |
| 6 | മൂത്തേടം | 29-09-21 | 2000000 | സ്ഥലം വാങ്ങൽ |
| 7 | ചുങ്കത്തറ | 29-09-21 | 200000 | ഭവന നിർമ്മാണം |
| 8 | പെരുവള്ളൂർ | 29-09-21 | 640000 | ഭവന നിർമ്മാണം |
| 9 | വഴിക്കടവ് | 12-10-21 | 240000 | ഭവന നിർമ്മാണം |
| 10 | വള്ളിക്കുന്ന് | 12-10-21 | 400000 | |
| 11 | മംഗലം | 12-10-21 | 1000000 | |
| 12 | തൃക്കലങ്ങോട് | 25-10-21 | 640000 | ഭവന നിർമ്മാണം |
| 13 | ചാലിയാർ | 05-11-21 | 200000 | ഭവന നിർമ്മാണം |
| 14 | ചേലേമ്പ്ര | 06-12-21 | 40000 | ഭവന നിർമ്മാണം |
| 15 | വള്ളിക്കുന്ന് | 06-12-21 | 400000 | |
| 16 | നിറമരുതൂർ | 06-12-21 | 200000 | സ്ഥലം വാങ്ങൽ |

| | | | | |
|---|---|---|---|---|
| 17 | തുവ്വൂർ | 15-12-21 | 440000 | ഭവന നിർമ്മാണം |
| 18 | മുന്നിയൂർ | 23-12-21 | 320000 | ഭവന നിർമ്മാണം |
| 19 | വെളിയങ്കോട് | 23-12-21 | 360000 | |
| 20 | മൂത്തേടം | 23-12-21 | 2600000 | സ്ഥലം വാങ്ങൽ |
| 21 | താനാളൂർ | 23-12-21 | 600000 | |
| 22 | ചാലിയാർ | 23-12-21 | 200000 | |
| 23 | കാളികാവ് | 29-12-21 | 520000 | |
| 24 | വഴിക്കടവ് | 29-12-21 | 600000 | ഭവന നിർമ്മാണം |
| 25 | മംഗലം | 29-12-21 | 740000 | |
| 26 | മംഗലം | 29-12-21 | 400000 | |
| 27 | കാളികാവ് | 07-01-22 | 360000 | ഭവന നിർമ്മാണം |
| 28 | നിറമരുതൂർ | 07-01-22 | 945000 | |
| 29 | വണ്ടൂർ | 07-01-22 | 3920000 | |
| 30 | താഴെക്കോട് | 07-01-22 | 1680000 | |
| 31 | വഴിക്കടവ് | 07-01-22 | 200000 | സ്ഥലം വാങ്ങൽ |
| 32 | വഴിക്കടവ് | 07-01-22 | 400000 | |
| 33 | പുഴക്കാട്ടിരി | 10-01-22 | 240000 | ഭവന നിർമ്മാണം |
| 34 | വെളിയങ്കോട് | 10-01-22 | 400000 | സ്ഥലം വാങ്ങൽ |
| 35 | മേലാറ്റൂർ | 24-01-22 | 1960000 | ഭവന നിർമ്മാണം |
| 36 | നിറമരുതൂർ | 24-01-22 | 500000 | |
| 37 | വെളിയങ്കോട് | 24-01-22 | 560000 | |
| 38 | ഒതുക്കുങ്ങൽ | 24-01-22 | 2080000 | |
| 39 | തേഞ്ഞിപ്പലം | 24-01-22 | 390000 | |
| 40 | ഏലംകുളം | 24-01-22 | 200000 | |
| 41 | ഏലംകുളം | 24-01-22 | 68100 | |
| 42 | വണ്ടൂർ | 24-01-22 | 440000 | |
| 43 | പോത്തുകല്ല് | 24-01-22 | 200000 | സ്ഥലം വാങ്ങൽ |
| 44 | കരുളായി | 02-02-22 | 880000 | ഭവന നിർമ്മാണം |
| 45 | പോത്തുകല്ല് | 02-02-22 | 200000 | സ്ഥലം വാങ്ങൽ |
| 46 | പോത്തുകല്ല് | 02-02-22 | 200000 | |
| 47 | പോത്തുകല്ല് | 02-02-22 | 400000 | |
| 48 | ചുങ്കത്തറ | 02-02-22 | 1600000 | |
| 49 | മേലാറ്റൂർ | 14-02-22 | 1000000 | ഭവന നിർമ്മാണം |
| 50 | ചുങ്കത്തറ | 14-02-22 | 2160000 | |
| 51 | ചുങ്കത്തറ | 14-02-22 | 1400000 | സ്ഥലം വാങ്ങൽ |
| 52 | ചുങ്കത്തറ | 14-02-22 | 1200000 | |
| 53 | പോത്തുകല്ല് | 14-02-22 | 300000 | |
| 54 | വഴിക്കടവ് | 14-02-22 | 1800000 | |
| 55 | പുഴക്കാട്ടിരി | 18-02-22 | 880000 | ഭവന |

| | | | | |
|---|---|---|---|---|
| 56 | വണ്ടൂർ | 18-02-22 | 1280000 | നിർമ്മാണം |
| 57 | കാളികാവ് | 18-02-22 | 580000 | |
| 58 | മാറാക്കര | 18-02-22 | 1120000 | |
| 59 | കുട്ടിലങ്ങാടി | 18-02-22 | 280000 | |
| 60 | വണ്ടൂർ | 18-02-22 | 2880000 | |
| 61 | കീഴാറ്റൂർ | 18-02-22 | 1440000 | |
| 62 | വഴിക്കടവ് | 18-02-22 | 480000 | |
| 63 | കുറ്റിപ്പുറം | 18-02-22 | 1020000 | |
| 64 | വേങ്ങര | 18-02-22 | 2000000 | |
| 65 | പെരുവള്ളൂർ | 18-02-22 | 280000 | |
| 66 | അങ്ങാടിപ്പുറം | 18-02-22 | 560000 | |
| 67 | ഇരിമ്പിളിയം | 18-02-22 | 1680000 | |
| 68 | ചുങ്കത്തറ | 18-02-22 | 1200000 | സ്ഥലം വാങ്ങൽ |
| 69 | പോത്തുകല്ല് | 18-02-22 | 200000 | |
| 70 | ഇരിമ്പിളിയം | 18-02-22 | 150000 | |
| 71 | ചാലിയാർ | 18-02-22 | 200000 | |
| 72 | ചേലേമ്പ്ര | 22-02-22 | 160000 | ഭവന നിർമ്മാണം |
| 73 | ചേലേമ്പ്ര | 22-02-22 | 120000 | |
| 74 | ആലിപ്പറമ്പ് | 22-02-22 | 200000 | |
| 75 | വണ്ടൂർ | 22-02-22 | 587261 | |
| 76 | പുലാമന്തോൾ | 22-02-22 | 3720000 | |
| 77 | ഇരിമ്പിളിയം | 22-02-22 | 1520000 | |
| 78 | ഏലംകുളം | 26-02-22 | 360000 | ഭവന നിർമ്മാണം |
| 79 | പുറത്തൂർ | 26-02-22 | 1220000 | |
| 80 | താഴെക്കോട് | 26-02-22 | 960000 | |
| 81 | പുലാമന്തോൾ | 26-02-22 | 560000 | |
| 82 | മാറാക്കര | 26-02-22 | 610000 | |
| 83 | നിറമരുതൂർ | 26-02-22 | 400000 | |
| 84 | കാളികാവ് | 26-02-22 | 280000 | |
| 85 | ഊർങ്ങാട്ടിരി | 26-02-22 | 1220000 | |
| 86 | ആനക്കയം | 26-02-22 | 1000000 | |
| 87 | കീഴാറ്റൂർ | 26-02-22 | 560000 | |
| 88 | പോത്തുകല്ല് | 26-02-22 | 600000 | സ്ഥലം വാങ്ങൽ |
| 89 | പോത്തുകല്ല് | 26-02-22 | 400000 | |
| 90 | വഴിക്കടവ് | 26-02-22 | 450000 | |
| 91 | വഴിക്കടവ് | 26-02-22 | 800000 | |
| 92 | ഇരിമ്പിളിയം | 26-02-22 | 450000 | |
| 93 | വഴിക്കടവ് | 26-02-22 | 2000000 | |
| 94 | വേങ്ങര | 26-02-22 | 400000 | |
| 95 | തൃക്കലങ്ങോട് | 02-03-22 | 156000 | ഭവന നിർമ്മാണം |
| 96 | ചീക്കോട് | 04-03-22 | 1760000 | ഭവന നിർമ്മാണം |
| 97 | അങ്ങാടിപ്പുറം | 04-03-22 | 1240000 | |

| | | | | |
|---|---|---|---|---|
| 98 | എടപ്പറ്റ | 04-03-22 | 1350000 | സ്ഥലം വാങ്ങൽ |
| 99 | എടപ്പറ്റ | 04-03-22 | 900000 | |
| 100 | കരുളായി | 10-03-22 | 1040000 | ഭവന നിർമ്മാണം |
| 101 | അങ്ങാടിപ്പുറം | 10-03-22 | 200000 | |
| 102 | മംഗലം | 10-03-22 | 400000 | |
| 103 | ചുങ്കത്തറ | 10-03-22 | 800000 | സ്ഥലം വാങ്ങൽ |
| 104 | നിറമരുതൂർ | 10-03-22 | 200000 | |
| 105 | എടപ്പറ്റ | 10-03-22 | 450000 | |
| 106 | വഴിക്കടവ് | 10-03-22 | 1000000 | |
| 107 | തൃപ്രങ്ങോട് | 16-03-22 | 320000 | ഭവന നിർമ്മാണം |
| 108 | ഏലംകുളം | 6-03-22 | 200000 | |
| 109 | ഏലംകുളം | 6-03-22 | 24000 | |
| 110 | കീഴുപറമ്പ് | 25-03-22 | 540000 | ഭവന നിർമ്മാണം |
| 111 | മേലാറ്റൂർ | 25-03-22 | 744431 | |
| | | ആകെ | 88694792 | |

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 86883792 രൂപയാണ്. എന്നാൽ 88694792 രൂപ അലോട്ട്മെന്റ് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1811000 രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

5- പ്രോജക്റ്റ് നമ്പർ - 1288/22 പി.എം.എ.വൈ പദ്ധതി (എസ്.സി.പി)- 2021-22

വകയിരുത്തിയ തുക - 1882000(എസ്.സി.പി)

ചെലവഴിച്ച തുക - 1882000

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | പൊന്നാനി | 28-09-21 | 588000 |
| 2 | വേങ്ങര | 28-09-21 | 196000 |
| 3 | കാളികാവ് | 20-11-21 | 105000 |
| 4 | മങ്കട | 20-11-21 | 146000 |
| 5 | മങ്കട | 20-12-21 | 98000 |
| 6 | തിരൂർ | 10-01-22 | 98000 |
| 7 | പെരുമ്പടപ്പ് | 10-01-22 | 98000 |
| 8 | നിലമ്പൂർ | 15-01-22 | 98000 |
| 9 | പൊന്നാനി | 27-01-22 | 98000 |
| 10 | കൊണ്ടോട്ടി | 11-02-22 | 63000 |
| 11 | പൊന്നാനി | 26-02-22 | 196000 |
| 12 | വേങ്ങര | 26-02-22 | 196000 |
| | | ആകെ | 1980000 |

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 1882000 രൂപയാണ്. എന്നാൽ 1980000 രൂപ അലോട്ട്മെന്റ് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 98000 രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

6- പ്രോജക്റ്റ് നമ്പർ - 1290/22 പി.എം.എ.വൈ പദ്ധതി (ടി.എസ്.പി)

വകയിരുത്തിയ തുക – 161000 രൂപ(ടി.എസ്.പി)

ചെലവഴിച്ച തുക - 161000 രൂപ

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്തിന്റെ | അലോട്ട്മെന്റ് തീയതി | അനുവദിച്ച തുക |
|---|---|---|---|

| | പേര് | | |
|---|---|---|---|
| 1 | കാളികാവ് | 06-12-21 | 63000 |
| 2 | നിലമ്പൂർ | 05-02-22 | 98000 |
| | | ആകെ | 161000 |

പ്രസ്തുത തുകയുടെ വിനിയോഗ വിവരം പരിശോധനക്കായി ഹാജരാക്കാനും ചെലവ് കണക്കുകളിലെ അപാകതകൾ ക്രമീകരിക്കാനുമാവശ്യപ്പെട്ട് 04-03-2023 – ന് നൽകിയ 40 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അപാകതകൾ പരിഹരിക്കുന്നത് വരെ മേൽ പ്രോജക്ടുകൾക്കായി ആകെ ചെലവഴിച്ച 20,29,65,972 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി- ക്രെഡിറ്റ് സ്റ്റാറ്റസ് ലഭ്യമല്ല

ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ 2021-22 – ൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 1302/22, ലൈഫ് ഭവന പദ്ധതി 21-22 – ന്റെ ഭാഗമായി താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈമാറിയതിന്റെ ക്രെഡിറ്റ് സ്റ്റാറ്റസ് ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.റാബിയ | 38650989013 | 160000 | 1341638/15-03-22 |
| | | | 100000 | 1467453/25-03-22 |
| | | | 40000 | 1260681/07-03-22 |
| 2 | ശ്രീമതി.സുബൈദ | 40010973004 | 200000 | 1341638/15-03-22 |
| 3 | ശ്രീ.ശശീന്ദ്രൻ | 1422108059679 | 40000 | 1341638/15-03-22 |
| 4 | ശ്രീമതി.ഗീത | 40225100104177 | 200000 | 1341638/15-03-22 |
| 5 | ശ്രീമതി.ഖൈറുന്നീസ | 67181322592 | 40000 | 1341638/15-03-22 |
| 6 | ശ്രീമതി.ഖദീജ തെങ്ങിലാൻ | 67276097534 | 40000 | 1341638/15-03-22 |
| | | | 160000 | 1467453/25-03-22 |
| ആകെ | | | 980000 | |

മേൽ തുക കൈമാറിയതിന്റെ ക്രെഡിറ്റ് സ്റ്റാറ്റസ് പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 04-03-2023 -ന് നൽകിയ 41 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 9,80,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 കസ്റ്റം ഹയറിംഗ് സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല

ജില്ലാ പഞ്ചായത്തിന് കീഴിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1- കാർഷിക യന്ത്രങ്ങൾ കൃത്യമായ ഇടവേളകളിൽ മെയിന്റനൻസ് നടത്തുന്നുണ്ടെങ്കിലും കാർഷിക മേഖലയിലെ അഭിവൃദ്ധിക്ക് സഹായകമാകുന്ന വിധത്തിൽ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ല എന്ന് കാർഷിക യന്ത്രങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വർഷത്തിൽ പരിമിതമായ മണിക്കൂറുകൾ മാത്രമാണ് ഇവ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. തവനൂർ സീഡ് ഫാമിൽ ഉപയോഗിക്കുന്ന പ്രീത് - VI ഹാർവെസ്റ്റർ ഒഴികെയുള്ളവയെല്ലാം 21-22 സാമ്പത്തിക വർഷത്തിൽ 100 മണിക്കൂറിൽ താഴെ സമയം മാത്രമേ പ്രവർത്തിച്ചതായി കാണുന്നുള്ളൂ.

2- പവർ ടില്ലർ,ഗാർഡൻ ടില്ലർ, പവർ റീപ്പർ, പവർ വീഡർ, സ്ട്രോ ബെയ്‌ലർ എന്നിങ്ങനെയുള്ള കാർഷിക ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാണെങ്കിലും ആയത് കർഷകർക്ക് വാടകക്ക് നൽകി ഉപയോഗിച്ച് വരുന്നില്ല.

3- ഹാർവെസ്റ്റർ വാടകക്ക് അനുവദിച്ച് തരണമെന്നാവശ്യപ്പെട്ട് 2021-22 വർഷത്തിൽ ആകെ 83 അപേക്ഷകൾ ലഭിച്ചെങ്കിലും 32 പേർക്ക് മാത്രമാണ് അവ അനുവദിച്ച് നൽകിയിട്ടുള്ളത്. ഹാർവെസ്റ്റർ വാടകക്ക് നൽകുന്നതിന് യാതൊരു മാനദണ്ഡവും സ്വീകരിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്.

4- ഹാർവെസ്റ്ററിന്റെ മൈലേജ് ടെസ്റ്റ് ചെയ്തതിന്റെ ഫയൽ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

5- ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 31-10-2017 -ലെ 4(2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും യന്ത്രോപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി സ്കിൽഡ് ലേബറേഴ്സിനെ ദിവസ വേതനത്തിന് നിയമിച്ചു കൊണ്ടിരിക്കുകയാണ്. ഈ നിയമനം സുതാര്യമല്ല.

6- 10 ഏക്കറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള പാടശേഖരങ്ങൾ കൊയ്ത്ത് നടത്താനുള്ള കർഷകർ കൊയ്ത്ത് യന്ത്രം വാടകക്ക് കൊണ്ട് പോകുമ്പോൾ 5000/- രൂപ മുൻകൂറായി ഓഫീസിൽ അടക്കണമെന്ന് നിർദ്ദിഷ്ട അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല.

7- കർഷകരുമായി യാതൊരു വിധ കരാറുടമ്പടികളും ചമക്കാതെയാണ് യന്ത്രോപകരണങ്ങൾ വാടകക്ക് നൽകുന്നത്. യന്ത്രോപകരണങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുമില്ല.

8- 08-05-2017 – ലെ ജില്ലാതല മോണിറ്ററിംഗ് സമിതിയിൽ, 3 മാസത്തിലൊരിക്കൽ മോണിറ്ററിംഗ് സമിതി ചേരണമെന്ന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നാളിത് വരെ സമിതി യോഗം ചേർന്നിട്ടില്ല.

9- വർഷങ്ങൾ പഴക്കമുള്ളതും ഉപയോഗ ക്ഷമമല്ലാത്തതുമായ യന്ത്രോപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഹാർവെസ്റ്റർ വാടകക്ക് ലഭിക്കുന്നതിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടും പകുതി പോലും അപേക്ഷകർക്ക് ഹാർവെസ്റ്റർ മെഷീൻ ലഭ്യമാക്കാത്തതിന്റെയും ഓരോ മെഷീനും വർഷത്തിൽ 100 മണിക്കൂറിൽ താഴെ മാത്രം പ്രവർത്തിക്കുന്നതിന്റെയും കാരണം അന്വേഷിച്ച് കണ്ടെത്തേണ്ടതും കൊയ്ത്ത് നടക്കുന്ന സമയത്ത് മേലാപ്പീസിൽ നിന്നോ ജില്ലാ പഞ്ചായത്തിൽ നിന്നോ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഹാർവെസ്റ്റർ വാടകക്ക് നൽകുമ്പോൾ ഒരു ഏരിയയിൽ വരുന്ന കർഷകർക്ക് ഒന്നിച്ച് ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ഷെഡ്യൂൾ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിക്കുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ മെഷീൻ വാടകക്ക് കൊണ്ടു പോകുന്ന കർഷകരാണ് ഇന്ധനം അടിക്കുന്നത്. ഓപ്പറേറ്റർ ചാർജ്ജ് മണിക്കൂറിന് 250 രൂപ അവർ തന്നെ വഹിക്കുകയും വാടകയിനത്തിൽ 600 രൂപ കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. ഈ രീതി മാറ്റിയിട്ട് ഇന്ധനച്ചെലവ് ഉൾപ്പെടെയുള്ള വാടക നിശ്ചയിക്കേണ്ടതും സ്വകാര്യ ഡ്രൈവർമാരെ കർഷകർ കണ്ടെത്തുന്നതിന് പകരം വകുപ്പിന് കീഴിലുള്ള ഡ്രൈവർമാരുടെ സേവനം ആയതിനായി ഉപയോഗിക്കേണ്ടതുമാണ്.
മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 18-11-2022 -ന് നൽകിയ 5 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം- ലക്ഷ്യപ്രാപ്തി പത്തു ശതമാനത്തിൽ താഴെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 1461/22, ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം നൽകുന്നതിന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ്. ഇതിന് വകയിരുത്തിയ 3.76 കോടി രൂപയിൽ വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം) 3148110 രൂപയും ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് വിഹിതം 18800000 രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വിഹിതം 9400000 രൂപയും എക്സ്റ്റേണലി എയ്ഡഡ് പരിപാടി 6251890 രൂപയുമാണ്.
ഒരു വ്യക്തിക്ക് പ്രതിമാസം പരമാവധി 4000 രൂപയുടെ സഹായമാണ് ലഭിക്കുക. ഇതിൽ ഗ്രാമ പഞ്ചായത്ത് 2000 രൂപയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 1000 രൂപ വീതവും ചെലവ് വഹിക്കും. 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെയാണ് ധനസഹായം നൽകുക. ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി തീരുമാനിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്യുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുമായി ധാരണാപത്രം (MoU) ഒപ്പുവെച്ച ഡയാലിസിസ് സെന്ററുകളിൽ നിന്നും അതത് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ ഗുണഭോക്തൃ ലിസ്റ്റുകൾ പരിശോധിച്ചാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

14.09.2021 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.32 നമ്പർ തീരുമാനത്തിൽ, ജില്ലാ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് നേരിട്ട് നടത്തണമെന്നും ബന്ധപ്പെട്ട ആശുപത്രികൾക്കാണ് ധനസഹായം നൽകേണ്ടതെന്നുമുള്ള നിബന്ധനയോടെ പ്രോജക്ടിന് അനുമതി നൽകി. എന്നാൽ ഇത് അറിയിച്ചു കൊണ്ടുള്ള സർക്കാർ കത്ത് ജില്ലാ പഞ്ചായത്തിൽ ലഭിച്ചത് 02.12.2021 നാണ്. 15.01.2022 ന് പ്രോജക്ടിന് ഭരണാനുമതി നൽകി. തുടർന്ന് 10.02.2022 ലെ 1(13) നമ്പർ ഭരണസമിതി തീരുമാനപ്രകാരം 150 ഗുണഭോക്താക്കളുടെ ആദ്യഘട്ട ലിസ്റ്റ് അംഗീകരിച്ചു. പ്രോജക്ട് കാലാവധി അവസാനിക്കാൻ ദിവസങ്ങൾ ബാക്കി നിൽക്കേ, 17.03.2022 നാണ് 802 പേരുടെ രണ്ടാം ഘട്ട ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർ ഭരണസമിതിയുടെ സാധൂകരണത്തിനയക്കുന്നത്. 30.03.2022 നാണ് ഈ ലിസ്റ്റ് ഭരണസമിതി അംഗീകരിക്കുന്നത്. [തീരുമാനം 1(18)].

ജില്ലയിലെ 94 ഗ്രാമ പഞ്ചായത്തുകളിൽ 63 ഗ്രാമ പഞ്ചായത്തുകളാണ് ഗുണഭോക്തൃ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാക്കിയത്. 20 ഡയാലിസിസ് സെൻററുകൾ മാത്രമാണ് ധാരണാപത്രം ഒപ്പുവെച്ചത്.

61 ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 6165646 രൂപയും 11 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 2900819 രൂപയും ഉൾപ്പെടെ ആകെ 9066465 രൂപ ജില്ലാ ട്രഷറിയിൽ ജില്ലാ പഞ്ചായത്തിന്റെ JVTSBഅക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. പ്രോജക്ടിനു വേണ്ടി ആകെ ചെലവഴിച്ചത് 33,03,000 രൂപയാണ്. (വികസന ഫണ്ട് -പൊതു വിഭാഗം : 1204000 രൂപ, ഗ്രാമ പഞ്ചായത്ത് വിഹിതം :1216000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 883000 രൂപ)

പ്രോജക്ട് നിർവഹണത്തിൽ ഓഡിറ്റ് നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് സമയ ബന്ധിതമായി ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്തതിനാലും ഡയാലിസിസ് നടത്തുന്ന സ്ഥാപനങ്ങൾ നിശ്ചിത സമയത്ത് കരാർ വയ്ക്കാത്തതിനാലും പ്രോജക്ടിന്റെ പ്രതീക്ഷിത ലക്ഷ്യം നേടാനായില്ല. അടങ്കൽ തുകയുടെ 9% മാത്രമാണ് ചെലവഴിക്കാനായത്.

2) ചെലവഴിക്കാൻ സാധിക്കാതിരുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം 69,67,465 രൂപ 86/2021/ഫിൻ തി: 30.09.2021 നമ്പർ സർക്കുലർ പ്രകാരം വർഷാവസാനം സർക്കാറിലേക്ക് തിരിച്ചടവാക്കി. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഡയാലിസിസ് സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ നേരത്തേ പൂർത്തീകരിച്ചിരുന്നുവെങ്കിൽ ഇതിന്റെ ഗുണം കൂടി പാവപ്പെട്ട രോഗികൾക്ക് ലഭിക്കുമായിരുന്നു.

3) 952 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെങ്കിലും 301 പേർക്ക് മാത്രമാണ് ധനസഹായം ലഭ്യമാക്കിയത്.

4) ഫണ്ട് കൈപ്പറ്റിയ ചില ഡയാലിസിസ് സ്ഥാപനങ്ങൾ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന് അവർ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | സ്ഥാപനം | ട്രാൻസ്ഫർ ചെയ്ത തുക | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| 1 | SMART, പടിഞ്ഞാറ്റുമുറി | 185000 | 177000 | 8000 |
| 2 | എടപ്പാൾ ഹോസ്പിറ്റൽസ് | 120000 | 72000 | 48000 |
| 3 | ഇന്റഗ്രേറ്റഡ് മെഡിക്കൽ ബ്രദർഹുഡ്, കോട്ടക്കൽ | 201000 | 181000 | 20000 |

ഈ തുക പിന്നീട് ചെലവഴിച്ചോ എന്ന് നിർവഹണോദ്യോഗസ്ഥൻ തുടർ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5) സർക്കാറിലേക്ക് തിരിച്ചടവാക്കിയ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം 69,67,465 രൂപയുടെ ഇനം തിരിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് ഇനം | തുക |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ട് | 2924000 |
| 2 | ഗ്രാമ പഞ്ചായത്തുകളുടെ വികസന ഫണ്ട് | 1729646 |
| 3 | ഗ്രാമ പഞ്ചായത്തുകളുടെ ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 144000 |
| 4 | ഗ്രാമ പഞ്ചായത്തുകളുടെ റോഡിതര സംരക്ഷണ ഫണ്ട് | 152000 |
| 5 | ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന ഫണ്ട് | 2017819 |
| ആകെ | | 6967465 |

ചെലവഴിക്കാത്ത തനത് ഫണ്ട് ഗ്രാമ പഞ്ചായത്തുകൾ തിരികെ ആവശ്യപ്പെട്ട സാഹചര്യത്തിൽ, മേൽ തുക തിരികെ ലഭ്യമാക്കുന്നതിന് സർക്കാറിനോട് ആവശ്യപ്പെടാൻ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 22.08.2022 ന് 1(5) നമ്പർ ആയി തീരുമാനമെടുക്കുകയും 11.11.2022 ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്. (നമ്പർ: ജി 3-2463/2022). എന്നാൽ തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല.

വകയിരുത്തിയ തുകയിൽ 3,42,97,000 രൂപയാണ് ചെലവഴിക്കാതെ ശേഷിച്ചത്. വർഷാരംഭത്തിൽ തന്നെ പ്രോജക്ട് നടപടിക്രമങ്ങൾ ആരംഭിക്കുകയും ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, ഡയാലിസിസ് സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവെക്കൽ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വിഹിതം ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിരുന്നെങ്കിൽ ഈ പ്രോജക്ട് പൂർണ്ണതോതിൽ നടപ്പാക്കാൻ സാധിക്കുകയും അത് ജില്ലയിലെ കിഡ്നി രോഗികൾക്ക് വളരെ ആശ്വാസമാകുകയും ചെയ്യുമായിരുന്നു. സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നതും നടപടിക്രമങ്ങളുടെ മെല്ലെപ്പോക്കുമാണ് പ്രോജക്ടിന് തടസ്സമായത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽപ്പറഞ്ഞ തുക സർക്കാറിൽ നിന്ന് ജില്ലാ

പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം. 46/14.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാര പദ്ധതി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണോദ്യോഗസ്ഥനായി എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരപദ്ധതി എന്ന പ്രോജക്ട് (1249/22) നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 2410000രൂപ വകയിരുത്തി 2362763 രൂപ ചെലവഴിച്ചു. ട്രഷറി ബിൽ നം. 1263500/07.03.2022 മുഖേന 2362263 രൂപ പുലരി ന്യൂട്രിമിക്സിന് ഭക്ഷണവിലയായി നൽകി. (500 രൂപയുടെ ചെലവു രേഖകൾ ഫയലിൽ ഇല്ല). പ്രോജക്ടിന് ഭരണാനുമതി നൽകിയത് 09.08.2021 നാണ്.

ഈ പ്രോജക്ട് മുഖേന 308 ഗുണഭോക്താക്കൾക്ക് അരി, പയറുവർഗങ്ങൾ, വെളിച്ചെണ്ണ മുതലായവ വിതരണം ചെയ്തിട്ടുണ്ട്. ജില്ലയിലെ എച്ച്.ഐ.വി ബാധിതരുടെ സംഘടനയായ Malappuram District Network Of People Living With HIV/AIDS (MDNP+) നെയാണ് നിർവഹണോദ്യോഗസ്ഥൻ ഭക്ഷണ വിതരണ ചുമതല ഏൽപ്പിച്ചത്.

ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2021 ലെ 8(1) നമ്പർ തീരുമാനപ്രകാരം ഭക്ഷ്യവസ്തുക്കൾ കൺസ്യൂമർഫെഡ് /സപ്ലൈകോയിൽ നിന്ന് വാങ്ങുന്നതിനും കിറ്റ് രണ്ടു ഘട്ടമായി വിതരണം ചെയ്യുന്നതിനും ആദ്യഘട്ടത്തിൽ 4 മാസത്തെ (ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ) കിറ്റ് അടിയന്തിരമായി വിതരണം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി.

സപ്ലൈകോയിലെ നിരക്ക് ഒരു മാസത്തേക്ക് മാത്രം ബാധകമായതിനാലും സപ്ലൈകോയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാൻ പുലരി ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റ്, ഓമാനൂർ എന്ന സ്ഥാപനം തയ്യാറാണെന്ന് അറിയിച്ചതിനാലും, ഭരണസമിതിയുടെ 15.01.2022 ലെ 1(10) തീരുമാനപ്രകാരം പുലരി ന്യൂട്രിമിക്സ്, ഓമാനൂരിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. പുലരി ന്യൂട്രിമിക്സിന്റെ 06.03.2022 ലെ ഇൻവോയ്സ് നം. 23 പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് | വില | തുക |
|---|---|---|---|---|
| 1 | ഗോതമ്പ് നുറുക്ക് | 1850 Kg | 32.40 | 59940 |
| 2 | റവ | 1850 Kg | 34.90 | 64565 |
| 3 | ഉഴുന്ന് | 925 Kg | 95.90 | 88707.50 |
| 4 | മണികടല | 1850 Kg | 62.90 | 116365 |
| 5 | നിലക്കടല | 1850 Kg | 124.40 | 230140 |
| 6 | റാഗി | 1850 Kg | 30 | 55500 |
| 7 | ഗ്രീൻ പീസ് | 1850 Kg | 140.90 | 260665 |
| 8 | ചെറുപയർ | 1850 Kg | 80 | 148000 |
| 9 | വെളിച്ചെണ്ണ | 1850 Lr | 189.90 | 351315 |
| 10 | സാമ്പാർ പരിപ്പ് | 925 Kg | 101.90 | 94257.50 |
| 11 | അരി | 29525 Kg | 27.40 | 808985 |

| | |
|---|---|
| GST 5% | 29072.76 |
| Loading & Unloading Charges | 19500 |
| Transportation Charge | 35250 |
| Total | 2362262.76 |

ഈ സാധനങ്ങൾ 04.03.2022 ന് MDNP+ പ്രസിഡന്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് കൈപ്പറ്റുകയും 11.03.2022 ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഓരോ ഗുണഭോക്താവിനും നൽകിയ ഭക്ഷ്യവസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് |
|---|---|---|
| 1 | അരി | 95.8 Kg |
| 2 | ഗോതമ്പ് നുറുക്ക് | 6 Kg |
| 3 | മണികടല | 6 Kg |
| 3 | നിലക്കടല | 6 Kg |
| 4 | ഗ്രീൻ പീസ് | 6 Kg |
| 5 | റാഗി | 6 Kg |
| 6 | സാമ്പാർ പരിപ്പ് | 3 Kg |
| 7 | റവ | 6 Kg |
| 8 | ഉഴുന്ന് | 3 Kg |
| 9 | വെളിച്ചെണ്ണ | 6 Lr |
| 10 | ചെറുപയർ | 6 Kg |

പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ ചേർത്ത അപാകതകളുണ്ട്.

1) ഗുണഭോക്താക്കൾക്ക് ഒരു വർഷത്തേക്കുള്ള ഭക്ഷണസാധനങ്ങൾ 11.03.2022ന് ഒറ്റത്തവണയായി വിതരണം ചെയ്തു. മുൻവർഷവും ഇതേ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ, ഭക്ഷണസാധനങ്ങൾ വർഷത്തിലൊരിക്കൽ ലഭ്യമാകുമ്പോൾ അത് സൂക്ഷിക്കാൻ ഗുണഭോക്താക്കളുടെ വീടുകളിൽ സൗകര്യം കുറവാണെന്നും മറ്റ് വിഷമങ്ങൾ ഉണ്ടെന്നും MDNP+ പ്രസിഡന്റ് കത്ത് മുഖേന നിർവഹണോദ്യോഗസ്ഥനെ അറിയിച്ചിരുന്നു. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ഇത് പരിഗണിച്ചില്ല. ഇപ്രകാരം ഭക്ഷണസാധനങ്ങൾ ഒരുമിച്ച് നൽകിയതുമൂലം അതിന്റെ നല്ലൊരു ഭാഗം പൂപ്പൽ വന്നും പുഴുവരിച്ചും കേടായിപ്പോയതായി, ഏതാനും ഗുണഭോക്താക്കളെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഓഡിറ്റിനെ അറിയിച്ചു. ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം പോഷകാഹാരം ലഭിക്കാതിരിക്കുകയും കിട്ടിയത് തന്നെ മുഴുവൻ ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്തതിനാൽ പ്രോജക്ട് ലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻവർഷവും ഇതേ പ്രോജക്ട് മുഖേന ഒരു വർഷത്തെ ഭക്ഷണ സാധനങ്ങൾ ഒറ്റത്തവണ വിതരണം ചെയ്തത് ഓഡിറ്റ് പരാമർശിച്ചപ്പോൾ, പ്രോജക്ടിന് അംഗീകാരം ലഭിക്കാൻ വൈകിയതും കോവിഡും മൂലമാണ് അപ്രകാരം ചെയ്തത് എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ സാഹചര്യങ്ങൾ മാറിയിട്ടും പഴയ രീതി തന്നെയാണ് തുടരുന്നത്.

2 ) 09.08.2021 ന് ഭരണാനുമതി ലഭിച്ച ഈ പ്രോജക്ട് മുഖേന ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തത് 11.03.2022 നാണ്. നടപടിക്രമങ്ങൾ ഏഴ് മാസം നീണ്ടുപോയത്, എച്ച്.ഐ.വി ബാധിതർക്ക് യഥാസമയം പോഷകാഹാരം

ലഭിക്കാൻ തടസ്സമായി.

നാലു മാസത്തിലൊരിക്കൽ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുകയും, ഇതിനു വിരുദ്ധമായി ഒറ്റത്തവണയായി വിതരണം ചെയ്യുകയും ചെയ്തതിനാൽ, ലഭിച്ച സാധനങ്ങളിൽ നല്ലൊരു ഭാഗം കേടായിപ്പോയെന്ന ഗുണഭോക്താക്കളുടെ വെളിപ്പെടുത്തൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം. 44/14.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പാലിയേറ്റീവ് നഴ്സിന്റെ ഓണറേറിയം- ആള് മാറി ചെക്ക് നൽകി

ജില്ല ഹോമിയോ ആശുപത്രി സൂപ്രണ്ട്/ ചീഫ് മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ 17/22- വണ്ടൂർ സർക്കാർ ഹോമിയോപ്പതിക് പെയിൻ പാലിയേറ്റീവ് കാൻസർ കെയർ ആശുപത്രി-പാലിയേറ്റീവ് ഹോം കെയർ പദ്ധതിക്ക് പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് 10,00,000 രൂപ വകയിരുത്തി 9,99,988 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിനു വേണ്ടി ട്രഷറി ബിൽ നം. 95/21-22 തി: 26.01.2022 മുഖേന 26253 രൂപ പിൻവലിച്ചതിൽ 22000 രൂപ പാലിയേറ്റീവ് നഴ്സിന് ഓണറേറിയം നൽകാനാണ് ചെലവഴിച്ചത്.

പാലിയേറ്റീവ് നഴ്സ് ശ്രീമതി. രമ്യ. എം, പുത്തൻ വീട്ടിൽ ഹൗസ് എന്നവരുടെ 11/2021 ലെ ഓണറേറിയം 7000 രൂപയും 12/2021 ലെ ഓണറേറിയം 15000 രൂപയും നൽകിയതായാണ് വൗച്ചറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ രണ്ട് തുകകളുള്ള ചെക്കുകളും [ചെക്ക് നം. 678448/31.12.2021 - 7000 രൂപ, ചെക്ക് നം. 678460/18.01.2022 – 15000 രൂപ] ശ്രീ. മുഹമ്മദ് സനൂപ് എന്നയാളുടെ പേരിലാണ് നൽകിയിരിക്കുന്നത്. തുകയുടെ കൈപ്പറ്റു രസീതിയിൽ ശ്രീമതി. രമ്യ ഒപ്പു വച്ചിട്ടുമില്ല.

ഇതുപോലെ, ട്രഷറി ബിൽ റഫറൻസ് നം. 1432929/തി: 24.03.2022 മുഖേന പിൻവലിച്ച 16700 രൂപയിൽ 15000 രൂപ പാലിയേറ്റീവ് നഴ്സ് ശ്രീമതി. എം. രമ്യയുടെ 01/2022 ലെ ഓണറേറിയം നൽകിയതായി വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക എപ്രകാരം നൽകിയെന്ന് വ്യക്തമല്ല. ടിയാൾ തുക കൈപ്പറ്റിയതിന്റെ രസീതും ഫയലിലില്ല. ട്രഷറി ബില്ലിലെ ബെനിഫിഷ്യറി ലിസ്റ്റ് പ്രകാരം ഈ 15000 രൂപ ഹോസ്പിറ്റൽ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ചെലവിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവുതുക 37000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം. 45/14.03.2023) ലഭ്യമാക്കിയ മറുപടിയിൽ അന്നത്തെ സ്ഥാപന മേധാവിയോട് വിശദീകരണമാവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു.

## 1-23 സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ വരവു വെച്ചില്ല

പെരിന്തൽമണ്ണ ജില്ലാ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 542/22 ന്റെ ഭാഗമായി, ആശുപത്രിയിലേക്ക് Fully Automated Bio Chemistry Analyzer – Model: BS 390 എന്ന ഉപകരണം സപ്ലൈ ചെയ്യുന്നതിന് KMSCL മായി റേറ്റ് കോൺട്രാക്റ്റുള്ള അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ്, പട്ടിമറ്റം പി.ഒ, എറണാകുളം എന്ന സ്ഥാപനവുമായി 22.10.2021 ന് കരാർ വച്ചിട്ടുണ്ട്. 1099000 രൂപയാണ് കരാർ തുക.

കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 54950 രൂപ സൂപ്രണ്ടിന്റെ പേരിൽ അക്കൗണ്ട് പേയീ ഡിമാന്റ് ഡ്രാഫ്റ്റായി (നം. 005845 തി: 22.10.2021, ആക്സിസ് ബാങ്ക്, പെരുമ്പാവൂർ ശാഖ) പ്രസ്തുത സ്ഥാപനം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഡിമാന്റ് ഡ്രാഫ്റ്റ് അക്കൗണ്ടിൽ വരവു വയ്ക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കയാണ്. ഇഷ്യൂ തിയ്യതി മുതൽ 3 മാസം കാലാവധിയുള്ള ഈ DD ഇപ്പോൾ കാലഹരണപ്പെട്ടിരിക്കയുമാണ്. അപാകത ഓഡിറ്റ് എൻക്വയറി നം. 23/ 31.01.23 മുഖേന നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ന്യൂസ് പേപ്പർ ചാർജ്, ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ് എന്നിവ അനുവദനീയമല്ല

പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 139/22- ദൈനംദിന ചെലവുകളും ഉൽപ്പാദനോപാധികൾ വാങ്ങലും എന്ന പ്രോജക്ടിന് തനതു ഫണ്ട് 10,00,000 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓഫീസിലേക്ക് മലയാള മനോരമ പത്രം വാങ്ങുന്നതിന്റെയും ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ, 10E എന്നിവ തയ്യാറാക്കി ഫയൽ ചെയ്തതിന്റെയും ചെലവുകൾ ഇതിൽ പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ന്യൂസ് പേപ്പർ ചാർജ്

| ക്രമ നം. | വൗച്ചർ നം. / തിയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 1/21/19.04.21 | 240 | 3/21 ലെ വരിസംഖ്യ |
| 2 | 10/21-22/11.06.21 | 480 | 4/21, 5/21 ലെ വരിസംഖ്യ |
| 3 | 5/21-22/28.07.21 | 240 | 6/21 ലെ വരിസംഖ്യ |
| 4 | 6/21-22/24.08.21 | 240 | 7/21ലെ വരിസംഖ്യ |
| 5 | 4/21-22/16.09.21 | 240 | 8/21 ലെ വരിസംഖ്യ |
| 6 | 1/21-22/16.10.21 | 240 | 9/21 ലെ വരിസംഖ്യ |
| 7 | 3/21-22/30.11.21 | 240 | 10/21 ലെ വരിസംഖ്യ |
| 8 | 3/21-22/16.02.22 | 480 | 12/21, 01/22 ലെ വരിസംഖ്യ |
| 9 | 4/21-22/22.03.22 | 240 | 02/22 ലെ വരിസംഖ്യ |
| 10 | 6/21-22/31.03.22 | 240 | 03/22 ലെ വരിസംഖ്യ |
| | ആകെ | 2880 | |

ബി) ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ്

AVS അസോസിയേറ്റ്സ്, ഫറോക്ക് എന്ന സ്ഥാപനത്തിന്റെ 13.03.22 ലെ AVS 21-22/0377 നമ്പർ ഇൻവോയ്സ് പ്രകാരം, ശ്രീ. സുരേഷ് എന്ന ജീവനക്കാരന്റെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തതിന്റെയും ശ്രീ. സുരേഷ്, ശ്രീ. ഉണ്ണിക്കുട്ടൻ എന്നീ ജീവനക്കാരുടെ 10E സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിന്റെയും ഫീസായി 2300 രൂപ ടി സ്ഥാപനത്തിന് നൽകിയത് ശ്രീ. ഉണ്ണിക്കുട്ടന് റീ ഇമ്പേഴ്സ്മെന്റായി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ചെലവുകൾക്ക് ആധാരമാക്കിയ അനുമതി ഉത്തരവ് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ചെലവുകൾ പൊതുഫണ്ടിൽ നിന്ന് അനുവദനീയമല്ലാത്തതിനാൽ 5180 രൂപ (2880+2300) ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-25 സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ വൗച്ചറിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തി

ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 316/22 - ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിലെ ദൈനംദിന ചെലവുകൾക്കും ഉൽപ്പാദനോപാധികൾ വാങ്ങുന്നതിനുമായി തനതു ഫണ്ടിൽ നിന്ന് 15,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, ചെക്ക് നം. JM 2520118 തിയ്യതി: 05.08.2021 മുഖേന ചെലവഴിച്ച 280186 രൂപയിൽ ഉൾപ്പെടുന്ന 22100 രൂപയുടെ ഫിഷ് ഫീഡ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് വൗച്ചറിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ചുങ്കത്തറയിലെ മലബാർ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഫീഡ് വാങ്ങിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബിൽ നം./ തിയ്യതി | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഗ്രോവൽ ഫിഷ് ഫീഡ് 1.8 Mm | MTA & B1<br>Dtd: 19.05.21 | 5 Bag | 1170 | 5850 |
| 2 | ഗ്രോവൽ ഫിഷ് ഫീഡ് 2.5 Mm | MTA & B1<br>Dtd: 19.05.21 | 7 Bag | 1250 | 8750 |
| 3 | ഗ്രോവൽ ഫിഷ് ഫീഡ് 2.5 Mm | MTA & B3<br>Dtd: 12.06.21 | 6 Bag | 1250 | 7500 |
| | | | | ആകെ | 22100 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച്, സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (പ്രോജക്റ്റ് നമ്പർ 241/22) എന്ന പേരിൽ 2021-22 -ൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റിനായി വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും 23,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനായി ഹാജരാക്കിയ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് സ്കോളർഷിപ്പ് തുക നാളിത് വരെ ക്രെഡിറ്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിച്ച കോഴ്സ്/ സ്ഥാപനം | അർഹമായ തുക | അക്കൗണ്ട് നമ്പർ/ ബാങ്കിന്റെ പേര് | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | നീതു.ടി | M.com<br>Govt. Arts & Science College, KoZhikkode | 30,000 | 67226513088<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചെറുവണ്ണൂർ | 4/21-22 /27-10-21 |
| 2 | അജിഷ്ണ.കെ | DMLT<br>Lissy Medical & Educational Institute, Ernakulam | 15,000 | 67350234498<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മലപ്പുറം | 5/21-22 /02-12-21 |
| 3 | ശ്രാണവ്.സി | BTHM<br>Amal College Of Advanced Studies, Nilambur | 20,000 | 968275510670<br>വിജയ ബാങ്ക്, മഞ്ചേരി | 8/21-22 /15-01-22 |
| 4 | കൃഷ്ണപ്രിയ.സി.പി | Bcom.<br>College Of Applied Sciences, | 20,000 | 50347768873<br>അലഹബാദ് ബാങ്ക്, കൊണ്ടോട്ടി | 10/21-22 /19-02-22 |

| | | | | | |
|---|---|---|---|---|---|
| | | Muthuvallur | | | |
| 5 | അർജ്ജുൻ. വി | BSc Physics MES College, Ponnani | 20,000 | 15940010100714 യൂണിയൻ ബാങ്ക്, നിറമരുതൂർ | 12/21-22 /15-03-22 |
| 6 | ശ്രീക്കുട്ടി.ഒ.പി | BA Malayalam T.M Govt. College, Tirur | 20,000 | 520481015595068 യൂണിയൻ ബാങ്ക്, നിറമരുതൂർ | 12/21-22 /15-03-22 |
| | | ആകെ | 1,25,000 | | |

ഇത് കൂടാതെ 2020-21 വർഷത്തിൽ കുമാരി അപർണ്ണ. സി എന്ന കുട്ടിക്കും മെറിറ്റോറിയസ് സ്കോളർഷിപ്പ് ആയി ലഭിക്കേണ്ട 30,000 രൂപ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ലെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

17-06-2016 -ലെ സർക്കാർ ഉത്തരവ് (പി) 86/2016/ഫിൻ പ്രകാരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റാകാതെ റിട്ടേൺ ആകുന്ന തുക 30 ദിവസത്തിനകം അക്കൗണ്ട് കറക്ഷൻ നടത്തി ശരിയായ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും അല്ലാത്ത പക്ഷം ആയത് Source ശീർഷകത്തിലേക്ക് മാറ്റുവാനും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ബിൽ പാസായതിന് ശേഷം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് യഥാസമയം ക്രെഡിറ്റ് ചെയ്തോ എന്ന വിവരം പരിശോധിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥന് വീഴ്ചയുണ്ടായതായി കാണുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും പ്രസ്തുത തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ കാണിക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് പരിശോധനക്കായി ഹാജരാക്കാനുമാവശ്യപ്പെട്ട് 16-12-2022 -ന് നൽകിയ 21 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വിഷയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും അതിനാവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രസ്തുത വിദ്യാർത്ഥികൾക്ക് തുക അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഈ തുക അതാത് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,55,000 (125000+ 30000)രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 9 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 8 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 28/ 07-02-2023 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHSS പുറത്തൂർ കിച്ചൻ നിർമ്മാണം- പുറത്തൂർ ഗ്രാമ പഞ്ചായത്ത് (804/22)<br>ബിൽ 159/09.12.2021 - തുക 262181<br>അളവ് പുസ്തകം 3718/2018-19,<br>കൺവീനർ : ശ്രീ. സുരേഷ് ബാബു. | 60.88 Kg | 8783.15 @144.27/Kg | 4826.56 @79.28/Kg | 3956.59 |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2018/45873 - TS 80958/2018-19<br>AEE/LSGD-DIV/MPM/732/2018-19/08.03.2019 | | | | |

## 1-28 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 12 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 11 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 29/07.02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHSS കാലികറ്റ് യൂനിവേഴ്സിറ്റി കാമ്പസ് - ഗേൾസ് റസ്റ്റ് റൂം-തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് (702/22)<br>ബിൽ 163/23.02.2022 - തുക 869068<br>അളവ് പുസ്തകം 3809/2018-19, 3811/2018-19<br>കൺവീനർ : ശ്രീ. ബാലൻ. വി<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2018/126678 - TS 108883/2018-19<br>AEE/LSGD-DIV/MPM/560/2018-19/29.01.2019 | 132.02 Kg | 19046.52 @144.27/Kg | 10466.54 @79.28/Kg | 8579.98 |

## 1-29 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 14 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 11 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 31/07. 02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 799/22 GHSS കോക്കൂർ ഗേൾസ് റെസ്റ്റ് നിർമാണം - ആലങ്കോട് ഗ്രാമ പഞ്ചായത്ത്<br>ബിൽ 258/16.03.2022 - തുക 417278<br>അളവ് പുസ്തകം 66/2020-21, 3770/2018-19<br>കൺവീനർ : ശ്രീ. അബ്ദുൽ റഷീദ് ( പ്രിൻസിപ്പാൾ)<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2017/46208 - TS 109148/2017-18<br>AEE/LSGD-DIV/MPM/270/2018-19/04.10.2018 | 83.86 Kg | 12099.74 @144.27/Kg | 6649 @79.28/Kg | 5451 |

## 1-30 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം E2 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 13 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 27/ 07. 02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് (784/22)<br>ബിൽ 129/21-22/29.10.2021 - തുക 209331<br>ബിൽ 1138/20-21/30.03.2021 -തുക 1780852<br>അളവ് പുസ്തകം 482/20-21<br>കരാറുകാരൻ : ശ്രീ. കേശവൻ. ടി.കെ<br>കോസ്റ്റ് ഇൻഡക്സ് 31.06% DSR 2016<br>Est 2019/68368 - TS 113226/2019-20<br>AEE/LSGD-DIV/MPM/009/20-21 /08.05.2020 | 160.222 Kg | 23320<br>@145.55/Kg<br>(അടിസ്ഥാന നിരക്ക് 147.38/kg.<br>1.24 % Below Estimate Rate) | 12816<br>@79.99/Kg<br>(അടിസ്ഥാന നിരക്ക് 80.995/kg<br>1.24 % Below Estimate Rate) ) | 10504 |

## 1-31 സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - കൃഷി നിർവഹണം നടത്തിയ 552/22 ആനക്കയം സ്റ്റേറ്റ് സീഡ് ഫാം റെയിൻ ഷെൽട്ടർ നവീകരണം എന്ന സ്പിൽ ഓവർ പ്രോജക്റ്റ് നാഷണൽ ബയോടെക് , പാട്ടൂർ എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്ത് നിർവഹണം നടത്തിയത്. Est 2020/167 പ്രകാരമുള്ള വർക്കിന്റെ എസ്റ്റിമേറ്റിൽ 31.06 ശതമാനമാണ് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചിട്ടുള്ളത്. 19.03.2022 ലെ ബിൽ പ്രകാരം 270592 രൂപ പിൻവലിച്ച് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി നിർവഹണത്തിലെ താഴെ രേഖപ്പെടുത്തിയ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.) എസ്റ്റിമേറ്റ് ഇനം ഏഴ് പ്രകാരം DSR 50.10.1 പ്രകാരമുള്ള ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി റെയിൻ ഷെൽട്ടറിന്റെ ഫ്രെയിം നിർമിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഈ ഇനം പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകേണ്ടതില്ല. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അനുവദിക്കാവുന്ന 50.10.2 കോഡ് പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്. ഇപ്രകാരം തെറ്റായ കോഡ് അനുവദിക്കുക വഴി കരാറുകാരന് അധിക തുക നൽകാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 325.35 X 81 = 26353.35<br>(അടിസ്ഥാന നിരക്ക് 131.26/kg)<br>MB 57 Page 85 | 325.35 X 60 = 19521<br>(ഇനം 8 പ്രകാരമുള്ള സിംഗിൾ സെക്ഷന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് ) | 6832.35 |

2) വർക്ക് ബില്ലിൽ നിന്ന് രണ്ട് ശതമാനം നിരക്കിൽ ആദായ നികുതി Tds കുറവ് ചെയ്യേണ്ടതാണ്. (Income Tax Act 1961 U/s 194c) എന്നാൽ ഈ വർക്കിൽ നിന്ന് ഒരു ശതമാനം നിരക്കിൽ മാത്രമാണ് ആദായ നികുതി Tds കുറവ് ചെയ്തിട്ടുള്ളത് . 3/16.11.2022 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.
ഫൈനൽ ബിൽ തയ്യാറാക്കുന്ന സമയത്ത് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിക്കാൻ നിർവാഹമില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയത്. അധിക നിരക്ക് നൽകിയത് പരിഹരിക്കാൻ സാങ്കേതികാനുമതി തടസ്സമല്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-32 നാല് വർഷമായിട്ടും പ്രവൃത്തി പൂർത്തിയാക്കാനായില്ല

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 548/22 സ്റ്റേറ്റ് സീഡ് ഫാം ചോക്കാട് കുളം പുനർനിർമ്മാണം, പൈപ്പ് ലൈൻ റിപ്പയർ, പമ്പ് സെറ്റ് എന്ന സ്പിൽ ഓവർ പ്രോജക്ടിന് 14.06 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 523396 രൂപ ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ തിയ്യതി 30.07.2022)

2018-19 വർഷം 715/18-19 പ്രോജക്ടായി വിഭാവനം ചെയ്ത ഈ ഏക വർഷ പ്രോജക്ട് , തുടർന്നുള്ള വർഷങ്ങളിൽ 1866/19-20 , 1631/2020-21, 548/2021-22 സ്പിൽ ഓവറായി പദ്ധതിയുടെ ഭാഗമായി ഉൾപെട്ടുവെങ്കിലും നാളിത് വരെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. പ്രവൃത്തിയുടെ അടിസ്ഥാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കരാറുകാരൻ | ശ്രീ.അൽത്താഫ് അഹമ്മദ് .കെ.വി | Estimate | 2018/289 |
|---|---|---|---|
| പി. എ. സി | 1482000 | Quated Rate By Contractor | 1406245.78 |
| കരാർ | 38/18-19/19.03.2019 | Site Handed Over On | 19.03.2019 |
| Duration For Completion | 06 Months | Selection Notice Issued On | 07. 03. 2019 |

പ്രധാനമായും നാല് ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപെടുന്നത്. A-നിലവിലുള്ള കുളം ആഴം കൂട്ടൽ , B - പുതിയ കിണർ നിർമാണം, C – പമ്പ് ഹൗസ് നിർമാണം, D- 7.5 HP ശേഷിയുള്ള സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കൽ. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ച് സൈറ്റ് 19.03.2019 ന് കരാറുകാരന് കൈമാറിയിട്ടുണ്ട്. എന്നാൽ 19.11.2019 വരെ പ്രവൃത്തി ആരംഭിക്കുക പോലും ചെയ്തിട്ടില്ല എന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ നിന്നും നോട്ട് ഫയലിൽ നിന്നും വ്യക്തമാവുന്നു. യഥാസമയം സൈറ്റ് കൈമാറിയിട്ടും പ്രവൃത്തികൾ തുടങ്ങിയില്ല എന്ന് നിർവ്വഹണ ഉദ്യേഗസ്ഥൻ തിരിച്ചറിയുന്നത് പ്രവൃത്തിയുടെ പൂർത്തീകരണ സമയം കഴിഞ്ഞാണ്.

2. കരാർ കാലാവധി കഴിഞ്ഞാണ് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കാനായില്ല എന്ന വസ്തുത രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തുന്നത്. കരാറുകാരന്റെ തിയ്യതി രേഖപ്പെടുത്താത്ത കത്തിൽ നെൽകൃഷി വിളവെടുക്കാത്തതിനാലും , കാലവർഷം കാരണമായും പ്രവൃത്തി പൂർത്തിയാക്കാനായില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കത്ത് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിക്കുന്നത് 18.02.2020 -ന് മാത്രമാണ് എന്ന് ഇൻവാർഡ് രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നു. കരാറുകാരന്റെ ഈ കത്ത് 141/2020 കറന്റ് ആയിട്ടാണ് ഇൻവാർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് .

3. കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 18.09.2019 ആണ്. പ്രളയം ആരംഭിക്കുന്നത് തന്നെ 2019 ആഗസ്റ്റ് മാസം രണ്ടാം ആഴ്ച്ചയിലാണ്. പ്രളയം കാരണം പ്രവൃത്തി പൂർത്തിയാക്കാനായില്ല എന്ന കരാറുകാരന്റെ വാദം അടിസ്ഥാന രഹിതമാണ്. പ്രവൃത്തിയുടെ ടെണ്ടർ ലഭിച്ച് കരാർ വെക്കുന്ന സമയത്തും , സൈറ്റ് കൈമാറുന്ന സമയത്തും കരാറുകാരൻ നിർദിഷ്ട ലൊക്കേഷൻ വിസിറ്റ് ചെയ്തിട്ടില്ല എന്ന വസ്തുതയാണ് , നെൽകൃഷി വിളവെടുത്തില്ല എന്ന കരാറുകാരന്റെ വാദത്തിൽ നിന്ന് വ്യക്തമാവുന്നത്. കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകിയത് എന്നും പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ സാധിക്കാതിരുന്നത് എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

4. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ AE (3)742/17 തിയ്യതി 18.07.2019 കത്ത് പ്രകാരം കരാറുകാരന്റെ തിയ്യതി രേഖപ്പെടുത്താത്ത കത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാൻ ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്തിന് കത്ത് നൽകുന്നുണ്ട്. എന്നാൽ കരാറുകാരന്റെ കത്ത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. മാത്രമല്ല ഈ കാലയളവിൽ കരാറുകാരന്റെ യാതൊരു അപേക്ഷയും ലഭിച്ചതായി ഇൻവാർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 18.02. 2020 ന് ലഭിച്ച 141/2020 കറന്റിന്റെ അടിസ്ഥാനത്തിൽ മുൻ തിയ്യതി രേഖപ്പെടുത്തിയാണ് കത്ത് നൽകിയത് എങ്കിൽ , ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയാണ്. (കരാർ ഉടമ്പടി വെച്ച പ്രവൃത്തിയുടെ കരാർ തിയ്യതി 18. 09. 2019 ന് കാലാവധി കഴിഞ്ഞതിനാൽ..... എന്ന് പരാമർശിക്കുന്ന കത്ത് അംഗീകരിക്കുന്നത് 18. 07. 2019 നാണ് എന്നതും ഈ പ്രവൃത്തിയുടെ കാര്യത്തിൽ അസ്വാഭാവികമായ ഇടപെടലുകൾ നടന്നിട്ടുണ്ട് എന്ന് സൂചിപ്പിക്കുന്നു .)

5. എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് B- പുതിയ കിണർ നിർമാണം, അപ്പൻഡിക്സ് C പമ്പ് ഹൗസ് നിർമാണം എന്നിവ ഭാഗികമായ രീതിയിൽ പൂർത്തീകരിച്ച് 523396 രൂപ മൂല്യനിർണയം നടത്തി 52340 രൂപ റിട്ടെൻഷൻ കുറവ് ചെയ്ത് , 18844 രൂപ നികുതി ഇനത്തിൽ കുറവ് ചെയ്ത് കരാറുകാരന് പാർട്ട് ബിൽ ഇനത്തിൽ (ബിൽ തിയ്യതി 30.07.2022) 452212 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെയ്ത പ്രവൃത്തികൾ കൃഷി ഫാമിന് പ്രയോജനകരമായ രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

6.2018-19 മുതൽ നാല് വർഷം പ്രോജക്ട് സ്പിൽ ഓവറായി എന്നത് , തുടർച്ചയായി നാല് വർഷം ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തുകയുടെ ഗുണഫലങ്ങൾ പൊതു സമൂഹത്തിനും കൃഷി ഫാമിനും ലഭിക്കാതെ ലാപ്സാവാൻ ഇടയാക്കി എന്ന് വ്യക്തമാവുന്നു.

7. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങളടങ്ങിയ സമഗ്ര റിപ്പോർട്ട് ആവശ്യപ്പെട്ട് ഉത്തര മേഖല എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി ) 30.09.2021 ന് കത്ത് നൽകിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ ഈ കത്തിന് വ്യക്തമായ മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

8.താരതമ്യേന ചെറിയ പ്രവൃത്തിയായിട്ടും മൂന്ന് വർഷത്തിലധികം വൈകാനിടയായ സാഹചര്യവും , കരാറുകാരനിൽ നിന്ന് നിയമപരമായി ഈടാക്കേണ്ട പിഴയും സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് അഞ്ച് തവണ നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ യാതൊരു മറുപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയിട്ടില്ല.

9. കരാറുകാരന്റെ തിയ്യതി രേഖപ്പെടുത്താത്ത , നെൽകൃഷി വിളവെടുക്കാത്തതിനാലും , കാലവർഷം കാരണമായും പ്രവൃത്തി പൂർത്തിയാക്കാനായില്ല എന്ന് രേഖപ്പെടുത്തിയ കത്ത് അടിസ്ഥാനമാക്കി, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2/5 തിയ്യതി 12.02.2020 ഭരണ സമിതി തീരുമാന പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ 31.03.2020 വരെ സമയം നീട്ടി നൽകിട്ടുണ്ട്. എന്നാൽ ഈ കാലയളവിനുള്ളിലും പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചില്ല എന്നത് വീഴ്ച്ചയാണ്.

10. ഭാവനയില്ലാത്ത വികസന പ്രവർത്തനങ്ങൾ.

പ്രോജക്റ്റിന്റെ ഭാഗമായി നിർവഹണം നടത്തിയ കിണർ, പമ്പ് ഹൗസ് എന്നിവ ചോക്കാട് കൃഷി ഫാമിന്റെ ഓഡിറ്റ് വേളയിൽ കൃഷി അസിസ്റ്റന്റിന്റെ സാന്നിധ്യത്തിൽ സന്ദർശിച്ച് പ്രവൃത്തി പുരോഗതി വിലയിരുത്തി. താഴെ രേഖപ്പെടുത്തിയ വസ്തുതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

11- മഴവെള്ള ലഭ്യത കുറയുന്ന സമയത്ത് കൃഷിക്ക് ഉപയുക്തമാവുന്ന വിധം ആഴത്തിലുള്ള കിണർ നിർമ്മിച്ചില്ല. പാടത്താണ് കിണർ നിർമ്മിക്കുന്നത്. ഉറപ്പില്ലാത്ത മണ്ണായതിനാൽ ആദ്യമേ നാല് റിങ്ങ് നിർമിച്ച് , പിന്നീട് റിങ്ങിനിടയിലെ മണ്ണ് നീക്കി കിണർ നിർമ്മിക്കുന്ന രീതിയാണ് കരാറുകാരൻ സ്വീകരിച്ചത് എന്ന് കാണുന്നു. അതിനാൽ തന്നെ, രണ്ട് റിങ്ങുകൾ താഴ്ത്തിയ ശേഷം , ഉറപ്പുള്ള മണ്ണ് / പാറ രൂപപ്പെടുകയും ചെയ്തു. ഇത് കിണർ ആഴം കൂട്ടുന്നതിന് സാങ്കേതികമായും പ്രയോഗികമായും തടസ്സമായി. കിണർ നിർമ്മാണ പ്രവൃത്തി തുടർന്ന് നടത്താൻ സാധിക്കാത്ത സാഹചര്യം സംജാതമായതായി വ്യക്തമാവുന്നു. മൂന്ന് റിങ്ങുകൾ ഗ്രൗണ്ട് ലെവലിൽ നിന്ന് ഉയരത്തിലാണ് നിലവിൽ ഉള്ളത്. വിശാലമായ പാടത്ത് കൃഷിക്ക് ഉപയുക്തമാവുന്ന വിധത്തിൽ ജലലഭ്യത ഈ കിണറിനില്ല എന്ന്

വ്യക്തമാവുന്നു. യീൽഡ് വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

12- പുതുതായി നിർമ്മിച്ച കിണറിന്റെ ഏറെ അകലെയല്ലാതെ ഒരു കുളം നിലവിലുണ്ട്. ഈ കുളം ഉപയോഗപ്പെടുത്താതെ പായൽ കെട്ടിയ അവസ്ഥയിലാണ്. ഈ കുളത്തിൽ വറ്റാത്ത നീരുറവയുണ്ട് എന്ന് പരിസരവാസികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ കുളം പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കാതെ , കിണർ നിർമ്മിച്ചതിലെ യുക്തി ഉൾക്കൊള്ളാനാവുന്നില്ല. ഈ കുളം റിപ്പയർ ചെയ്യുന്നതിനായി ഇതേ എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെച്ചിട്ടുണ്ട് എങ്കിലും കരാറുകാരൻ പ്രവൃത്തി നടത്തിയിട്ടില്ല .

13- അടുത്തടുത്തായി മൂന്ന് പമ്പ് ഹൗസുകൾ ഈ ഭാഗത്ത് കാണപ്പെടുന്നു. കുളത്തിന്റെ അരികിൽ ഒരു പമ്പ് ഹൗസ് ഉണ്ട്. ഇത് പഴകി പൊളിഞ്ഞ് വീഴാറായ അവസ്ഥയിലാണ്. ഇത് ഉപയോഗപ്പെടുത്താനായിട്ടില്ല എന്ന് കാണുന്നു. വൈദ്യുതി ലൈൻ ഉള്ളതായി കാണുന്നില്ല. ചുറ്റ് മതിൽ ഇല്ലാത്ത ഫാമിന്റെ പ്രത്യേക സാഹചര്യത്തിൽ ഈ പമ്പ് ഹൗസ് സാമൂഹ്യവിരുദ്ധരുടെ താവളമായി മാറാനുള്ള സാധ്യത കാണുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുതുതായി നിർമിച്ച പമ്പ് ഹൗസിന്റെയും കുളത്തിന്റെയും ഇടയിലായി അത്ര പഴക്കം തോന്നിക്കാത്ത മറ്റൊരു പമ്പ് ഹൗസ് കാണുന്നു. ഈ പമ്പ് ഹൗസും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ദീർഘ വീക്ഷണമില്ലാത്ത വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഈ രണ്ട് പമ്പ് ഹൗസുകളും ഫാമിന്റെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനായില്ല എന്നത് ഗൗരവതരമാണ്. ഈ സാഹചര്യത്തിലാണ് , മതിയായ വെള്ള ലഭ്യത ഉറപ്പിലാത്ത കിണറിന് , പ്ലാറ്റ് ഫോം നിർമിക്കുകയും , മൂന്നാമതൊരു പമ്പ് ഹൗസ് കൂടി നിർമിക്കുകയും ചെയ്തിട്ടുള്ളത് എന്ന് കാണുന്നു.

14- പുതുതായി നിർമിച്ച കിണറിന്റെ നാല് ഭാഗങ്ങളിലും പ്ലാറ്റ് ഫോം നിർമ്മിക്കുകയും , കിണറിന്റെയും സൈഡ് കെട്ടിന്റെയും ഇടയിൽ മണ്ണ് നിറക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ , കിണറിന്റെ പുറം ഭാഗത്ത് ഏകദേശം ഒരു മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടിയിലെ മണ്ണ് കൺസോളിഡേറ്റ് ചെയ്യാതെ , കോൺക്രീറ്റ് ചെയ്തതിനാൽ , കോൺക്രീറ്റ് വ്യാപകമായ രീതിയിൽ പൊട്ടുകയും , താഴുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കരാറുകാരനും സൂപ്പർവിഷനിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിനും പിഴവ് വന്നതായി വ്യക്തമാവുന്നു.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112, 2112.1 എന്നിവയിൽ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ സമയം, കാലാവധി ദീർഘിപ്പിച്ച് നൽകൽ, ഈടാക്കേണ്ട ഫൈൻ എന്നിവയെ കുറിച്ച് വിശദമായി പരാമർശിക്കുന്നുണ്ട്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2112, 2112.1 എന്നിവയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. 4/17.11.2022 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-33 ചുങ്കത്തറ കൃഷി ഫാം സെയിൽസ് കൗണ്ടർ നിർമ്മാണം - അപാകതകൾ

ചുങ്കത്തറ കൃഷി ഫാമിലെ തൈകൾ വിപണനം നടത്തുന്നതിന് സംവിധാനം ഒരുക്കുന്നതിനാണ് 527/2022 നമ്പർ പ്രോജക്ട്. തനത് ഫണ്ട് ഇരുപത് ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് ഓഡിറ്റ് വർഷം പാർട്ട് ബിൽ പ്രകാരം 236159 രൂപ ചെലവുണ്ട്. (Est 2020/348 Cost Index 36.44 ) . കരാറുകാരനായ ശ്രീ.ജംഷീർ.സി.എച്ച് എന്നവരുമായി 27.01.2022 ന് കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി കരാർ പ്രകാരം 28. 07. 2022 ന് പൂർത്തിയാക്കേണ്ടതാണ്. സെയിൽസ് കൗണ്ടർ നിർമ്മാണത്തിന്റെ ഭാഗമായി എസ്റ്റിമേറ്റിലെ ഇനം 1, 2, 3, 4, 6, 7, 8, 9, 19, 20, 22, 23 എന്നിവയും റെയിൻ ഷെൽട്ടർ പ്രവൃത്തിയുടെ ഭാഗമായി എസ്റ്റിമേറ്റിലെ ഇനം 2, 3, 4, 5, എന്നിവയുമാണ് പാർട്ട് ബില്ലിനായി പരിഗണിച്ചിട്ടുള്ളത്. ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകം 09/2020-21 ൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി

നേരിട്ട് പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. സെയിൽസ് കൗണ്ടറിന്റെ മുറ്റം 6cm പേവിങ്ങ് ബ്ലോക്ക് വിരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ വലത് ഭാഗത്തെ മുറ്റത്ത് പേവിങ്ങ് ബ്ലോക്ക് താഴ്ന്നതായി കാണുന്നു. മതിയായ രീതിയിൽ മെറ്റൽ ഉപയോഗിക്കാതെയാണ് കട്ട വിരിച്ചത് എന്ന് കാണുന്നു. ആയത് പരിശോധന നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രോജക്ടിന്റെ ഭാഗമായി വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

3. എസ്റ്റിമേറ്റ് ഇനം 12 പ്രകാരം മരം ഉപയോഗിച്ചുള്ള (കോഡ് 50.9.1.1) ജനൽ , വാതിൽ എന്നിവ സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത് . എന്നാൽ മരത്തിലല്ല പ്രവൃത്തികൾ ചെയ്തിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. (പാർട്ട് ബില്ലിൽ ഈ ഇനത്തിന് തുക നൽകിയിട്ടില്ല. )

4. എസ്റ്റിമേറ്റ് പ്രകാരം വിട്രിഫൈഡ് ടൈൽസ് വിരിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. (കോഡ് 11.41.2, 11.46.2 ). എന്നാൽ ഡി.എസ്.ആർ കോഡ് 11.36 പ്രകാരമുള്ള ടൈൽസാണ് വിരിക്കാനായി ഉപയോഗിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് ഫൈനൽ ബിൽ നൽകുന്ന വേളയിൽ പരിശോധന നടത്തേണ്ടതാണ്.

5. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ആയതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ വെച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-34 തവനൂർ കൃഷി ഫാം ഓഫീസ് നവീകരണം - പെയിന്റിങ്ങ് അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ (തവനൂർ) നിർവ്വഹണ ഉദ്യോഗസ്ഥനായ സീഡ് ഫാം തവനൂർ ഓഫീസ് നവീകരിക്കുന്നതിനാണ് പ്ലാൻ വിഹിതം 483651 രൂപ വകയിരുത്തിയ 1424/22 തവനൂർ സംസ്ഥാന വിത്തുൽപാദന കേന്ദ്രം ഓഫീസ് ഫർണിഷിങ്ങ് എന്ന പ്രോജക്ട്. പെയിന്റിംഗ് , ഫാൻ , ലൈറ്റ് , പാർട്ടീഷൻ , സീലിങ്ങ് , ഫർണിച്ചർ, കർട്ടൻ എന്നിവയാണ് പ്രവൃത്തി ഇനങ്ങളായി ഉൾപെടുന്നത്. ആർട്കോ തൃശ്ശൂർ എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് പ്രവൃത്തി നിർവ്വഹണം നടത്തുന്നത്. 807/21.03.2022 പ്രകാരമുള്ള ഇൻവോയ്സ് ആർട്കോ ലഭ്യമാക്കിയിട്ടുണ്ട്. ബിൽ 04/30.03.2022 പ്രകാരം പ്രോജക്ടിനായി 483651 രൂപ ആർട്കോക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി പ്രവൃത്തി നേരിട്ട് പരിശോധിച്ചു. താഴെ രേഖപ്പെടുത്തിയ അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

1.) ആർട്കോ ലഭ്യമാക്കിയ ഇൻവോയ്സിലെ ക്രമ നമ്പർ മൂന്നിലാണ് പെയിന്റിങ്ങ് ഉൾപെടുന്നത്. Painting Work (Primer, Paint And Enamel ) എന്ന് രേഖപ്പെടുത്തി 62 M2 ചെയ്യുന്നതിന് ജി.എസ്.ടി ഉൾപെടെ 32922 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഫാം ഓഫീസിന്റെ ചുമരിൽ പ്രൈമർ, പെയിന്റിങ്ങ് , ഇനാമൽ വർക്കുകൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. നിലവിൽ ഉണ്ടായിരുന്ന വെള്ള പെയിന്റിങ്ങിന് മുകളിൽ ലൈം വാഷ് (വൈറ്റ് വാഷ് ) ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, ചുമരിൽ കൈവിരലുകൾ അമർത്തിയാൽ ഈ വൈറ്റ് വാഷ് ചെയ്തത് കയ്യിൽ ഒട്ടിപ്പിടിക്കുകയും ചെയ്യുന്നതായി ബോധ്യമായിട്ടുണ്ട്. ആർട്കോ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. കേരള പൊതുമരാമത്ത് മാന്വൽ 2103.1 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിലെ അപാകത പരിഹരിക്കാൻ നിർദേശം നൽകേണ്ടതാണ്.

## 1-35 പ്രവൃത്തികൾ പൂർത്തിയാക്കാതെ തുക അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി , ആതവനാട് ജില്ലാ പൗൾട്രി ഫാമിൽ രണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. 221/22 പൗൾട്രി ഫാം ഹാച്ചറി യൂനിറ്റ് വിപുലീകരണം എന്ന പ്രോജക്ട് ഹസ്സൻ. എം എന്ന കരാറുകാരനും (BRN 1435029/23.03.2022 – 862688 ) 975/22 പൗൾട്രി ഫാം വിപുലീകരണം എന്ന പ്രോജക്ട് സി.പി കൺസ്ട്രക്ഷൻ എന്ന പേരിൽ സി.പി മാധവൻ എന്ന കരാറുകാരനുമാണ് നിർവ്വഹിച്ചത്. (BRN 560128/26.10.2021 – 65930, BRN 1411462/28.03.2021 – 786749, BRN 1411464/28.03.2021 – 467837, BRN 901212/06.01.2021 – 845414 )

നിലവിലുള്ള വലിയ ഷെഡുകളിൽ ഒന്ന് കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്ന പ്രവൃത്തിയാണ് ഹസ്സൻ. എം എന്ന കരാറുകാരൻ മുഖേന നിർവ്വഹിച്ചത്. വലിയ ഹാൾ പോലുള്ള ഷെഡ് മൂന്ന് ഭാഗമായി വേർതിരിക്കുന്നതിന് ചെങ്കൽ കെട്ട് , ലിന്റ്ൽ നിർമാണം, ഗ്രിൽ വർക്ക് , പ്ലാസ്റ്ററിങ്ങ് , വൈറ്റ് വാഷിങ്ങ് , പെയിന്റിങ്ങ് , നിലം കോൺക്രീറ്റ് എന്നിവയാണ് പ്രധാന ഇനങ്ങൾ.

സി.പി കൺസ്ട്രക്ഷൻ മുഖേന നിർവ്വഹിക്കുന്ന പ്രോജക്ടിൽ (Est 2019/16172, TS 92690/2019-2020) ആറ് ഘടകങ്ങൾ (Appendix) ഉൾപ്പെടുന്നുണ്ട്. 1- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് സീലിങ്ങ് റിപ്പയർ ആന്റ് കിണർ റിങ്ങ് , 2- കാർക്കസ്സ് പിറ്റ് , 3- മിൽക്ക് റൂം ഹാച്ചറി റും ഡോർ, 4- ഹാച്ചറി , 5- കോമേർസ്യൽ ബിൽഡിങ്ങിൽ റൂഫിങ്ങ് വർക്ക് , 6-

വാട്ടർ സ്റ്റോറേജ് ടാങ്ക് എന്നിവയാണ് ആറ് ഘടകങ്ങൾ. ഇതിൽ 6- വാട്ടർ സ്റ്റോറേജ് ടാങ്ക് പൂർണമായി ഒഴിവാക്കിയും മറ്റ് ഘടകങ്ങളിൽ അനവധി ഇനങ്ങൾ ഒഴിവാക്കിയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പുതുതായി ഹാച്ചറി മെഷീൻ സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികളും കോഴി വളർത്തുന്നതിനുള്ള നിലവിലെ വലിയ ഷെഡുകളിൽ രണ്ടെണ്ണം കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്ന പ്രവൃത്തിയും ഉൾപെടുത്തുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിലെ 13 മുതൽ 17 വരെയുള്ള ഇനങ്ങൾ ,ഷെഡുകൾ കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്നതിനുള്ളതാണ്.

ആതവനാട് പൗൾട്രി ഫാമിന്റെ 298/22 ദൈനം ദിന ചെലവുകൾ എന്ന പ്രോജക്ടിന്റെ ഓഡിറ്റിനായി സ്ഥാപനം സന്ദർശിച്ച ഓഡിറ്റ് ടീം , എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളും പരിശോധനാ വിധേയമാക്കുകയുണ്ടായി. പൗൾട്രി ഫാമിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണ പ്രവൃത്തികൾ പരിശോധിച്ച് , എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്തു. പരിശോധനാ വേളയിൽ വ്യക്തമായ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി .

റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം 16 , പാർട്ടീഷൻ വാളുകൾ സിമന്റ് പ്രൈമർ ഉപയോഗിച്ച് വൈറ്റ് വാഷ് ചെയ്യുന്നതിനും , ഇനം 17 ഇതേ ഏരിയകളിൽ ആക്രലിക്ക് ഇമൽഷൻ പെയിന്റ് ചെയ്യുന്നതിനുമാണ് . അളവ് ബുക്ക് 324/20-21 പേജ് 53 ൽ 212.144m2 ഏരിയയിൽ വൈറ്റ് വാഷ് ചെയ്യുന്നതിനായി 43.431/m2 നിരക്കിൽ 9213.41 രൂപയും , 212.144m2 ഏരിയയിൽ പെയിന്റ് ചെയ്യുന്നതിന് 99.25/m2 നിരക്കിൽ 21055.29 രൂപയും ഉൾപെടെ 30268. 7 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല. തുക തിരിച്ചടവാക്കേണ്ടതാണ്.

2) എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് രണ്ട് കാർക്കസ്സ് പിറ്റ് നിർമിക്കുന്നതിനാണ്. ഇതിലെ ഇനം അഞ്ച് സ്ലാബ് , ബീം എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിനും , ഇനം ആറ് ഇതിനായുള്ള ഫോം വർക്കുമാണ്. ഫോം വർക്കിൽ സ്ലാബിനായുള്ള Centering And Shuttering ഉൾപെട്ടിട്ടില്ല എന്ന് കാണുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം ഒൻപതിൽ സ്ലാബ് കോൺക്രീറ്റിനായുള്ള ഫോം വർക്ക് ഉൾപ്പെടുത്തുകയും അളവ് ബുക്ക് 324/20-21 പേജ് 46 ൽ 55.112m2 ഏരിയയിൽ ഫോം വർക്ക് ചെയ്യുന്നതിനായി 496.3/m2 നിരക്കിൽ 27352.03 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ , അളവ് ബുക്ക് 324/20-21 പേജ് 45 ൽ 36.7 M2 ഏരിയയിൽ ബീമിനായി ഫോം വർക്ക് ചെയ്യുന്നതിന് 143.62/m2 നിരക്കിൽ 5313.94 രൂപ കരാറുകാരന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബീമിന്റെ ഏരിയ കുറവ് ചെയ്യുന്നതായി റിവൈസ്ഡ് എസ്റ്റിമേറ്റിലോ , ആളവ് പുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ആകെ ഫോം വർക്ക് ഏരിയയിൽ നിന്ന് ബീമിനായി ഫോം വർക്ക് ചെയ്ത ഏരിയ കുറവ് ചെയ്യാതെയാണ് തുക നൽകിയത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഈ കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

3- അനവധി കെട്ടിടങ്ങൾ / ഷെഡുകൾ ഉൾപ്പെടുന്നതാണ് പൗൾട്രി ഫാം. ഏതെല്ലാം കെട്ടിടങ്ങളിൽ / ഷെഡുകളിലാണ് പ്രവൃത്തികൾ നടക്കുന്നത് എന്ന് എസ്റ്റിമേറ്റ് / എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്താനാവുന്നില്ല. മൂന്നാമതൊരു ഏജൻസി പ്രവൃത്തികൾ നേരിട്ട് വിലയിരുത്തേണ്ട സന്ദർഭത്തിൽ ഇത് വലിയതോതിൽ അവ്യക്തതയും പ്രയാസവും സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ കെട്ടിടങ്ങൾക്ക് / ഷെഡുകൾക്ക് സൗകര്യപ്രദമായ രീതിയിൽ വേർതിരിച്ചറിയാൻ ക്രമീകരണങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. 1,2,3,4 എന്ന ക്രമത്തിലോ , A, B, C, D എന്ന ക്രമത്തിലോ , മറ്റ് സൗകര്യപ്രദമായ രീതികൾ അവലംഭിച്ചോ കെട്ടിടങ്ങൾക്ക് / ഷെഡുകൾക്ക് വേർതിരിച്ചറിയാവുന്ന അടയാളങ്ങൾ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. ( Audit Enquiry 38/02. 03. 2023 ).1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-36 ആയുർവേദ ആശുപത്രിയിൽ സ്വീവേജ് പ്ലാന്റ് - നടപടികൾക്ക് ഗതിവേഗമില്ല

ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തുന്ന 1296/22 പ്രോജക്ട് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഡി. പി. ആർ തയ്യാറാക്കുന്നതിനാണ്. ഇതിനായി തനത് ഫണ്ട് ഒരു ലക്ഷം രൂപയാണ് വകയിരുത്തിയത്. പ്രോജക്ട് നിർവ്വഹണത്തിനായി ശുചിത്വമിഷനിൽ എം.പാനൽ ചെയ്ത കൺസൽറ്റന്റുമാരെ ടെണ്ടർ മുഖേന കണ്ടെത്തുന്നതിന് 1/(2) Dated 18. 12. 2021 ലെ ഭരണസമിതി തീരുമാന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ടെണ്ടർ നടപടികളിലൂടെ Spaar Environmental Technologies (P), Trissur എന്ന സ്ഥാപനത്തെ സെലക്ട് ചെയ്തു എന്നും ഫയലിൽ നിന്ന് വ്യക്തമാവുന്നു. നികുതി ഉൾപ്പെടെ 95000 രൂപയാണ് സ്ഥാപനം ആവശ്യപ്പെട്ട നിരക്ക് . ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും ആശുപത്രി സൂപ്രണ്ടിന്റെ C479/2021 Dated 17. 02. 2022 കത്ത് പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 549/23 പ്രോജക്ടായി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടും , 2023 ജനവരി അവസാനം വരെ പ്രോജക്ട് നിർവ്വഹണം നടത്താനായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു.

ഏജൻസിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല എന്ന് കാണുന്നു. സോയിൽ ടെസ്റ്റ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയാൽ മാത്രമെ , ഡി. പി. ആർ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ എന്ന് ഏജൻസി നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22. 11. 2019 ലെ 2220/G /2019/SM നടപടിക്രമത്തിൽ വേസ്റ്റ് മാനേജ്മെന്റ് മേഖലയിലെ ഡി.പി. ആർ തയ്യാറാക്കുന്നതിനായുള്ള മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ DPR Shall Include But Not Limited To The Following എന്ന് രേഖപ്പെടുത്തിയശേഷം Site Survey – Situation Analysis, Geotechnical Analysis (Soil Tests, Ground Water Table Details ) എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സോയിൽ ടെസ്റ്റ് ഡി.പി. ആർ തയ്യാറാക്കുന്ന ഏജൻസി ചെയ്യേണ്ടതാണ് എന്നാണ് ശുചിത്വ മിഷൻ നിർദേശം. ഈ നിർദേശം പാലിക്കുന്നതിൽ ശുചിത്വ മിഷനിൽ എം. പാനൽ ചെയ്ത Spaar Environmental Technologies (P), Trissur എന്ന ഏജൻസി വീഴ്ച വരുത്തിയതായി ശ്രദ്ധയിൽ പെടുത്തുന്നു. മാത്രമല്ല, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെക്കുന്നതിലും ഏജൻസി വീഴ്ച വരുത്തിയതായി കാണുന്നു. കൂടാതെ , ഏജൻസി 07. 11. 2022 ന് നൽകിയ കത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് മൂന്ന് ശതമാനം അധിക തുക ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ വേളയിലും , ഏജൻസിയെ സെലക്ട് ചെയ്ത സമയത്തും സോയിൽ ടെസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്യണമെന്ന വ്യവസ്ഥ ഏജൻസി ഉന്നയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ശുചിത്വ മിഷനിൽ എം. പാനൽ ചെയ്ത സ്ഥാപനത്തിന്റെ നിലപാട് കാരണം പ്രോജക്ട് നിർവ്വഹണം തടസ്സപ്പെട്ടു എന്ന വസ്തുത ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-37 ആയുർവേദ ആശുപത്രിയിൽ ഡീസൽ ജനറേറ്റർ - നടപടിക്രമം പാലിച്ചില്ല

ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തിയ 1502/22 പ്രോജക്ട് ആശുപത്രിയിൽ ഡീസൽ ജനറേറ്റർ സ്ഥാപിക്കുന്നതിനാണ്. പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഫണ്ട് 2014849 രൂപയാണ് വകയിരുത്തിയത്. ഇത്രയും തുക ബിൽ 08/24.02. 2022 പ്രകാരം പിൻവലിച്ച് സപ്ലൈയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഉപയോഗിച്ച് വന്നിരുന്ന ജനറേറ്റർ ഒന്നര വർഷമായി ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നും ആശുപത്രിയിലെ ഉപകരണങ്ങൾ സുരക്ഷിതമായി പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഒരുക്കുന്നതിനാണ് പുതിയ ജനറേറ്റർ വാങ്ങുന്നത് എന്നും ഫയലിൽ കാണുന്നു. 85.5 KVA ശേഷിയുള്ള ഡീസൽ ജനറേറ്ററാണ് വാങ്ങുന്നത് . Kerala State Industrial Enterprises Limited എന്ന സർക്കാർ പൊതുമേഖലാ സ്ഥാപനത്തിനാണ് വർക്ക് ഓർഡർ നൽകുന്നത് . സ്ഥാപനം കാലതാമസം വരുത്താതെ ജനറേറ്റർ സപ്ലൈ ചെയ്യുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. 13. 01. 2022 ന് സപ്ലൈ ഓർഡർ നൽകിയ ഉപകരണം 22. 02. 2022 തിയ്യതിൽ സപ്ലൈ ചെയ്യുകയും 05. 05 2022 ന് അനുബന്ധ പ്രവർത്തികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും പ്രവൃത്തിയുടെ ഗുണഫലങ്ങൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. KSIE യുടെ CLTBC 21-22/258 Dated 22.02.2022 ഇൻവോയ്സ് പ്രകാരം ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Generator | 871000 |
| 2 | ATS Panel | 214500 |
| 3 | Installation Charge | 110000 |
| 4 | Electrical Work | 410000 |
| 5 | Centage Charge 8% | 128440 |
| 6 | G.S.T | 280908 |
| | Total | 2014848 |

അതേസമയം, ഇത്തരം പ്രവൃത്തികൾ വൈദ്യുതി ബോർഡിന്റെ ലൈസൻസുള്ള കരാറുകാർ മുഖേനയാണ് നിർവ്വഹിക്കേണ്ടത് എന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയും അനുമതിയും ലഭ്യമാക്കണമെന്നും വ്യവസ്ഥയുണ്ട്. വളരെയധികം രോഗികളും , ജീവനക്കാരും , ഉപകരണങ്ങളും അടങ്ങുന്ന ഒരു സംവിധാനത്തിന് അർഹമായ മേൽഘടകങ്ങളുടെ പരിശോധനയും അനുമതിയും ഉണ്ടാകേണ്ടത് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമാണ്. എന്നാൽ , ഇപ്രകാരമുള്ള പരിശോധനയും അനുമതിയും ലഭ്യമായിട്ടില്ലെന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ കാര്യങ്ങൾ 25/04. 02. 2023 ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്ലാൻ തയ്യാറാക്കി മലപ്പുറം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്, നടപടികൾ പുരോഗമിക്കുന്നു എന്ന് ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. നടപടി ക്രമങ്ങൾ പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 1-38 ആർട്കോ മുഖേനയുള്ള പ്രോജക്ട് നിർവ്വഹണം - അപാകതകൾ

ജില്ലാ ആയുർവേദ ആശുപത്രി സൂപ്രണ്ട് നിർവ്വഹണം നടത്തുന്ന 08/22 , 1576/22 പ്രോജക്ടുകൾ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടാണ്. 08/22 'ജില്ലാ ആയുർവേദ ആശുപത്രി വളവന്നൂർ ജെറിയാട്രിക്ക് വാർഡ് പൂർത്തീകരണവും ഫർണിച്ചറും , ഫർണിഷിങ്ങും ' എന്ന പ്രോജക്ടിനായി നാൽപത് ലക്ഷം രൂപ പ്ലാൻ വിഹിതം വകയിരുത്തുകയും 3999353 രൂപ (ബിൽ 06/25.10.2021 ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 1576/22 'വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രി കോൺഫറൻസ് ഹാൾ നവീകരണവും കോസ്മറ്റോളജി യൂനിറ്റ് സജ്ജീകരിക്കലും, ഫർണിച്ചർ വാങ്ങലും ' എന്ന പ്രോജക്ടിനായി 2784929 രൂപ പ്ലാൻ വിഹിതം വകയിരുത്തുകയും അത്രയും തുക (ബിൽ 10/19.03.2022 ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പ്രോജക്ടുകളും പുതിയ പ്രോജക്ടുകളാണ്. ആർട്കോ എന്ന ഏജൻസി മുഖേനയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത് . പ്രോജക്ട് ഫയൽ പരിശോധിച്ചും , ജില്ലാ ആയുർവേദ ആശുപത്രി സന്ദർശിച്ച് പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയും താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1 - 1576/22 പ്രോജക്ടിന്റെ ഭാഗമായി 1.5 ടൺ കപ്പാസിറ്റിയുള്ള എ.സി സ്ഥാപിച്ചതിന് 48000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോസ്മറ്റോളജി വാർഡിൽ സ്ഥാപിച്ചിട്ടുള്ള എ.സി Formenty (കേരളത്തിൽ അത്രയൊന്നും പ്രചാരത്തിലില്ലാത്ത) എന്ന കമ്പനിയുടെ ഒരു ടൺ മാത്രം കപ്പാസിറ്റിയുള്ളതാണ് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 1.5 ടൺ കപ്പാസിറ്റിയുള്ള എ.സിയാണ് സ്ഥാപിച്ചത് എന്ന് വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഉള്ളടക്കം ചെയ്ത രേഖയിൽ എസിയുടെ ടൺ കപ്പാസിറ്റി വ്യക്തമാക്കുന്ന യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . ഇൻവോയ്സ് തിയ്യതി രേഖപ്പെടുത്തിയിട്ടുണ്ട് , എന്നാൽ ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയിട്ടും ഇല്ല. ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

2 – ഇതേ പ്രോജക്ടിന്റെ ഭാഗമായി എട്ട് ഡോർ ക്ലോസർ സ്ഥാപിക്കുന്നതിനായി 27017.28 രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഡോർ ക്ലോസർ സ്ഥാപിച്ചിട്ടില്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. ഓഡിറ്റ് പൂർത്തിയായ ശേഷം ഡോർ ക്ലോസർ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടുണ്ട്. ഡോർ ക്ലോസർ സ്ഥാപിക്കാതെ തുക നൽകിയ നടപടി അംഗീകരിക്കാനാവില്ല.

3 – 08/22 പ്രോജക്ടിന്റെ ഭാഗമായി ചെയ്ത ടൈൽ വർക്ക് , സ്റ്റീൽ വർക്ക് , പെയിന്റിങ്ങ് വർക്ക് എന്നിവയുടെ വ്യക്തമായ വിവരം ഫയലിൽ ലഭ്യമല്ല. ആർട്കോയുടെ ഇൻവോയ്സിൽ ആകെ അളവ് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റീൽ വർക്ക് ചെയ്തിട്ടുണ്ട് എങ്കിലും ഉപയോഗിച്ച പൈപ്പിന്റെ കനം , നിളം എന്നിവ രേഖപ്പെടുത്തുന്നില്ല. പെയിന്റിങ്ങ് , ടൈൽ വർക്ക് എന്നിവയുടെ നീളം , വീതി എന്നിവ റൂം തിരിച്ച് രേഖപ്പെടുത്തുന്ന രീതി എഞ്ചിനീയറിങ്ങ് വിഭാഗം പിന്തുടരുന്നുണ്ട്. അയതിനാൽ തന്നെ അളവിന്റെ കൃത്യത ബാഹ്യ ഏജൻസികൾക്ക് ഏത് സമയത്തും പരിശോധിച്ച് ഉറപ്പ് വരുത്താനാവും. എന്നാൽ ആർട്കോ ചെയ്ത ഇത്തരം പ്രവൃത്തികൾ പരിശോധിക്കാനും അളവ് വിലയിരുത്താനും സാധിക്കുന്നില്ല എന്നത് അപാകതയാണ്. ബാഹ്യ ഏജൻസികൾക്ക് പരിശോധിക്കാവുന്ന വിധത്തിൽ ചെയ്ത പ്രവൃത്തികളുടെ വ്യക്തവും , കൃത്യവുമായ അളവുകൾ സൂക്ഷ്മമായി രേഖപ്പെടുത്തി ആർട്കോയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് വെച്ച രേഖ ഫയലിൽ വെക്കാൻ നിർദേശം നൽകേണ്ടതാണ്.

4 – 08/22 പ്രോജക്ടിന്റെ ഭാഗമായി 3.27 ലക്ഷം രൂപ ചെലവ് ചെയ്ത് Sitting Area With Anjali Wood And Frame With MS എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ , നാലഞ്ച് പേർക്ക് ഇരിക്കാവുന്ന ആറ് മരത്തടികൾ ജെറിയാട്രിക്ക് വാർഡിന്റെ വരാന്തയിൽ വെച്ചതായി കാണുന്നത്. കാണാൻ ഭംഗിയും വ്യത്യസ്തതയും ഉള്ള ഈ സംവിധാനം രോഗികൾക്കും , രോഗികളുടെ കൂട്ടിരിപ്പുകാർക്കും ഒരുക്കിയത് , അടിസ്ഥാന സൗകര്യങ്ങളിൽ തന്നെ പരിമിതികൾ ഉള്ള ഈ സ്ഥാപനത്തിന് ആഢംബരമാണ് എന്ന് പറയാതെ വയ്യ. ഇതിന് ഒന്നിന് 54640 രൂപ വില വരുന്നതായി കാണുന്നു. രോഗികൾക്ക് മാനസിക ഉല്ലാസം ലഭിക്കുന്നതിനാണ് ഇത്രയും സൗകര്യങ്ങൾ ഒരുക്കിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയത്.

മേൽ പ്രോജക്ടുകളുടെ ഭാഗമായി ചെയ്ത ടൈൽ വർക്ക് , സ്റ്റീൽ വർക്ക് , പെയിന്റിങ്ങ് വർക്ക് , കർട്ടൻ വർക്ക് എന്നിവ ഉൾപെടെയുള്ള ഇനങ്ങളുടെ അളവുകൾ വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ആയത് സാധ്യമാക്കുന്നതിന് ആർട്കോ പ്രധിനിധികളുടെ സാന്നിധ്യം ഉറപ്പ് വരുത്തി പരിശോധനക്കുള്ള സാഹചര്യം ഒരുക്കേണ്ടതാണ്. പരിശോധനക്ക് സൗകര്യപ്രദമായ തിയ്യതി കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 24/04-02-2023 പ്രകാരം അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-39 യഥാസമയം കരാർ വെക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

G.O.(P)No.13/2012/PWD Dated 01.02.2012 പ്രകാരമുള്ള Kerala Public Works Department Manual സെക്ഷൻ 2009.6.Selection Notice എന്ന ഭാഗത്ത് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികളിൽ അർഹമായ കാലാവധിക്ക് ശേഷമാണ് കരാറുകാർ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ചിട്ടുള്ളത് എന്ന് ഫയലിൽ കാണുന്നു. ഇപ്രകാരം കരാർ വെക്കുന്നതിൽ വീഴ്ച്ച വരുത്തിയ കരാറുകാരിൽ നിന്ന് പൊതു മരാമത്ത്

മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച്ച പറ്റിയതായി ശ്രദ്ധയിൽ പെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. അപാകത 2/16.11.2022 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| | പ്രോജക്ട് | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | 553/22 പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ പോളി ഹൌസ് റിപ്പയർ<br>കരാറുകാരൻ - ബ്രിജേഷ്. സി<br>നിർവഹണ ഉദ്യോഗസ്ഥൻ : AXE - Agri<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 06.09.2021<br>കരാർ വെച്ച തിയ്യതി - 05/2021-2022/04.10.2021<br>PAC – 326338<br>M Book – MLP06/20-21<br>Estmate No : 2020/220 | 3263 |
| 2 | 550/22 ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം - ഡ്രയിനേജ് കനാൽ നിർമാണം<br>കരാറുകാരൻ - മുഹമ്മദ് ഷാഫി<br>നിർവഹണ ഉദ്യോഗസ്ഥൻ : AXE - Agri<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 01.07.2021<br>കരാർ വെച്ച തിയ്യതി - 01/2021-22/09.08.2021<br>PAC – 245172<br>M Book – 55/18-19<br>Estmate No : 2020/204 | 2452 |
| | ആകെ | 5715 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-40 പ്രവൃത്തി പൂർത്തീകരണ സമയം പിഴയില്ലാതെ നീട്ടി നൽകൽ - പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ 1997 അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ചട്ടം 18ൽ വ്യക്തമാക്കിയിട്ടുണ്ട്.

മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ കേരള പഞ്ചായത്ത് രാജ് ആക്ടിലോ, 1997 ലെ (കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലോ വ്യക്തമായി പരാമർശിക്കുന്നില്ല. ആയതിനാൽ, ഇക്കാര്യത്തിൽ പൊതു മരാമത്ത് വകുപ്പിൽ അനുവർത്തിച്ച് വരുന്ന നടപടിക്രമമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ടത്.

GO(P)13/2012/PWD തിയ്യതി 01.02.2012 പ്രകാരം പൊതു മരാമത്ത് വകുപ്പ് പുറപ്പെടുവിച്ച പൊതു മരാമത്ത് വകുപ്പ് മാന്വലിലാണ് പ്രവൃത്തികൾ വൈകി പൂർത്തിയാവുന്ന സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്നത്. ഇതിൽ കരാറുകാരന്റെ പിഴവ് കാരണവും , കരാറുകാരന്റേതല്ലാത്ത പിഴവ് കാരണവും പ്രവൃത്തികൾ ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുന്നുണ്ട്. പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2112, 2112.1 എന്നിവയിൽ ഈ നടപടികൾ വിശദമാക്കിയിട്ടുണ്ട്.

എന്നാൽ, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് , കരാർ വെക്കുകയും , സൈറ്റ് കരാറുകാർക്ക് കൈമാറുകയും ചെയ്ത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ ചില സന്ദർഭങ്ങളിൽ കരാറുകാർക്ക് സാധിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ ചില സന്ദർഭങ്ങളിൽ 'പിഴ കൂടാതെ' പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകാൻ , ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുക്കുന്നതായി കാണുന്നു. ഉദാ : പ്രോജക്ട് 800/22 മാറഞ്ചേരി GHSS മെയിന്റനൻസ് . ഭരണസമിതിയുടെ 1/(73)/19.02.2021 തീരുമാനം . കരാർ ലംഘനം നടത്തിയ കരാറുകാർക്ക് തണലേകുന്ന വിധത്തിൽ ,

പിഴ ഒഴിവാക്കി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതിക്ക് അധികാരമില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. കേരള പഞ്ചായത്ത് രാജ് ആക്ടിലോ , ആക്ടിന് കീഴിലെ ചട്ടങ്ങളിലോ ഇത്തരം അധികാരം ഭരണസമിതികൾക്ക് നൽകിയിട്ടില്ല എന്നും അറിയിക്കുന്നു.

കരാറുകാരന്റെ തിയ്യതി രേഖപ്പെടുത്തിയ കത്തിന്റെയും എഞ്ചിനീയറുടെ തിയ്യതി രേഖപ്പെടുത്തിയ വ്യക്തമായ ശുപാർശയുടെയും അടിസ്ഥാനത്തിൽ പ്രവൃത്തി സമയം ദീർഘി പ്പിച്ച് നൽകാൻ ഭരണപരമായ അനുമതി നൽകുന്നതിന് മാത്രമായി ഭരണ സമിതി തീരുമാനം പരിമിതപ്പെടുത്തേണ്ടതാണ്. കരാർ ലംഘനം നടത്തുന്ന കരാറുകാരിൽ നിന്ന് പൊതു മരാമത്ത് വകുപ്പ് മാന്വൽ വിഭാവന ചെയ്യുന്ന മാതൃകയിൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പിഴ ഈടാക്കാൻ ജാഗ്രത പുലർത്തേണ്ടതുമാണ്. പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നു എന്ന് ഉറപ്പ് വരുത്താനും ലഭ്യമായ ഫണ്ട് ലാപ്സാവാതിരിക്കാനും ഈ സമീപനം സഹായകമാവും എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

പിഴ കൂടാതെ പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് , ആക്ട് , റൂൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. 39/03.03.2023 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ഈ വസ്തുത നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-41 നാളികേര സംസ്കരണ യൂണിറ്റ് കീഴപറമ്പ് - ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.മുഹമ്മദ് അലി | എസ്റ്റിമേറ്റ് നമ്പർ | 2017/44562 |
| ബിൽ നമ്പർ | 160/09.12.2021 | സാങ്കേതികാനുമതി | 98100/2017-18 |
| ബിൽ തുക | 133551<br>($4^{th}$ And Final) | പി.എ.സി | 7782783 |
| Cost Index | 37.25 % | കരാർ | AEE/LSGD/DIV-MPM/451/17-18/ 27.02.2018 |
| M Book | 3233/17-18 | | |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 862/22 പ്രോജക്ട് നാളികേര സംസ്കരണ യൂണിറ്റ് , കീഴപറമ്പ് (അരീക്കോട് ബ്ലോക്ക് ) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യമിട്ടാണ്. പ്രോജക്ടിനായി ഓഡിറ്റ് വർഷം 6933551 രൂപ ചെലവ് ചെയ്തിട്ടുണ്ട്. കീഴപറമ്പ് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം പ്രവൃത്തിയുടെ സൈറ്റ് സന്ദർശിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E5 പ്രകാരം DSR 17.1.1 പ്രകാരമുള്ള ഇന്ത്യൻ മാതൃകയിലുള്ള ഫ്ലഷ് സിസ്റ്റം ഉൾപെടുന്ന രണ്ട് വാട്ടർ ക്ലോസറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 3374.59 / നിരക്കിൽ രണ്ടെണ്ണത്തിന് 6749.18 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫ്ലഷിങ്ങ് സിസ്റ്റം ഇല്ലാത്ത വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായി.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 17.1.1. @ 3374.59<br>2 X 3374.59 = 6749.18 | DSR 17.13.1. @ 1473.1<br>2 X 1473.1 = 2946.2 | 3802.97 |

2-) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E6 പ്രകാരം DSR 17.2.1 പ്രകാരമുള്ള യൂറോപ്യൻ മാതൃകയിലുള്ള ഫ്ലഷ് സിസ്റ്റം ഉൾപെടുന്ന രണ്ട് വാട്ടർ ക്ലോസറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 3698.84 / നിരക്കിൽ രണ്ടെണ്ണത്തിന് 7397.68 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫ്ലഷിങ്ങ് സിസ്റ്റം ഇല്ലാത്ത ഇന്ത്യൻ മാതൃകയിലുള്ള ഒരു വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായി. മാത്രമല്ല, ഫ്ലഷ് സിസ്റ്റം ഇല്ലാത്ത യൂറോപ്യൻ മാതൃകയിലുള്ള ഒരു വാട്ടർ ക്ലോസറ്റ് അവിടെ കാണുന്നുണ്ട്. എന്നാൽ ആയത് സ്ഥാപിച്ചിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 17.2.1. @ 3698.84<br>2 X 3698.84 = 7397.68 | DSR 17.13.1. @ 1473.1<br>1 X 1473.1 = 1473.1 | 2225.74 |
| സ്ഥാപിച്ചിട്ടില്ലാത്തതിനാൽ തുക നിരാകരിക്കുന്നത് | | 3698.84 |
| | ആകെ | 5924.58 |

3) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E10 പ്രകാരം DSR 17.7.1 പ്രകാരമുള്ള രണ്ട് വാഷ് ബേസിൻ സ്ഥാപിച്ചതായി

രേഖപ്പെടുത്തുകയും ആയതിന് 2486.9 / നിരക്കിൽ രണ്ടെണ്ണത്തിന് 4973.8 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് സ്ഥാപിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സ്ഥാപിക്കാത്ത വാഷ്ബോസിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല. ചെലവ് തുക 4973.8 രൂപ തിരിച്ചടവാക്കേണ്ടതാണ്.

4-) 2022-23 സാമ്പത്തിക വർഷം DIC മാനേജർ നിർവഹണം നടത്തിയ 714/23 പ്രോജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല . മാത്രമല്ല ,വയറിങ്ങ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എങ്കിലും , നിലവിൽ നിർമാണ പ്രവൃത്തികൾക്കാവശ്യമായ വൈദ്യുതി കണക്ഷൻ മാത്രമാണ് ലഭ്യമായിട്ടുള്ളത് . പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ശേഷിയുള്ള വൈദ്യതി പ്രവാഹം , നിലവിലുള്ള കണക്ഷനിൽ നിന്ന് സാധ്യമാവില്ല . ആയതിന് , പ്രത്യേകമായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായി വരും എന്ന് കാണുന്നു. സ്ഥാപിച്ച ഉപകരണങ്ങളുടെ വാറന്റി / ഗ്യാരണ്ടി നഷ്ടപെടുന്ന സാഹചര്യം വന്നാൽ , ഉപകരണങ്ങളുടെ പെർഫോമൻസിനെ സാരമായി ബാധിക്കും എന്നതും ശ്രദ്ധയിൽ പെടുത്തുന്നു.

5-) നാളികേര സംസ്കരണ യൂനിറ്റ് സ്ഥാപിച്ച സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ദാനാധാരം രജിസ്റ്റർ ചെയ്തതായ രേഖ ഫയലിൽ ഉണ്ട്. എന്നാൽ പോക്ക് വരവ് നടത്തി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഭൂനികുതി അടവാക്കിയ രേഖ ഫയലിൽ വെച്ചിട്ടില്ല. മാത്രമല്ല, പ്രോജക്ട് വിശദാംശങ്ങളിൽ ഭൂമി ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാണോ എന്ന കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടില്ല.

6 ) സെലക്ഷൻ നോട്ടീസ് 09.02.2018 ന് Despatch ചെയ്തു എങ്കിലും സമയ പരിധിക്കുള്ളിൽ കരാർ വെക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല. 27. 02. 2018 ന് മാത്രമാണ് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെക്കുന്നത് എന്ന് വ്യക്തമാവുന്നു. എന്നാൽ പാർട്ട് ബില്ലിൽ നിന്നോ, ഫൈനൽ ബില്ലിൽ നിന്നോ അർഹമായ പിഴ ഈടാക്കിയിട്ടില്ല എന്ന കാര്യം 26/07.02.2023 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 25000 രൂപ പിഴ ഇനത്തിൽ ഇടാക്കേണ്ടതാണ്.

47/18.03.2023 ഓഡിറ്റ് എൻക്വയറി മുഖേന മേൽ അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-42 കുറവ റിഹാബിലിറ്റേഷൻ സെന്റർ - മികച്ച കെട്ടിട സൗകര്യം പ്രയോജനപ്പെടുത്താൻ ഫലപ്രദമായ ഇടപെടലുകൾ അനിവാര്യം

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അബ്ദുൽ ഗഫൂർ .യു | എസ്റ്റിമേറ്റ് നമ്പർ | 2021/24659 |
| ബിൽ നമ്പർ | 1402216/21.03.2022 | സാങ്കേതികാനുമതി | 29489/2021-2022 |
| ബിൽ തുക | 6282685 | പി.എ.സി | 6295239 |
| അളവ് പുസ്തകം | 495/2021-22,<br>496/2021-22,<br>644/2021-22 | കരാർ | AEE/LID&EW/MPM/145/2021-22 /16.10.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 1326/22 സ്പിൽ ഓവർ പ്രോജക്ട് പാരാപ്ലീജിയ രോഗികൾക്കായി ചട്ടിപ്പറമ്പിൽ നിർമ്മാണത്തിലിരിക്കുന്ന റിഹാബിലിറ്റേഷൻ സെന്റർ പൂർത്തീകരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ്. ( കുറവ ഗ്രാമ പഞ്ചായത്ത്-മങ്കട ബ്ലോക്ക് ) ഇതിനായി ഓഡിറ്റ് വർഷം 6282685 രൂപ ചെലവ് ചെയ്തിട്ടുണ്ട്. കുറവ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം സൈറ്റ് സന്ദർശിച്ചു. 62.82 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ ഫിനിഷിങ്ങ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട് .പ്രധാനമായും യാർഡ് നിർമാണം , ചുറ്റുമതിൽ, പ്ലമ്പിങ്ങ് , പാർട്ടീഷൻ വർക്കുകൾ, പെയിന്റിങ്ങ് , കട്ട വിരിക്കൽ എന്നിവയാണ് നിർവഹിച്ചത്. വൈദ്യുതീകരണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. കെട്ടിടത്തിന്റെ സ്ട്രച്ചറൽ വർക്ക് മുൻ വർഷങ്ങളിൽ 8035624രൂപ ചെലവഴിച്ച് പൂർത്തിയാക്കിയതാണ് . (328/18 പ്രോജക്ടിന്റെ ഭാഗമായി 1623624 രൂപയും , 1577/19 പ്രോജക്ടിന്റെ ഭാഗമായി 2261979 രൂപയും , 1387/21 പ്രോജക്ടിന്റെ ഭാഗമായി 4150021 (രൂപയും) ഉപകരണങ്ങൾ വാങ്ങുന്നതിനായി മുൻ വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട് എങ്കിലും ചെലവ് ചെയ്തിട്ടില്ല എന്നും വ്യക്തമാവുന്നു.

സൈറ്റ് പരിശോധിച്ച് കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1- എസ്റ്റിമേറ്റ് ഇനം 13 പ്രകാരം കോമ്പൗണ്ട് വാൾ 110 മീറ്റർ ലാറ്ററേറ്റ് വർക്ക് ചെയ്തിട്ടുണ്ട്. അളവുകൾ അളവ് ബുക്ക് പേജ് 496 ൽ പേജ് 8 ൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻഭാഗത്തെ ചെറിയ ഒരു ഭാഗം ചെങ്കൽ കെട്ട് പൊളിഞ്ഞ് വീണ് കിടക്കുന്നതായി പരിശോധനയിൽ കാണുന്നു. മതിയായ അളവിൽ ഫൗണ്ടേഷൻ ഇല്ലാതെ ചെങ്കൽ കെട്ട് നടത്തിയതാണ് തകർന്ന് വീഴാൻ കാരണം എന്ന് വിലയിരുത്തുന്നു. ആവശ്യമായ പരിഹാര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

2- എസ്റ്റിമേറ്റ് ഇനം 53 പ്രകാരം 379.66m2 അളവിൽ പേവിങ്ങ് ബ്ലോക്ക് ചെയ്തിട്ടുണ്ട്. മണ്ണ് ഫിൽ ചെയ്ത് പുതിയതായി രൂപപ്പെടുത്തിയ യാർഡിൽ മതിയായ അളവിൽ മണ്ണ് കൺസോളിഡേറ്റ് ചെയ്യാനുള്ള സാവകാശം നൽകാതെ കട്ട വിരിച്ചതായി പരിശോധനയിൽ വ്യക്തമാവുന്നു. കട്ട വിരിച്ചതിൽ ഒരു ഭാഗം ആകെ തകർന്നതായും കുഴി രൂപപ്പെട്ടതായും ശ്രദ്ധയിൽ പെട്ടു. കൺസോളിഡേഷൻ നടത്താതെ വർക്ക് ചെയ്തതിനാൽ വന്ന പിഴവാണ് ഇതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3- കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് എസ്റ്റിമേറ്റിൽ ലംപ്സം ആയി രണ്ട് ലക്ഷം വകയിരുത്തിയിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ സൈറ്റിൽ കിണർ / കുഴൽകിണർ നിർമ്മിച്ചിട്ടില്ല. റിഹാബിലിറ്റേഷൻ കേന്ദ്രം നടത്താൻ ആവശ്യമായ വെള്ള സൗകര്യം ഒരുക്കേണ്ടത് അനിവര്യമാണ്. ആയത് സംബന്ധിച്ച് ഫീസിബിലിറ്റി പരിശോധന നടത്തിയതായും വ്യക്തമല്ല. അതേസമയം, എസ്റ്റിമേറ്റ് ഇനം 35 പ്രകാരമുള്ള പതിനായിരം ലിറ്ററിന്റെ HDPE വാട്ടർ ടാങ്ക് (2000 ലിറ്ററിന്റെ അഞ്ചെണ്ണം) സ്ഥാപിക്കുകയും അതിനായി കരാറുകാരന് 74100 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വെള്ളം ലഭ്യമല്ലാത്ത സൈറ്റിൽ , കിണർ / കുഴൽകിണർ നിർമ്മിച്ചിട്ടില്ലാത്ത സൈറ്റിൽ HDPE വാട്ടർ ടാങ്ക് സ്ഥാപിച്ചത് അപാകതയായി വിലയിരുത്തുന്നു. കടുത്ത വെയിലേറ്റ് വാട്ടർ ടാങ്ക് നശിക്കാനുള്ള സാധ്യത കൂടുതലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4- ലഭ്യമായ രേഖകൾ പ്രകാരം പ്രോജക്റ്റ് ആദ്യമായി വിഭാവന ചെയ്യുന്നത് 925/17 പ്രോജക്റ്റിന്റെ ഭാഗമായി അൻപത് ലക്ഷം രൂപ വകയിരുത്തി 2016-17 ലാണ്. നിർമ്മാണ പ്രവൃത്തികളിൽ വേഗത കുറവ് പ്രകടമാണ്. ശേഷമുള്ള വർഷങ്ങളിൽ തുടർ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട് എങ്കിലും പല പ്രോജക്റ്റുകളും നിർവ്വഹണം നടത്താനായില്ല എന്ന് സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നു. നിലവിൽ 1.45 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റ് ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് കൃത്യമായ ആസൂത്രണവും പ്രായോഗികമായ ഇടപെടലുകളും ആവശ്യമാണ്. കെട്ടിടവും , ചെലവഴിച്ച തുകയും പാഴ് ചെലവായി മാറാതിരിക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 71/24-03-2023 പ്രകാരം ഈ കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-43 വെള്ളൂർ പാലക്കലോടി കുളം സംരക്ഷണ പ്രവൃത്തി - കരിങ്കൽ കെട്ടിന് പാക്കിങ്ങ് കുറവ്

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.സൽമാൻ. ടി | എസ്റ്റിമേറ്റ് നമ്പർ | 2018/54572 |
| ബിൽ നമ്പർ , തുക | 595837/02.11.2021 - 122001 | സാങ്കേതികാനുമതി | 96732/2018-19 |
| ബിൽ നമ്പർ , തുക | 1385255/26.03.2021 – 978259<br>തനത് ഫണ്ട് 26/03/2021 – 1500000 | നിരക്ക് | DSR 2018 – Cost Index 37.25 |
| അളവ് പുസ്തകം | 3495/2018-19 | കരാർ | AEE/LID&EW/MPM/145/2021-22 /16.10.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 1314/22 സ്പിൽ ഓവർ പ്രോജക്റ്റ് വെള്ളൂർ പാലക്കലോടി കുളം നിർമാണം ലക്ഷ്യമിട്ടാണ്. പൂക്കോട്ടൂർ ( മലപ്പുറം ബ്ലോക്ക് ) ഇതിനായി ഓഡിറ്റ് വർഷം 122001 രൂപ ചെലവ് വന്നിട്ടുണ്ട്. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം സൈറ്റ് സന്ദർശിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1- എസ്റ്റിമേറ്റ് App 1 ൽ ക്രമ നമ്പർ 13 കുളത്തിന്റെ തറനിരപ്പിന് മുകളിൽ ചെങ്കൽ ഉപയോഗിച്ച് ചുറ്റ് മതിൽ നിർമ്മിക്കുന്നതിനാണ്. 88.12 മീറ്റർ നീളത്തിൽ ചെയ്തതിന് 5064.93/m3 നിരക്കിൽ 74910.31 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ചെങ്കൽ വർക്ക് സംരക്ഷണ ഭിത്തി പൊളിഞ്ഞ് വീണിട്ടുണ്ട്. ചെങ്കൽ കൊണ്ട് രണ്ട് വരിയിൽ നിർമ്മിച്ച കെട്ട് പൂർണ്ണമായി എന്ന് പറയാവുന്ന വിധത്തിൽ തകരുകയും കല്ലുകൾ പല സ്ഥലത്തായി കൂട്ടിയിട്ടതായും കാണാനിടയായി. പൊതു കുളങ്ങൾ ഇപ്രകാരം ചെങ്കൽ കെട്ടി സംരക്ഷിക്കുക മലപ്പുറം ജില്ലയിൽ പ്രയോഗികമല്ല. പ്രധാനമായും കുളിക്കാനും നീന്താനും വരുന്ന യുവ തലമുറ ഇത്തരം തടസ്സങ്ങൾ ഒഴിവാക്കാൻ സമർത്ഥരാണ്. മതിയായ തോതിൽ സിമന്റ് ഉപയോഗിക്കാതെ വരുന്ന സാഹചര്യത്തിൽ , ചെങ്കൽ പടവ് ചെറിയ വെള്ളകെട്ട് വന്നാൽ പോലും തകർന്ന് പോവാനും ഇടയാക്കുന്നു. പരിഹാര നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2- അംഗീകൃത ഡാറ്റ പ്രകാരം ഒരു മീറ്റർ സ്ക്വയർ അളവിൽ കരിങ്കൽ കെട്ടിനായി 1.05 M3 കരിങ്കൽ ഉപയോഗിക്കുന്നുണ്ട്. ഇത് ഫലപ്രദമായ രീതിയിൽ ചെറിയ കരിങ്കൽ ചീളുകൾ ഹാമ്മർ ഉപയോഗിച്ച് വിടവുകൾ പാക്കിങ്ങ് ചെയ്യുന്നതിനാണ്. ഇപ്രകാരം കുളത്തിന്റെ സൈഡ് കെട്ടുന്നതിന് DSR 60.7.1 പ്രകാരമുള്ള നിരക്ക് നൽകിയിട്ടുണ്ട് എങ്കിലും ഡാറ്റയിൽ

പരാമർശിക്കുന്ന വിധത്തിലുള്ള പാക്കിങ്ങ് നടത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പെടുത്തുന്നു. മാത്രമല്ല, മുകളിലെ കരിങ്കൽ കെട്ടുകൾ തകരാൻ തുടങ്ങിയതായും കാണുന്നു. മൂന്ന് ലെയർ ആയിട്ടാണ് കരിങ്കൽ വർക്ക് ചെയ്തിട്ടുള്ളത് എന്നും ഇടയിലായി രണ്ട് ഇന്റർ മീഡിയറി ബെൽറ്റ് നൽകിയതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ , കുളത്തിലെ വെള്ളം നിറഞ്ഞ് നിൽക്കുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. പരിഹാര നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3- പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലാണ് പ്രവൃത്തി നടത്തുന്നത് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി പത്രം, പ്രവൃത്തിക്കായി ഗ്രാമ പഞ്ചായത്ത് ഫണ്ട് വെച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ഫയലിൽ വെച്ചിട്ടില്ല. കുളം നിർമിച്ച 13.5 സെന്റ് സ്ഥലം സൈനബ എന്ന വ്യക്തി 18.02.2017 ന് നൽകിയ ഭൂമി വിട്ടൊഴിയൽ അപേക്ഷ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അവശേഷിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കി , ആസ്തി ഗ്രാമ പഞ്ചായത്തിന്റേതാക്കിയ രേഖകൾ പരിശോധിക്കാനായിട്ടില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമ പഞ്ചായത്തിന്റേത് എന്ന് വിലയിരുത്താവുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് 72/23.03.2023 ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-44 പുളിക്കൽ വനിത വ്യവസായ കേന്ദ്രം - പ്രയോജനപ്പെടുത്താനായില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ഇ. മുഹമ്മദ് അലി | എസ്റ്റിമേറ്റ് നമ്പർ | 2018/55931 |
| ബിൽ നമ്പർ , തുക | 1043390/02.02.2022 – 474106 | സാങ്കേതികാനുമതി | 102618/2018-19 |
| ബിൽ നമ്പർ , തുക | 1446257/30.03.2021 – 403721<br>180635/ 20.05.2020 – 1100000 | നിരക്ക് | DSR 2018 – Cost Index 37.25 |
| അളവ് പുസ്തകം | 768/20-21, 770/20-21, 943/19-20 | കരാർ | AEE/LSGD-DIV/MPM/714/2018-19 /07.03.2019 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 871/22 സ്പിൽ ഓവർ പ്രോജക്ട് വനിത വ്യവസായ കേന്ദ്രം, പുളിക്കൽ എന്ന പേരിൽ വനിതകൾക്ക് ഉൽപ്പന്ന നിർമ്മാണത്തിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ( കൊണ്ടോട്ടി ബ്ലോക്ക് )

പ്രോജക്ടിനായി ഓഡിറ്റ് വർഷം 474106 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പുളിക്കൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം പ്രവൃത്തിയുടെ സൈറ്റ് സന്ദർശിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1- എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടം ഉപയോഗമില്ലാതെ പൂട്ടി കിടക്കുന്നു. വെള്ളം , വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ല. ഇതേ നിർമ്മിതിയുടെ സമീപത്തായി തന്നെ മറ്റൊരു കെട്ടിടവും, ഇതേ പ്ലോട്ടിൽ തന്നെ വെറെയും കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തി നടക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലാണ് . എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി പത്രം, പ്രവൃത്തിക്കായി ഗ്രാമ പഞ്ചായത്ത് ഫണ്ട് വെച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവയും ഫയലിൽ വെച്ചിട്ടില്ല. മാത്രമല്ല, പ്രവൃത്തി പൂർത്തിയാക്കി ആസ്തി ഗ്രാമ പഞ്ചായത്തിന് കൈമാറിയ രേഖയും ഫയലിൽ ഇല്ല.

2- പുറത്ത് നിർമ്മിച്ച ബാത്ത് റൂമിന്റെ ടാപ്പ് , ഹെൽത്ത് ഫോസറ്റ് എന്നിവ അഴിച്ച് മാറ്റിയതായി കാണുന്നു. കെട്ടിടത്തിന് സുരക്ഷ ഉറപ്പാക്കുന്ന വിധത്തിലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിലെ വീഴ്ചയാണ് ഇപ്രകാരം ഉപകരണങ്ങൾ അഴിച്ച് മാറ്റുന്നതിന് ഇടയാക്കിയത് എന്ന് കാണുന്നു.

3- കെട്ടിടം പൂട്ടിയിട്ട അവസ്ഥയിലാണ് കാണപ്പെട്ടത് . ചാവി ആരുടെ കൈവശം എന്നതിൽ വ്യക്തയില്ല . ആയതിനാൽ തന്നെ കെട്ടിടത്തിന്റെ അകത്തെ നിർമ്മാണ പ്രവൃത്തികൾ പരിശോധിക്കാനായില്ല. എസ്റ്റിമേറ്റ് ഇനം 43 പ്രകാരം DSR 17.3.2. പ്രകാരമുള്ള നിരക്ക് നൽകി White Vitreous China Pedastal Type Water Closet Europian Type ലുള്ള രണ്ട് എണ്ണം സ്ഥാപിക്കുന്നതിനായി 5421.76 നിരക്കിൽ 10483.52 രൂപ കരാറുകാരന് നൽകുന്നുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ സൈറ്റിൽ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4- ഇതേ പരിസരത്ത് ഗ്രാമ പഞ്ചായത്തിന്റെ MCF സെന്ററും , കുമിഞ്ഞ് കൂടി കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യവും ശ്രദ്ധയിൽപെട്ടു. പരിസര ശുചിത്യം പാലിക്കുന്നതിൽ യാതൊരു ജാഗ്രതയും കാണിച്ചിട്ടില്ല എന്ന് ഒറ്റനോട്ടത്തിൽ തന്നെ ബോധ്യമാവുന്ന അവസ്ഥയാണ് ഉള്ളത്. മഴക്കൂടി വന്നാൽ കൂടുതൽ പരിതാപകരമായ സാഹചര്യമാണ് ഈ വ്യവസായ കേന്ദ്രത്തിൽ രൂപപ്പെടുക. വ്യവസായ സംരംഭങ്ങൾക്ക് അനുകൂലമായ സാഹചര്യമല്ല ഇവിടെയുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

പ്രോജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 33/21-02-2023 പ്രകാരം അറിയിച്ചിട്ടുണ്ട്.

## 1-45 കൊള്ളിത്തൊടി കോളനി ഭവന സുരക്ഷ – നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേടുകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2022/1894 |
| ബിൽ നമ്പർ , തുക | 1500904/27.03.2022 –349325 | സാങ്കേതികാനുമതി | 2801/2021-22 |
| ബിൽ നമ്പർ , തുക | 1500903/27.03.2022 –5526046 | നിരക്ക് | DSR 2018 – Cost Index 36.44 |
| അളവ് പുസ്തകം | 735/Kel | കരാർ | AEE/LID&EW/MPM/TRP/38/2021-22 /10.03.2022 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 1467/22 പ്രോജക്റ്റ് കൊള്ളിത്തൊടി പട്ടിക ജാതി കോളനി ഭവന സുരക്ഷ, കുട്ടിലങ്ങാടി ( മങ്കട ബ്ലോക്ക് ) വികസന ഫണ്ട്(എസ്.സി.പി) ഉപയോഗിച്ചുള്ള പ്രവ്യത്തിയാണ്. അക്രഡിറ്റഡ് ഏജൻസി വഴി പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചത്. 5875371 രൂപ ചെലവ് ചെയ്ത് അക്രഡിറ്റ് ഏജൻസിയായ KEL മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത്. പ്രവൃത്തിയുടെ സൈറ്റ് ഓഡിറ്റ് വിഭാഗം പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്തു. പരിശോധനാ വിവരം ഫോൺ മുഖേന അറിയിച്ചിരുന്നു എങ്കിലും , ഏജൻസികളുടെ പ്രതിനിധികൾ ആരും പരിശോധനാ വേളയിൽ ഹാജരായിരുന്നില്ല. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1)-കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് .

പദ്ധതി സ്ഥലത്ത് കോളനി സംരക്ഷണത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ കരിങ്കൽ ഉപയോഗിച്ച് സംരക്ഷണ പ്രവൃത്തി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാണ്. ഈ കെട്ടിന് എത്ര പഴക്കമുണ്ട് എന്ന് വ്യക്തമല്ല. പ്രോജക്ടിന്റെ ഭാഗമായി നിലവിലുള്ള കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് വാൾ നിർമ്മിച്ചതായി വ്യക്തമായിട്ടുണ്ട്. ഇപ്രകാരമുള്ള കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് ചെയ്യുന്നത് എഞ്ചിനീയറിങ്ങ് തത്വങ്ങൾക്ക് വിരുദ്ധമാണ്. പരമാവധി അനുവദിക്കാവുന്ന ഇനം ചെങ്കൽ കെട്ട് മാത്രമാണ്. നിലവിലുള്ള കരിങ്കൽ കെട്ടിന് മുകളിൽ എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവ്വഹിക്കുന്ന പ്രോജക്ടുകളിൽ അനുവദിക്കുന്നതും ചെങ്കൽ പടവ് മാത്രമാണ്. കോൺക്രീറ്റ് താങ്ങാനുള്ള പ്രതല ബലം ഈ കരിങ്കൽകെട്ടിന് സ്വഭാവികമായും ഉണ്ടാവില്ല. കോളനിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്ന വിധത്തിൽ , സുരക്ഷിതമായ സംരക്ഷണ ഭിത്തി ഉണ്ടായിരിക്കെ , അതിന് മുകളിലായി കോൺക്രീറ്റ് വാൾ നിർമിക്കേണ്ട അനിവാര്യതയില്ല.

2)- കോൺക്രീറ്റിന് കമ്പി ഉപയോഗി ച്ചില്ല.

സൈഡ് സംരക്ഷണ പ്രവൃത്തിക്കായി 6797.85 കിലോ കമ്പി ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കിണർ പ്രവൃത്തിക്കായി 734.24 കിലോയും ഉപയോഗിച്ചിട്ടുണ്ട്. ആയത് കെൽ പ്രോജക്ട് മാനേജർ ആളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. DSR കോഡ് 5.22.6 പ്രകാരം 98.92 /Kg നിരക്കിൽ ഇതിനായി 745074.8 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാമമാത്രമായി മാത്രമാണ് കമ്പി ഉപയോഗിച്ചത് എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്. അൽപം ഉയരക്കൂടുതലുള്ള രണ്ടിടങ്ങളിൽ ഗുണഭോക്താക്കൾ നിർബന്ധം പിടിച്ചപ്പോൾ മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത് എന്നും അവശേഷിച്ച സ്ഥലങ്ങളിൽ കമ്പി ഉപയോഗിച്ചിട്ടില്ല എന്നും ഗുണഭോക്താക്കൾ ഓഡിറ്റ് വിഭാഗത്തോട് വ്യക്തമാക്കിയിട്ടുണ്ട്. റോഡ് സൈഡ് സംരക്ഷിക്കുന്നതിനായുള്ള റീടെയിനിങ്ങ് വാളിനും, ഇപ്പോൾ IAY പദ്ധതിയുടെ ഭാഗമായി തറ നിർമാണം നടന്ന് വരുന്ന പ്ലോട്ടിലെ സൈഡ് വാളിലും മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത്. ഇതിനായി 962.29 Kg കമ്പി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് അളവ് ബുക്ക് പരിശോധനയിൽ വ്യക്തമാവുന്നുണ്ട്. അവശേഷിച്ച കമ്പിയുടെ വില തിരിച്ചടവാക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കളുടെ സംരക്ഷണ ഭിത്തി വർക്കുകളിൽ കമ്പി തീരെ ഉപയോഗിച്ചിട്ടില്ല എന്ന് അതത് ഗുണഭോക്താക്കൾ തന്നെ വ്യക്തമാക്കുകയുണ്ടായി. കമ്പി ഉപയോഗിച്ച ഏരിയയിൽ തന്നെ എഞ്ചനീയറിങ്ങ് തത്വങ്ങൾ പ്രകാരമുള്ള സ്പേസിങ്ങിൽ , മതിയായ കനമുള്ള കമ്പി ഉപയോഗിച്ചിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. (സൈറ്റിന്റെ ഏറ്റവും മുകളിൽ , ഇപ്പോൾ IAY പദ്ധതിയുടെ ഭാഗമായി തറ നിർമാണം നടന്ന് വരുന്ന പ്ലോട്ടിലെ സൈഡ് വാളിൽ , പുറത്ത് കാണുന്ന കമ്പികൾ ഈ വസ്തുത അടിവരയിടുന്നു.) ഗുണഭോക്താക്കളുടെ ഈ ഏറ്റുപറച്ചിൽ അതീവ പ്രാധാന്യമുള്ളതാണ്. പ്രവൃത്തിക്കായി ഉപയോഗിച്ച കമ്പിയുടെ അളവ് ആവശ്യമെങ്കിൽ ചെറിയഭാഗം പൊളിച്ച്

ഒഴിവാക്കിയോ മറ്റ് മാർഗങ്ങൾ സ്വീകരിച്ചോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അനർഹമായ രീതിയിൽ ഏജൻസിയും കരാറുകാരനും കൈപ്പറ്റിയ അധിക തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|
| 6797.85 Kg X 98.92 = 672443.32 | 962.29kg X 98.92 = 95189.72 | 577253.6 |

3)- ചെയ്യാത്ത ഇനം ചെയ്തതായി രേഖപ്പെടുത്തി .

കിണർ റിപ്പയർ ചെയ്യുന്നതിനായി തയ്യാറാക്കിയ (App 2) എസ്റ്റിമേറ്റ് ഇനം 9 പ്രകാരം ചെങ്കല്ല് കൊണ്ട് കിണറിന് ആൾമറ, പില്ലർ എന്നിവ നിർമിക്കാൻ തുക വകയിരുത്തുകയും പ്രവൃത്തി ചെയ്തതായി അളവ് പുസ്തകത്തിൽ പേജ് 19 ൽ രേഖപ്പെടുത്തുകയും 23.03.2022 ന് കെൽ പ്രോജക്ട് മാനേജർ ചെക്ക് മെഷർ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം DSR കോഡ് 50.6.7.3 പ്രകാരമുള്ള 8967.97/m3നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അളവ് ബുക്ക് പ്രകാരം 3.14x3.7x.2x1 = 2.324m3 അളവിൽ പാരപ്പറ്റ് വർക്ക് ചെങ്കൽ ഉപയോഗിച്ച് ചെയ്തതായും , 3x.45x.45x2 = 1.215 അളവിൽ പില്ലർ വർക്ക് ചെങ്കൽ ഉപയോഗിച്ച് ചെയ്തതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ അളവ് 3.539m3. എന്നാൽ ചെങ്കൽ ഉപയോഗിച്ച് അത്തരമൊരു വർക്ക് സൈറ്റിൽ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത വർക്ക് ചെയ്തു എന്ന് രേഖപ്പെടുത്തിയതും തുക അനുവദിച്ചതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതര വീഴ്ചയാണ്. ആയത് അംഗീകരിക്കാനാവില്ല. ഈ ഇനത്തിൽ ചെലവഴിച്ച 31734 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

4)-കോൺക്രീറ്റിന് അനർഹമായ നിരക്ക് അനുവദിച്ചു .

സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ (App-1) എസ്റ്റിമേറ്റ് ഇനം 5 പ്രകാരം സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി DSR 4.2.2. പ്രകാരമുള്ള 10632.36/cum നിരക്ക് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം 283.4 Cum പ്രവൃത്തി ചെയ്തതിന് 3019483.91 രൂപ കരാറുകാരന് (MB P{age 26) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സംരക്ഷണ പ്രവൃത്തികളുടെ കോൺക്രീറ്റിന് ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള പ്രവൃത്തികളിൽ മാസ്സ് കോൺക്രീറ്റിനുള്ള DSR 4.1.6 പ്രകാരമുള്ള 7256.36/cum നിരക്ക് , അല്ലെങ്കിൽ ,4.1.3 പ്രകാരമുള്ള 8145.48/cum നിരക്ക് എന്നിവ മാത്രമാണ് അനുവദിച്ച് നൽകാറുള്ളത്. (Cost Index 36.44). (ഇതേ ഏജൻസി ചെയ്ത 1927/22 പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പ്രവൃത്തിയുടെ ഭാഗമായി ചെയ്ത തോട് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പോലും DSR 5. 1. 2 നിരക്ക് മാത്രമാണ് നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്) ഇപ്രകാരം അനർഹമായ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാവില്ല. അധിക നിരക്ക് രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 963031.4 രൂപ അധികമായി നൽകിയതായി ശ്രദ്ധയിൽ പെടുത്തുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ച നിരക്ക് DSR 4.2.2 | അനുവദിക്കാവുന്ന നിരക്ക് DSR 4.1.6 | അധികം |
|---|---|---|
| 283.99 X10632.36 = 3019483.91 | 283.4 X7256.36 = 2056452.42 | 963031.48 |

5)-കോൺക്രീറ്റ് : അളവിൽ വ്യക്തതയില്ല .

സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ (App-1) എസ്റ്റിമേറ്റ് ഇനം 5 പ്രകാരം സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി DSR 4.2.2. പ്രകാരമുള്ള 10632.36/cum നിരക്ക് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. അളവ് ബുക്ക് പരിശോധിച്ചതിൽ 323 മീറ്റർ നീളത്തിൽ ഫൗണ്ടേഷൻ കോൺക്രീറ്റ് ചെയ്യുകയും , 395.9 മീറ്റർ നീളത്തിൽ സൂപ്പർ സ്ട്രക്ച്ചർ കോൺക്രീറ്റ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ( ആകെ അളവ് 283.4 /Cum ) എന്നാൽ രേഖപ്പെടുത്തിയ ഈ അളവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. കോൺക്രീറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ (Quantity) നിർവ്വഹണ ഉദ്യോഗസ്ഥൻ പുന:പരിശോധിക്കേണ്ടതാണ്. അനർഹമായി കൈപറ്റിയ തുക ഈടാക്കേണ്ടതാണ്.

6)- ഫോം വർക്കിന് അധിക നിരക്ക് നൽകി .

ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം മുഖേന നടത്തുന്ന കോളനി സംരക്ഷണ പ്രവൃത്തികളിൽ ഫേം വർക്കിന് 4.3.1, 5.9.1 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകുന്നത്. എന്നാൽ ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ ഉയർന്ന നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അനർഹമായ നിരക്ക് രേഖപ്പെടുത്തുകയും നൽകുകയും ചെയ്തത് അംഗീകരിക്കുന്നില്ല. അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

| അനുവദിച്ച നിരക്ക് | അർഹമായ നിരക്ക് | അധികം |
|---|---|---|
| 719.55 X 721.7 = 519299.24 | 719.55 X 337.417 = 242788.4 | 276510.84 |

7) കോളനിയുടെ ഭൂപ്രകൃതിയെ തകിടം മറിക്കുകയും ഭാവി വികസന സാധ്യതകളെ ഇല്ലാതാക്കുകയും , അനന്തരാവകാശികൾക്ക് ഭൂമി വീതം വെക്കേണ്ട സാഹചര്യം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ പ്രോജക്ട് വിഭാവന ചെയ്തതും നിർവ്വഹണം നടത്തിയത് എന്നും കോളനി സന്ദർശിക്കുന്ന ഏതൊരാൾക്കും ബോധ്യമാവുന്നതാണ്. പ്രോജക്ടിന്റെ അനിവാര്യതയോ, ആവശ്യകതയോ പരിശോധിക്കാതെ നഗര ഗ്രാമാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പോലും പരിഗണിക്കാതെയാണ് ഈ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

8)- എഞ്ചിനീയറിങ് വിങിന്റെ ഇടപെടലുകൾ ഇല്ലാതെ പ്രവൃത്തികൾ ചെയ്യുന്നത് ഗുരുതരമായ വീഴ്ചകൾക്ക് ഇടയാക്കുന്നതായി ബോധ്യമായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ മുഴവൻ അളവുകളും, ഗുണനിലവാരവും , അനിവാര്യതയും നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

കിണർ റിപ്പയർ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇനം 8 ൽ റിങ് വർക്ക് ചെയ്യുന്നതിന് മുന്നോടിയായി കർബ് നൽകുന്നതിനായി കോൺക്രീറ്റിന് തുക വകയിരുത്തുകയും .741 Cum ചെയ്തതിന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വർക്ക് ചെയ്തിട്ടില്ല എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി 73/25.03.2023 പ്രകാരം അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-46 പട്ടുകുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - സൈഡ് വാൾ തകരുന്നു

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2021/16557 |
| നിർവ്വഹണം | കെൽ - (പി.എം.സി ) | സാങ്കേതികാനുമതി | 1698/2021-22/kel |
| BRN നമ്പർ , തുക | 022257075/10.05.2022-551873<br>022257074/10.05.2022-2918528<br>1500954/27.03.2022-5593406 | നിരക്ക് | DSR 2018 – Cost Index 36.44 |
| അളവ് പുസ്തകം | 732/kel | കരാർ | AEE/LID&EW-DIV/TRP08/2021-22 /16.12.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 675/22 പട്ടുകുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് ( ഏലംകുളം ഗ്രാമ പഞ്ചായത്ത് , പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്) എന്ന പ്രോജക്ട് സി.എഫ്.സി ബേസിക് ഗ്രാന്റ് 4406594 രൂപയും , വികസന ഫണ്ട് ജനറൽ 5593406 രൂപയും ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. 9063807 രൂപ ചെലവ് ചെയ്ത് അക്രഡിറ്റ് ഏജൻസിയായ KEL മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചത്. പ്രവൃത്തി ഏലംകുളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ , ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിലവിലുള്ള പാലത്തിലൂടെ യാത്ര സുഗമമാക്കുന്നതിന് വലത് ഭാഗത്ത് 24 മീറ്ററും ഇടത് ഭാഗത്ത് 31 മീറ്ററും നീളത്തിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുകയും റോഡ് വേ പൊതു സമൂഹത്തിന് ഉപയോഗിക്കാവുന്ന വിധത്തിൽ ഗതാഗത യോഗ്യമാക്കുകയുമാണ് പ്രോജക്ട് ലക്ഷ്യം. 13.12.2021 ന് വർക്ക് ഓർഡർ നൽകിയതായും 03/01/2022 ന് എർത്ത് വർക്ക് മെഷർ ചെയ്തതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 20.01.2022 ന് ഫൗണ്ടേഷൻ കോൺക്രീറ്റ് ചെയ്യുകയും 22.02.2022 ന് സൈഡ് വാൾ വർക്കുകൾ പൂർത്തിയാക്കിയതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 6.5 മീറ്റർ വരെ ഉയരമുള്ള സൈഡ് വാൾ ഘട്ടം ഘട്ടമായിട്ടാണ് പൂർത്തിയാക്കേണ്ടത്. എന്നാൽ മതിയായ Curing നടത്താതെ ഒറ്റയടിക്ക് കോൺക്രീറ്റ് പൂർത്തിയാക്കിയതായിട്ടാണ് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നത്.

2. ആവശ്യമായ സോയിൽ ടെസ്റ്റ്, ഡ്രോയിംഗ്സ്, റോഡിലൂടെ ഓടുന്ന ഭാര വാഹനങ്ങളുടെയും അല്ലാത്തവയുടെയും ശരാശരി എണ്ണം എന്നിവ പഠന വിധേയമാക്കിയും ഭാവി വികസന സാധ്യതകൾ മുൻകൂട്ടി വിലയിരുത്തിയുമാണ് ഇത്തരം പ്രവൃത്തികൾക്ക് ഡിസൈൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം അടിസ്ഥാന ഘടകങ്ങൾ പരിഗണിക്കാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാവുന്നു.

3. അളവ് ബുക്ക് പ്രകാരം വലത് ഭാഗത്ത് 1.9 മീറ്റർ ആഴത്തിലും , 1.7 മീറ്റർ ആഴത്തിലും ഇടത് ഭാഗത്ത് 1.7 മീറ്റർ

ആഴത്തിലും , 2 മീറ്റർ ആഴത്തിലും എർത്ത് വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ വലത് ഭാഗത്ത് തോടാണ്. ഇടത് ഭാഗത്ത് ചെരിവുള്ള നിലവും. സ്വാഭാവികമായും മുകൾ ഭാഗത്ത് നിന്ന് മണ്ണ് ഒഴുകി വന്ന് ചെളി കെട്ടിനിൽക്കുന്നതായിരിക്കും തോടിന്റെ സൈഡ് ഭാഗം. ഈ ഭാഗത്ത് ഉറപ്പുള്ള പ്രതലം വരെ മണ്ണ് നീക്കി, എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് ഫൗണ്ടേഷൻ കോൺക്രീറ്റ് വർക്ക് നിർവ്വഹിക്കേണ്ടത്. എന്നാൽ , മുകൾ നിലയിലെ മണ്ണ് മാത്രം നീക്കം ചെയ്താണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത് എന്നാണ് പരിസര വാസികൾ വിശദീകരിക്കുന്നത്. ആയതിനാൽ തന്നെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകൾ ആധികാരികമോ വിശ്വസനീയമോ അല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4. ഉയരം കൂടുതലുള്ള സൈഡ് വാളുകൾ നിർമ്മിക്കുമ്പോൾ , ഉയരത്തിന് ആനുപാതികമായി ബേസ് വിഡ്ത്ത് നൽകേണ്ടതുണ്ട്. കാന്റിലിവർ പോലുള്ള സംവിധാനങ്ങൾ നൽകി നിർമ്മിതിയെ ബലപ്പെടുത്തേണ്ടതുമുണ്ട്. സൈറ്റ് സാഹചര്യങ്ങൾ വിലയിരുത്തി ഉപയോഗിക്കേണ്ട കമ്പിയുടെ അളവിലും കനത്തിലും മാറ്റം വരുത്തേണ്ടതായും വരാറുണ്ട്. മതിയായ അളവിലും കനത്തിലുമുള്ള കമ്പി ഉപയോഗിച്ചാണോ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്ന് വിലയിരുത്തേണ്ടതാണ്.

5. അപ്രോച്ച് റോഡിന്റെ ഭാഗമായുള്ള സൈഡ് കോൺക്രീറ്റ് അപകടകരമായ വിധത്തിൽ , വശങ്ങളിലേക്ക് തള്ളിവന്നിട്ടുണ്ട്. വലത് ഭാഗത്ത് ഇപ്രകാരം ഒരടിയിലധികം പുറത്തേക്ക് തള്ളി നിൽക്കുന്നതായും ഇടത് ഭാഗത്ത് കെട്ടിന്റെ മധ്യഭാഗം പുറത്തേക്ക് തള്ളി വരുന്നതായും കാണുന്നു. മാത്രമല്ല , സൈഡ് വാളിൽ ക്രാക്കുകൾ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പുറത്തേക്കുള്ള തള്ളൽ കൂടി കൂടി വരുന്നതായി പരിസര വാസികൾ ആരോപിക്കുന്നുണ്ട്. അപ്രോച്ച് റോഡ് വീക്ഷിക്കുന്ന ഏതൊരാൾക്കും ഈ വസ്തുത ബോധ്യമാവുന്നതാണ്. സൈഡ് കോൺക്രീറ്റിന്റെ ഉയരത്തിന് ആനുപാതികമായ രീതിയിൽ ഫൗണ്ടേഷൻ , ബേസ് വിഡ്ത്ത് , കമ്പി എന്നിവ ഉപയോഗിക്കാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തിയാണ് കരാറുകാരൻ നടത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർമ്മാണം പൂർത്തിയാവുന്നതിന് മുമ്പ് തന്നെ സൈഡ് വാൾ തകരുന്നത് ഈ വസ്തുത ബലപ്പെടുത്തുന്നു. ഈ കരാറുകാരൻ നിർവ്വഹിച്ച കെൽ മുഖേനയുള്ള മറ്റ് പ്രവൃത്തികളിലും ഗുരുതരമായ സ്വഭാവമുള്ള ഗുണ നിലവാരമില്ലായ്മ പ്രകടമായിട്ടുണ്ട്.

<u>6.പൊതു സമൂഹത്തിന്റെ പരാതിക്ക് പരിഹാരമായില്ല.</u>

അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും പരിഹാര നടപടികൾ ആവശ്യപ്പെട്ടും പട്ടുകുത്ത് തിരുത്ത് പാലം ജനകീയ സമിതി 30.03.2022 ന് നൽകിയ പരാതി ഫയലിൽ ഉണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ട് 04.04.2022 ന് നിർവ്വഹണ ഏജൻസിയായ കെല്ലിന് രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാവുന്നതിന് മുമ്പ് തന്നെ തകർന്ന സൈഡ് വാൾ , പ്രദേശവാസികൾ വ്യാപകമായി വാഹനം ഉപയോഗിച്ചതിനാലാണ് തകർന്നത് എന്ന വിചിത്ര നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് കെല്ലിന്റെ 04-05-2022 ലെ കത്തിൽ നിന്ന് വ്യക്തമാവുന്നു. തുടർന്ന് അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 04-06-2022 ന് കെല്ലിന് കത്ത് നൽകിയെങ്കിലും നാളിത് വരെ പരിഹാര നടപടികൾ സ്വീകരിക്കാൻ കരാറുകാരനോ, നിർവ്വഹണ ഏജൻസിയോ തയ്യാറായിട്ടില്ല. നിർമ്മാണത്തിലെ പിഴവുകൾക്ക് പൊതുസമൂഹത്തെ പഴിച്ച് രക്ഷപ്പെടാനാണ് ഏജൻസി / കരാറുകാരൻ ശ്രമിക്കുന്നത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

7. അക്രഡിറ്റഡ് ഏജൻസിയായ കെൽ മുഖേന പി.എം.സി ആയി ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരൻ ചെയ്ത പ്രവൃത്തികളിൽ വലിയ തോതിലുള്ള അപാകത നടന്നതായി ഓഡിറ്റ് വിഭാഗത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായും, കമ്പിയില്ലാതെ കോൺക്രീറ്റ് ചെയ്യുകയും എന്നാൽ കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തി തുക കൈപറ്റുകയും ചെയ്തിട്ടുണ്ട്. സുരക്ഷിതമായ അടിത്തറയില്ലാതെ തോട് സൈഡ് കോൺക്രീറ്റ് ചെയ്തതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി കെല്ലിന്റെ എഞ്ചിനീയർമാർ മെഷർ ചെയ്തതായും ബോധ്യമായിട്ടുണ്ട്. ആയത് പരാമർശിത കരാറുകാരൻ ചെയ്ത വർക്കുകളുടെ സൈറ്റ് പരിശോധനയിൽ ബോധ്യമാവുകയും പരിശോധനാ റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകുകയും ചെയ്തിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയുടെ മറവിൽ ഈ കരാറുകാരൻ പൊതു സമൂഹത്തിന്റെ ഫണ്ട് അനർഹമായി കൈപ്പറ്റിയതായി വ്യക്തമാണ്.

8. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരൻ 24.03.2022 ന് സപ്ലിമെന്ററി കരാർ വെക്കുന്നുണ്ട്. 14.01.2019 ന് വാങ്ങിയ സ്റ്റാമ്പ് പേപ്പറിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തി പേര് അക്ബറലി പറമ്പൻ എന്ന് തിരുത്തിയതായി കാണുന്നു. (BV822121).എന്നാൽ കൂടെ വെച്ചിട്ടുള്ള രണ്ടാമത്തെ BV822122 സ്റ്റാമ്പ് പേപ്പറിൽ റിസ്മിൽ എന്ന പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു.

9. <u>അധിക നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി .</u>

സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന് Mord Data 11.1.1.1 കോഡ് പ്രകാരമുള്ള 804.54/m3നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് സ്ലൂക്ച്ചറുകൾക്കുള്ള നിരക്കാണ്. സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന് ഇപ്രകാരമുള്ള

ഉയർന്ന നിരക്ക് അനുവദിക്കേണ്ട ആവശ്യം വരുന്നില്ല. ആയത് പരിശോധിക്കേണ്ടതാണ്. മാത്രമല്ല, 11.4.1.2 പ്രകാരമുള്ള കോൺക്രീറ്റിന് കെൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത് 8507.98/m3 നിരക്കാണ്. ഇത് പാലത്തിന് അനുവദിക്കുന്ന നിരക്കാണ്. അപ്രോച്ച് റോഡിന് പാലത്തിന്റെ നിരക്ക് നൽകുന്നത് അനുവദനീയമാണോ എന്ന് വിലയിരുത്തേണ്ടതാണ്.

10. സെക്ഷൻ, സബ് ഡിവിഷൻ, ഡിവിഷൻ ഉൾപ്പെടുന്ന വിപുലമായ എഞ്ചിനീയറിങ്ങ് സംവിധാനം ജില്ലയിൽ നിലവിലുണ്ട്. സാങ്കേതിക യോഗ്യതയും, പ്രവൃത്തി പരിചയവും , ഗ്രാമ വികസനത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരമായ പരിശീലനവും എഞ്ചിനീയറിങ്ങ് വിഭാഗത്തിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതു മരാമത്ത് പ്രവൃത്തികൾ പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുന്നത് അനുവദനീയമല്ല എന്ന കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല, എക്സിക്യൂട്ടീവ് എഞ്ചിനീയർ 02.07.2021 ന് A1/72/2020 നമ്പർ ആയി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ,സെക്രട്ടറി എന്നിവർക്ക് അയച്ച കത്തിലും ഏജൻസികൾക്ക് പ്രവൃത്തികൾ പതിച്ച് നൽകുന്നത് നിയമ വിരുദ്ധമാണ് എന്നും സർക്കാറിന് വലിയ തോതിലുള്ള സാമ്പത്തിക നഷ്ടം വരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇതേ കാര്യങ്ങൾ 01.11.2022 ലെ DB4/General/22 കത്തിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നിട്ടും , ഈ നിർദേശങ്ങൾ മാനിക്കാതെ പ്രവൃത്തികൾ ഏജൻസികൾ മുഖേന നിർവഹിക്കാൻ ഭരണസമിതി തീരുമാനമെടുത്തത് അനുചിതമാണ്.നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കാതെ പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് 24.02.2022 ലെ സാധാരണ യോഗത്തിൽ അനുമതി നൽകിയതായി കാണുന്നു. (തീരുമാനം നമ്പർ 16, ക്രമ നമ്പർ B59)

11. അപകടാവസ്ഥയിലുള്ള റോഡിലൂടെയുള്ള പൊതു സമൂഹത്തിന്റെ യാത്ര അപകട സാധ്യതയുള്ളതാണ്. നിലവിൽ പുറത്തേക്ക് ദിനേനയെന്നോണം തള്ളി വരുന്ന സൈഡ് വാൾ നിലനിർത്തി കൊണ്ട് . പരിഹാര നടപടികൾ പ്രായോഗികവും സുരക്ഷിതവും അല്ല. കരാറുകാരന്റെയും , കെൽ എന്ന ഏജൻസിയുടെയും പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ Case History ഈ വസ്തുത അടിവരയിടുന്നുണ്ട്. പൊതു സമൂഹത്തിന്റെ ജീവൻ അപകടത്തിലാക്കുന്ന വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് കളമൊരുക്കുന്നത് നികുതിദായകരോടുള്ള വെല്ലുവിളിയാണ് . ഏജൻസിയുടെ/ കരാറുകാരന്റെ സ്വന്തം ചെലവിൽ സൈഡ് വാൾ പൊളിച്ച് നീക്കി , LID&EW വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ/ ഡിസൈനിന്റെ അടിസ്ഥാനത്തിൽ ഏജൻസിയുടെ /കരാറുകാരന്റെ സ്വന്തം ചെലവിൽ സൈഡ് വാൾ പുനർനിർമ്മിക്കാൻ ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.
ചെലവഴിച്ച തുകയുടെ ഗുണഫലങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചില്ല എന്നതിനാൽ ചെലവ് തുക 9063807 രൂപ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-47 പന്തീരായിപ്പാടം തോട് പുരോഗമനം -നിർവ്വഹണത്തിൽ അപാകതകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3519 |
| നിർവഹണം | കെൽ - (പി.എം.സി ) | സാങ്കേതികാനുമതി | CA/176/2020/06.05.2020/kel |
| BRN നമ്പർ , തുക | 1506624/29.03.2022-155467<br>1500887/27.03.2022-1844532 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 840/kel | കരാർ | AEE/LID&EW-DIV/213/2020-21 /16.12.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 885/22 പന്തീരായിപ്പാടം തോട് പുരോഗമനം ( നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് , തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്) എന്ന സ്പിൽ ഓവർ പ്രോജക്ട് വികസന ഫണ്ടിൽ നിന്നും (ജനറൽ) ഇരുപത് ലക്ഷം രൂപ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. അക്രഡിറ്റഡ് ഏജൻസിയായ കെൽ വഴി പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചത്. പ്രവൃത്തി നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ , ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. തോട് സംരക്ഷിക്കുന്നതിനാണ് പ്രോജക്ട് . എന്നാൽ ചെയ്തിട്ടുള്ളത് തോടിന്റെ സൈഡിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുകയാണ്. ഈ കോൺക്രീറ്റ് വാളിൽ വെള്ളം തോട്ടിലേക്ക് ഊർന്നിറങ്ങുന്നതിന് സഹായകമായ വിധത്തിൽ ഹോൾ (Weep Hole) വെച്ചിട്ടില്ല . ഇത്തരം പ്രവൃത്തികളിൽ Weep Hole അനിവാര്യമാണ്.

2. എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള ഇത്തരം സൈഡ് സംരക്ഷണ പ്രവൃത്തികൾക്ക് കരിങ്കൽ കെട്ടാണ് നൽകിയിട്ടുള്ളത് എന്ന് പ്രോജക്ട് ഫയലുകൾ പരിശോധിച്ചാൽ വ്യക്തമാവും. കരിങ്കൽകെട്ടാണ് അനുയോജ്യമായതും. എങ്കിൽ മാത്രമേ തോട്ടിലേക്ക് വെള്ളം ഊർന്നിറങ്ങുകയുള്ളൂ. വെള്ളകെട്ട് ഒഴിവാക്കാനും കരിങ്കൽ കെട്ടാണ്

സഹായകരമാവുക. ആരുടെ ശുപാർശ അടിസ്ഥാനമാക്കിയാണ് തികച്ചും അനാവശ്യമായ കോൺക്രീറ്റ് വാൾ നിർമ്മിക്കാൻ ഇടയായത് എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം 2.1 പ്രകാരം തോടിന്റെ പ്രതലം, സൈഡ് , വാൾ ടോപ്പ് എന്നിവ പ്ലാസ്റ്ററിങ്ങ് നടത്തുന്നതിന് DSR 13.16.1 പ്രകാരമുള്ള 188.46/m2നിരക്ക് രേഖപ്പെടുത്തുകയും , അളവ് ബുക്ക് പേജ് 8 പ്രകാരം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തുകയും കെൽ അധികാരികൾ മെഷർ , ചെക്ക് മെഷർ ചെയ്യുകയും കരാറുകാരൻ അളവുകൾ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 180.495m2 ഏരിയയിൽ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് 188.46/m2 നിരക്കിൽ 34016.09 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാസ്റ്ററിങ്ങ് പ്രവൃത്തി സൈറ്റിൽ ചെയ്തിട്ടില്ല എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയതും തുക നൽകിയതും ഗുരുതര പിഴവാണ്. തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

4. പ്രവൃത്തിക്കായി 3346.239kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ഇതിനായി 248224.01 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. വെർട്ടിക്കൽ ബാറുകൾ 12mm കമ്പി ഉപയോഗിച്ചും , ഹൊറിസോണ്ടൽ ബാറുകൾ 10mm കമ്പി ഉപയോഗിച്ചും ചെയ്തതായിട്ടാണ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വെർട്ടിക്കൽ ബാറുകൾക്ക് 10mm കമ്പിയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് , പുറത്ത് കാണുന്ന കമ്പികളിൽ നിന്ന് വ്യക്തമാവുന്നു. മാത്രമല്ല രണ്ട് കമ്പികൾക്കിടയിലെ സ്പേസിങ്ങ് 40cm ആണെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ കമ്പിയുടെ ആഡിക്വസി വർക്ക് ഔട്ട് ചെയ്യാതെയാണ് കമ്പി ഉപയോഗിച്ചത് എന്ന് വിലയിരുത്തുന്നു. വെർട്ടിക്കൽ ആയി 261 എണ്ണം 12mm കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കമ്പിക്ക് 4.24 മീറ്റർ നീളമുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 40cm സ്പേസിങ്ങിൽ 12mm കമ്പി വെൽട്ടിക്കലായി ഉപയോഗിച്ചാൽ , നിലവിൽ അനുവദിച്ചതിന്റെ പകുതി എണ്ണം (130 എണ്ണം) കമ്പി മാത്രമെ ആവശ്യമായി വരുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. 1.8mtr ഉയരമാണ് കോൺക്രീറ്റിന് ഉള്ളത് എന്ന് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെർട്ടിക്കൽ ബാറിന്റെ ഉയരം 4.24 എന്ന് രേഖപ്പെടുത്തിയത് വസ്തുതാ വിരുദ്ധമാണ്. കൂടാതെ, 1.8mtr മാത്രം ഉയരമുള്ള വാളിന് 21 ഹൊറിസോണ്ടൽ ബാറുകൾ നൽകിയതും യുക്തിസഹമല്ല. 20cm സ്പേസ് നൽകി കമ്പി വെച്ചതായി രേഖപ്പെടുത്തി എങ്കിലും സൈറ്റിൽ 40cm സ്പേസിലാണ് കമ്പികൾ വെച്ചത് എന്ന് പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ പകുതി കമ്പിയുടെ വില ഓഡിറ്റിൽ നിരാകരിക്കുന്നു. 124112 രൂപ തിരിച്ചടവാക്കേണ്ടതാണ്.

പ്രവൃത്തിക്കായി ആവശ്യമായ , ഉപയോഗിച്ച കമ്പിയുടെ അളവ്, ഇനം, തരം എന്നിവ ആവശ്യമെങ്കിൽ ചെറിയ ഒരു ഭാഗം പൊളിച്ച് ഒഴിവാക്കി വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

5. എസ്റ്റിമേറ്റിൽ DSR 4.3.2 പ്രകാരമുള്ള ഫോം വർക്ക് ചെയ്യുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള പ്രവൃത്തികളിൽ പ്ലിന്ത് ലെവൽ വരെയുള്ള ഫോം വർക്കിന് DSR 4.3. 1 പ്രകാരമുള്ള നിരക്കാണ് നൽകുന്നത്. ജില്ലാ പഞ്ചായത്തിന്റെ തന്നെ മറ്റ് ഭവന സുരക്ഷാ പ്രോജക്ടുകളിൽ 4.3.1 പ്രകാരമുള്ള നിരക്ക് രേഖപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ , കെൽ ഉയർന്ന നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് . മാത്രമല്ല വാളിന്റെ രണ്ട് ഭാഗത്തും ഫോം വർക്ക് ചെയ്തതായി അളവ് ബുക്കിൽ (പേജ് 4 ) രേഖപ്പെടുത്തിയ് വസ്തുതാപരമല്ല. തോടിന്റെ ഒരു ഭാഗത്ത് സ്വകാര്യ വ്യക്തി പണിത ചുറ്റുമതിലിന് സമാന്തരമായി പണിത സൈഡ് വാളിന് ഒരു ഭാഗത്ത് ഫോം വർക്ക് ചെയ്യേണ്ട ആവശ്യമേ വരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കരാറുകാരന് അർഹമായ തുക താഴെ കൊടുക്കുന്നു.

| അനുവദിച്ച നിരക്ക് DSR 4.3.2 @496.19 | അനുവദിക്കാവുന്ന നിരക്ക് DSR4.3.1@ 254.19 | അധികം |
|---|---|---|
| 2x52x1.8 = 187.2<br>2x52x1.84 = 191.36<br>= 378.56<br>378.56x496.19=188023.18 | 2x52x1.8 = 187.2<br>1x52x1.84 = 95.68<br>= 282.88<br>282.88x254.19 = 71905.26 | 116117.92 |

6. എസ്റ്റിമേറ്റ് ഇനം 4 പ്രകാരമുള്ള (DSR 4.1.8) കോൺക്രീറ്റ് മൂന്ന് മീറ്റർ വീതിയിൽ ചെയ്തതായിട്ടാണ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൈറ്റിലെ കൂടിയ വീതി 2.35 Mtr ഉം , കുറഞ്ഞ വീതി 1.15 Mtr ഉം ആണെന്ന് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. വസ്തുതാപരമല്ലാത്ത രേഖപ്പെടുത്തലുകൾ വരുത്തിയതായി റിപ്പോർട്ട് ചെയ്യുന്നു.

7. ഇതേ തോടിന്റെ അവശേഷിച്ച ഭാഗം സംരക്ഷിക്കുന്നതിന് 2022-23 വർഷം 28/23 പ്രോജക്ട് തയ്യാറാക്കുകയും പ്ലാൻ വിഹിതം 45 ലക്ഷം രൂപയും സി.എഫ്.സി വിഹിതം 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കെൽ എന്ന ഏജൻസി മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും തുക നൽകിയതായും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നു. ഈ പ്രവൃത്തിക്കായി 5764754 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പരിശോധനാ സമയത്ത് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച് , ഉപേക്ഷിച്ചതായിട്ടാണ് കാണുന്നത്. തോടിന്റെ ഒരു ഭാഗത്ത് Vertical കമ്പികൾ വെച്ചതായി സൈറ്റിൽ കാണുന്നുണ്ട്. 885/22 പ്രോജക്ടിന്റെ കൂടെ വർക്ക്

ആരംഭിച്ചതായിട്ടാണ് വ്യക്തമാവുന്നത്. എന്നാൽ മറ്റ് നിർമ്മാണ മെറ്റീരിയലുകൾ സൈറ്റിൽ എത്തിച്ചതായും കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കാതെ, ഏജൻസിക്ക് ബിൽ നൽകാനിടയായത് ഗുരുത സ്വഭാവമുള്ളതാണ്. ഈ സാഹചര്യം പരിശോധനാ വിധേയമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 50/20.03.2023 പ്രകാരം അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-48 മുതുവിൻകുണ്ട് അങ്കനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം - സീലിങ്ങ് തകർന്ന് വീണു

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.സൈഫുള്ള .പി.കെ | എസ്റ്റിമേറ്റ് നമ്പർ | 2019/111735 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 43663/2020-21 |
| BRN നമ്പർ , തുക | 0545671/22.10.2021- 447195<br>0763116/02.12.2021- 196568 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 293/2020-21<br>66/2021-22 | കരാർ | AEE/LSGD-DIV/MPM/134/2020-21 /04.09.2020 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 843/22 മുതുവിൻകുണ്ട് അംഗനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം ( കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് , വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ) എന്ന സ്പിൽ ഓവർ പ്രോജക്ട്, വികസന ഫണ്ടിൽ നിന്ന് (ജനറൽ) 7.11ലക്ഷം രൂപ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. പ്രവൃത്തി കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ സീലിങ്ങ് പ്രവൃത്തിയിൽ പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് ഇനം 15, 16 എന്നിവ പുതിയതായി നിർമിച്ച ഒന്നാം നിലയുടെ ഫാൾസ് സീലിങ്ങ് ചെയ്യുന്നതിനുള്ളതാണ്. അലുമിനിയം സെക്ഷൻ ഉപയോഗിച്ചുള്ള ഫ്രെയിമിൽ , 7.5mm കനത്തിലുള്ള പി.വി.സി പാനൽ ബോർഡ് ഉപയോഗിച്ച് ഫാൾസ് സീലിങ്ങ് നടത്തുകയും ആയതിന് യഥാക്രമം 17510.86 രൂപയും , 3463.27 യും ഉൾപ്പെടെ ആകെ 20974.13 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ , സീലിങ്ങ് തകർന്ന് അടർന്ന് വീണ അവസ്ഥയാണ് . സീലിങ്ങ് പ്രവൃത്തിയിൽ നിലവാരമില്ലാത്ത ഘടകങ്ങൾ ഉപയോഗിച്ചതാണ് തകർച്ചക്ക് കാരണം എന്ന് വിലയിരുത്തുന്നു. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

2.ഇതേ പ്രോജക്ടിന്റെ ഭാഗമായി ചെയ്ത വയറിങ്ങ് പ്രവൃത്തി പരിശോധിച്ചു.മോഹനൻ .കെ എന്ന കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചത്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയ ഇനങ്ങളും തുകയും , ബിൽ കോപ്പിയിൽ രേഖപ്പെടുത്തിയ ഇനങ്ങളും തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. ബിൽ കോപ്പിയിൽ Description രേഖപ്പെടുത്തിയതിൽ പിഴവ് വന്നിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. ബിൽ കോപ്പിയിലെ രേഖപ്പെടുത്തൽ പ്രകാരം ഇനം 15 പ്രകാരം മൂന്ന് ഫാൻ സ്ഥാപിച്ചതിന് 485 രൂപയും ഇനം 16 പ്രകാരം ഏഴ് കോളിങ്ങ് ബെൽ സ്ഥാപിച്ചതിന് 13002 രൂപയും നൽകിയതായിട്ടാണ് കാണുന്നത്. അതേ സമയം അളവ് ബുക്കിലും എസ്റ്റിമേറ്റിലും ഈ ഇനങ്ങൾ യഥാക്രമം ഫാൻ ക്ലാമ്പ് , ഫാൻ എന്നിവയാണ്. എസ്റ്റിമേറ്റിലെ ഇനങ്ങൾ Cut And Paste ചെയ്തതിലെ പിഴവാണ് ഈ അപാകതക്ക് കാരണം . അപാകത ഓഡിറ്റ് എൻക്വയറി 51/20.03.2023 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-49 മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രെയിനേജ് നിർമ്മാണവും - അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി .പി. | എസ്റ്റിമേറ്റ് നമ്പർ | 2021/12863 |
| നിർവ്വഹണം | കെൽ | സാങ്കേതികാനുമതി | 1214/2021-22 |
| BRN നമ്പർ , തുക | 301500931/27.03.2022-1000000<br>301500933/27.03.2022-2207684<br>301500938/27.03.2022-9790194 | നിരക്ക് | DSR 2018 – Cost Index 36.44 |
| അളവ് പുസ്തകം | 821/kel | കരാർ | AEE/LID&EW/MPM/TRP |

| | | | |
|---|---|---|---|
| | | | /02/2021-22/04.10.2021 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 73/22 മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രെയിനേജ് നിർമാണവും ( വേങ്ങര ഗ്രാമ പഞ്ചായത്ത് , വേങ്ങര ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ട് ജനറൽ പത്ത് ലക്ഷം രൂപയും , സി.എഫ്.സി ഫണ്ട് 9790194 രൂപയും ,മെയിന്റനൻസ് ഫണ്ട് (റോഡ്) 2207684 രൂപയും ഉൾപ്പെടെ ആകെ 1.3 കോടി രൂപ വകയിരുത്തിയ പ്രവൃത്തിയാണ്. പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസിയായ കെൽ മുഖേന ശ്രീ.അക്ബർ അലി. പി എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തി വേങ്ങര ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ പിഴവുകൾ ഉള്ളതായി ബോധ്യമായിട്ടുണ്ട്.

1. സൈഡ് സംരക്ഷണ പ്രവൃത്തിയുടെയും ഡ്രെയിനേജിന്റെയും നീളം പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള നീളത്തിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ സൈഡ് സംരക്ഷണ പ്രവൃത്തിയിലും , ഡ്രെയിനേജ് നിർമ്മാണത്തിലും എർത്ത് വർക്ക് , കോൺക്രീറ്റ് , കമ്പി എന്നിവക്ക് അധിക നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും തുക നൽകിയിട്ടുള്ളതും. എർത്ത് വർക്കിന് 3.5.1 കോഡും , കോൺക്രീറ്റിന് 11.4.4 എന്ന കോഡും, കമ്പിക്ക് 11.8 എന്ന കോഡും പ്രകാരമുള്ള തുകയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ വകുപ്പ് LID&EW വിഭാഗം ചീഫ് എഞ്ചിനീയറുടെ 05. 04. 2021 ലെ DB1/3727/2021/CE/Lsgd സർക്കുലറിൽ, എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം കൈവരുത്തുന്നതിന് , ഓടകൾ നിർമ്മിക്കുമ്പോൾ ബഡ് കോൺക്രീറ്റിന് 11.4.1.1 കോഡ് ഉപയോഗിക്കണമെന്നും വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് മോർഡ് 11.4.2.1 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും, കമ്പിക്ക് 12.7 കോഡ് ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും കരാറുകാരന് തുക നൽകിയത് എന്നും വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഡ്രെയിനേജ് വാൾ കോൺക്രീറ്റ് | 195.94cum | 1693454.56<br>@8642.72/cum | 1501889.9<br>@7665.05/cum | 191564.66 |
| സൈഡ് വാൾ കോൺക്രീറ്റ് | 178.2 Cum | 1540132.7<br>@8642.72/cum | 1365911.91<br>@7665.05/cum | 174220.79 |
| സൈഡ് പ്രൊട്ടക്ഷൻ വാൾ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 81.6 Cum | 29435.57<br>@360.73 | 6858.48<br>@84.05/cum | 22577.09 |
| ഡ്രെയിനേജ് വാൾ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 181.44 M3 | 65450.85<br>@360.73 | 15250.03<br>@84.05/cum | 50200.82 |
| ആകെ | | | | 438563.36 |

2. ആകെ 240 മീറ്ററാണ് ഈ റോഡുള്ളത്. ഉയർച്ച താഴ്ച്ചകൾ ഇല്ലാത്ത നിരന്ന റോഡാണ്. ഈ പ്രവൃത്തിയുടെ ഭാഗമായി 263.04m3 മണ്ണ് കിളച്ചെടുത്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് തന്നെ അതിശയോക്തി നിറഞ്ഞതാണ് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ കിളച്ചെടുത്ത മണ്ണ് ഇതേ പ്രവൃത്തിക്കായി ഉപയോഗിച്ച വിവരം അളവ് ബുക്കിൽ രേഖപ്പെടുത്തുകയോ, മണ്ണിന്റെ വില ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. ഒരു ക്യൂബിക്ക് മീറ്റർ മണ്ണിന് 169.71 രൂപയാണ് മോർഡ് ഡാറ്റ പ്രകാരം വരുന്നത്. ഇപ്രകാരം 44640.51 രൂപ കരാറുകാരനിൽ നിന്ന് മണ്ണിന്റെ വിലയിനത്തിൽ ഈടാക്കേണ്ടതാണ്.

3. ഇതേ സൈറ്റിൽ മുൻ വർഷവും പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. 179/21 പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ മുഖേന പ്രവൃത്തി ചെയ്തതായി വ്യക്തമാക്കുന്ന നെയിം ബോർഡ് സൈറ്റിൽ ലഭ്യമാണ്. ഇതേ പ്രോജക്റ്റിന്റെ ഭാഗമായി 557103 രൂപ ചെലവഴിച്ചതായി സുലേഖ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. മുൻ പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത ഒരു പ്രവൃത്തിയുടെയും ശേഷിപ്പ് സൈറ്റിൽ കാണുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. 179/21 പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികൾ എന്താണ് എന്ന് പരിശോധന നടത്തേണ്ടതും പ്രവൃത്തികളിൽ ആവർത്തനം / ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 52/20.03.2023 ) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-50 പള്ളിക്കടവ് കോളനി നടപ്പാലം നിർമ്മാണം - പൊതു സമൂഹത്തിന്റെ മനസ്സ്

വായിക്കാനായില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ആലിക്കുട്ടി. എം | എസ്റ്റിമേറ്റ് നമ്പർ | 2020/455 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 4700/2020-21 |
| BRN നമ്പർ , തുക | 1506616/29.03.2022- 947168 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 1114/19-20 | കരാർ | AEE/LISGD-DIV/MPM/138/2020-21 /09.09.2020 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 997/22 അയ്യപ്പഭജന മഠം പള്ളിക്കടവ് കോളനി നടപ്പാലം നിർമ്മാണം ( പുറത്തൂർ ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ടിൽ നിന്നും (എസ്.സി.പി) പത്ത് ലക്ഷം രൂപ വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികൾ സ്വീകരിച്ച് ശ്രീ.ആലിക്കുട്ടി. എം എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ സൈറ്റ് 07.03.2023 ന് പുറത്തൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

കോളനിയും , ഒരു ക്ഷേത്രവുമുള്ള പ്രദേശത്തേക്കാണ് ഈ നടപ്പാലം നിർമ്മിക്കുന്നത്. ഒരു അംഗനവാടിയും ഈ പരിസരത്ത് ഉള്ളതായി SCDO യുടെ റിപ്പോർട്ടിലുണ്ട്. നിലവിൽ എട്ട് എസ്.സി വീടുകളും , നാല് ജനറൽ വീടുകളും ഉണ്ട്. പള്ളിക്കടവ് റോഡിൽ നിന്നാണ് ഈ നടപ്പാലം ഉൽഭവിക്കുന്നത്. വികസന കാര്യത്തിൽ ഇരുപത് വർഷങ്ങൾക്ക് ശേഷമുള്ള സാഹചര്യമാണ് പ്ലാൻ തയ്യാറാക്കുന്ന വേളയിൽ പരിഗണിക്കേണ്ടത്. പൊതു സമൂഹത്തിന്റെ ഭാവിയിലുള്ള ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് കൊണ്ടാണ് ഇത്തരം പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതും. മതിയായ സ്ഥല ലഭ്യത ഉണ്ടായിരിക്കെ, ഒരു പാലം നിർമ്മിച്ച് പ്രദേശവാസികളുടെ സഞ്ചാര സാധ്യതകൾക്ക് പകിട്ട് നൽകുന്നതിന് പകരം , നടപ്പാലം നിർമ്മിക്കാൻ ഇടയായത് വികസന കാര്യത്തിലെ ദീർഘ വീക്ഷണമില്ലായ്മയാണ് എന്ന് വിലയിരുത്താവുന്നതാണ്.

വീതികുറഞ്ഞ ഒരു ഓട്ടോറിക്ഷക്ക് മാത്രമാണ് ഈ നടപ്പാലം വഴി കടന്ന് പോവാൻ സാധിക്കുകയുള്ളൂ എന്ന് കാണുന്നു. സമയത്തിന് അതിപ്രാധാന്യമുള്ള ഈ ആധുനിക കാലത്ത് , സമയത്തിന് മുമ്പെ സഞ്ചരിക്കാൻ സമൂഹത്തെ പ്രാപ്തരാക്കാൻ ബാധ്യസ്ഥരായ ഭരണസമിതിയും , എഞ്ചിനീയറിങ്ങ് വിഭാഗവും സഞ്ചാര സാധ്യതകളെ പരിമിതപ്പെടുത്താനും നിയന്ത്രിക്കാനും ഇടയാക്കിയത് ഉൾക്കൊള്ളാനാവുന്നില്ല. വികസന കാര്യത്തിൽ ഭാവനയും ഭാവി സാധ്യതകളും വിലയിരുത്താനും നടപ്പിലാക്കാനും ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 53/20.03.2023)

## 1-51 ഉണ്ണ്യാൽ ശ്മശാന സംരക്ഷണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.യർബാഷ്.പി | എസ്റ്റിമേറ്റ് നമ്പർ | 2020/22153 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 54424/2020-21 |
| BRN നമ്പർ , തുക | 1059233/04.02.2022- 1248215 | നിരക്ക് | DSR 2016 – Cost Index 31.06 |
| കരാർ | AEE/LISGD-DIV/MPM/170/2020-21 /06.10.2020 | അളവ് പുസ്തകം | 158/21-22 480/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 994/22 ഉണ്ണ്യാൽ ശ്മശാന സംരക്ഷണം (നിറമരുതൂർ ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ടിൽ നിന്നും (എസ്.സി.പി) 19 ലക്ഷം രൂപ വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ സൈറ്റ് 07.03.2023 ന് നിറമരുതൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു. (ഇതേ സൈറ്റിൽ അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള ചുമർ നിർമ്മാണത്തിന് Solid Block Masonary ഉപയോഗിച്ച് മറ്റൊരു കെട്ടിട നിർമ്മാണ പ്രവൃത്തി പുരോഗമിച്ച് വരുന്നുണ്ട്)

ചുറ്റമതിൽ നിർമ്മാണം , കെട്ടിട നിർമ്മാണം , റോഡ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 1.14, 2.13 എന്നിവ പ്രകാരം ചുറ്റമതിൽ , കെട്ടിടം എന്നിവ DSR 13.60.1 പ്രകാരമുള്ള നിരക്ക് രേഖപ്പെടുത്തി Acrylic Emulsion Paint ചെയ്യുന്നതിനാണ് . എന്നാൽ സൈറ്റിൽ Distembering മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. Acrylic Emulsion Paint ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് അർഹമായ തുക താഴെ കൊടുക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി

54/20.03.2023 ). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| DSR 13.60.1@107.69/m2<br>(Base Rate 110.68/m2 ,<br>Rate Quoted 2.7% Below) | DSR 13.42@ 67.78/m2<br>(Base Rate 69.66/m2 ,<br>Rate Quoted 2.7% Below) | |
| 780.53x107.69 = 84055.28 | 780.53x67.78 = 52904.32 | 31150.96 |
| 169.76x107.69 =18281.89 | 169.76x67.78 = 11506.33 | 6775.56 |
| | ആകെ | 37926.52 |

## 1-52 GVHSS പറവണ്ണ കോമ്പൗണ്ട് വാൾ – ചെങ്കല്ലിന് പകരം കരിങ്കല്ല് ഉപയോഗിച്ചു

| | | | |
|---|---|---|---|
| കൺവീനർ | ശ്രീമതി.ഉഷ അമ്മാൾ (Principal) | എസ്റ്റിമേറ്റ് നമ്പർ | 2018/108594 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 99021/2018-19 |
| BRN നമ്പർ , തുക | 1130008/15.02.2022- 77543<br>108050/05.04.2019 - 342105 | നിരക്ക് | DSR 2016 – Cost Index 37.25 |
| കരാർ | AEE/LISGD-DIV/MPM/486/2018-19 /05.01.2019 | അളവ് പുസ്തകം | 4093/18-19 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1485/22 GVHSS പറവണ്ണ കോമ്പൗണ്ട് വാൾ ( വെട്ടം ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ പ്രവൃത്തിയാണ്. ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ സമിതിക്ക് വേണ്ടി സ്കൂൾ പ്രിൻസിപ്പലാണ് കരാർ വെച്ചിട്ടുള്ളത്. പ്രവൃത്തിയുടെ സൈറ്റ് 07.03.2023 ന് വെട്ടം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചു. . താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

എസ്റ്റിമേറ്റ് ഇനം രണ്ടിൽ DSR 50.6.7.1 പ്രകാരമുള്ള ചെങ്കൽ ഉപയോഗിച്ച് ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ നിർമിച്ച് ചെങ്കൽ ഉപയോഗിച്ച് തന്നെ ചുറ്റ് മതിലിന്റെ സൂപ്പർസ്ട്രക്ച്ചർ ചെയ്യുന്നതിനാണ്. അപ്രകാരം ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ കരിങ്കൽ ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായി.

ചുറ്റമതിൽ പ്ലാസ്റ്ററിങ്ങ് നടത്തിയിട്ടുണ്ട്. എന്നാൽ കരിങ്കൽ കെട്ടിന്റെ മുകൾഭാഗം കല്ലുകൾ ഇളകിയ അവസ്ഥയിലാണ് കാണുന്നത്. മുകൾ ഭാഗത്ത് പ്ലാസ്റ്ററിങ്ങ് നടത്തുന്ന വേളയിൽ വീഴുന്ന സിമന്റ് , സ്വാഭാവികമായും കരിങ്കൽ കെട്ടിന്റെ മുകൾ ഭാഗത്തെ നിരപ്പാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ മഴയിൽ ഇതെല്ലാം നഷ്ടപെട്ടതായി കാണുന്നു. പ്ലാസ്റ്ററിങ്ങിന്റെ ഗുണ നിലവാരമില്ലായ്മയാണ് ഇതിന് കാരണം എന്ന് വിലയിരുത്താവുന്നതാണ്. ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പ്രവൃത്തികളിൽ ഇപ്രകാരം സംഭവിക്കുന്നത് ആശാസ്യമല്ല .

ഫയലിൽ ഉള്ളടക്കം ചെയ്ത സബ് വൗച്ചറുകളിൽ നിന്ന് പ്രവൃത്തിക്കായി കരിങ്കല്ല് ഇറക്കിയതായും തുക നൽകിയതായും കാണുന്നു. KL10W1934 വണ്ടിയുടെ ഡ്രൈവർക്ക് 12 ലോഡ് കരിങ്കല്ല് ഇറക്കിയതിന് 49200 രൂപ നൽകിയതായ സബ് വൗച്ചർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ കൺവീനർക്ക് തുക നൽകിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. ബിൽ തയ്യാറാക്കിയ വേളയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയതായും കാണുന്നില്ല. കൺവീനർക്ക് അർഹമായ തുകയുടെ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 55/20.03.2023) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| DSR 50.6.7.1@ 5902.76/m3 | DSR 60.7.1 @ 2462.44 (BC Rate) | |
| 30.938 X 5902.76 = 182619.59 | 30.938 X 2462.44 = 76182.96 | 106436.63 |

## 1-53 മാട്ടുമ്മൽ ഇൻഡോർ സ്റ്റേഡിയം -പൂർത്തിയാക്കാനായില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അബ്ദു സമദ് . കെ | എസ്റ്റിമേറ്റ് നമ്പർ | 2019/13567 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 99889/2019-20 |
| BRN നമ്പർ , തുക | 388205/24.08.2021- 271726 | നിരക്ക് | DSR 2016 – Cost Index 31.06 |
| കരാർ | AEE/LISGD-DIV/MPM/501/2019-20/20.02.2020 | അളവ് പുസ്തകം | 2846/17-18 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 908/22 മാട്ടുമ്മൽ ഇൻഡോർ സ്റ്റേഡിയം ടെന്നിസ് കോർട്ട് ( ആതവനാട് ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)- ൽ നിന്നും 25 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികളിലൂടെയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പാർട്ട് ബിൽ പ്രകാരം 271726 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

15.03.2023 ന് ആതവനാട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പാർട്ട് ബിൽ നൽകിയ ശേഷം അവശേഷിച്ച വർക്കുകൾ ചെയ്തിട്ടില്ല. സ്കൂൾ കെട്ടിട നിർമ്മാണ ആവശ്യത്തിലേക്ക് ഈ ഭാഗം ഉപയോഗിക്കേണ്ട രീതിയിൽ അലൈൻമെന്റ് വന്നതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാനാവാതിരുന്നത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കി. പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തികൾ സൈറ്റിൽ ചെയ്തിട്ടുണ്ട്. പ്രവൃത്തി വൈകാതെ പുനരാരംഭിക്കാൻ കഴിയും എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

എർത്ത് വർക്ക് , സ്റ്റീൽ വർക്കിന്റെ ഭാഗമായുള്ള പൈപ്പ് സ്ഥാപിക്കാനുള്ള കോൺക്രീറ്റ് വർക്ക് , ട്രസ്സ് വർക്ക്, കരിങ്കൽ കെട്ട് , ചെങ്കൽ പടവ് എന്നിവയാണ് പാർട്ട് ബിൽ പ്രകാരം പൂർത്തിയാക്കിയിട്ടുള്ളത് . ട്രസ്സ് വർക്ക്, പർലിൻ വർക്ക് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ , ഷീറ്റ് മേഞ്ഞിട്ടില്ല എന്ന് വ്യക്തമാവുന്നു.

പാർട്ട് ബില്ലിൽ നിന്ന് 29860 രൂപ റിടെൻഷൻ ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട്. ഈ തുക സെക്രട്ടറിയുടെ തനത് ഫണ്ടിൽ നിക്ഷേപിച്ച് , ഫൈനൽ ബിൽ നൽകുന്ന വേളയിൽ തിരികെ റിലീസ് ചെയ്യുകയാണ് വേണ്ടത്. എന്നാൽ , ഈ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ചെലവഴിച്ച തുക പാഴ്ചെലവാകാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 56/20.03.2023)

## 1-54 കരാട്ടെ പരിശീലന കേന്ദ്രം - വെള്ളം വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ശംസുദ്ധീൻ. പി | എസ്റ്റിമേറ്റ് നമ്പർ | 2020/36991 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 59729/2020-21 |
| BRN നമ്പർ , തുക | 15234413/30.03.2022- 1276888 | നിരക്ക് | DSR 2016 – Cost Index 31.06 |
| കരാർ | AEE/LISGD-DIV/MPM/148/2020-21 /22.09.2020 | അളവ് പുസ്തകം | 807/20-21, 808/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1051/22, അഡോളസെന്റ് ഗേൾസിന് കരാട്ടെ പരിശീലന കേന്ദ്രം ( എടയൂർ ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് പ്ലാൻ വിഹിതം ജനറൽ ഫണ്ട് 13.89 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികളിലൂടെയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 1276888 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

15.03.2023 ന് എടയൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചു.താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ കെട്ടിടം പ്രയോജനപ്പെടുത്തുന്നുണ്ട്. എടയൂർ പഞ്ചായത്തിലെ നമ്പൂതിരിപ്പടി അംഗനവാടി ഈ കെട്ടിടത്തിലാണ് പ്രവൃത്തിച്ച് വരുന്നത്. അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിനായി മറ്റൊരു പേര് നൽകി പ്രോജക്ട് തയ്യാറാക്കിയതാണ് എന്ന് വിലയിരുത്തുന്നു.

2.എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി ലംപ്സം ആയി 75000 രൂപ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ വയറിങ് ചെയ്തിട്ടില്ല. വൈദ്യുതിയില്ലാത്തതിനാൽ രക്ഷിതാക്കൾ അംഗനവാടിയിലേക്ക് കുട്ടികളെ അയക്കാൻ മടിക്കുന്നതായും , ഒരു ഉയർന്ന പ്രദേശമായതിനാൽ കടുത്ത ചൂട് അനുഭവപ്പെടുന്നതായും അറിയാനിടയായി. അംഗനവാടിയിലേക്ക് വൈദ്യുതി കണക്ഷൻ എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ ഗ്രാമ പഞ്ചായത്തിന് നിർദേശം നൽകേണ്ടതാണ്.

3.കെട്ടിടത്തിൽ കുടിവെള്ളവും ലഭ്യമായിട്ടില്ല. പരിസര വാസികളുടെ സഹായത്തിലാണ് നിലവിൽ അംഗനവാടിയിലേക്ക് വെള്ളം എത്തിക്കുന്നത് എന്ന് വ്യക്തമാവുന്നു. വേനൽ വരുന്നതോടെ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്നത് അംഗനവാടിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും അറിയിക്കുന്നു. വൈദ്യുതിയും

വെള്ളവും ഇല്ലാത്തതിനാൽ വലിയ പ്രയാസം അനുഭവിക്കുന്നതായി ഹെൽപ്പർ അറിയിച്ചു. അംഗനവാടിയിലേക്കുള്ള റോഡ് നിർമ്മാണവും പൂർത്തിയായിട്ടില്ല. വെള്ളം , വൈദ്യുതി, മികച്ച ഗതാഗത സംവിധാനം എന്നിവ ഒരുക്കാൻ യുക്തവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. എസ്റ്റിമേറ്റ് ഇനം 40 പ്രകാരം Flushing System ഉള്ള വാട്ടർ ക്ലോസറ്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അപ്രകാരം സ്ഥാപിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും 4258.94 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓർഡിനറി വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായി. അധികമായി കൈപറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 57/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച നിരക്ക്<br>DSR 17.1.1. @ 4579.5<br>(Rate Quoted 4258.94 , 7% Below) | അനുവദിക്കാവുന്ന നിരക്ക്<br>DSR 17.13.1. @ 1406.6<br>(Rate Quoted 1308.14 , 7% Below) | അധികം |
|---|---|---|
| 1 X 4258.94 = 4258.94 | 1 X 1308.14 = 1308.14 | 2951 |

## 1-55 വലിയകുന്ന് എസ്.സി കോളനി കണ്ണംകുളം നവീകരണം - നിർവ്വഹണത്തിൽ അപാകത

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അബ്ദുൽ റഹീം.കെ | എസ്റ്റിമേറ്റ് നമ്പർ | 2021/14059 |
| നിർവ്വഹണം | SIDCO | | |
| BRN നമ്പർ , തുക | 1414968/22.03.2022-310867<br>1414548/22.03.2022- 3688263 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/TRP11/2021-22/22.12.2021 | അളവ് പുസ്തകം | 216/20-21/SIDCO |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 338/22 വലിയകുന്ന് എസ്.സി കോളനിയിലെ കണ്ണംകുളം നവീകരണം ( ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ട് (എസ്.സി.പി) വിഹിതം 40 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ വഴി പി.എം.സി ആയിട്ടാണ് ശ്രീ.അബ്ദുൽ റഹീം.കെ എന്ന കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചത്. 3999130 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

5.03.2023 ന് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം ക്ലർക്കിന്റെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. തറനിരപ്പ് വരെ കരിങ്കൽ കെട്ട് നടത്തുകയും രണ്ടാമത്തെ ബെൽറ്റ് മുതൽ മുകളിലേക്ക് പോയന്റിങ്ങ് നടത്തിയതായും കാണുന്നു.

2022-23 വർഷവും 906/23 മൾട്ടി ഇയർ പ്രോജക്ടിന്റെ ഭാഗമായി പ്രവൃത്തി നിർവ്വഹിച്ചതായി വ്യക്തമാവുന്നു. കുളത്തിലേക്ക് മണ്ണ് ഇറങ്ങുന്ന വിധത്തിൽ , പരിസരത്ത് മണ്ണ് കൂട്ടിയിട്ടതായി കാണുന്നുണ്ട്. ഇനിയും വർക്കുകൾ പൂർത്തികരിക്കാനുണ്ടോ എന്ന കാര്യം വ്യക്തമല്ല.

സ്റ്റെപ്പുകളിൽ വിള്ളൽ കാണുന്നുണ്ട്. Intermediary Belt, Steps എന്നിവയിൽ കമ്പി ഉപയോഗിച്ചിട്ടില്ല എന്ന് പരിസരവാസികളായ ആളുകൾ എഞ്ചിനീയറിങ്ങ് സ്റ്റാഫിന്റെ സാന്നിധ്യത്തിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ , അളവ് ബുക്ക് പേജ് 6 ൽ കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 12mm, 8mm കമ്പികൾ 640.395 Kg പ്രവൃത്തിക്കായി ഉപയോഗിച്ചതിന് 98.92/kg നിരക്കിൽ 63347.87 രൂപ കരാറുകാരൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് രേഖപ്പെടുത്തി ഗുണഭോക്തക്കളെയും ജില്ലാ പഞ്ചായത്തിനെയും, ഏജൻസിയും കരാറുകാരനും തെറ്റിദ്ധരിപ്പിച്ചതായി വ്യക്തമാവുന്നു. പ്രവൃത്തിക്കായി കമ്പി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 58/20.03.2023).1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-56 KMGVHSS കുടിവെള്ള പദ്ധതി . പൂർത്തികരിക്കാനായില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ഹാഷിഖ് റഹ്മാൻ. പി | എസ്റ്റിമേറ്റ് നമ്പർ | 2021/26261 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 52169/2021-22 |
| BRN നമ്പർ , തുക | 1500947/27.03.2022-559726 | നിരക്ക് | DSR 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/321/2021-22/10.01.2022 | അളവ് പുസ്തകം | 423/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 169/22 KMGVHSS തവനൂർ സമഗ്ര കുടിവെള്ള പദ്ധതി ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഹിതം 10 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്.

8.03.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പുഴയുടെ സമീപത്ത് കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പമ്പ് ഹൗസ് നിർമ്മാണം പാതി പൂർത്തിയാക്കിയിട്ടുണ്ട്.പുഴയിൽ നിന്ന് വെള്ളം കയറാൻ സാധ്യതയുള്ളതിനാൽ എലവേറ്റഡ് രീതിയിലാണ് പമ്പ് ഹൗസ് നിർമ്മാണം നടത്തുന്നത് . നിലവിൽ ബേസ് ആണ് പൂർത്തിയായത്. കരാറുകാരൻ മരണപ്പെട്ടതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പാർട്ട് ബിൽ നൽകിയിട്ടുണ്ട്. അവശേഷിച്ച വർക്കുകൾ പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാൻ പ്രായോഗികമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 60/20.03.2023)

## 1-57 ചെമ്മന്തട്ട ആറ്റുമല പട്ടികജാതി കോളനി സമഗ്ര വികസനം - അപാകതകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അബ്ദുൽ റഹിം. കെ | എസ്റ്റിമേറ്റ് നമ്പർ | 2021/18859 |
| നിർവ്വഹണം | SIDCO | | |
| BRN നമ്പർ , തുക | 1396547/21.03.2022-310169<br>1396537/21.03.2022-3679968 | നിരക്ക് | DSR 2018 – Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/TRP 24/2021-22 /29.01.2022 | അളവ് പുസ്തകം | 2/2022/SIDCO |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1385/22 ചെമ്മന്തട്ട ആറ്റുമല പട്ടികജാതി കോളനി സമഗ്ര വികസനം ( കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് , പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് എസ്.സി. പി ഫണ്ട് 40 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്.

09.03.2023 ന് കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി സിഡ്കോ മുഖേന ശ്രീ.അബ്ദുറഹീം എന്ന കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. പ്രധാനമായും മൂന്ന് ഗുണഭോക്താക്കൾക്ക് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുന്നതിനും , കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്.

ഇതിൽ ആറ്റുമല രാമൻ എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ ചെയ്ത സംരക്ഷണ ഭിത്തിക്ക് അഞ്ച് മീറ്റർ ഉയരമുള്ളതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ നിർമ്മിതിയുടെ അടിയിൽ ആൾതാമസമുള്ള മറ്റൊരു വീടും നിലവിലുണ്ട്. ഇത്രയും ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന സാഹചര്യത്തിൽ പാലിക്കേണ്ട മുൻകരുതലുകൾ നിർവ്വഹണ ഘട്ടത്തിൽ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മണ്ണിന്റെ ഉറപ്പ് പരിശോധിക്കേണ്ടതുണ്ട്. സ്ട്രച്ചറൽ ഡിസൈൻ ചെയ്യേണ്ടതുമുണ്ട്. എന്നാൽ ഇത്തരം ഘടകങ്ങൾ വിലയിരുത്തിയതായി വ്യക്തമല്ല. കെട്ടി നിൽക്കുന്ന വെള്ളം റിലീസ് ചെയ്യുന്നതിന് ഇടക്കിടെ വീപ്പ് ഹോളുകൾ വെക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. മാത്രമല്ല , സൈഡ് മണ്ണ് ഫിൽ ചെയ്ത് പ്രതലം നിരപ്പാക്കുകയും ചെയ്തിട്ടില്ല. ഇത് വെള്ളം അമിതമായ അളവിൽ കെട്ടി നിൽക്കാനും സംരക്ഷണ ഭിത്തി തകരാനും , താഴെയുള്ള വീടുകളും , ജീവൻതന്നെയും അപകടത്തിലാവുന്നതിനും ഇടയാക്കുന്ന കാര്യമാണ്. പ്രോജക്ട് നിർവ്വഹണം നടത്തുന്നത് അക്രഡിറ്റഡ് ഏജൻസികൾ ആണെങ്കിലും , സുരക്ഷിതമായ രീതികൾ അവലംബിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് വഴിയുണ്ടാവുന്ന പിഴവുകൾക്ക് പൊതു സമൂഹം എഞ്ചിനീയറിങ് വിഭാഗത്തെയും , തദ്ദേശ സ്ഥാപനങ്ങളെയുമാണ് പ്രതിക്കൂട്ടിലാക്കുക എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന്റെ കണിശമായ മേൽനോട്ടത്തിലല്ലാതെ ഇത്തരം വർക്കുകൾ ചെയ്യുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 61/20.03.2023)

## 1-58 കടുക്കാപ്പറമ്പ് എസ്.സി കോളനി ഭവന സുരക്ഷ - നിർവ്വഹണത്തിൽ ക്രമക്കേടുകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3567 |
| നിർവ്വഹണം | കെൽ | | |
| BRN നമ്പർ , തുക | 1157650/18.03.2022-77202<br>1157649/26.02.2021- 915956 | നിരക്ക് | DSR 2016 – Cost Index 31.06 |

| കരാർ | AEE/LID&EW-DIV/MPM/ 217/2020-21/22.10.2020 | അളവ് പുസ്തകം | 549/Kel |
|---|---|---|---|

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 566/21 കടുക്കാപറമ്പ് എസ് .സി കോളനി ഭവന സുരക്ഷ - ( ഏലംകുളം ഗ്രാമ പഞ്ചായത്ത് , പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് 2020-21 വർഷം എസ്. സി. പി ഫണ്ട് 10 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്.

9.03.2023 ന് ഏലംകുളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി കെൽ മുഖേന ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചത്.പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് ഇനം അഞ്ച് സൈഡ് സംരക്ഷണ പ്രവൃത്തിക്ക് കമ്പി ഉപയോഗിക്കുന്നതിനാണ്. അളവ് ബുക്ക് പ്രകാരം 16 ഗുണഭോക്താക്കൾക്കായി 1307.98 Kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 74.18/kg നിരക്കിൽ 97025.96 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ , ശ്രീ.ശിവശങ്കർ, ശ്രീമതി.വിലാസിനി, ശ്രീമതി.ചക്കി എന്നീ മൂന്ന് ഗുണഭോക്താക്കളുടെ സൈറ്റിൽ മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ ഈ വസ്തുത ഓഡിറ്റ് ടീമിന്റെയും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെയും സാന്നിധ്യത്തിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ആവശ്യത്തിലേക്ക് ആകെ ഉപയോഗിച്ചത് 275.46kg കമ്പി മാത്രമാണ് എന്ന് അളവ് ബുക്കിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു. ചെയ്യാത്ത ഇനങ്ങൾ ചെയ്തു എന്ന് അളവ് രേഖപ്പെടുത്തിയ കെൽ എഞ്ചിനീയർമാർ ഗുരുതര പിഴവ് വരുത്തിയതായി അറിയിക്കുന്നു. അവശേഷിച്ച കമ്പിയുടെ വില 76592.3 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (1307.98 – 275.46 = 1032.52 @ 74.18/kg ). തുക തിരിച്ചടവാക്കേണ്ടതാണ്.

2.അർഹമായതിലും അധികം കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയതായി കാണുന്നു. ശ്രീമതി.വിലാസിനി എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുന്നത് 14.8മീറ്റർ നീളത്തിലാണ്. കൂടിയ ഉയരം .90 മീറ്ററും. (MB Page 10 ) എന്നാൽ ഉപയോഗിച്ച കമ്പി 1.95 നീളത്തിൽ 50 എണ്ണം വെർട്ടിക്കലായും , 15.4മീറ്റർ നീളത്തിൽ 11 എണ്ണം Horizondal ആയും ഉപയോഗിച്ചതായി കാണുന്നു. അതായത്, ഒരു മീറ്റർ ഉയരമുള്ള വാളിന് Horizondal ആയി 11 കമ്പികൾ നൽകി (Spacing .091 Cm) എന്നത് അതിശയോക്തി നിറഞ്ഞതാണ്. (MB Page 5). പരസ്പരം പൊരുത്തപ്പെടാത്ത വിധത്തിലാണ് കമ്പിയുടെ ഉപയോഗവും രേഖപ്പെടുത്തലും നടന്നിട്ടുള്ളത് എന്ന് കാണുന്നു. യഥാർത്ഥത്തിൽ സൈറ്റിൽ ആവശ്യമായ കമ്പിയുടെ അളവും സൈറ്റിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയ കമ്പിയുടെ അളവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ വസ്തുത സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ഇതേ പോലെ മറ്റ് ഗുണഭോക്താക്കളുടെ പ്രവൃത്തിയിലും അധികമായി കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുന്നു. വ്യക്തമായ പരിശോധന നടത്തി അനർഹമായ വിധത്തിൽ ഏജൻസി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം മൂന്ന് കോൺക്രീറ്റിന് ആവശ്യമായ ഫോംവർക്ക് ചെയ്യുന്നതിനാണ്. DSR 5.9.2 പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള ഇത്തരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR 5.9.1 പ്രകാരമുള്ള കുറഞ്ഞ നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത് . സൈറ്റ് സാഹചര്യം പരിശോധിച്ചാൽ DSR 5.9.2 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന വസ്തുത വ്യക്തമാവുന്നതാണ്. അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ചത്<br>(DSR 5.9.2@496.19/m2) | അർഹമായത്<br>(DSR 5.9.1@254.191/m2) | അധികം |
|---|---|---|
| 323.027m2 @ 496.19 = 160282.77 | 323.027m2 @ 254.191 = 82110.557 | 78172.213 |

4.ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം എസ്.സി ഭവന സുരക്ഷ എന്ന പേരിൽ ധാരാളം പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. എല്ലാ പ്രോജക്ടിലും കരിങ്കൽ കെട്ടാണ് ശുപാർശ ചെയ്തിട്ടുള്ളത്. ചെയ്തിട്ടുള്ളതും കരിങ്കൽ കെട്ടാണ്. ഗുണഭോക്താക്കൾ ആഗ്രഹിക്കുന്നതും കരിങ്കൽ , ചെങ്കൽ ഉപയോഗിച്ചുള്ള കെട്ടാണ്. ഈ പ്രോജക്ടിന്റെ ഭാഗമായി ചെയ്ത ഒരു ഗുണഭോക്താവിന്റെ സൈറ്റിലും കോൺക്രീറ്റ് വാൾ ആവശ്യമായി വരുന്നില്ല എന്ന് വ്യക്തമാവുന്നു. ആരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കോൺക്രീറ്റ് വാൾ നിർമ്മിക്കാൻ ഇടയായത് എന്ന് അറിയിക്കേണ്ടതാണ്. പൊതു ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് അവസരമൊരുക്കിയ ഈ നടപടി അംഗീകരിക്കാനാവില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി എഞ്ചിനീയറിങ്ങ് വിഭാഗത്തിന് Common Specification ഉണ്ട്. ഇത് അടിസ്ഥാനമാക്കിയാണ് ഓരോ എസ്റ്റിമേറ്റും തയ്യാറാക്കുന്നത്. ഇത് ജില്ലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന , നിരക്ക് അനുവദിക്കുന്ന കാര്യത്തിൽ പൊതു സമീപനങ്ങൾ സ്വീകരിക്കാനും ഏകീകൃത സ്വഭാവം നിലനിർത്താനും സഹായിച്ചിട്ടുണ്ട് . എന്നാൽ ഒരേ ഇനം പ്രവൃത്തിക്ക് ചെലവേറിയ നിരക്ക് അനുവദിക്കാനും , രണ്ട് വ്യത്യസ്ത രീതികൾ അവലംബിക്കുക വഴി വിവേചനം വരുത്തുവാനുമാണ് അക്രഡിറ്റഡ് ഏജൻസികളുടെ സാന്നിധ്യം കൊണ്ട് ഇടയാക്കിയിട്ടുള്ളത്.(ഓഡിറ്റ് എൻക്വയറി 62/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം

സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-59 വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ്

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. കെ | എസ്റ്റിമേറ്റ് നമ്പർ | 2021/12866 |
| നിർവ്വഹണം | കെൽ | സാങ്കേതികാനുമതി | 1215/2021-2022 |
| BRN നമ്പർ , തുക | 25426/21.03.2022 / 7220933<br>1366796/18.03.2022 / 1074309<br>1367066/18.03.2022 / 699170 | നിരക്ക് | DSR 2018 – Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP-01/2021-22 /04.10.2021 | അളവ് പുസ്തകം | 731/Kel |

9.03.2023 ന് പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അക്രഡിറ്റ് ഏജൻസിയായ കെൽ (Kerala Electrical & Allied Engineering Company ) മുഖേന നടപ്പിലാക്കിയ 171/22 വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം എന്ന പ്രവ്യത്തിയുടെ ഭാഗമായി ഡ്രെയിനേജ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് ഇനം 3 പ്രകാരം മോർഡ് ഡാറ്റ 11.4.4 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. മാത്രമല്ല , ഇനം 4 പ്രകാരം സ്റ്റീൽ വാങ്ങുന്നതിന് മോർഡ് ഡാറ്റ 13.3 പ്രകാരമുള്ള നിരക്ക് കണക്കാക്കിയും കരാറുകാരന് തുക നൽകിയിട്ടുണ്ട് . ഇപ്രകാരം ഡ്രെയിൻ, സംരക്ഷണ ഭിത്തി എന്നിവക്കായി എർത്ത് വർക്കിന് മോർഡ് ഡാറ്റ 3.5.1 പ്രകാരമുള്ള നിരക്കും നൽകിയതായി വ്യക്തമാവുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് LID&EW വിഭാഗം ചീഫ് എഞ്ചിനീയറുടെ 05. 04. 2021 ലെ DB1/3727 /2021/CE/Lsgd സർക്കുലറിൽ, എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം കൈവരുത്തുന്നതിന് , ഓടകൾ നിർമ്മിക്കുമ്പോൾ ബഡ് കോൺക്രീറ്റിന് 11.4.1.1 കോഡ് ഉപയോഗിക്കണമെന്നും വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് മോർഡ് 11.4.2.1 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും, സ്റ്റീലിന് മോർഡ് 12.7 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദേശം പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും കരാറുകാരന് തുക നൽകിയത് എന്നും വ്യക്തമായിട്ടുണ്ട് . 11.4.2.1 പ്രകാരമുള്ള നിരക്കാണ് കോൺക്രീറ്റിന് അർഹമായത് . എർത്ത് വർക്ക് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റുകളിൽ 3.5.2 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിക്കാറുള്ളത്. ഇതാണ് അനുവദനീയവും (ഉദാ: 40/22 ചെമ്മാണിയോട് തേലക്കാട് റോഡ് - പെരിന്തൽമണ്ണ ബ്ലോക്ക് )

കൂടാതെ, റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉൾപെടുന്ന 11.4.4 പ്രകാരമുള്ള 8642.72/m3 നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ , ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് റോഡ് പ്രവ്യത്തി നേരിട്ട് പരിശോധിച്ച് ബോധ്യമായിട്ടുണ്ട്. ആയത് പരിശോധനാ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം നൽകാറുള്ളത്. ഈ ഡാറ്റയിൽ നിന്ന് സെന്ററിങ് & ഷട്ടറിങ് പ്രവ്യത്തികളുള്ള നിരക്ക് കുറവ് ചെയ്താണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് . അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 62/20.03.2023 )

| ക്രമ നമ്പർ | പ്രവൃത്തി ഇനം | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | (ഡ്രെയിൻ സൈഡ് കോൺക്രീറ്റ് -എസ്റ്റിമേറ്റ് App 1- Item 2) | 204.75cum | 1769596.92<br>@8642.72/cum | 1569418.98<br>@7665.05/cum | 200177.94 |
| 2 | (ഡ്രെയിൻ സൈഡ് കോൺക്രീറ്റ് കമ്പി - എസ്റ്റിമേറ്റ് App 1- Item 4) | 5.98 Ton | 548300.82<br>@91689.1 | 531814.92<br>@88932.26<br>(MORD 12.7 ) | 16485.9 |
| 3 | റിവൈസ്ഡ് എസ്റ്റിമേറ്റ് App 6- Item 2).സൈഡ് കോൺക്രീറ്റ്<br>(ഏജൻസികൾ മുഖേന നിർവഹണം നടത്തിയ മറ്റ് പ്രവ്യത്തികളിൽ കോഡ് 16.42 പ്രകാരമുള്ള 8102.83 /Cum നിരക്കാണ് നൽകിയിട്ടുള്ളത് ഉദാ : 490/22 പ്രോജക്ട് ) | 76.98cum | 665316.59<br>@8642.72/cum<br>(കോഡ് 11.4.4) | 612883.96<br>7961.6/cum | 52432.63 |

| | | | | | |
|---|---|---|---|---|---|
| 4 | റിവൈസ്ഡ് എസ്റ്റിമേറ്റ് App 6- Item 1).സൈഡ് കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 307.92m 2 | 111075.98<br>@360.73<br>(കോഡ് 3.5.1) | 25880.68<br>@84.05<br>(കോഡ് 3.5.2) | 85195.3 |
| 5 | എസ്റ്റിമേറ്റ് App 1- Item 1 - ഡ്രയിൻ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ ) | 736.173 M3 | 265559.69<br>@360.73<br>(കോഡ് 3.5.1) | 61875.34<br>@84.05<br>(കോഡ് 3.5.2 | 203684.35 |
| 6 | എസ്റ്റിമേറ്റ് App 3- Item 1) സംരക്ഷണ ഭിത്തി കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ ) | 33.572m3 | 12110.43<br>@360.73<br>(കോഡ് 3.5.1) | 2821.73<br>@84.05<br>(കോഡ് 3.5.2 | 9288.7 |
| 7 | എസ്റ്റിമേറ്റ് App 6- Item 2) റോഡ് സൈഡ് കോൺക്രീറ്റ് | 76.98m3 | 665316.59<br>@8642.72<br>(കോഡ് 11.4.4) | 612883.96<br>@7961.6/$m^3$ | 52432.63 |
| | ആകെ | | | | 619697.45 |

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-60 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

എ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് ഇനം | കാറ്റഗറി | വകയിരുത്തൽ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | 13 | ജില്ലാ ഹോമിയോ ആശുപത്രി മെയിൻറനൻസ് | New | ജനറൽ | 3060519 | 1530908 | 1529611 |
| 2 | 32 | ചേപ്പൂർ പന്തല്ലൂർ ഹിൽസ് അരിക്കണ്ടം പാക്ക് റോഡ് റീ ടാറിംങ്ങ് - ആനക്കയം | New | ജനറൽ | 2586879 | 1078716 | 1508163 |
| 3 | 46 | കൈതക്കുണ്ട് സ്പിന്നിംഗ് മിൽ റോഡ് പുനരുദ്ധാരണം - ചെറുകാവ് | New | ജനറൽ | 1248583 | 1045435 | 203148 |
| 4 | 50 | കവളപ്പൊയ്ക എസ്എൻഡിപി മുക്കം റോഡ് വാർഡ് 19 - വഴിക്കടവ് | New | ജനറൽ | 1575597 | 271971 | 1303626 |
| 5 | 51 | ചേരിപ്പറമ്പ് യതീംഖാന റോഡ് (വാർഡ് 10) - എടപ്പറ്റ | New | ജനറൽ | 2000000 | 0 | 2000000 |
| 6 | 58 | മാണൂർ കരുവാൻപടി റോഡ് രണ്ടാം ഘട്ട നവീകരണം - വട്ടംകുളം | New | ജനറൽ | 1574561 | 984096 | 590465 |
| 7 | 72 | തട്ടാരമുണ്ട മൈലാടിച്ചോല റോഡ്-ചോക്കാട് | New | ജനറൽ | 1587041 | 938145 | 648896 |
| 8 | 89 | കക്കാട് തോട്ടപ്പുഴയിൽ റോഡ് - കരുളായി | New | ജനറൽ | 1591908 | 984417 | 607491 |
| 9 | 137 | പരുവമണ്ണ അംഗൻവാടി കെട്ടിട നിർമ്മാണം - കോട്ടൂർ | New | ജനറൽ | 1257245 | 673228 | 584017 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | 152 | വി.എം.സി.ജി.എച്ച്.എസ്.എസ് വണ്ടൂർ മെയിന്റനൻസ് | New | ജനറൽ | 1000000 | 999579 | 421 |
| 11 | 155 | കാപ്പ് ഹൈസ്ക്കൂൾ ക്ളാസ്സ് റൂം പൂർത്തീകരണം | New | ജനറൽ | 200000 | 130183 | 69817 |
| 12 | 208 | ഒളമതിൽ നടുവത്ത് എസ്സി കോളനി ഭവന സുരക്ഷ-പുൽപ്പറ്റ | New | എസ്സ്.സ്സി.പി | 1154781 | 1048075 | 106706 |
| 13 | 209 | ചോയക്കാട് എസ്.സി കോളനി ഭവന സുരക്ഷ വെള്ളുവമ്പ്രം - പൂക്കോട്ടൂർ | New | എസ്സ്.സ്സി.പി | 1450628 | 813696 | 636932 |
| 14 | 224 | 140 -ം നമ്പർ അംഗൻവാടിക്ക് മുകളിൽ തൊഴിൽ പരിശീലന കേന്ദ്രം-വെളിയംകോട് | New | ജനറൽ | 1473199 | 842462 | 630737 |
| 15 | 307 | നീലിയാട്ട് അലവിഹാജി സ്മാരക അംഗനവാടി - പൊന്മുണ്ടം | New | ജനറൽ | 1293573 | 342513 | 951060 |
| 16 | 317 | മഞ്ഞപ്പറ്റ അങ്കൻവാടി നിർമ്മാണം - തൃക്കലങ്ങോട് | New | ജനറൽ | 280894 | 280894 | 0 |
| 17 | 341 | തൈക്കാട്ട്കുളം നവീകരണം- പുലാമന്തോൾ | New | ജനറൽ | 2000000 | 1480324 | 519676 |
| 18 | 344 | ജി.എച്ച്.എസ് ആതവനാട് പരിതി സ്കൂളിൽ ടോയ്ലറ്റ്- ആതവനാട് | New | ജനറൽ | 1324667 | 613997 | 710670 |
| 19 | 347 | പതയാക്കല്ല് അങ്കൻവാടി കെട്ടിടം-മാറാക്കര | New | ജനറൽ | 1369955 | 720302 | 649653 |
| 20 | 356 | ഒലിപ്രം അങ്കൻവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം-തിരുവാലി | New | ജനറൽ | 774464 | 402084 | 372380 |
| 21 | 362 | കുഴലൂർ എസ്.സി കോളനിയിൽ അംബേദ്ക്കർ സാംസ്കാരിക കേന്ദ്ര നിർമ്മാണം-തൃക്കലങ്ങോട് | New | എസ്സ്.സ്സി.പി | 2000000 | 466222 | 1533778 |
| 22 | 374 | തെരട്ടമ്മൽ കല്ലരട്ടിക്കൽ റോഡ് ഡ്രൈനേജ് നിർമ്മാണം - ഊർങ്ങാട്ടിരി | New | ജനറൽ | 2000000 | 740178 | 1259822 |
| 23 | 376 | ഏലിയാപറമ്പ് റോഡ് ഡ്രൈനേജ് നിർമ്മാണം - കാവനൂർ | New | ജനറൽ | 1120617 | 775462 | 345155 |
| 24 | 380 | ചാരംങ്കാവ് വെട്ടിക്കാട്ടിരി റോഡ് പുനരുദ്ധാരണം - തൃക്കലങ്ങോട് | New | ജനറൽ | 1218115 | 1066527 | 151588 |
| 25 | 385 | ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസി-ൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് ടോയ്ലറ്റ് കോംപ്ലക്സ് | New | ജനറൽ | 1766745 | 1114123 | 652622 |
| 26 | 423 | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പുനരുദ്ധാരണ പ്രവർത്തികൾ | New | ജനറൽ | 4353457 | 1592068 | 2761389 |
| 27 | 481 | ജി.വി.എച്ച്.എസ്.എസ് കീഴുപറമ്പ് ഗേൾസ് ഫ്രണ്ട്ലി ഓപ്പൺ ഓഡിറ്റോറിയം -കീഴുപറമ്പ് | New | ജനറൽ | 2000000 | 610171 | 1389829 |
| 28 | 485 | ഗവ. സീതിഹാജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ എടവണ്ണ | New | ജനറൽ | 2000000 | 807394 | 1192606 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ടോയ്‌ലറ്റ് നിർമ്മാണം - എടവണ്ണ | | | | | |
| 29 | 494 | മാമ്പുഴ പെരിങ്ങോട് അങ്കൻവാടി കെട്ടിടം - കാവനൂർ | New | ജനറൽ | 1500000 | 718669 | 781331 |
| 30 | 521 | പെരുവള്ളൂർ സ്കൂളിൽ ആർ.എം.എസ്.എ കെട്ടിട നിർമ്മാണം | New | ജനറൽ | 2006786 | 1100000 | 906786 |
| 31 | 584 | കാപ്പ് ഹൈസ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം - വെട്ടത്തൂർ | New | ജനറൽ | 1500000 | 387530 | 1112470 |
| 32 | 610 | ചെറിയമുണ്ടം ഹയർ സെക്കൻഡറി സ്കൂൾ ടോയ്‌ലറ്റ് നിർമാണം- ചെറിയമുണ്ടം | New | ജനറൽ | 700000 | 223378 | 476622 |
| 33 | 618 | ഒതുക്കുങ്ങൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഷീ ടോയ്‌ലറ്റ്- ഒതുക്കുങ്ങൽ | New | ജനറൽ | 1500000 | 855666 | 644334 |
| 34 | 630 | ജി.എച്ച്.എസ് തിരുവാലിയിൽ ഹൈ ടെക് ബാത്ത് റൂം- തിരുവാലി | New | ജനറൽ | 1500000 | 1321952 | 178048 |
| 35 | 631 | പടിഞ്ഞാക്കര കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ മാറ്റലും ഫിൽട്ടർ സ്ഥാപിക്കലും- ചെറിയമുണ്ടം | New | ജനറൽ | 1482543 | 166944 | 1315599 |
| 36 | 632 | മമ്പാട് ജി.എച്ച്.എസ്.എസ് ടോയ്‌ലറ്റ്- മമ്പാട് | New | ജനറൽ | 1500000 | 802154 | 697846 |
| 37 | 642 | തെക്കുമ്പാട് ഊത്താലക്കുണ്ട് കോട്ടമ്മൽകുണ്ട് റോഡ് ടാറിംഗ്- ആനക്കയം | New | ജനറൽ | 1448367 | 920519 | 527848 |
| 38 | 643 | വെട്ടത്തൂർ ഹൈസ്കൂൾ കുടിവെള്ള പദ്ധതി- വെട്ടത്തൂർ | New | ജനറൽ | 1500000 | 314022 | 1185978 |
| 39 | 676 | ജി.എച്ച്.എസ്.എസ് ഹയർ സെക്കണ്ടറി സ്കൂൾ ആതവനാട് ഇംപ്രൂവ്മെൻറ്- ആതവനാട് | New | ജനറൽ | 1935479 | 1038977 | 896502 |
| 40 | 677 | അപ്പൻകാപ്പ് പാലം അപ്രോച്ച് റോഡ് നിർമ്മാണം- പോത്തുകല്ല് | New | ജനറൽ | 6000000 | 5050143 | 949857 |
| 41 | 686 | കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ഇ.അഹമ്മദ് സാഹിബ് സ്മാരക സ്റ്റേഡിയം പുനരുദ്ധാരണവും ടർഫ് നിർമ്മാണവും- കണ്ണമംഗലം | New | ജനറൽ | 2500000 | 1439441 | 1060559 |
| 42 | 709 | ജില്ലാ ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം - വളവന്നൂർ | SO | ജനറൽ | 400000 | 340111 | 59889 |
| 43 | 733 | മഞ്ചേരി ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് വിപുലീകരണം | SO | ജനറൽ | 1000000 | 821790 | 178210 |
| 44 | 755 | പുല്ലൂണി എസ്.സി കോളനി കുടിവെള്ള പദ്ധതിയിൽ ഫിൽറ്റർ സ്ഥാപിക്കലും പൈപ്പ് ലൈൻ എക്സ്റ്റൻഷനും - മംഗലം | SO | എസ്സ്.സ്സി.പി | 1800451 | 1315860 | 484591 |
| 45 | 776 | പൊന്നാനി ജി.ഐ.എഫ്.ഡി സെന്ററിന് കെട്ടിടം - കുറ്റിപ്പുറം | SO | ജനറൽ | 1000000 | 818704 | 181296 |
| 46 | 806 | വി.എച്ച്.എസ്.എസ് കാരിപറമ്പ് റോഡ് റീടാറിങ് - അരീക്കോട് | SO | ജനറൽ | 98040 | 98040 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 47 | 821 | മങ്കട പള്ളിപ്പുറം ജി.എച്ച്.എസ്.എസി-ൽ ആർ.എം.എസ്.എ കെട്ടിട നിർമ്മാണം- കുട്ടിലങ്ങാടി | SO | ജനറൽ | 6200000 | 3102094 | 3097906 |
| 48 | 833 | ഇരുമ്പുഴി സ്കൂളിൽ ആർ.എം.എസ്.എ കെട്ടിട നിർമ്മാണം-ആനക്കയം | SO | ജനറൽ | 9700000 | 5039751 | 4660249 |
| 49 | 834 | ജി.എച്ച്.എസ് പട്ടിക്കാട് ആർ.എം എസ്.എ കെട്ടിട നിർമ്മാണം- കീഴാറ്റൂർ | SO | ജനറൽ | 8500000 | 4559097 | 3940903 |
| 50 | 864 | ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസ്-ൽ കുഴൽ കിണർ, അനുബന്ധ പ്രവൃത്തികളും -പെരുമണ്ണ ക്ലാരി | SO | ജനറൽ | 560000 | 2035 | 557965 |
| 51 | 870 | ചേലക്കോട്ടം അരുക്കളം പുനർ നിർമ്മാണം-പള്ളിക്കൽ | SO | ജനറൽ | 992597 | 549360 | 443237 |
| 52 | 884 | GVHSS ബി.പി അങ്ങാടി റൈസ്റ്റിംഗ് റൂം, ക്ലാസ് മുറി നിർമ്മാണവും - തലക്കാട് | SO | ജനറൽ | 4374607 | 1114020 | 3260587 |
| 53 | 888 | ഏനാഞ്ചിരി കുളം റിപ്പയർ- ഊർങ്ങാട്ടിരി | SO | ജനറൽ | 849505 | 548864 | 300641 |
| 54 | 890 | ചട്ടിപ്പറമ്പ് ആക്കപ്പറമ്പ് റോഡ് ഇംപ്രൂവ്മെന്റ്സ് - കുറവ | SO | ജനറൽ | 136642 | 0 | 136642 |
| 55 | 911 | വട്ടപ്പാറ മേത്തഞ്ചീരി കുടിവെള്ള പദ്ധതി - വാർഡ് 12 - വാഴക്കാട് | SO | ജനറൽ | 2000000 | 495766 | 1504234 |
| 56 | 928 | മറ്റത്തൂർ ജി.എം.എൽ.പി സ്കൂൾ ഒതുക്കുങ്ങലിന് കഞ്ഞിപ്പുര നവീകരണം - ഒതുക്കുങ്ങൽ | SO | ജനറൽ | 724745 | 661740 | 63005 |
| 57 | 949 | ഉള്ളൂപറമ്പ് മൂർക്കനാട് കുടിവെള്ള പദ്ധതി- ഊർങ്ങാട്ടിരി | SO | ജനറൽ | 2000000 | 346619 | 1653381 |
| 58 | 957 | ജി.എച്ച്.എസ് മൂത്തേടം ആർ.എം.എസ്.എ കെട്ടിട നിർമ്മാണം- മൂത്തേടം | SO | ജനറൽ | 2400000 | 1404835 | 995165 |
| 59 | 958 | ജി.എച്ച്.എസ് പുല്ലങ്കോട് ആർ.എം.എസ്.എ കെട്ടിട നിർമ്മാണം- ചോക്കാട് | SO | ജനറൽ | 2400000 | 1610000 | 790000 |
| 60 | 974 | കുന്നക്കാവ് ജി.എച്ച്.എസ്.എസ്. ആർ.എം.എസ്.എ കെട്ടിട നിർമ്മാണം | SO | ജനറൽ | 1800000 | 1797980 | 2020 |
| 61 | 1024 | കപ്പൂറം സ്റ്റേഡിയം റോഡ് ഇംപ്രൂവ്മെൻറ്- വാഴയൂർ | SO | ജനറൽ | 1086812 | 281038 | 805774 |
| 62 | 1043 | തൃപ്പാല്ലൂർ എസ്.സി കോളനി ഭവനസുരക്ഷ (മണ്ണ് ജലസംരക്ഷണം) - തവനൂർ | SO | എസ്സ്.സ്സി.പി | 1000000 | 250306 | 749694 |
| 63 | 1046 | കാവനൂർ ഹൈസ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം- കാവനൂർ | SO | ജനറൽ | 1500000 | 909263 | 590737 |
| 64 | 1085 | കുത്ത്പറമ്പ് വളച്ചെട്ടി പൊറ്റ റോഡ് ഇംപ്രൂവ്മെൻറ്- കീഴുപറമ്പ് | SO | ജനറൽ | 910938 | 906043 | 4895 |

| | | | | | | | |
|---|---|---|---|---|---|---|---|
| 65 | 1086 | വെള്ളില യു.കെ പടി -കട്ടുക്ക സിറ്റി മല റോഡ് പുനരുദ്ധാരണം- മങ്കട | SO | ജനറൽ | 2683621 | 655161 | 2028460 |
| 66 | 1095 | കൊളക്കാട്ടുചാലി ചാക്കുകുളങ്ങര റോഡ് ഇംപ്രൂവ്മെന്റ്- ചേലേമ്പ്ര | SO | ജനറൽ | 1559931 | 1215881 | 344050 |
| 67 | 1152 | കാളികാവ് ഹോസ്പിറ്റൽ ജംഗ്ഷൻ മേലേകാളികാവ് റോഡ് ഇംപ്രൂവ്മെൻറ്- കാളികാവ് | New | ജനറൽ | 1546925 | 549668 | 997257 |
| 68 | 1153 | കരിങ്കത്തോണി മുണ്ട റോഡ് ഇംപ്രൂവ്മെൻറ്- കരുവാരക്കുണ്ട് | New | ജനറൽ | 1565431 | 716516 | 848915 |
| 69 | 1167 | വന്നിലാപറമ്പ് എസ്.സി കോളനി ഭവന സുരക്ഷ- ഊർങ്ങാട്ടിരി | New | എസ്സ്.സ്സി.പി | 984079 | 861253 | 122826 |
| 70 | 1192 | മഞ്ഞളാംകുഴി എസ്.സി കോളനി നവീകരണം- പുഴക്കാട്ടിരി | New | എസ്സ്.സ്സി.പി | 819821 | 310547 | 509274 |
| 71 | 1251 | ആലിപ്പറമ്പ് ഗവ. ഹൈസ്കൂൾ മെയിന്റനൻസ് - ആലിപ്പറമ്പ് | New | ജനറൽ | 2400000 | 2180740 | 219260 |
| 72 | 1270 | കൽകുളം നെല്ലികുത്ത് റോഡ് ഡ്രൈനേജ് - മൂത്തേടം | New | ജനറൽ | 1854857 | 1149660 | 705197 |
| 73 | 1324 | അവുഞ്ഞിത്തറ പാലം പുതുക്കി പണിയൽ-മൂന്നിയൂർ-ന് സോയിൽ ഇൻവെസ്റ്റിഗഷൻ നടത്തുന്നതിന് | SO | ജനറൽ | 150000 | 35400 | 114600 |
| 74 | 1333 | പുല്ലങ്കോട് ഹൈസ്കൂൾ ഗേറ്റ് നിർമ്മാണം- ചോക്കാട് | New | ജനറൽ | 1500000 | 864397 | 635603 |
| 75 | 1340 | ശാന്തി നഗർ ഗ്രൗണ്ട് എസ്.സി കോളനി കടിവെള്ള പദ്ധതി- വണ്ടൂർ | New | എസ്സ്.സ്സി.പി | 1000000 | 2035 | 997965 |
| 76 | 1430 | കരിനെച്ചി സ്മർട്ട് അംങ്കൻവാടി കെട്ടിട നിർമ്മാണം വാർഡ് 2- എടക്കര | New | ജനറൽ | 5000000 | 951983 | 4048017 |
| ബി)-എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | | | | | | | |
| 1 | 1328 | ജില്ലയിലെ വിവിധ എസ്.സി കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | New | എസ്സ്.സ്സി.പി | 1600000 | 390000 | 1210000 |
| 2 | 565 | അപ്പൻകാപ്പ് പാലം പുനർ നിർമ്മാണം- പോത്തുകല്ല് | SO | TSP | 16000000 | 10842061 | 5157939 |

LID&EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മുഖേന നിർവ്വഹണം നടത്തിയ മേൽ പറഞ്ഞ പ്രോജക്ട് ഫയലുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല . ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/12-01-2023 നൽകിയിരുന്നു. എന്നാൽ പരാമർശിത പ്രോജക്ട് ഫയലുകൾ ഉൾപെടുന്ന ഫയലുകൾ ബഹു വർഷ പ്രോജക്ട് ആയതിനാലും , 2022-23 വർഷം സ്പിൽ ഓവറായി തുടരുന്നവ ആയതിനാലും , പല ഫയലുകളും അളവുകൾ രേഖപ്പെടുത്തുന്ന, ബിൽ തയ്യാറാക്കുന്ന, എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന ആവശ്യത്തിലേക്കും ഉപയോഗപ്പെടുത്തുന്നതിനാൽ പരിശോധിക്കാനായിട്ടില്ല. 2022-23 ഓഡിറ്റിന്റെ ഭാഗമായി ഈ ഫയലുകൾ വിശദമായ പരിശോധനക്ക് വിധേയമാക്കുന്നതാണ്.

1-61 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം 47.6 ലക്ഷം ചെലവഴിച്ചു-ഇനിയും പ്രവർത്തന ക്ഷമമാക്കാനായില്ല.

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.രവി. ടി.പി | എസ്റ്റിമേറ്റ് നമ്പർ | 2020/56226 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 75289/20-21 |
| BRN നമ്പർ , തുക | 1338866/15.03.2022 - 148130 | നിരക്ക് | Dsr 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/ 240/20-21/03.11.2020 | അളവ് പുസ്തകം | 781/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1530/22 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം - ( വണ്ടൂർ ഗ്രാമ പഞ്ചായത്ത് , വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്ന് 4.5 ലക്ഷം വകയിരുത്തിയിരുന്നു. പ്രോജക്ടിൽ 148130 രൂപ ചെലവ് വന്നിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പ്രകാരം കഴിഞ്ഞ് 14 വർഷമായി തുടരുന്ന പ്രോജക്ടാണിത്. എന്നാൽ നാളിത് വരെ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത 10.3.2023 ന് വണ്ടൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചപ്പോൾ വ്യക്തമായി. നാളിത് വരെ 1.10 കോടി രൂപ വകയിരുത്തുകയും 4763090 രൂപ ലഭ്യമായ രേഖകൾ പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (2014 ന് മുമ്പ് നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ലഭ്യമല്ല)

| ക്രമ നമ്പർ | പ്രോജക്ട് വിവരം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 418/14 ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കൽ | 1500000 | 1498599 |
| 2 | 1189/15 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ഉപകരണങ്ങൾ | 2500000 | 2033798 |
| 3 | 800/16 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം | 200000 | 0 |
| 4 | 192/16 ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ഉപകരണങ്ങൾ | 466202 | 0 |
| 5 | 312/17 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണം | 1000000 | 0 |
| 6 | 23/17 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ഉപകരണങ്ങൾ | 466202 | 128832 |
| 7 | 79/18 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണം | 1000000 | 0 |
| 8 | 1557/19 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണം | 1000000 | 122583 |
| 9 | 1563/20 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണം | 877417 | 246748 |
| 10 | 1792/21 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണം | 613000 | 584400 |
| 11 | 1201/21 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണ പ്രവൃത്തികൾ | 695577 | 0 |
| 12 | 1530/22 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം | 450000 | 148130 |

| | | | |
|---|---|---|---|
| 13 | 453/23 വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം | 301870 | 0 |
| | ആകെ | 11070268 | 4763090 |

തൻ വർഷ പ്രോജക്ടിന്റെ ഭാഗമായി പ്ലമ്പിങ്ങ് , ടോയ്ലറ്റ് , ഷെഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സൈറ്റിൽ വെള്ളവും വൈദ്യുതിയും ലഭ്യമായിട്ടില്ല. സൈറ്റിൽ വെള്ള ലഭ്യതക്ക് സാധ്യതയുള്ള സ്ഥലത്ത് കിണർ കുഴിച്ച എങ്കിലും വെള്ളം ലഭ്യമായില്ല. ദഹിപ്പിക്കാനുള്ള യന്ത്രം സ്ഥാപിച്ചിട്ടുണ്ട്. 1189/15 പ്രോജക്ടിന്റെ ഭാഗമായിട്ടാണ് 2033798 രൂപ ചെലവ് ചെയ്ത് ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചത് എന്ന് വ്യക്തമാവുന്നു. അതായത് 9 വർഷം മുമ്പ്. ഈ ഉപകരണം ഇനി പ്രവർത്തിപ്പിക്കാൻ യോഗ്യമാവുമോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. അത് പോലെ ഒരു ഡീസൽ ജനറേറ്ററും സ്ഥാപിച്ചതായി കാണുന്നു. ജനറേറ്റർ എന്ന് സ്ഥാപിച്ചതാണ് എന്ന കാര്യം വ്യക്തമല്ല. ഗ്യാസ് വിതരണം ചെയ്യുന്നതിനായുള്ള റബ്ബർ ട്യൂബ്, പ്രഷർ റഗുലേറ്റർ എന്നീ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രവർത്തിപ്പിക്കാനാവാതെയും പ്രവർത്തിപ്പിക്കാതെയും വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി കാലയളവ് അവസാനിച്ചതായും ക്ഷമത നഷ്ടപെട്ടതായും വ്യക്തമാവുന്നു. മാത്രമല്ല, ഇത്രയധികം തുക ചെലവഴിച്ചിട്ടും ശ്മശാനത്തിന് ചുറ്റുമതിൽ ഇല്ല. ശ്മശാനത്തിലേക്ക് റോഡും ഒരുക്കാനായിട്ടില്ല. അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സൈറ്റിൽ നാളിത് വരെ സജ്ജീകരിക്കാനായിട്ടില്ല എന്നും വ്യക്തമാവുന്നു.

ശ്മശാനത്തിന് പ്രത്യേക ടാർജറ്റ് ഗ്രൂപ്പില്ല എന്നാണ് അറിയുന്നത്. മേൽ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ നടത്തിയ ചെലവുകൾ പരിശോധനാ വിധേയമാക്കേണ്ടതാണ്. ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം എന്ന പേരിൽ ഓരോ വർഷവും പ്രോജക്ട് തയ്യാറാക്കുകയും , തുക വകയിരുത്തുകയും ചെയ്യുന്നുണ്ട് എങ്കിലും, പതിനാല് വർഷമായിട്ടും പദ്ധതി പൂർത്തികരിക്കാനായില്ല എന്നത് ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും ഗുരുതര വീഴ്ചയാണ് സൂചിപ്പിക്കുന്നത്.ക്രിമറ്റോറിയത്തിന്റെ സാധ്യതയോ , സാധുതയോ ഒരു ഘട്ടത്തിലും വിലയിരുത്തപ്പെട്ടിട്ടില്ല .ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിലാണോ പ്രോജക്ട് രൂപീകരിച്ചത് എന്നും പരിശോധിക്കപെടേണ്ട വസ്തുതയാണ് . വെള്ളം വൈദ്യുതി എന്നിവ ഒരുക്കാതെ ഉപകരണങ്ങൾ സ്ഥാപിച്ചതും ഗുരുതര പിഴവാണ്. ആദ്യം നിർവ്വഹിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ അവഗണിച്ച് , അവസാനം മാത്രം നിർവ്വഹിക്കേണ്ട ഘടകങ്ങൾ ആദ്യം സ്ഥാപിക്കുകയും ചെയ്തത് മുൻഗണനാ ക്രമത്തിൽ വന്ന പാളിച്ചയായോ, ആകസ്മികമായി സംഭവിച്ചതോ അല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. (ഓഡിറ്റ് എൻക്വയറി 64/20.03.2023 )
വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയം സംബന്ധിച്ച ഓഡിറ്റ് പരാമർശം 2017-18 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപെടുകയും ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലുമാണ് എന്ന കാര്യവും ശ്രദ്ധേയമാണ്.

## 1-62 മദിരശ്ശേരി പമ്പ് ഹൗസ് റോഡ് റീ ടാറിങ്ങ് - അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13849 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1366875/18.03.2022 - 1382838<br>1367095/18.03.2022 - 116553 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 17/21-22/31.12.2021 | അളവ് പുസ്തകം | 818/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 327/22 മദിരശ്ശേരി പമ്പ്ഹൗസ് റോഡ് റീടാറിങ്ങ് - ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ്) 15 ലക്ഷം വകയിരുത്തിയതാണ്. 1499391 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് പരിഗണിച്ചിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ , അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 65/20.03.2023)

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക (@8102.83) | നൽകാവുന്ന തുക | അധികം |
|---|---|---|

| | | |
|---|---|---|
| 87.43m3 X 8102.83 = 708430.43 | 87.43m3 X 7961.6 = 696082.68 | 12347.74 |

## 1-63 മറവഞ്ചേരി തൃക്കണാപുരം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13827 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1367146/18.03.2022 - 155420<br>1366851/18.03.2022 - 1843972 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 19/21-22/31.12.2021 | അളവ് പുസ്തകം | 817/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 326/22 മറവഞ്ചേരി തൃക്കാണപുരം റോഡ് റീടാറിങ്ങ് , സൈഡ് കോൺക്രീറ്റിങ്ങ് - ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് റോഡ് മെയിന്റനൻസ് ഫണ്ട് 20 ലക്ഷം വകയിരുത്തിയതാണ്. 1999392 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 66/20.03.2023).

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 137.5m3 X 8102.83 = 1114139.13 | 137.5m3 X 7961.6 = 1094720 | 19419.13 |

## 1-64 നേഡറ്റ് NH ഭാരതപ്പുഴ റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13850 |
| നിർവഹണം | Kel | | |
| BRN നമ്പർ , തുക | 1357251/17.03.2022 - 116428<br>1366851/18.03.2022 - 1381358 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 15/21-22/28.12.2021 | അളവ് പുസ്തകം | 702/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 328/22 നേഡറ്റ് എൻ. എച്ച്. ഭാരതപ്പുഴ റോഡ് - ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട്(റോഡ്) 15 ലക്ഷം വകയിരുത്തിയതാണ്. 1497786 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 67/20.03.2023.)

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 112.063m3 X 8102.83 = 908027.44 | 112.063m3 X 7961.6 = 892200.78 | 15826.66 |

## 1-65 ZMHS - പുളമംഗലം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13857 |
| നിർവഹണം | Kel | | |
| BRN നമ്പർ , തുക | 1359451/17.03.2022 - 1843243<br>1361401/17.03.2022 - 155358 | നിരക്ക് | Dsr 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 07/21-22/06.12.2021 | അളവ് പുസ്തകം | 704/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 490/22 ZHM പുളമംഗലം റോഡ് റോഡ് - ( ആതവനാട് ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ്) 20 ലക്ഷം വകയിരുത്തിയതാണ്. 1998601 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് ആതവനാട് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 69/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 158.46m3 X 8102.83 = 1283974.44 | 158.46m3 X 7961.6 = 1261595.136 | 22379.30 |

## 1-66 കാരത്തൂർ ബീരാഞ്ചിറ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.വി. കുഞ്ഞിമുഹമ്മദ് | എസ്റ്റിമേറ്റ് നമ്പർ | 2021/13790 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1350453/17.03.2022 - 1843971<br>1349538/17.03.2022 - 155420 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 02/21-22/06.12.2021 | അളവ് പുസ്തകം | 700/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 325/22 കാരത്തൂർ ബീരാഞ്ചിറ റോഡ് റീടാറിങ്ങ് , കോൺക്രീറ്റിങ്ങ് - ( തിരുനാവായ ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ്)20 ലക്ഷം വകയിരുത്തിയതാണ്. 1999391 രൂപ ചെലവ് വന്നിട്ടുണ്ട്.

15.3.2023 ന് തിരുനാവായ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി 68/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 124.473m3 X 8102.83 = 1008583.56 | 124.473m3 X 7961.6 = 991004.237 | 17579.32 |

## 1-67 തെക്കൻ കുറ്റൂർ സൗത്ത് പല്ലാർ റോഡ് റീടാറിങ്ങ് -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി.കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13878 |
| നിർവഹണം | Kel | | |
| BRN നമ്പർ , തുക | 1027340/29.01.2022 - 2766234<br>1027346/29.01.2022 - 233154 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 06/21-22/06.12.2021 | അളവ് പുസ്തകം | 703/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 64/22 തെക്കൻ കുറ്റൂർ സൗത്ത് പല്ലാർ റോഡ് റീടാറിങ്ങ് - ( തിരുനാവായ ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട്(റോഡ് ) 30 ലക്ഷം വകയിരുത്തിയതാണ്. 2999388 രൂപ ചെലവ് വന്നിട്ടുണ്ട്.

15.3.2023 ന് തിരുനാവായ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 70/20.03.2023).

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 236.079m3 X 8102.83 = 1912908 | 236.079m3 X 7961.6 = 1879566.56 | 33341.43 |

## 1-68 നീണ്ടാരത്തിൽ കോളനി ഭവന സുരക്ഷ - അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3544 |
| നിർവ്വഹണം | കെൽ | | |
| BRN നമ്പർ , തുക | 1300255/19.03.2021-2000000<br>00476744/04.10.2021- 739529<br>1636866/05.05.2022-225000 | നിരക്ക് | DSR 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/ 218/2020-21/22.10.2020 | അളവ് പുസ്തകം | 414/Kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 848/22 നീണ്ടാരത്തിൽ കോളനി ഭവന സുരക്ഷ - ( പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് , മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ) എന്ന സ്പിൽ ഓവർ പ്രോജക്ട് ബ്ലോക്ക് വിഹിതം 10 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. 1714/21 പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ട്(എസ്.സി.പി) – യിൽ നിന്ന് 20 ലക്ഷം രൂപ മുൻ വർഷം ചെലവ് ചെയ്തിട്ടുണ്ട്. ബ്ലോക്ക് വിഹിതം കൈമാറുന്നതിനാണ് തൻവർഷ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

14.3.2023 ന് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി കെൽ മുഖേന ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിച്ചത്.പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. കരിങ്കൽ കെട്ട് മാത്രം മതിയാവുന്ന സൈറ്റിൽ കോൺക്രീറ്റ് വാൾ ശുപാർശ ചെയ്തത് പരിശോധനാ വിധേയമാക്കേണ്ടതാണ്. ഗുണഭോക്താക്കളും കോൺക്രീറ്റ് വാൾ ആവശ്യപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കുകയുണ്ടായി.

2. പ്രവൃത്തിക്കായി 2705.26 Kg കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 74.18/kg നിരക്കിൽ 200676.19 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ , ശ്രീ.പ്രകാശൻ എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത് എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കുകയുണ്ടായി. ആയത് സംബന്ധിച്ച് വിജിലൻസിന് പരാതി നൽകിയതായും ഗുണഭോക്താക്കൾ അറിയിച്ചു. ശ്രീ.പ്രകാശൻ എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ ഉപയോഗിച്ചത് അളവ് ബുക്ക് പ്രകാരം 1529.02 Kg കമ്പിയാണ് (MB Page 8 ) ഈ ഗുണഭോക്താവിന്റെ സൈറ്റിലെ പ്രവൃത്തിയിൽ 15cm അകലത്തിൽ വിലങ്ങനെയും കുത്തനെയും കമ്പികൾ ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1176.24 Kg (2705.26-1529.02) കമ്പിയുടെ വില ഈടാക്കേണ്ടതാണ്. ഈ പ്രവൃത്തിയിൽ ഉപയോഗിച്ച കമ്പിയുടെ അളവ് പരിശോധനാ വിധേയമാക്കേണ്ടതാണ്. അനുവദിക്കാവുന്ന ചെലവ് താഴെ കൊടുക്കുന്നു.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| 2705.26 X 74.18 = 200676.19 | 1529.02 X 74.18 = 113422.70 | 87253.49 |

3. ഗുണനിലവാരമില്ലാത്ത കോൺക്രീറ്റ് വർക്കാണ് ചെയ്തിട്ടുള്ളത് എന്ന് പരിശോധനയിൽ കാണാം. ശ്രീ.വേലായുധൻ എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ ചെയ്ത കോൺക്രീറ്റ് പൊടിഞ്ഞ് വീഴുന്നതായി കാണുന്നു. മാത്രമല്ല, അളവ് ബുക്ക് പ്രകാരം 0.45m വീതിയിലാണ് കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും സൈറ്റിലെ വീതി 0.30m ആണെന്ന് ബോധ്യമായിട്ടുണ്ട്. സമാനമായ രീതിയിൽ മറ്റ് ഗുണഭോക്താക്കളുടെ സൈറ്റിലും പരസ്പരം പൊരുത്തപ്പെടാത്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

4.എസ്റ്റിമേറ്റ് ഇനം നാല് കോൺക്രീറ്റിന് ആവശ്യമായ ഫോംവർക്ക് ചെയ്യുന്നതിനാണ്. DSR 5.9.2 പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള ഇത്തരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR 5.9.1 പ്രകാരമുള്ള കുറഞ്ഞ നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത് . സൈറ്റ് സാഹചര്യം പരിശോധിച്ചാൽ DSR 5.9.2 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന വസ്തുത വ്യക്തമാവുന്നു. (ഓഡിറ്റ് എൻക്വയറി 62/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ചത് DSR 5.9.2@496.19/m2 | അർഹമായത് DSR 5.9.1@254.191/m2 | അധികം |
|---|---|---|
| 623.73m2 @ 496.19 = 309488.59 | 623.73m2 M2 @ 254.191 = 158546.55 | 150942 |

## 1-69 പനക്കൽ എസ്.സി കോളനി ഭവന സുരക്ഷ – അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/14859 |
| നിർവ്വഹണം | കെൽ | | |
| BRN നമ്പർ , തുക | 545589/02.10.2021-919377<br>545607/22.10.2021- 77491 | നിരക്ക് | Dsr 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/ 300/2020-21/12.01.2021 | അളവ് പുസ്തകം | 646/Kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 951/22 പനക്കൽ എസ്.സി കോളനി ഭവന സുരക്ഷ - ( പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് , മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ) എന്ന സ്പിൽ ഓവർ പ്രോജക്ട് വികസന ഫണ്ട്(എസ്.സി.പി) വിഹിതം പത്ത് ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടാണ്.

14.3.2023 ന് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി കെൽ മുഖേന ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിച്ചത്.പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 815/23 പ്രോജക്ടിന്റെ ഭാഗമായി 2022-23 വർഷം 24.97 ലക്ഷം രൂപയും ഈ സൈറ്റിൽ ചെലവഴിച്ചിട്ടുണ്ട്. ഒരേ ഗുണഭോക്താവിന്റെ സൈറ്റിൽ രണ്ട് പ്രോജക്ടിന്റെ ഭാഗമായും പ്രവൃത്തികൾ നിർവ്വഹിച്ചതായി കാണുന്നു. ഇനിയും പ്രവൃത്തി നടത്തുന്നതിനായി പുറത്തേക്ക് കമ്പി വെച്ചതായും കാണുന്നു.

2. കരിങ്കൽ കെട്ട് മാത്രം മതിയാവുന്ന സൈറ്റിൽ കോൺക്രീറ്റ് വാൾ ശുപാർശ ചെയ്തത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം മൂന്ന് കോൺക്രീറ്റിന് ആവശ്യമായ ഫോംവർക്ക് ചെയ്യുന്നതിനാണ്. DSR 5.9.2 പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള ഇത്തരം കോൺക്രീറ്റ് പ്രവത്തികൾക്ക് DSR

5.9.1 പ്രകാരമുള്ള കുറഞ്ഞ നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത് . സൈറ്റ് സാഹചര്യം പരിശോധിച്ചാൽ DSR 5.9.2 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന വസ്തുതകാണാവുന്നതാണ്. (ഓഡിറ്റ് എൻക്വയറി 62/20.03.2023).

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ചത് DSR 5.9.2@496.19/m2 | അർഹമായത് DSR 5.9.1@254.191/m2 | അധികം |
|---|---|---|
| 149.31m2 @ 496.19 = 74089.6 | 149.31m2 @ 254.191 = 37953.12 | 36136.35 |

## 1-70 അംബേദ്കർ എസ്.സി കോളനി ഭവന സുരക്ഷ – ഫോം വർക്കിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3566 |
| നിർവ്വഹണം | കെൽ | | |
| BRN നമ്പർ , തുക | 1111011/11.02.2022-126248<br>977426/19.01.2022- 1553012 | നിരക്ക് | Dsr 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/ 219/2020-21/22.10.2020 | അളവ് പുസ്തകം | 583/Kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 940/22 അംബേദ്കർ കോളനി ഭവന സുരക്ഷ - ( പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് , മലപ്പുറം ബ്ളോക്ക് പഞ്ചായത്ത് ) എന്ന സ്പിൽ ഓവർ പ്രോജക്ട് വികസന ഫണ്ട്(എസ്.സി.പി)വിഹിതം 16.79 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടാണ്.

14.3.2023 ന് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി കെൽ മുഖേന ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിക്കുന്നത്.പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. കരിങ്കൽ കെട്ട് മാത്രം മതിയാവുന്ന സൈറ്റിൽ കോൺക്രീറ്റ് വാൾ ശുപാർശ ചെയ്തത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

2. സൈറ്റിൽ ഉപയോഗിച്ച കമ്പിയുടെ അളവിൽ അവ്യക്തതയുണ്ട്. 12.95 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്ത സൈറ്റിൽ കമ്പികൾ Extra Bar ആയി പുറത്ത് ഇട്ടിട്ടുണ്ട്. ഇതിൽ രണ്ട് കമ്പികൾക്കിടയിലെ അകലം 40cm ആണ് എന്ന് വ്യക്തമായി. എന്നാൽ അളവ് ബുക്ക് പ്രകാരം ഈ സൈറ്റിൽ 1.86mtr ഉയരമുള്ള /നീളമുള്ള 45 കമ്പികൾ വെർട്ടിക്കൽ ആയും , 12.95മീറ്റർ നീളമുള്ള 7 കമ്പികൾ Horizontal ആയും നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം മൂന്ന് കോൺക്രീറ്റിന് ആവശ്യമായ ഫോംവർക്ക് ചെയ്യുന്നതിനാണ്. DSR 5.9.2 പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള ഇത്തരം കോൺക്രീറ്റ് പ്രവത്തികൾക്ക് DSR 5.9.1 പ്രകാരമുള്ള കുറഞ്ഞ നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത് . സൈറ്റ് സാഹചര്യം പരിശോധിച്ചാൽ DSR 5.9.2 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന വസ്തുത കാണാവുന്നതാണ്.

| അനുവദിച്ചത് DSR 5.9.2@496.19/m2 | അർഹമായത് DSR 5.9.1@254.191/m2 | അധികം |
|---|---|---|
| 584.75m2 @ 496.19 = 290147.1 | 584.75m2 @ 254.191 = 148638.18 | 141508.92 |

4. അളവ് ബുക്ക് പ്രകാരം ശ്രീ.വാസുദേവൻ, ശ്രീ.കേശവൻ, ശ്രീമതി.ഉമാദേവി, ശ്രീ.ബാലൻ, ശ്രീമതി.ലക്ഷ്മി, ശ്രീമതി.മാലതി, ശ്രീ.രാജൻ, ശ്രീ.ദാസൻ എന്നീ ഗുണഭോക്താക്കളുടെ സൈറ്റിൽ രണ്ട് ഭാഗത്തും സെന്ററിങ്ങ് വർക്ക് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പരിശോധനയിൽ ഈ ഗുണഭോക്താക്കളുടെ വർക്കിൽ രണ്ട് ഭാഗത്തും സെന്ററിങ്ങ് നടത്തിയിട്ടില്ല എന്ന കാര്യം വ്യക്തമായിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 62/20.03.2023.).

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-71 ചെനപ്പുറം വെള്ളരിക്കുളം പുത്തൂർപള്ളി റോഡ് പുരോഗമനം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.വി. കുഞ്ഞിമുഹമ്മദ് | എസ്റ്റിമേറ്റ് നമ്പർ | 2021/13790 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1353195/17.03.2022 - 1382839 | നിരക്ക് | DSR 2018 – |

| | | | |
|---|---|---|---|
| | 1349474/17.03.2022 - 116554 | | Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 05/21-22/06.12.2021 | അളവ് പുസ്തകം | 810/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 66/22 ചെനപ്പുറം വെള്ളരിക്കുളം പുത്തൂർ പള്ളി റോഡ് പുനരുദ്ധാരണം - ( പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് , താനൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട്(റോഡ് ) 15 ലക്ഷം വകയിരുത്തിയതാണ്. 1499393 രൂപ ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതയുണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ് .വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 77/29.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 99.673m3 X 8102.83 = 807633.37 | 99.673m3 X 7961.6 = 793556.557 | 14076.81 |

## 1-72 കൊടവമ്പൻപടി - ചോലക്കാട് റോഡ് പുനരുദ്ധാരണം -സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.വി. കുഞ്ഞിമുഹമ്മദ് | എസ്റ്റിമേറ്റ് നമ്പർ | 2021/16242 |
| നിർവഹണം | Kel | | |
| BRN നമ്പർ , തുക | 1366821/17.03.2022 - 1843454<br>1367167/17.03.2022 - 155377 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 18/21-22/31.12.2021 | അളവ് പുസ്തകം | 651/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 65/22 കൊടവമ്പൻപടി ചോലക്കാട് റോഡ് പുനരുദ്ധാരണം - (പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് , താനൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ്)20 ലക്ഷം വകയിരുത്തിയതാണ്. 1998831 രൂപ ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതയുണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ് .വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 78/29.03.2023. ). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക @7961.60 | അധികം |
|---|---|---|
| 178.4m3 X 8102.83 = 1445544.87 | 178.4m3 X 7961.6 = 1420349.44 | 25195.43 |

## 1-73 വലിയകല്ല് മൊട്ട അല്ലൂർ റോഡ് പുരോഗമനം - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.വി. കുഞ്ഞിമുഹമ്മദ് | എസ്റ്റിമേറ്റ് നമ്പർ | 2021/13810 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1375753/18.03.2022 - 115157<br>1374637/18.03.2022 - 1366269 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 03/21-22/06.12.2021 | അളവ് പുസ്തകം | 797/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1407/22 വലിയകല്ല് മൊട്ട അല്ലൂർ റോഡ് പുനരുദ്ധാരണം - (വളവന്നൂർ ഗ്രാമ പഞ്ചായത്ത് , താനൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ് ) 15 ലക്ഷം വകയിരുത്തിയതാണ്. 1481426 രൂപ ചെലവ് വന്നിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതയുണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. ഫോം വർക്കിന്റെ നിരക്ക് കുറവ് ചെയ്ത് അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 75/29.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 87.145m3 X 8102.83 = 706121.12 | 87.145m3 X 7961.6 = 693813.63 | 12307.49 |

## 1-74 പൊറ്റമ്മൽ എസ്.സി കോളനി സംരക്ഷണം - അടിത്തറയില്ലാതെ തോട് സംരക്ഷണ പ്രവൃത്തി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2021/2687 |
| ബിൽ നമ്പർ , തുക | 0451821/24.09.2021-2630247 | സാങ്കേതികാനുമതി | 3031/2020-21/kel |
| ബിൽ നമ്പർ , തുക | 0451872/24.09.2021-208947 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 582/kel | കരാർ | AEE/LSGD-DIV/MPM//355/2020-21 /15.02.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 837/22 പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ, ആനക്കയം ( മലപ്പുറം ബ്ലോക്ക് ) എന്ന പ്രോജക്ട് വികസന ഫണ്ട് (എസ്.സി.പി) ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. അക്രഡിറ്റഡ് ഏജൻസി വഴി പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവഹിക്കുന്നത്. 2839194 രൂപ ചെലവ് ചെയ്ത് അക്രഡിറ്റ് ഏജൻസിയായ KEL മുഖേനയാണ് പ്രവൃത്തി നിർവഹിക്കുന്നത്. പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന്റെ സാനിദ്ധ്യത്തിൽ ഓഡിറ്റ് വിഭാഗം പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്തു. പരിശോധനാ വിവരം ഫോൺ മുഖേന അറിയിച്ചിരുന്നു എങ്കിലും , ഏജൻസികളുടെ പ്രതിനിധികൾ ആരും പരിശോധനാ വേളയിൽ ഹാജരായിരുന്നില്ല. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1- അടിത്തറയില്ലാത്ത തോട് സംരക്ഷണ ഭിത്തി

കോളനിയോട് ചേർന്ന തോടിന് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. സംരക്ഷണ ഭിത്തിയുടെ താഴ് ഭാഗം അടിത്തറയില്ലാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. താഴെ ഭാഗത്ത് കോൺക്രീറ്റിന് അടിയിൽ കുഴി രൂപപെട്ടിട്ടുണ്ട്. ഇവിടെ മതിയായ ആഴത്തിൽ ഫൗണ്ടേഷൻ വർക്ക് ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. തറനിരപ്പിൽ നിന്ന് ഏകദേശം ഒരടി മാത്രം മണ്ണ് നീക്കം ചെയ്ത് 10cm കനത്തിൽ ബഡ് കോൺക്രീറ്റ് ചെയ്ത് , അതിന് മുകളിൽ Superstructure നിർമിക്കുകയാണ് ചെയ്തത് എന്ന് സൈറ്റ് പരിശോധിച്ചാൽ വ്യക്തമാവുന്നതാണ് . വാളിന്റെ ഉയരത്തിന് ആനുപാതികമായി ഫൗണ്ടേഷന് ആഴം ഉണ്ടാവേണ്ടതുണ്ട് എന്നാണ് എഞ്ചിനീയറിങ്ങ് വ്യവസ്ഥ. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം രണ്ട് ഭാഗമായിട്ടാണ് Retaining Wall Foundation വർക്ക് ചെയ്യുന്നത്. ആദ്യത്തെ 31 മീറ്റർ നീളം 2.6 മീറ്റർ വീതിയിലും 1.6 മീറ്റർ താഴ്ചയിലും രണ്ടാമത്തെ ഭാഗം 17.5 മീറ്റർ നീളം 2.6 മീറ്റർ വീതിയിലും 1 മീറ്റർ താഴ്ചയിലും എർത്ത് വർക്ക് ചെയ്തതായി രേഖപ്പെടുത്തുന്നുണ്ട്. ആയത് മെഷർ , ചെക്ക് മെഷർ ചെയ്തതായും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ ഭാഗത്ത് യഥാക്രമം 31 X 2.6 X 1.1 , 16 X 2.6 X 1.1 അളവിൽ Retaining Wall Foundation കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ചെയ്ത പ്രവൃത്തി സൈറ്റിൽ കാണാനായില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. ഫൗണ്ടേഷൻ വർക്കിൽ ഗുരുതര സ്വഭാവമുള്ള ക്രമക്കേട് നടന്നിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്യുന്നു. പ്രധാനമായും താഴെയുള്ള ഭാഗം അടിത്തറയില്ലാതെയാണ് നിർമിച്ചിട്ടുള്ളത് എന്ന് സൈറ്റ് സന്ദർശിക്കുന്ന ആർക്കും ബോധ്യമാവുന്ന വസ്തുതയാണ്. ഏജൻസി മുഖേന ചെയ്ത ഈ വർക്കിന്റെ Foundation Concrete , Super Structure Concrete എന്നിവയുടെ

അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് സൈറ്റിൽ ചെയ്ത യഥാർത്ഥ അളവും വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2- എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണ സമിതി 1(79)/19.02.2021 പ്രകാരം അനുമതി നൽകുന്നുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കോൺക്രീറ്റ് വാളിന് മുകളിൽ 1.2 മീറ്റർ ഉയരത്തിൽ ഡ്രൈറബിൾ വർക്ക് ചെയ്യേണ്ടത് , അടുത്തുള്ള വീടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അനിവാര്യമാണ് എന്ന് രേഖപ്പെടുത്തുകയും എക്സ്ട്രാ ഇനം രണ്ട് ആയി ഡാറ്റ 60.7.1പ്രകാരമുള്ള DR Masonary വർക്ക് ചെയ്യുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്തുകയും ചെയ്തു. അളവ് ബുക്കിൽ 22.88m3 പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തുകയും ചെക്ക് മെഷർ ചെയ്യുകയും 2515.43 /M3 നിരക്കിൽ 57553.72 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള വർക്ക് സൈറ്റിൽ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

3- മാർച്ച് മാസത്തിലാണ് പ്രവൃത്തി ചെയ്യുന്നത്. ഈ സമയം തോട്ടിൽ വെള്ളം ഉണ്ടാവില്ല. എന്നാൽ റിങ് ബഡ് നിർമാണത്തിന് 72796. 16 രൂപയും വെള്ളം ബെയിൽ ഔട്ട് ചെയ്യുന്നതിന് 39538.62 രൂപയും അനുവദിച്ചതായി രേഖപ്പെടുത്തിയത് സംശയാസ്പദമാണ് .

ഓഡിറ്റ് എൻക്വയറി 74/25.03.2023 പ്രകാരം അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 57553.72 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അവശേഷിക്കുന്ന ചെലവ് തുക 2781640.28 രൂപ തടസ്സത്തിൽ വെക്കുന്നു. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 1-75 പൊതു മരാമത്ത് പ്രവൃത്തികൾ- ഒരു വിലയിരുത്തൽ

ഓഡിറ്റ് വർഷം മലപ്പുറം ജില്ലാ പഞ്ചായത്തിൽ എഞ്ചിനീയറിങ് വിങ്ങിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നിർവഹണോദ്യോഗസ്ഥരായി പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. കൂടാതെ, അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനും എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്. സുലേഖ ചെലവ് പത്രിക പ്രകാരം മരാമത്ത് പ്രവൃത്തികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
|---|---|---|
| സ്പിൽ ഓവർ പ്രോജക്ടുകൾ | 05 | 426 |
| തൻവർഷ പ്രോജക്ടുകൾ | 3 | 593 |
| ആകെ (1+2) | 08 | 1019 |
| ആകെ അടങ്കൽ | 34973163 | 1311017101 |
| നിർവഹണം നടത്തിയത് | 03 | 536 |
| ചെലവ് തുക | 24648384 | 530050946 |
| ചെലവ് ശതമാനം | 70 | 40.43 |
| നിർവഹണം നടത്താതിരുന്നത് | 05 | 483 |
| വിനിയോഗിക്കാതിരുന്ന തുക (4-6) | 10324779 | 780966155 |

1)വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല .

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെലവഴിക്കാനായത് അടങ്കലിന്റെ 70 ശതമാനവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 40.43 ശതമാനവും മാത്രമാണ് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 1027 (08+1019) പ്രോജക്ടുകളിൽ 488 പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ജില്ലാ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 79.12 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. 791290934 രൂപയുടെ വികസന സാധ്യതകൾ ജില്ലയിലെ പൊതു സമൂഹത്തിന് നഷ്ടപെട്ടു എന്ന് വിലയിരുത്താവുന്നതാണ്. മുൻവർഷം ഇത് 56.12 കോടി രൂപയായിരുന്നു എന്ന് കാണാവുന്നതാണ്. വ്യാപകമായ തോതിൽ പ്രോജക്ടുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2)പ്രോജക്ടുകളുടെ എണ്ണം കൂടുതൽ

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് ഡിവിഷനുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടും , ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതി 79.12 കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ മലപ്പുറം ജില്ലയിലെ പൊതുസമൂഹത്തിന് നഷ്ടപ്പെടാൻ ഇടയാക്കി.

യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ ഏതാനും ഭാഗം മാത്രം വർക്ക് ചെയ്യുന്നതായും, കെട്ടിടങ്ങളുടെ ഭാഗികമായ പ്രവൃത്തികൾ മാത്രം ചെയ്യുന്നതായും കാണുന്നു. കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ, കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റ് ആയി വേണം തയ്യാറാക്കേണ്ടത് എന്ന് പദ്ധതി മാർഗരേഖ സ.ഉ (കൈ) 11/2018/തസ്വഭവ തീയതി 29.01.2018 നമ്പർ ഉത്തരവിലെ ഖ: 3.5 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിലെ എഞ്ചിനീയറിങ്ങ് വിങ്ങിന്റെ സ്റ്റാഫ് സ്ട്രെങ്ങ്ത്ത് ഇപ്രകാരമാണ്.

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഡ്രാഫ്റ്റ്സ് മാൻ | 4 |

നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ട് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ലഭ്യമായ തുക പൂർണമായും ചെലവഴിക്കാനും പ്രയോജനപ്പെടുത്താനും സാധിക്കുന്ന വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കുറക്കാനും സമഗ്ര സ്വഭാവമുള്ളതും എല്ലാ വർക്കുകളും പൂർത്തിയാവുന്ന വിധത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

3)സ്വന്തം ആസ്തിയിലല്ലാത്ത വർക്കുകൾ

ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തിയ ഭൂരിഭാഗം പ്രോജക്ടുകളും ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിലാണ് എന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തുകളുടെ അറിവോ അനുമതിയോ ഇല്ലാതെയും ഇതേ വർക്കിന് ഗ്രാമ പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാതെയുമാണ് പല പ്രോജക്ടുകളും ഏറ്റെടുത്ത് നടത്തുന്നത് എന്നും വർക്ക് ഫയലുകളിൽ നിന്ന് വ്യക്തമാവുന്നു. ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപെട്ട റോഡുകൾ, സ്ഥാപനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവയിൽ പൂർണ ശ്രദ്ധ നൽകാതെ, യഥേഷ്ടം ചെറിയ അടങ്കലുകളുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനും ചെലവ് കുറയുന്നതിനും കാരണമാകുന്നു.

ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകൾ ജില്ലയിലെ തന്നെ പ്രധാന റോഡുകളാണ്. പ്രത്യേക പരിഗണന അർഹിക്കുന്നതും കൂടുതൽ യാത്രക്കാരും വാഹന ഉപയോഗവുമുള്ള ജില്ലാ പഞ്ചായത്തിന്റെ റോഡുകളിൽ പലതും ആധുനികവൽക്കരണത്തിന്റെ ഗുണഫലങ്ങൾ ഇല്ലാത്തതാണ് എന്ന് കാണുന്നു. വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിച്ചാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ട റോഡുകൾ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ റബറൈസ് ചെയ്ത് ആധുനികവൽക്കരിക്കുന്നതിനും, നിർമാണ ഘട്ടത്തിലുള്ള മറ്റ് ആസ്തികൾ പൂർണമായും പ്രവർത്തന സജ്ജമാക്കുന്നതിനും സാധ്യമാവും എന്ന വസ്തുത ഭരണ സമിതി പരിഗണിക്കേണ്ടത് അനിവാര്യമാണ്.

4) സ്പിൽ ഓവർ പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവറാകുന്നു .

സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി സ്ഥലം കൈമാറിയ ശേഷം അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽ വർക്കുകൾ പൂർത്തിയക്കാത്ത സാഹചര്യം വരുന്നു. പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ കരാറുകാർ അനാസ്ഥ കാണിക്കുന്നതായി ഫയലിൽ കാണാം. പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതും പ്രോജക്ടുകളുടെ ആധിക്യവും വളരെയധികം പ്രവൃത്തികൾ സ്പിൽ ഓവറാകാൻ ഇടയാക്കുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ 122 എണ്ണം ഇത്തവണയും പൂർത്തിയാക്കാനായില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. മുൻ

വർഷം ഇത് 68 എണ്ണമായിരുന്നു എന്നതും ശ്രദ്ധേയമാണ്.

## 1-76 അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ - മാർഗ്ഗരേഖ പാലിക്കുന്നില്ല

അക്രഡിറ്റഡ് ഏജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവഹിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തി സർക്കാർ GO(P) 67/2021/Fin Dated 28.04.2021 പ്രകാരം ഏകീകൃത മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ ഉത്തരവിലെ ഖണ്ഡിക 5.1 " Under Normal Circumstances , The Public Work May Be Executed Through Designated Engineering Department Or PSU Since Establishment Cost Of The Same Is Met By The Government Or PSU Concerned And There Are No Additional Financial Commitment On Account Of PMC Charges " എന്നും ഏതെല്ലാം ഘട്ടത്തിലാണ് ഏജൻസികളെ സമീപിക്കേണ്ടത് എന്ന് വിശദമാക്കുന്ന ഉത്തരവിലെ ഖണ്ഡിക 5.2 " However, If There Are Circumstances Warranting The Service Of Accredited Agencies Like Specialized Nature Of Work , Time Limit Fixed By Funding Agency , Heavy Work Load Of Designated Agency Etc. The Administrative Department May Seek The Services Of A Competent Accredited Agency For The Work "എന്നുമാണ് മാർഗരേഖയിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ഏജൻസികളെ കണ്ടെത്തുന്ന കാര്യത്തിലും , അവരുടെ Competency വിലയിരുത്ത കാര്യത്തിലും , ഏൽപിക്കാവുന്ന പ്രവൃത്തികൾ നിശ്ചയിക്കുന്ന കാര്യത്തിലും പിഴവ് വന്നിട്ടുണ്ട് എന്ന് ഏജൻസികൾ മുഖേന നടത്തിയ പ്രവൃത്തികളുടെ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

2021-22 വർഷം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹണം നടത്തിയ , ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനക്ക് ലഭ്യമായ ഫയലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഏജൻസി | ചെലവ് (കരാറുകാരന് ) | സെന്റേജ് ചാർജ് (ഏജൻസിക്ക് ) | പ്രവൃത്തി ഇനം | ആകെ ചെലവ് |
|---|---|---|---|---|---|---|
| 1 | 1422/22 - മേലേമുക്ക് മുണ്ടിതൊടിക റോഡ് മെയിന്റനൻസ് - പൂക്കോട്ടൂർ<br>Estimate Id : 2021/19057 | SIDCO | 1382045<br>12340 – IT<br>12340 - WF<br>24680- Gst-tds<br>1332685-Ctr | 116487<br>1974 – IT<br>1976- Gst<br>112537-Sidco | റീടാറിങ്ങ്, ഐറിഷ് ഡ്രയിൻ | 1498532 |
| 2 | 1232/22 ഒടമല അമ്പലക്കുന്ന് റോഡ് ഡ്രൈനേജ് - ആലിപ്പറമ്പ് | Silk | 1374349<br>12271 – IT<br>12271- WF<br>24542- Gst-tds<br>1325265-Ctr | 115838<br>1963 – IT<br>1964- Gst<br>111911-Silk | ഐറിഷ് ഡ്രൈൻ, RCC വാൾ | 1490187 |
| 3 | 1171/22 വളപുരം കെ.പി കുളമ്പ് അമ്പലപ്പടി റോഡ് - പുലാമന്തോൾ<br>Estimate Id : 2021/12866 | Kel | 8295242<br>74065 – IT<br>74065- WF<br>148130- Gst-tds<br>7998982-Ctr | 699170<br>11850- IT<br>11850- Gst<br>675470-Kel | റീടാറിങ്ങ്, ഐറിഷ് ഡ്രൈൻ | 8994412 |
| 4 | 88/22 പള്ളിമുക്ക് തെറവത്ത് കുഴിമണ്ണ റോഡ് - മൊറയൂർ<br>Estimate Id : 2021/18953 | SIDCO | 1381065<br>12331 – IT<br>12331- WF<br>24662- Gst-tds | 116405<br>1973- IT<br>1974- Gst<br>112458-Sidco | റോഡ് കോൺക്രീറ്റ്. | 1497470 |

| | | | | | | |
|---|---|---|---|---|---|---|
| | | | 1331741-Ctr | | | |
| 5 | 327/22 മദിരശ്ശേരി പമ്പ് ഹൗസ് റോഡ് റീടാറിങ്ങ് - തവനൂർ<br>Estimate Id : 2021/13849 | Kel | 1382838<br>12347- IT<br>12347- WF<br>24694- Gst-tds<br>1333450-Ctr | 116553<br>1975- IT<br>1976- Gst<br>112602-Kel | റോഡ് റീടാറിങ്ങ് | 1499391 |
| 6 | 1385/22 ചെമ്മന്തട്ട ആറ്റമല പട്ടികജാതി കോളനി സമഗ്ര വികസനം - കീഴാറ്റൂർ<br>Estimate Id : 2021/18859 | SIDCO | 3679968<br>32857- IT<br>32857- WF<br>65714 - Gst-tds<br>3548540-Ctr | 310169<br>5257- IT<br>5258- Gst<br>299654- Sidco | RCC വാൾ | 3990137 |
| 7 | 73/22 മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങ് , ഡ്രൈനേജ് നിർമ്മാണം - വേങ്ങര<br>Estimate Id : 2021/12863 | Kel | 12225078<br>109152- IT<br>109152- WF<br>218304- Gst-tds<br>11788470-Ctr | 772800<br>13098- IT<br>13098- Gst<br>746604-Kel | റീ ടാറിങ്ങ് , ഡ്രൈനേജ്, സൈഡ് സംരക്ഷണം | 12971682 |
| 8 | 64/22 തെക്കൻകുറ്റൂർ സൌത്ത് പല്ലാർ റോഡ് റീടാറിങ്ങ് - തിരുനാവായ<br>Estimate Id : 2021/13878 | Kel | 2766234<br>24699- IT<br>24699- WF<br>49398- Gst Tds<br>2667438-Ctr | 233154<br>3952- IT<br>3952- Gst<br>225250-Kel | റീ ടാറിങ്ങ് | 2999388 |
| 9 | 338/22 വലിയകുന്ന് എസ്.സി കോളനി കണ്ണംകുളം നവീകരണം. - ഇരിമ്പിളിയം<br>Estimate Id : 2021/14059 | SIDCO | 3688263<br>32931- IT<br>32931- WF<br>65862- Gst-tds<br>3556539-Ctr | 310867<br>5269- IT<br>5268- Gst<br>300330-Sidco | കുളം നവീകരണം | 3999130 |
| 10 | 951/22 പനക്കൽ എസ്.സി കോളനി ഭവന സുരക്ഷ – പൂക്കോട്ടൂർ<br>Estimate Id : 2020/14859 | Kel | 919377<br>8209- IT<br>8209- WF<br>16418- Gst-tds<br>886541-Ctr | 77491<br>1313- IT<br>1314- Gst<br>74864-Kel | RCC വാൾ | 996868 |
| 11 | 326/22 മറവഞ്ചേരി തൃക്കണാപുരം റോഡ് റീടാറിങ്ങ് , സൈഡ് കോൺക്രീറ്റ് - തവനൂർ<br>Estimate Id : 2021/13827 | Kel | 1843972<br>16464- IT<br>16464- WF<br>32930- Gst-tds | 155420<br>2634- IT<br>2636- Gst<br>150150-Kel | റീടാറിങ്ങ് , സൈഡ് കോൺക്രീറ്റ് | 1999392 |

| | | | | | | |
|---|---|---|---|---|---|---|
| | | | 1778114-Ctr | | | |
| 12 | 435/22 മുള്ള്യാകുർശി ലിഫ്റ്റ് ഇറിഗേഷൻ - കീഴാറ്റൂർ<br>Estimate Id : 2021/9708 | SIDCO | 2304471<br>20576- IT<br>20576- WF<br>41152- Gst-tds<br>2222167-Ctr | 194234<br>3292- IT<br>3292- Gst<br>187650-Sidco | വി. സി. ബി നിർമ്മാണം | 2498705 |
| 13 | 325/22 കാരത്തൂർ ബീരാഞ്ചിറ റോഡ് റീടാറിങ്ങ് , കോൺക്രീറ്റിങ്ങ് - തിരുനാവായ<br>Estimate Id : 2021/13790 | Kel | 1843971<br>16464- IT<br>16464- WF<br>32928- Gst-tds<br>1778115-Ctr | 155420<br>2634- IT<br>2634- Gst<br>150152-Kel | റീടാറിങ്ങ് , സൈഡ് കോൺക്രീറ്റ് | 1999391 |
| 14 | 788/22 പൂളമംഗലം ZMHS റോഡ് പുനരുദ്ധാരണം - ആതവനാട്<br>Estimate Id : 2020/14678 | Kel | 921405<br>8227- IT<br>8227- WF<br>16454- Gst-tds<br>888497-Ctr | 77661<br>1316- IT<br>1316- Gst<br>75029-Kel | റീടാറിങ്ങ് , ഐറിഷ് ഡ്രൈൻ | 999066 |
| 15 | 328/22 നേഡറ്റ് എൻ. എച്ച് ഭാരതപ്പുഴ റോഡ് റീടാറിങ്ങ് - തവനൂർ<br>Estimate Id : 2021/13790 | Kel | 1381358<br>12334- IT<br>12334- WF<br>24668- Gst-tds<br>1332022-Ctr | 116428<br>1974- IT<br>1974- Gst<br>112480-Kel | റീടാറിങ്ങ് | 1497786 |
| 16 | 490/22 ZMHS പൂളമംഗലം റോഡ് പുനരുദ്ധാരണം - ആതവനാട്<br>Estimate Id : 2020/3519 | Kel | 1843243<br>16458- IT<br>16458- WF<br>32916- Gst-tds<br>1777411-Ctr | 155358<br>2633- IT<br>2634 Gst<br>150091-Kel | റീടാറിങ്ങ് , ഐറിഷ് ഡ്രൈൻ | 1998601 |
| 17 | 885/22 പന്തീരായിപ്പാടം തോട് ഇംപ്രൂവ്മെന്റ് - നന്നമ്പ്ര | Kel | 1844532<br>16469- IT<br>16469- WF<br>32938- Gst-tds<br>1778656-Ctr | 155467<br>2635- IT<br>2636 Gst<br>150196-Kel | തോട് RCC സൈഡ് കെട്ടൽ | 1999999 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 65/22 കൊടവമ്പൻപടി ചോലക്കാട് റോഡ് - പൊൻമുണ്ടം<br>Estimate Id : 2021/16242 | Kel | 1843454<br>16460- IT<br>16460- WF<br>32920- Gst-tds<br>1777614-Ctr | 155377<br>2633- IT<br>2634 Gst<br>150110-Kel | റോഡ് കോൺക്രീറ്റ് | 1998831 |
| 19 | 1407/22 വലിയകല്ല് മൊട്ട അല്ലൂർ റോഡ് പൂനരുദ്ധാരണം - വളവന്നൂർ<br>Estimate Id : 2021/13790 | Kel | 1366269<br>12199- IT<br>12199- WF<br>24398- Gst-tds<br>1317473-Ctr | 115157<br>1952- IT<br>1952 Gst<br>111253-Kel | റീടാറിങ്ങ് | 1481426 |
| 20 | 491/22 മുട്ടിക്കാട് ചിനക്കൽ ചെനപ്പുറം റോഡ് - തിരുനാവായ<br>Estimate Id : 2021/13861 | Kel | 1843971<br>16464- IT<br>16464- WF<br>32928- Gst-tds<br>1778115-Ctr | 155420<br>2634- IT<br>2634 Gst<br>150152-Kel | റീടാറിങ്ങ് | 1999391 |
| 21 | 892/22 കുറുക്കോൾ തുറക്കൽപ്പടി റോഡ് - വളവന്നൂർ<br>Estimate Id : 2020/14667 | Kel | 909103<br>8117- IT<br>8117- WF<br>16234- Gst-tds<br>876635-Ctr | 76624<br>1299- IT<br>1300- Gst<br>74025-Kel | റീടാറിങ്ങ് | 985727 |
| 22 | 940/22 നെച്ചിയിൽ അംബേദ്കർ കോളനി ഭവന സുരക്ഷ – പൂക്കോട്ടൂർ<br>Estimate Id : 2020/3566 | Kel | 3703704<br>33069- IT<br>33069- WF<br>66138- Gst-tds<br>3571428-Ctr | 312169<br>5291- IT<br>5292- Gst<br>301586-Kel | RCC വാൾ | 4015873 |
| 23 | 837/22 പൊറ്റമ്മൽ കോളനി ഭവന സുരക്ഷ – ആനക്കയം<br>Estimate Id : 2021/2687 | Kel | 8527426<br>76138- IT<br>76138- WF<br>152276- Gst-tds<br>8222874-Ctr | 692428<br>11736- IT<br>11736- Gst<br>668956-Kel | RCC വാൾ | 9219854 |
| 24 | 281/22 തെക്കേക്കര എസ്.സി കോളനി സമഗ്ര വികസനം - പൊൻമള<br>Estimate Id : 2021/18860 | SIDCO | 1376236<br>12288- IT<br>12288- WF<br>24576- Gst-tds<br>1327084-Ctr | 115998<br>1966- IT<br>1966- Gst<br>112066-Kel | RCC വാൾ<br>DR വാൾ | 1492234 |

| | | | | | | |
|---|---|---|---|---|---|---|
| 25 | 1194/22 മൈലൂത്ത് പുലത്ത് തച്ചുണ്ണി റോഡ് - തൃക്കലങ്ങോട്<br>Estimate Id : 2021/13781 | SIDCO | 2305076<br>20581- IT<br>20581- WF<br>41164- Gst-tds<br>2222750-Ctr | 194285<br>3293- IT<br>3294- Gst<br>187698-Kel | റീടാറിങ്ങ് | 2499361 |
| 26 | 1376/22 ചട്ടിപ്പറമ്പ് കടന്നാമുട്ടി കാടാമ്പുഴ റോഡ്<br>പൊൻമള<br>Estimate Id : 2021/19017 | SIDCO | 1376997<br>12295- IT<br>12295- WF<br>24590- Gst-tds<br>1327817-Ctr | 110398<br>2208- IT<br>2208- Gst<br>105982-Sidco | റോഡ് കോൺക്രീറ്റ് | 1487395 |
| 27 | 1196/22 കരിമ്പനശ്ശേരി എസ്.സി കോളനി ഭവന സുരക്ഷ – തിരുവാലി<br>Estimate Id : 2021/13805 | SIDCO | 1842129<br>16448- IT<br>16448- WF<br>32896- Gst-tds<br>1776337-Ctr | 155266<br>2632- IT<br>2632- Gst<br>150002-Kel | DR വാൾ<br>RCC Belt | 1997395 |
| 28 | 1467/22 കൊള്ളിത്തൊടി പട്ടിതജാതി കോളനി ഭവന സുരക്ഷ – കുട്ടിലങ്ങാടി<br>Estimate Id : 2022/1894 | Kel | 5526046<br>49340- IT<br>49340- WF<br>98680- Gst-tds<br>5328686-Ctr | 349325<br>5921- IT<br>5920- Gst<br>337484-Kel | വാൾ, റോഡ് | 5875371 |
| 29 | 21/22 മില്ലുംപടി ചട്ടിപ്പടി റോഡ് - കുറുവ<br>Estimate Id : 2021/23796 | SIDCO | 3215091<br>28707- IT<br>28707- WF<br>57414- Gst-tds<br>3100263-Ctr | 270986<br>4593- IT<br>4592- Gst<br>261801-Kel | റീടാറിങ്ങ് | 3486077 |
| 30 | 566/22 കടുക്കാപ്പറമ്പ് എസ്.സി കോളനി ഭവന സുരക്ഷ – ഏലംകുളം<br>Estimate Id : 2020/3567 | Kel | 915956<br>8178- IT<br>8178- WF<br>16358- Gst-tds<br>883242-Ctr | 77202<br>1309- IT<br>1310- Gst<br>74583-Kel | RCC വാൾ | 993158 |
| 31 | 367/22 നെച്ചിത്തടം കുളം നിർമ്മാണം - തൃക്കലങ്ങോട്<br>Estimate Id : 2021/19504 | SIDCO | 2297528<br>20514- IT<br>20514- WF<br>41028- Gst-tds<br>2215472-Ctr | 193649<br>3282- IT<br>3282- Gst<br>187085-Kel | കുളം നിർമ്മാണം | 2491177 |

| | | | | | | |
|---|---|---|---|---|---|---|
| 32 | 66/22 ചെനപ്പുറം വെള്ളരിക്കുളം പൂത്തൂർപള്ളി റോഡ് -പൊൻമുണ്ടം<br>Estimate Id : 2021/13790 | Kel | 1382839<br>12347- IT<br>12347- WF<br>24694- Gst-tds<br>1333451-Ctr | 116554<br>1975- IT<br>1976- Gst<br>112603-Kel | റോഡ് റീടാറിങ്ങ് | 1499393 |
| 33 | 848/22 നീണ്ടാരത്തിൽ കോളനി ഭവന സുരക്ഷ -പൂക്കോട്ടൂർ<br>Estimate Id : 2020/3544 | Kel | 2734084<br>24411- IT<br>24411- WF<br>48822- Gst-tds<br>2636440-Ctr | 230445<br>3906- IT<br>3906- Gst<br>222633-Kel | RCC വാൾ | 2964529 |

സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപിച്ച് നൽകാൻ വ്യവസ്ഥയുള്ളൂ എന്നും എഞ്ചിനീയറിങ്ങ് വിങ്ങ് ഉള്ള വകുപ്പുകൾക്ക് തങ്ങളുടെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് സാങ്കേതിക മികവ് ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ / ഭരണ വകുപ്പിന്റെ (Administrative Department) മുൻകൂർ അനുമതിയോടെ മാത്രമേ ഏജൻസികൾക്ക് നൽകാൻ കഴിയൂ എന്നും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ , യാതൊരു വിധ മുൻഗണനകളും പരിഗണിക്കാതെയും , സർക്കാർ മാർഗനിർദേശങ്ങൾ അവഗണിച്ചും കൂടുതൽ കൂടുതൽ പ്രവൃത്തികൾ ഓരോ വർഷവും അക്രഡിറ്റഡ് ഏജൻസികളെ ഏൽപിക്കുന്ന പ്രവണതയാണ് കണ്ട് വരുന്നത്.

ഏജൻസികളെ പി.എം.സി ആയി പ്രവൃത്തികൾ ഏൽപ്പിക്കുന്ന കാര്യത്തിൽ താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പൊതു സമീപനങ്ങൾ സ്വീകരിക്കാനാവുന്നില്ല.

എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന കാര്യത്തിൽ എഞ്ചിനീയറിങ്ങ് വിങ്ങ് Common Specifications ഉപയോഗിക്കുന്നുണ്ട്. ഇത് നിരക്ക് ഏകീകരിക്കുന്നതിനും അധിക ചെലവ് വരാതിരിക്കാനും സഹായകമാണ്. എന്നാൽ , ഒരേ ഇനത്തിന് തന്നെ വ്യത്യസ്തവും വളരെ ഉയർന്നതുമായ നിരക്കുകളാണ് ഏജൻസികൾ ഈടാക്കുന്നത്. ആയത് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധനാ വിധേയമാക്കിയാൽ വ്യക്തമാവുന്നതാണ്. എർത്ത് വർക്ക്, സൈഡ് കോൺക്രീറ്റ് , സൈഡ് വാൾ കോൺക്രീറ്റ് എന്നിവക്ക് ഉയർന്ന നിരക്ക് ഈടാക്കുന്നത് ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. മൽസരമില്ലാത്ത ടെണ്ടറുകൾ.

എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടറിൽ മൽസരം നടക്കുന്നതായും 20 ശതമാനം വരെ ടെണ്ടർ ബിലോ വരുന്നതായും കാണുന്നു. എന്നാൽ , ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികളുടെ കാര്യത്തിൽ മൽസരം സാങ്കേതികം മാത്രമാണ്. ഒരു പ്രവൃത്തിയിൽ പോലും ടെണ്ടർ ബിലോ വന്നിട്ടില്ല എന്ന് ബോധ്യമാവുന്നു. ടെണ്ടറിൽ മൂന്ന് കരാറുകാർ പങ്കെടുക്കുന്നതായും എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കാരാറുകാരനാണ് 'കുറഞ്ഞ നിരക്ക്' രേഖപ്പെടുത്തുന്നത് എന്നും വ്യക്തമാവുന്നു. പരസ്പര ധാരണയോടെയുള്ള ഇത്തരം ടെണ്ടറുകൾ പഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടുത്താനും പ്രവൃത്തികളുടെ നിർവഹണത്തിലെ സുതാര്യത ഇല്ലാതാക്കാനും മാത്രമെ ഉപകരിക്കു എന്ന് അറിയിക്കുന്നു. ടെണ്ടർ ബിലോ വഴി അധിക ഫണ്ട് കണ്ടെത്താൻ സാഹചര്യം ഒരുക്കുന്നതിന് പകരം , സെന്റേജ് ചാർജ് ഇനത്തിൽ ഭീമമായ തുക നഷ്ടപെടാൻ ഈ സമീപനം ഇടയാക്കുന്നു .

3.ഗുണ നിലവാരമില്ലാത്ത പ്രവൃത്തികൾ.

പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത തോട് സംരക്ഷണ പ്രവൃത്തിയിൽ അളവ് ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ഫൗണ്ടേഷൻ നൽകിയിട്ടില്ല എന്ന കാര്യം സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കൂടാതെ , പട്ടുകുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് നിർമ്മാണ ഘട്ടത്തിൽ തന്നെ തകർന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് പരാമർശങ്ങൾ ഉൾപെടുത്തിയത് കാണുക )പൊതു സമൂഹത്തിന്റെ ജീവൻ അപകടത്തിലാക്കുന്ന വിധത്തിൽ ഏജൻസികൾ ഈ സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നതായി വ്യക്തമാവുന്നു.

4. അളവുകളിൽ ക്രമക്കേട്

ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി കാണിച്ച് തുക കൈപ്പറ്റിയ കേസുകൾ വ്യാപകമായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അളവുകൾ രേഖപ്പെടുത്തുന്ന സൈറ്റ് എഞ്ചിനീയർ സൈറ്റിൽ വരാതെ എസ്റ്റിമേറ്റ് മാത്രം പരിശോധിച്ച് അളവുകൾ മെഷർ , ചെക്ക് മെഷർ ചെയ്യുന്നതായിട്ടാണ് മനസ്സിലാകുന്നത്. പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ പ്രവൃത്തിയിലെ കരിങ്കൽ കെട്ട് , കൊള്ളിത്തൊടി കോളനി ഭവന സുരക്ഷ പ്രവൃത്തിയിലെ ചെങ്കൽകെട്ട് , പന്തീരായിപ്പാടം തോട് പുരോഗമന പ്രവൃത്തിയിലെ പ്ലാസ്റ്ററിങ്ങ് എന്നിവ ഈ വസ്തുത അടിവരയിടുന്നു.

5.യുക്തിക്ക് നിരക്കാത്ത രീതികൾ

കോളനി ഭവന സുരക്ഷ എന്ന പേരിൽ കോളനിയിലെ പൊതു ഇടങ്ങളായ റോഡ് സൈഡ് , സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ അതിര് എന്നിവ സംരക്ഷിക്കുന്ന പ്രവൃത്തികളും വ്യാപകമായ തോതിൽ നിർവഹിക്കപ്പെടുന്നുണ്ട്. എഞ്ചിനിയറിങ്ങ് വിങ്ങ് മുഖേനയുള്ള പ്രവൃത്തികളിൽ സൈഡ് സംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി കരിങ്കൽ കെട്ടും ചെങ്കൽ കെട്ടുമാണ് പരിഗണിക്കുന്നത്. ഗുണഭോക്താക്കൾ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും ഇതാണ്. എന്നാൽ , ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികളിൽ കോൺക്രീറ്റ് വാളുകളാണ് നിർമിക്കുന്നത് . ഈ കോൺക്രീറ്റ് വാളുകൾക്ക് അർഹമായതിലും അധികം വീതിയും നൽകിയിട്ടുണ്ട് എന്ന് കാണാവുന്നതാണ്. ആരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല. ഭവന സുരക്ഷ വർക്കുകളുടെ ഗുണനിലവാരം, സ്വീകരിച്ച സമീപനങ്ങൾ, ഗുണഭോക്താക്കളുടെ വിലയിരുത്തൽ എന്നിവ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

6.കമ്പിയുടെ ഉപയോഗത്തിൽ വ്യക്തതയില്ല.

കോളനി ഭവന സുരക്ഷ എന്ന പേരിലുള്ള പ്രവൃത്തികളിൽ അമിതമായ അളവിൽ കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കമ്പി ഉപയോഗിക്കുകയേ ചെയ്തിട്ടില്ല എന്ന് ഗുണഭോക്താക്കൾ വിശദമാക്കുകയുണ്ടായി. ഒരു സൈറ്റിൽ ഒന്നോ രണ്ടോ സ്ഥലത്ത് മാത്രം കമ്പി ഉപയോഗിക്കുകയും , എല്ലാ സൈറ്റിലും കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ചെയ്യുന്നതായിട്ടാണ് കാണുന്നത്. ഇത് അപകടകരമായ പ്രവണതയാണ്. ഗുണഭോക്താക്കളുടെ വെളിപ്പെടുത്തൽ കേവലമായ പ്രസ്താവനയായി കാണാനാവില്ല. വിശദമായ സാങ്കേതിക പരിശോധന ആവശ്യമായ വിഷയമാണിത്. ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനാ സാധ്യതകൾക്ക് അപ്പുറം സാങ്കേതിക പരിശോധനയും വിലയിരുത്തലും നടത്തിയാൽ മാത്രമേ ഈ മേഖയലിൽ ഏജൻസികൾ നടത്തിയ ക്രമക്കേടുകൾ പുറത്ത് കൊണ്ട് വരാൻ കഴിയുകയുള്ളൂ.

7. കെൽ മുഖേനയുള്ള പ്രവൃത്തികൾ - ക്രമക്കേടുകൾ വ്യാപകം.

കെൽ , സിഡ്കോ, ആർട്കോ എന്നീ ഏജൻസികൾ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ട്. ആർട്കോ പ്രധാനമായും ഫർണിഷിങ്ങ് പ്രവൃത്തികളാണ് ചെയ്യുന്നത്. നിർവ്വഹണത്തിലെ അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. സിഡ്കോ റോഡ് പ്രവൃത്തികളും സൈഡ് സംരക്ഷണ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. സിഡ്കോയുടെ പ്രവൃത്തികൾ നേരിട്ട് പരിശോധിച്ചതിൽ ഗുരുതര സ്വഭാവമുള്ള പിഴവുകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. അപാകതകൾ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ, കെൽ മുഖേന നിർവഹണം നടത്തിയ മിക്ക വർക്കുകളും തൃപ്തികരമായ വിധത്തിൽ പൂർത്തിയാക്കിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും , നിർവ്വഹണം നടത്തുന്നതിലും , അളവുകൾ രേഖപ്പെടുത്തുന്നതിലും , ഉപയോഗിച്ച മെറ്റീരിയലുകളിലും ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ടുണ്ട്. കെൽ മുഖേന നടത്തിയ ഭവന സുരക്ഷാ വർക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ വന്നിട്ടുണ്ട്. ആയത് വിശദമായ പരിശോധന ആവശ്യമായ വിഷയമാണ്.

8. കരാറുകാരുടെ സെലക്ഷൻ പരിശോധിക്കപ്പെടേണ്ടതാണ്.

കെൽ മുഖേനയുള്ള പ്രവൃത്തികളിൽ 90 ശതമാനവും നിർവ്വഹിച്ചത് ശ്രീ. അക്ബർ അലി എന്ന കരാറുകാരനാണ്. കെൽ നിർവ്വഹണം നടത്തിയ എല്ലാ ഭവന സുരക്ഷാ പ്രോജക്ടുകളും ചെയ്തിട്ടുള്ളത് ഈ കരാറുകാരനാണ്. ഈ കരാറുകാരന്റെ വർക്കുകളിൽ ഗുണനിലവാരമില്ലായ്മ പ്രകടമാണ്. പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പ്രോജക്ടിന്റെ ഭാഗമായി ചെയ്ത തോട് സംരക്ഷണ പ്രവൃത്തിയിലും കൂടാതെ , പട്ട്കുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിലും , മറ്റ് ഭവന സംരക്ഷണ പ്രവൃത്തികളിലും ഗുരുതര സ്വഭാവമുള്ള ക്രമക്കേടുകൾ ഓഡിറ്റ് പരാമർശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനാ സാധ്യതകൾക്കും അപ്പുറത്താണ് ഈ ക്രമക്കേടുകൾ എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഈ കരാറുകാരന്റെ പ്രവൃത്തികൾ സൂക്ഷ്മ വിശകലനം നടത്തേണ്ടത് അനിവാര്യമാണ്. പൊതുഫണ്ട് ഉപയോഗപ്പെടുത്തുന്നതിൽ നൈതികത പുലർത്താൻ കരാറുകാരന് സാധിച്ചിട്ടില്ല എന്ന വസ്തുത , ഈ കരാറുകാരന്റെ പ്രവൃത്തികൾ നേരിൽ പരിശോധിച്ചാൽ ബോധ്യമാവുന്നതാണ്. ഈ കരാറുകാരൻ ചെയ്ത പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിങിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്താൻ ശുപാർശ ചെയ്യുന്നു. കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതും നിലവിലുള്ള കരാറുകൾ പുന:പരിശോധിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ഭരണസമിതി തീരുമാനം

2022-23 സാമ്പത്തിക വർഷവും 92 പ്രോജക്ടുകൾ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്താൻ ഭരണ സമിതിയുടെ 30.09.2022ലെ 2/2 തീരുമാനമുണ്ട്. ഇലക്ട്രിക്കൽ , ഇലക്ട്രോണിക്സ്, മെക്കാനിക്കൽ പ്രവൃത്തികൾ ഒഴികെയുള്ളവ എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവ്വഹിക്കുന്നതിന് സാങ്കേതികമോ പ്രായോഗികമോ ആയ പ്രയാസങ്ങൾ ഇല്ല എന്ന് എഞ്ചിനീയറിങ്ങ് വിഭാഗം രേഖാമൂലം അറിയിക്കുകയും , ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യത്തിൽ നിയമപരമായ തടസ്സങ്ങൾ നിലനിൽക്കുന്നതായി സെക്രട്ടറി വിശദമായ രീതിയിൽ ഭരണസമിതിയെ ബോധ്യപ്പെടുത്തുകയും , ജനപ്രതിനിധികൾ വിയോജനം രേഖപ്പെടുത്തുകയും ചെയ്തിട്ടും ഏകപക്ഷീയമായ നിലപാടാണ് ഭരണ സമിതി സ്വീകരിച്ചത് എന്ന് മിനട്സ് പരിശോധനയിൽ നിന്ന് വ്യക്തമാവുന്നു. ഈ പ്രവൃത്തികൾ എല്ലാം റോഡ് , തോട്, ഭവന സുരക്ഷാ പ്രവൃത്തികൾ ആണ് എന്നും മിനട്സിൽ കാണുന്നു.

<u>10. വസ്തുതാപരമല്ലാത്ത ന്യായീകരണം</u>

മതിയായ സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്തതിനാൽ വലിയ തോതിൽ പ്രോജക്ടുകൾ സ്പിൽ ഓവറാവുകയും ഭീമമായ തുക ലാപ്സാവുകയും ചെയ്യുന്നു എന്നതാണ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നതിന് ന്യായീകരണമായി ഉയർത്തുന്നത്. മതിയായ സ്റ്റാഫ് പാറ്റേൺ ഇല്ല എന്നത് സർക്കാർ നിർദേശങ്ങൾ മറികടക്കാൻ ന്യായമാവുന്നില്ല. മതിയായ സ്റ്റാഫ് അനുവദിക്കാൻ ഭരണതലത്തിൽ നിരന്തര ഇടപെടലുകൾ നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ ആധിക്യമാണ് ഫണ്ട് നഷ്ടപ്പെടുത്താൻ ഇടയാക്കുന്നത് എന്ന് ഓഡിറ്റ് വിഭാഗം വിലയിരുത്തുന്നു. ഈ വസ്തുത 2020-21 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. ചെറിയ തുക വകയിരുത്തി കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കുക എന്ന സമീപനമാണ് ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്നത്. ഒരു പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ഉപകരിക്കുന്ന വിധത്തിലുള്ള നിരന്തരവും ഫലപ്രദവുമായ ആസൂത്രണം സാധ്യമാവുന്നില്ല. 14 വർഷമായിട്ടും പൂർത്തിയാക്കാനാവാത്ത വണ്ടൂർ ഗ്യാസ് ക്രിമറ്റോറിയവും, കഴിഞ്ഞ ഏഴ് വർഷമായിട്ടും പൂർത്തിയാക്കാനാവാത്ത പാരാപ്ലിജിയ രോഗികളുടെ കേന്ദ്രവും ഈ വസ്തുത അടിവരയിടുന്നു. 2021-22 വർഷം ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തിയ 70% പ്രോജക്ടുകളും ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിലാണ് എന്നതും ശ്രദ്ധേയമാണ്. സ്കൂൾ കെട്ടിടങ്ങൾ പോലും മൂന്ന് നാല് ഘട്ടങ്ങളിലായിട്ടാണ് പൂർത്തിയാക്കുന്നത് എന്ന് ഫയലുകൾ പരിശോധിച്ചാൽ കാണാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ സ്ഥാപനങ്ങളായ മൂന്ന് ജില്ലാ ആശുപത്രികൾ, ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവക്ക് മികച്ച സേവന സാഹചര്യം ഒരുക്കുന്നതിന് കാലതാമസം വരുന്നതായിട്ടാണ് സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുള്ളത്. അതേസമയം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്തതും പരമിതമായ റോൾ മാത്രമുള്ളതുമായ വൈദ്യുതി , ജലസേചനം തുടങ്ങിയ മേഖലകളിൽ അമിതമായ തോതിൽ ഇടപെടുന്നതായും പ്രോജക്ടുകൾ വെക്കുന്നതായും കാണുന്നു. ഒരു ആസ്തിയെ പൂർണമായും കാര്യക്ഷമമാക്കുന്ന വിധത്തിൽ സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രോജക്ടിൽ മതിയായ തുക വകയിരുത്തുകയും ചെയ്താൽ പ്രോജക്ടിന്റെ എണ്ണം കുറക്കാനും ലഭ്യമായ ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്താനും സാധ്യമാവും എന്ന് അറിയിക്കുന്നു. റോഡുകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി റബറൈസ് ചെയ്ത് പൊതു സമൂഹത്തിന്റെ യാത്രാനുഭവത്തിന് പകിട്ട് പകരുന്നതിന് പകരം , റോഡ് നിർമ്മാണത്തിന് പരമ്പരാഗത രീതികൾ അവലംബിക്കുന്നത് റോഡിന്റെ തകർച്ചക്ക് ഇടയാക്കുന്നതായും നിരന്തരമായി ഫണ്ട് വെക്കേണ്ട സാഹചര്യം വരുന്നതായും ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ന്യൂസ് പേപ്പർ ചാർജ്, ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ് എന്നിവ അനുവദനീയമല്ല

പരപ്പനങ്ങാടി കോക്കനട്ട് നഴ്സറി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം. 139/22- ദൈനംദിന ചെലവുകളും ഉൽപ്പാദനോപാധികൾ വാങ്ങലും എന്ന പ്രോജക്ടിന് തനതു ഫണ്ട് 10,00,000 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഓഫീസിലേക്ക് മലയാള മനോരമ പത്രം വാങ്ങുന്നതിന്റെയും ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ, 10E എന്നിവ തയ്യാറാക്കി ഫയൽ ചെയ്തതിന്റെയും ചെലവുകൾ ഇതിൽ പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ന്യൂസ് പേപ്പർ ചാർജ്

| ക്രമ നം. | വൗച്ചർ നം. / തിയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 1/21/19.04.21 | 240 | 3/21 ലെ വരിസംഖ്യ |
| 2 | 10/21-22/11.06.21 | 480 | 4/21, 5/21 ലെ വരിസംഖ്യ |
| 3 | 5/21-22/28.07.21 | 240 | 6/21 ലെ വരിസംഖ്യ |
| 4 | 6/21-22/24.08.21 | 240 | 7/21ലെ വരിസംഖ്യ |
| 5 | 4/21-22/16.09.21 | 240 | 8/21 ലെ വരിസംഖ്യ |
| 6 | 1/21-22/16.10.21 | 240 | 9/21 ലെ വരിസംഖ്യ |
| 7 | 3/21-22/30.11.21 | 240 | 10/21 ലെ വരിസംഖ്യ |
| 8 | 3/21-22/16.02.22 | 480 | 12/21, 01/22 ലെ വരിസംഖ്യ |
| 9 | 4/21-22/22.03.22 | 240 | 02/22 ലെ വരിസംഖ്യ |
| 10 | 6/21-22/31.03.22 | 240 | 03/22 ലെ വരിസംഖ്യ |
| | ആകെ | 2880 | |

ബി) ആദായ നികുതി റിട്ടേൺ ഫയലിംഗ് ചാർജ്

AVS അസോസിയേറ്റ്സ്, ഫറോക്ക് എന്ന സ്ഥാപനത്തിന്റെ 13.03.22 ലെ AVS 21-22/0377 നമ്പർ ഇൻവോയ്സ് പ്രകാരം, ശ്രീ. സുരേഷ് എന്ന ജീവനക്കാരന്റെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തതിന്റെയും ശ്രീ. സുരേഷ്, ശ്രീ. ഉണ്ണിക്കുട്ടൻ എന്നീ ജീവനക്കാരുടെ 10E സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിന്റെയും ഫീസായി 2300 രൂപ ടി സ്ഥാപനത്തിന് നൽകിയത് ശ്രീ. ഉണ്ണിക്കുട്ടന് റീ ഇമ്പേഴ്സ്മെന്റായി നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ചെലവുകൾക്ക് ആധാരമാക്കിയ അനുമതി ഉത്തരവ് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ചെലവുകൾ പൊതുഫണ്ടിൽ നിന്ന് അനുവദനീയമല്ലാത്തതിനാൽ 5180 രൂപ (2880+2300) ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 9 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 8 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 28/07. 02. 2023 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ

ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHSS പുറത്തൂർ കിച്ചൻനിർമാണം- പുറത്തൂർഗ്രാമ പഞ്ചായത്ത് (804/22)<br>ബിൽ 159/09.12.2021 - തുക 262181<br>അളവ് പുസ്തകം 3718/2018-19,<br>കൺവീനർ : ശ്രീ. സുരേഷ് ബാബു.<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2018/45873 - TS 80958/2018-19<br>AEE/LSGD-DIV/MPM/732/2018-19/08.03.2019 | 60.88 Kg | 8783.15 @144.27/Kg | 4826.56 @79.28/Kg | 3956.59 |

## 3-3 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 12 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 11 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 29/07.02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| GHSS കാലിക്കറ്റ് യൂനിവേഴ്സിറ്റി കാമ്പസ് - ഗേൾസ് റസ്റ്റ് റൂം- തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് (702/22)<br>ബിൽ 163/23.02.2022 - തുക 869068<br>അളവ് പുസ്തകം 3809/2018-19, 3811/2018-19<br>കൺവീനർ : ശ്രീ. ബാലൻ. വി<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2018/126678 - TS 108883/2018-19<br>AEE/LSGD-DIV/MPM/560/2018-19/29.01.2019 | 132.02 Kg | 19046.52 @144.27/Kg | 10466.54 @79.28/Kg | 8579.98 |

## 3-4 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം 14 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 11 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 31/07. 02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ

ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| 799/22 GHSS കോക്കൂർ ഗേൾസ് റെസ്റ്റ് നിർമാണം - ആലങ്കോട് ഗ്രാമ പഞ്ചായത്ത്<br>ബിൽ 258/16.03.2022 - തുക 417278<br>അളവ് പുസ്തകം 66/2020-21, 3770/2018-19<br>കൺവീനർ : ശ്രീ. അബ്ദുൽ റഷീദ് ( പ്രിൻസിപ്പാൾ)<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016<br>Est 2017/46208 - TS 109148/2017-18<br>AEE/LSGD-DIV/MPM/270/2018-19/04.10.2018 | 83.86 Kg | 12099.74 @144.27/Kg | 6649 @79.28/Kg | 5451 |

## 3-5 മര ഫ്രെയിമിൽ ജനൽ കമ്പി വെക്കുന്നതിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ രേഖപ്പെടുത്തിയ പ്രവൃത്തിയുടെ ഭാഗമായി ജനൽ കമ്പി വെക്കുന്നതിന് എസ്റ്റിമേറ്റ് ഇനം E2 പ്രകാരം DSR 9.48.2 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 13 പ്രകാരം 50.9.1.1 പ്രകാരമുള്ള മരം ഉപയോഗിച്ചുള്ള ജനൽ ഫ്രെയിമുകൾ ഉണ്ടാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട് എന്ന് കാണുന്നു. ഈ പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് അർഹമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന പ്രവൃത്തിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. 27/07. 02. 2023 ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| വളവന്നൂർ ജില്ലാ ആയുർവേദ ആശുപത്രിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് (784/22)<br>ബിൽ 129/21-22/29.10.2021 - തുക 209331<br>ബിൽ 1138/20-21/30.03.2021 -തുക 1780852<br>അളവ് പുസ്തകം 482/20-21<br>കരാറുകാരൻ : ശ്രീ. കേശവൻ. ടി.കെ<br>കോസ്റ്റ് ഇൻഡക്സ് 31.06% DSR 2016<br>Est 2019/68368 - TS 113226/2019-20<br>AEE/LSGD-DIV/MPM/009/20-21 | 160.222 Kg | 23320<br>@145.55/Kg<br>(അടിസ്ഥാന നിരക്ക് 147.38/kg.<br>1.24 % Below Estimate Rate) | 12816<br>@79.99/Kg<br>(അടിസ്ഥാന നിരക്ക് 80.995/kg<br>1.24 % Below Estimate Rate) ) | 10504 |

/08.05.2020

## 3-6 സിംഗിൾ സെക്ഷൻ വർക്കിന് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - കൃഷി നിർവ്വഹണം നടത്തിയ 552/22 ആനക്കയം സ്റ്റേറ്റ് സീഡ് ഫാം റെയിൻ ഷെൽട്ടർ നവീകരണം എന്ന സ്പിൽ ഓവർ പ്രോജക്ട് നാഷണൽ ബയോടെക് , പാട്ടൂർ എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്ത് നിർവഹണം നടത്തിയത്. Est 2020/167 പ്രകാരമുള്ള വർക്കിന്റെ എസ്റ്റിമേറ്റിൽ 31.06 ശതമാനമാണ് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചിട്ടുള്ളത്. 19.03.2022 ലെ ബിൽ പ്രകാരം 270592 രൂപ പിൻവലിച്ച് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി നിർവ്വഹണത്തിലെ താഴെ രേഖപ്പെടുത്തിയ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.) എസ്റ്റിമേറ്റ് ഇനം ഏഴ് പ്രകാരം DSR 50.10.1 പ്രകാരമുള്ള ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി റെയിൻ ഷെൽട്ടറിന്റെ ഫ്രെയിം നിർമിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഈ ഇനം പ്രവൃത്തിക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകേണ്ടതില്ല. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അനുവദിക്കാവുന്ന 50.10.2 കോഡ് പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്. ഇപ്രകാരം തെറ്റായ കോഡ് അനുവദിക്കുക വഴി കരാറുകാരന് അധിക തുക നൽകാൻ ഇടയായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 325.35 X 81 = 26353.35<br>(അടിസ്ഥാന നിരക്ക് 131.26/kg)<br>MB 57 Page 85 | 325.35 X 60 = 19521<br>(ഇനം 8 പ്രകാരമുള്ള സിംഗിൾ സെക്ഷന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് ) | 6832.35 |

2) വർക്ക് ബില്ലിൽ നിന്ന് രണ്ട് ശതമാനം നിരക്കിൽ ആദായ നികുതി Tds കുറവ് ചെയ്യേണ്ടതാണ്. (Income Tax Act 1961 U/s 194c) എന്നാൽ ഈ വർക്കിൽ നിന്ന് ഒരു ശതമാനം നിരക്കിൽ മാത്രമാണ് ആദായ നികുതി Tds കുറവ് ചെയ്തിട്ടുള്ളത് .3/16.11.2022 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.
ഫൈനൽ ബിൽ തയ്യാറാക്കുന്ന സമയത്ത് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിക്കാൻ നിർവാഹമില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയത്. അധിക നിരക്ക് നൽകിയത് പരിഹരിക്കാൻ സാങ്കേതികാനുമതി തടസ്സമല്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-7 പ്രവൃത്തികൾ പൂർത്തിയാക്കാതെ തുക അനുവദിച്ചു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി , ആതവനാട് ജില്ലാ പൗൾട്ടി ഫാമിൽ രണ്ട് പ്രോജക്ടുകൾ നിർവഹണം നടത്തിയിട്ടുണ്ട്. 221/22 പൗൾട്ടി ഫാം ഹാച്ചറി യൂനിറ്റ് വിപുലീകരണം എന്ന പ്രോജക്ട് ഹസ്സൻ. എം. എന്ന കരാറുകാരനും (BRN 1435029/23.03.2022 – 862688 ) 975/22 പൗൾട്ടി ഫാം വിപുലീകരണം എന്ന പ്രോജക്ട് സി.പി കൺസ്ട്രക്ഷൻ എന്ന പേരിൽ സി.പി മാധവൻ എന്ന കരാറുകാരനുമാണ് നിർവഹിച്ചത്. (BRN 560128/26.10.2021 – 65930, BRN 1411462/28.03.2021 – 786749, BRN 1411464/28.03.2021 – 467837, BRN 901212/06.01.2021 – 845414 )

നിലവിലുള്ള വലിയ ഷെഡുകളിൽ ഒന്ന് കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്ന പ്രവൃത്തിയാണ് ഹസ്സൻ. എം എന്ന കരാറുകാരൻ മുഖേന നിർവഹിച്ചത്. വലിയ ഹാൾ പോലുള്ള ഷെഡ് മൂന്ന് ഭാഗമായി വേർതിരിക്കുന്നതിന് ചെങ്കൽ കെട്ട് , ലിന്റൽ നിർമാണം, ഗ്രിൽ വർക്ക് , പ്ലാസ്റ്ററിങ്ങ് , വൈറ്റ് വാഷിങ്ങ് , പെയിന്റിങ്ങ് , നിലം കോൺക്രീറ്റ് എന്നിവയാണ് പ്രധാന ഇനങ്ങൾ.

സി.പി കൺസ്ട്രക്ഷൻ മുഖേന നിർവഹിക്കുന്ന പ്രോജക്ടിൽ (Est 2019/16172, TS 92690/2019-2020) ആറ് ഘടകങ്ങൾ (Appendix) ഉൾപെടുന്നുണ്ട്. 1- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് സീലിങ്ങ് റിപ്പയർ ആന്റ് കിണർ റിങ്ങ് , 2- കാർക്കസ്സ് പിറ്റ് , 3- മിൽക്ക് റൂം ഹാച്ചറി റും ഡോർ, 4- ഹാച്ചറി , 5- കോമേർസ്യൽ ബിൽഡിങ്ങിൽ റൂഫിങ്ങ് വർക്ക് , 6- വാട്ടർ സ്റ്റോറേജ് ടാങ്ക് എന്നിവയാണ് ആറ് ഘടകങ്ങൾ. ഇതിൽ 6- വാട്ടർ സ്റ്റോറേജ് ടാങ്ക് പൂർണമായി ഒഴിവാക്കിയും മറ്റ് ഘടകങ്ങളിൽ അനവധി ഇനങ്ങൾ ഒഴിവാക്കിയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും പുതുതായി ഹാച്ചറി മെഷീൻ സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികളും കോഴി വളർത്തുന്നതിനുള്ള നിലവിലെ വലിയ ഷെഡുകളിൽ രണ്ടെണ്ണം കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്ന പ്രവൃത്തിയും ഉൾപെടുത്തുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിലെ 13 മുതൽ 17 വരെയുള്ള ഇനങ്ങൾ ,ഷെഡുകൾ കമ്പാർട്ട്മെന്റ് ആയി വേർതിരിക്കുന്നതിനുള്ളതാണ്.

ആതവനാട് പൗൾട്രി ഫാമിന്റെ 298/22 ദൈനം ദിന ചെലവുകൾ എന്ന പ്രോജക്ടിന്റെ ഓഡിറ്റിനായി സ്ഥാപനം സന്ദർശിച്ച ഓഡിറ്റ് ടീം , എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവ്വഹണം നടത്തിയ പ്രോജക്ടുകളും പരിശോധനാ വിധേയമാക്കുകയുണ്ടായി. പൗൾട്രി ഫാമിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണ പ്രവൃത്തികൾ പരിശോധിച്ച് , എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്തു. പരിശോധനാ വേളയിൽ വ്യക്തമായ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി .

റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം 16 , പാർട്ടീഷൻ വാളുകൾ സിമന്റ് പ്രൈമർ ഉപയോഗിച്ച് വൈറ്റ് വാഷ് ചെയ്യുന്നതിനും , ഇനം 17 ഇതേ ഏരിയകളിൽ ആക്രലിക്ക് ഇമൽഷൻ പെയിന്റ് ചെയ്യുന്നതിനുമാണ് . അളവ് ബുക്ക് 324/20-21 പേജ് 53 ൽ 212.144m2 ഏരിയയിൽ വൈറ്റ് വാഷ് ചെയ്യുന്നതിനായി 43.431/m2 നിരക്കിൽ 9213.41 രൂപയും , 212.144m2 ഏരിയയിൽ പെയിന്റ് ചെയ്യുന്നതിന് 99.25/m2 നിരക്കിൽ 21055.29 രൂപയും ഉൾപെടെ 30268. 7 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ നിർവഹിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല. തുക തിരിച്ചടവാക്കേണ്ടതാണ്.

2) എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് രണ്ട് കാർക്കസ്സ് പിറ്റ് നിർമിക്കുന്നതിനാണ്. ഇതിലെ ഇനം അഞ്ച് സ്ലാബ് , ബീം എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിനും , ഇനം ആറ് ഇതിനായുള്ള ഫോം വർക്കുമാണ്. ഫോം വർക്കിൽ സ്ലാബിനായുള്ള Centering And Shuttering ഉൾപെട്ടിട്ടില്ല എന്ന് കാണുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനം ഒൻപതിൽ സ്ലാബ് കോൺക്രീറ്റിനായുള്ള ഫോം വർക്ക് ഉൾപെടുത്തുകയും അളവ് ബുക്ക് 324/20-21 പേജ് 46 ൽ 55.112m2 ഏരിയയിൽ ഫോം വർക്ക് ചെയ്യുന്നതിനായി 496.3/m2 നിരക്കിൽ 27352.03 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ , അളവ് ബുക്ക് 324/20-21 പേജ് 45 ൽ 36.7 M2 ഏരിയയിൽ ബീമിനായി ഫോം വർക്ക് ചെയ്യുന്നതിന് 143.62/m2 നിരക്കിൽ 5313.94 രൂപ കരാറുകാരന് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബീമിന്റെ ഏരിയ കുറവ് ചെയ്യുന്നതായി റിവൈസ്ഡ് എസ്റ്റിമേറ്റിലോ , ആളവ് പുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ആകെ ഫോം വർക്ക് ഏരിയയിൽ നിന്ന് ബീമിനായി ഫോം വർക്ക് ചെയ്ത ഏരിയ കുറവ് ചെയ്യാതെയാണ് തുക നൽകിയത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഈ കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

3- അനവധി കെട്ടിടങ്ങൾ / ഷെഡുകൾ ഉൾപെടുന്നതാണ് പൗൾട്രീ ഫാം. ഏതെല്ലാം കെട്ടിടങ്ങൾ / ഷെഡുകളിലാണ് പ്രവൃത്തികൾ നടക്കുന്നത് എന്ന് എസ്റ്റിമേറ്റ് / എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്താനാവുന്നില്ല. മൂന്നാമതൊരു ഏജൻസി പ്രവൃത്തികൾ നേരിട്ട് വിലയിരുത്തേണ്ട സന്ദർഭത്തിൽ ഇത് വലിയതോതിൽ അവ്യക്തതയും പ്രയാസവും സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ കെട്ടിടങ്ങൾക്ക് / ഷെഡുകൾക്ക് സൗകര്യപ്രദമായ രീതിയിൽ വേർതിരിച്ചറിയാൻ ക്രമീകരണങ്ങൾ നടത്തേണ്ടത് അത്യാവശ്യമാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. 1,2,3,4 എന്ന ക്രമത്തിലോ , A, B, C, D എന്ന ക്രമത്തിലോ , മറ്റ് സൗകര്യപ്രദമായ രീതികൾ അവലംബിച്ചോ കെട്ടിടങ്ങൾക്ക് / ഷെഡുകൾക്ക് വേർതിരിച്ചറിയാവുന്ന അടയാളങ്ങൾ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. ( Audit Enquiry 38/02. 03. 2023 ).1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-8 യഥാസമയം കരാർ വെക്കാത്തതിന് ഫൈൻ ഈടാക്കിയില്ല

G.O.(P)No.13/2012/PWD Dated 01.02.2012 പ്രകാരമുള്ള Kerala Public Works Department Manual സെക്ഷൻ 2009.6.Selection Notice എന്ന ഭാഗത്ത് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയ പ്രവൃത്തികളിൽ അർഹമായ കാലാവധിക്ക് ശേഷമാണ് കരാറുകാർ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ വെച്ചിട്ടുള്ളത് എന്ന് ഫയലിൽ കാണുന്നു. ഇപ്രകാരം കരാർ വെക്കുന്നതിൽ വീഴ്ച്ച വരുത്തിയ കരാറുകാരിൽ നിന്ന് പൊതു മരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച്ച പറ്റിയതായി ശ്രദ്ധയിൽ പെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു. അപാകത 2/16.11.2022 ഓഡിറ്റ് എൻക്വയറി മുഖേന നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

| | പ്രോജക്ട് | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | 553/22 പരപ്പനങ്ങാടി കോക്കനട്ട് നഴ്സറിയിൽ പോളി ഹൌസ് റിപ്പയർ<br>കരാറുകാരൻ - ബ്രിജേഷ്. സി<br>നിർവഹണ ഉദ്യോഗസ്ഥൻ : AXE - Agri<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 06.09.2021<br>കരാർ വെച്ച തിയ്യതി - 05/2021-2022/04.10.2021 | 3263 |

| | | |
|---|---|---|
| | PAC – 326338<br>M Book – MLP06/20-21<br>Estmate No : 2020/220 | |
| 2 | 550/22 ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടം - ഡ്രയിനേജ് കനാൽ നിർമാണം<br>കരാറുകാരൻ – മുഹമ്മദ് ഷാഫി<br>നിർവഹണ ഉദ്യോഗസ്ഥൻ : AXE – Agri<br>സെലക്ഷൻ നോട്ടിസ് അയച്ച തിയ്യതി - 01.07.2021<br>കരാർ വെച്ച തിയ്യതി - 01/2021-22/09.08.2021<br>PAC – 245172<br>M Book – 55/18-19<br>Estmate No : 2020/204 | 2452 |
| | ആകെ | 5715 |

തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-9 നാളികേര സംസ്കരണ യൂണിറ്റ് കീഴ്പറമ്പ് - ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.മുഹമ്മദ് അലി | എസ്റ്റിമേറ്റ് നമ്പർ | 2017/44562 |
| ബിൽ നമ്പർ | 160/09.12.2021 | സാങ്കേതികാനുമതി | 98100/2017-18 |
| ബിൽ തുക | 133551 (4th And Final) | പി.എ.സി | 7782783 |
| Cost Index | 37.25 % | കരാർ | AEE/LSGD/DIV-MPM/451/17-18/ 27.02.2018 |
| M Book | 3233/17-18 | | |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ 862/22 പ്രോജക്ട് നാളികേര സംസ്കരണ യൂണിറ്റ് , കീഴ്പറമ്പ് (അരീക്കോട് ബ്ലോക്ക് ) നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യമിട്ടാണ്. പ്രോജക്ടിനായി ഓഡിറ്റ് വർഷം 6933551 രൂപ ചെലവ് ചെയ്തിട്ടുണ്ട്. കീഴ്പറമ്പ് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് വിഭാഗം പ്രവൃത്തിയുടെ സൈറ്റ് സന്ദർശിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E5 പ്രകാരം DSR 17.1.1 പ്രകാരമുള്ള ഇന്ത്യൻ മാതൃകയിലുള്ള ഫ്ലഷ് സിസ്റ്റം ഉൾപെടുന്ന രണ്ട് വാട്ടർ ക്ലോസറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 3374.59 / നിരക്കിൽ രണ്ടെണ്ണത്തിന് 6749.18 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫ്ലഷിങ്ങ് സിസ്റ്റം ഇല്ലാത്ത വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായി.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 17.1.1. @ 3374.59<br>2 X 3374.59 = 6749.18 | DSR 17.13.1. @ 1473.1<br>2 X 1473.1 = 2946.2 | 3802.97 |

2-) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E6 പ്രകാരം DSR 17.2.1 പ്രകാരമുള്ള യൂറോപ്യൻ മാതൃകയിലുള്ള ഫ്ലഷ് സിസ്റ്റം ഉൾപെടുന്ന രണ്ട് വാട്ടർ ക്ലോസറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 3698.84 / നിരക്കിൽ രണ്ടെണ്ണത്തിന് 7397.68 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫ്ലഷിങ്ങ് സിസ്റ്റം ഇല്ലാത്ത ഇന്ത്യൻ മാതൃകയിലുള്ള ഒരു വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് പരിശോധനയിൽ വ്യക്തമായി. മാത്രമല്ല, ഫ്ലഷ് സിസ്റ്റം ഇല്ലാത്ത യൂറോപ്യൻ മാതൃകയിലുള്ള ഒരു വാട്ടർ ക്ലോസറ്റ് അവിടെ കാണുന്നുണ്ട്. എന്നാൽ ആയത് സ്ഥാപിച്ചിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

| അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | അധികം |
|---|---|---|
| DSR 17.2.1. @ 3698.84<br>2 X 3698.84 = 7397.68 | DSR 17.13.1. @ 1473.1<br>1 X 1473.1 = 1473.1 | 2225.74 |

| | |
|---|---|
| സ്ഥാപിച്ചിട്ടില്ലാത്തതിനാൽ തുക നിരാകരിക്കുന്നത് | 3698.84 |
| ആകെ | 5924.58 |

3) റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം E10 പ്രകാരം DSR 17.7.1 പ്രകാരമുള്ള രണ്ട് വാഷ് ബേസിൻ സ്ഥാപിച്ചതായി രേഖപ്പെടുത്തുകയും ആയതിന് 2486.9 / നിരക്കിൽ രണ്ടെണ്ണത്തിന് 4973.8 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് സ്ഥാപിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സ്ഥാപിക്കാത്ത വാഷ്ബേസിന് തുക അനുവദിച്ചത് അനുവദിക്കുന്നില്ല. ചെലവ് തുക 4973.8 രൂപ തിരിച്ചടവാക്കേണ്ടതാണ്.

4-) 2022-23 സാമ്പത്തിക വർഷം DIC മാനേജർ നിർവഹണം നടത്തിയ 714/23 പ്രോജക്ടിന്റെ ഭാഗമായി ഉപകരണങ്ങൾ ഫിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല . മാത്രമല്ല ,വയറിങ്ങ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് എങ്കിലും , നിലവിൽ നിർമാണ പ്രവൃത്തികൾക്കാവശ്യമായ വൈദ്യുതി കണക്ഷൻ മാത്രമാണ് ലഭ്യമായിട്ടുള്ളത് . പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ശേഷിയുള്ള വൈദ്യുതി പ്രവാഹം , നിലവിലുള്ള കണക്ഷനിൽ നിന്ന് സാധ്യമാവില്ല . ആയതിന് , പ്രത്യേകമായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായി വരും എന്ന് കാണുന്നു. സ്ഥാപിച്ച ഉപകരണങ്ങളുടെ വാറന്റി / ഗ്യാരണ്ടി നഷ്ടപെടുന്ന സാഹചര്യം വന്നാൽ , ഉപകരണങ്ങളുടെ പെർഫോമൻസിനെ സാരമായി ബാധിക്കും എന്നതും ശ്രദ്ധയിൽ പെടുത്തുന്നു.

5-) നാളികേര സംസ്കരണ യൂനിറ്റ് സ്ഥാപിച്ച സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ദാനാധാരം രജിസ്റ്റർ ചെയ്തതായ രേഖ ഫയലിൽ ഉണ്ട്. എന്നാൽ പോക്ക് വരവ് നടത്തി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഭൂനികുതി അടവാക്കിയ രേഖ ഫയലിൽ വെച്ചിട്ടില്ല. മാത്രമല്ല, പ്രോജക്ട് വിശദാംശങ്ങളിൽ ഭൂമി ജില്ലാ പഞ്ചായത്തിന്റെ ആസ്തിയാണോ എന്ന കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടില്ല.

6 ) സെലക്ഷൻ നോട്ടീസ് 09.02.2018 ന് Despatch ചെയ്തു എങ്കിലും സമയ പരിധിക്കുള്ളിൽ കരാർ വെക്കാൻ കരാറുകാരന് സാധിച്ചിട്ടില്ല. 27. 02. 2018 ന് മാത്രമാണ് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെക്കുന്നത് എന്ന് വ്യക്തമാവുന്നു. എന്നാൽ പാർട്ട് ബില്ലിൽ നിന്നോ, ഫൈനൽ ബില്ലിൽ നിന്നോ അർഹമായ പിഴ ഈടാക്കിയിട്ടില്ല എന്ന കാര്യം 26/07.02.2023 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 25000 രൂപ പിഴ ഇനത്തിൽ ഇടാക്കേണ്ടതാണ്.

47/18.03.2023 ഓഡിറ്റ് എൻക്വയറി മുഖേന മേൽ അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-10 കൊള്ളിത്തൊടി കോളനി ഭവന സുരക്ഷ – നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേടുകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2022/1894 |
| ബിൽ നമ്പർ , തുക | 1500904/27.03.2022 –349325 | സാങ്കേതികാനുമതി | 2801/2021-22 |
| ബിൽ നമ്പർ , തുക | 1500903/27.03.2022 –5526046 | നിരക്ക് | DSR 2018 – Cost Index 36.44 |
| അളവ് പുസ്തകം | 735/Kel | കരാർ | AEE/LID&EW/MPM/TRP/38/2021-22 /10.03.2022 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 1467/22 പ്രോജക്ട് കൊള്ളിത്തൊടി പട്ടിക ജാതി കോളനി ഭവന സുരക്ഷ, കുട്ടിലങ്ങാടി ( മങ്കട ബ്ലോക്ക് ) വികസന ഫണ്ട്(എസ്.സി.പി) ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. അക്രഡിറ്റഡ് ഏജൻസി വഴി പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചത്. 5875371 രൂപ ചെലവ് ചെയ്ത് അക്രഡിറ്റ് ഏജൻസിയായ KEL മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത്. പ്രവൃത്തിയുടെ സൈറ്റ് ഓഡിറ്റ് വിഭാഗം പരിശോധിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തുകയും ചെയ്തു. പരിശോധനാ വിവരം ഫോൺ മുഖേന അറിയിച്ചിരുന്നു എങ്കിലും , ഏജൻസികളുടെ പ്രതിനിധികൾ ആരും പരിശോധനാ വേളയിൽ ഹാജരായിരുന്നില്ല. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1)-കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് .

പദ്ധതി സ്ഥലത്ത് കോളനി സംരക്ഷണത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ കരിങ്കൽ ഉപയോഗിച്ച് സംരക്ഷണ പ്രവൃത്തി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാണ്. ഈ കെട്ടിന് എത്ര പഴക്കമുണ്ട് എന്ന് വ്യക്തമല്ല. പ്രോജക്ടിന്റെ ഭാഗമായി നിലവിലുള്ള കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് വാൾ നിർമ്മിച്ചതായി വ്യക്തമായിട്ടുണ്ട്. ഇപ്രകാരമുള്ള കരിങ്കൽ കെട്ടിന് മുകളിൽ കോൺക്രീറ്റ് ചെയ്യുന്നത് എഞ്ചിനീയറിങ്ങ് തത്വങ്ങൾക്ക് വിരുദ്ധമാണ്. പരമാവധി അനുവദിക്കാവുന്ന

ഇനം ചെങ്കൽ കെട്ട് മാത്രമാണ്. നിലവിലുള്ള കരിങ്കൽ കെട്ടിന് മുകളിൽ എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേന നിർവ്വഹിക്കുന്ന പ്രോജക്ടുകളിൽ അനുവദിക്കുന്നതും ചെങ്കൽ പടവ് മാത്രമാണ്. കോൺക്രീറ്റ് താങ്ങാനുള്ള പ്രതല ബലം ഈ കരിങ്കൽകെട്ടിന് സ്വഭാവികമായും ഉണ്ടാവില്ല. കോളനിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്ന വിധത്തിൽ , സുരക്ഷിതമായ സംരക്ഷണ ഭിത്തി ഉണ്ടായിരിക്കെ , അതിന് മുകളിലായി കോൺക്രീറ്റ് വാൾ നിർമിക്കേണ്ട അനിവാര്യതയില്ല.

2)- കോൺക്രീറ്റിന് കമ്പി ഉപയോഗി ച്ചില്ല.

സൈഡ് സംരക്ഷണ പ്രവൃത്തിക്കായി 6797.85 കിലോ കമ്പി ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കിണർ പ്രവൃത്തിക്കായി 734.24 കിലോയും ഉപയോഗിച്ചിട്ടുണ്ട്. ആയത് കെൽ പ്രോജക്ട് മാനേജർ ആളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. DSR കോഡ് 5.22.6 പ്രകാരം 98.92 /Kg നിരക്കിൽ ഇതിനായി 745074.8 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാമമാത്രമായി മാത്രമാണ് കമ്പി ഉപയോഗിച്ചത് എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്. അൽപം ഉയരക്കൂടുതലുള്ള രണ്ടിടങ്ങളിൽ ഗുണഭോക്താക്കൾ നിർബന്ധം പിടിച്ചപ്പോൾ മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത് എന്നും അവശേഷിച്ച സ്ഥലങ്ങളിൽ കമ്പി ഉപയോഗിച്ചിട്ടില്ല എന്നും ഗുണഭോക്താക്കൾ ഓഡിറ്റ് വിഭാഗത്തോട് വ്യക്തമാക്കിയിട്ടുണ്ട്. റോഡ് സൈഡ് സംരക്ഷിക്കുന്നതിനായുള്ള റീടെയിനിങ്ങ് വാളിനും, ഇപ്പോൾ IAY പദ്ധതിയുടെ ഭാഗമായി തറ നിർമാണം നടന്ന് വരുന്ന പ്ലോട്ടിലെ സൈഡ് വാളിലും മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത്. ഇതിനായി 962.29 Kg കമ്പി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് അളവ് ബുക്ക് പരിശോധനയിൽ വ്യക്തമാവുന്നുണ്ട്. അവശേഷിച്ച കമ്പിയുടെ വില തിരിച്ചടവാക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കളുടെ സംരക്ഷണ ഭിത്തി വർക്കുകളിൽ കമ്പി തീരെ ഉപയോഗിച്ചിട്ടില്ല എന്ന് അതത് ഗുണഭോക്താക്കൾ തന്നെ വ്യക്തമാക്കുകയുണ്ടായി. കമ്പി ഉപയോഗിച്ച ഏരിയയിൽ തന്നെ എഞ്ചനീയറിങ്ങ് തത്വങ്ങൾ പ്രകാരമുള്ള സ്പേസിങ്ങിൽ , മതിയായ കനമുള്ള കമ്പി ഉപയോഗിച്ചിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. (സൈറ്റിന്റെ ഏറ്റവും മുകളിൽ , ഇപ്പോൾ IAY പദ്ധതിയുടെ ഭാഗമായി തറ നിർമാണം നടന്ന് വരുന്ന പ്ലോട്ടിലെ സൈഡ് വാളിൽ , പുറത്ത് കാണുന്ന കമ്പികൾ ഈ വസ്തുത അടിവരയിടുന്നു.) ഗുണഭോക്താക്കളുടെ ഈ ഏറ്റുപറച്ചിൽ അതീവ പ്രാധാന്യമുള്ളതാണ്. പ്രവൃത്തിക്കായി ഉപയോഗിച്ച കമ്പിയുടെ അളവ് ആവശ്യമെങ്കിൽ ചെറിയഭാഗം പൊളിച്ച് ഒഴിവാക്കിയോ മറ്റ് മാർഗങ്ങൾ സ്വീകരിച്ചോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അനർഹമായ രീതിയിൽ ഏജൻസിയും കരാറുകാരനും കൈപ്പറ്റിയ അധിക തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|
| 6797.85 Kg X 98.92 = 672443.32 | 962.29kg X 98.92 = 95189.72 | 577253.6 |

3)- ചെയ്യാത്ത ഇനം ചെയ്തതായി രേഖപ്പെടുത്തി .

കിണർ റിപ്പയർ ചെയ്യുന്നതിനായി തയ്യാറാക്കിയ (App 2) എസ്റ്റിമേറ്റ് ഇനം 9 പ്രകാരം ചെങ്കല്ല് കൊണ്ട് കിണറിന് ആൾമറ, പില്ലർ എന്നിവ നിർമിക്കാൻ തുക വകയിരുത്തുകയും പ്രവൃത്തി ചെയ്തതായി അളവ് പുസ്തകത്തിൽ പേജ് 19 ൽ രേഖപ്പെടുത്തുകയും 23.03.2022 ന് കെൽ പ്രോജക്ട് മാനേജർ ചെക്ക് മെഷർ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം DSR കോഡ് 50.6.7.3 പ്രകാരമുള്ള 8967.97/m3നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അളവ് ബുക്ക് പ്രകാരം 3.14x3.7x.2x1 = 2.324m3 അളവിൽ പാരപ്പറ്റ് വർക്ക് ചെങ്കൽ ഉപയോഗിച്ച് ചെയ്തതായും , 3x.45x.45x2 = 1.215 അളവിൽ പില്ലർ വർക്ക് ചെങ്കൽ ഉപയോഗിച്ച് ചെയ്തതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ അളവ് 3.539m3. എന്നാൽ ചെങ്കൽ ഉപയോഗിച്ച് അത്തരമൊരു വർക്ക് സൈറ്റിൽ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത വർക്ക് ചെയ്തു എന്ന് രേഖപ്പെടുത്തിയതും തുക അനുവദിച്ചതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതര വീഴ്ചയാണ്. ആയത് അംഗീകരിക്കാനാവില്ല. ഈ ഇനത്തിൽ ചെലവഴിച്ച 31734 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

4)-കോൺക്രീറ്റിന് അനർഹമായ നിരക്ക് അനുവദിച്ചു .

സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ (App-1) എസ്റ്റിമേറ്റ് ഇനം 5 പ്രകാരം സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി DSR 4.2.2. പ്രകാരമുള്ള 10632.36/cum നിരക്ക് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം 283.4 Cum പ്രവൃത്തി ചെയ്തതിന് 3019483.91 രൂപ കരാറുകാരന് (MB P{age 26) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സംരക്ഷണ പ്രവൃത്തികളുടെ കോൺക്രീറ്റിന് ജില്ലാ പഞ്ചായത്തിന്റെ എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള പ്രവൃത്തികളിൽ മാസ്സ് കോൺക്രീറ്റിനുള്ള DSR 4.1.6 പ്രകാരമുള്ള 7256.36/cum നിരക്ക് , അല്ലെങ്കിൽ ,4.1.3 പ്രകാരമുള്ള 8145.48/cum നിരക്ക് എന്നിവ മാത്രമാണ് അനുവദിച്ച് നൽകാറുള്ളത്. (Cost Index 36.44). (ഇതേ ഏജൻസി ചെയ്ത 1927/22 പൊറ്റമ്മൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പ്രവൃത്തിയുടെ ഭാഗമായി ചെയ്ത തോട് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് പോലും DSR 5. 1. 2 നിരക്ക് മാത്രമാണ്

നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്) ഇപ്രകാരം അനർഹമായ നിരക്ക് അനുവദിച്ചത് അംഗീകരിക്കാനാവില്ല. അധിക നിരക്ക് രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 963031.4 രൂപ അധികമായി നൽകിയതായി ശ്രദ്ധയിൽ പെടുത്തുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ച നിരക്ക് DSR 4.2.2 | അനുവദിക്കാവുന്ന നിരക്ക് DSR 4.1.6 | അധികം |
|---|---|---|
| 283.99 X10632.36 = 3019483.91 | 283.4 X7256.36 = 2056452.42 | 963031.48 |

5)-കോൺക്രീറ്റ് : അളവിൽ വ്യക്തതയില്ല .

സൈഡ് പ്രൊട്ടക്ഷൻ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ (App-1) എസ്റ്റിമേറ്റ് ഇനം 5 പ്രകാരം സംരക്ഷണ ഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി DSR 4.2.2. പ്രകാരമുള്ള 10632.36/cum നിരക്ക് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. അളവ് ബുക്ക് പരിശോധിച്ചതിൽ 323 മീറ്റർ നീളത്തിൽ ഫൗണ്ടേഷൻ കോൺക്രീറ്റ് ചെയ്യുകയും , 395.9 മീറ്റർ നീളത്തിൽ സൂപ്പർ സ്ട്രക്ച്ചർ കോൺക്രീറ്റ് ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ( ആകെ അളവ് 283.4 /Cum ) എന്നാൽ രേഖപ്പെടുത്തിയ ഈ അളവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. കോൺക്രീറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകൾ (Quantity) നിർവ്വഹണ ഉദ്യോഗസ്ഥൻ പുനഃപരിശോധിക്കേണ്ടതാണ്. അനർഹമായി കൈപറ്റിയ തുക ഈടാക്കേണ്ടതാണ്.

6)- ഫോം വർക്കിന് അധിക നിരക്ക് നൽകി .

ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം മുഖേന നടത്തുന്ന കോളനി സംരക്ഷണ പ്രവൃത്തികളിൽ ഫോം വർക്കിന് 4.3.1, 5.9.1 കോഡ് പ്രകാരമുള്ള നിരക്കാണ് നൽകുന്നത്. എന്നാൽ ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ ഉയർന്ന നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അനർഹമായ നിരക്ക് രേഖപ്പെടുത്തുകയും നൽകുകയും ചെയ്തത് അംഗീകരിക്കുന്നില്ല. അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

| അനുവദിച്ച നിരക്ക് | അർഹമായ നിരക്ക് | അധികം |
|---|---|---|
| 719.55 X 721.7 = 519299.24 | 719.55 X 337.417 = 242788.4 | 276510.84 |

7) കോളനിയുടെ ഭൂപ്രകൃതിയെ തകിടം മറിക്കുകയും ഭാവി വികസന സാധ്യതകളെ ഇല്ലാതാക്കുകയും , അനന്തരാവകാശികൾക്ക് ഭൂമി വീതം വെക്കേണ്ട സാഹചര്യം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ പ്രോജക്ട് വിഭാവന ചെയ്തതും നിർവ്വഹണം നടത്തിയത് എന്നും കോളനി സന്ദർശിക്കുന്ന ഏതൊരാൾക്കും ബോധ്യമാവുന്നതാണ്. പ്രോജക്ടിന്റെ അനിവാര്യതയോ, ആവശ്യകതയോ പരിശോധിക്കാതെ നഗര ഗ്രാമാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പോലും പരിഗണിക്കാതെയാണ് ഈ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

8)- എഞ്ചിനീയറിങ്ങ് വിങ്ങിന്റെ ഇടപെടലുകൾ ഇല്ലാതെ പ്രവൃത്തികൾ ചെയ്യുന്നത് ഗുരുതരമായ വീഴ്ചകൾക്ക് ഇടയാക്കുന്നതായി ബോധ്യമായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ മുഴുവൻ അളവുകളും, ഗുണനിലവാരവും , അനിവാര്യതയും നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

കിണർ റിപ്പയർ വർക്ക് ചെയ്യുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇനം 8 ൽ റിങ്ങ് വർക്ക് ചെയ്യുന്നതിന് മുന്നോടിയായി കർബ് നൽകുന്നതിനായി കോൺക്രീറ്റിന് തുക വകയിരുത്തുകയും .741 Cum ചെയ്തതിന് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വർക്ക് ചെയ്തിട്ടില്ല എന്ന് ഗുണഭോക്താക്കൾ വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി 73/25.03.2023 പ്രകാരം അപാകതകൾ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-11 പട്ടുകുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് - നിർമ്മാണത്തിൽ ക്രമക്കേട് - സൈഡ് വാൾ തകരുന്നു

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2021/16557 |
| നിർവ്വഹണം | കെൽ - (പി.എം.സി ) | സാങ്കേതികാനുമതി | 1698/2021-22/kel |
| BRN നമ്പർ , തുക | 022257075/10.05.2022-551873<br>022257074/10.05.2022-2918528<br>1500954/27.03.2022- | നിരക്ക് | DSR 2018 – Cost Index 36.44 |

| | | | |
|---|---|---|---|
| | 5593406 | | |
| അളവ് പുസ്തകം | 732/kel | കരാർ | AEE/LID&EW-DIV/TRP08/2021-22 /16.12.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 675/22 പട്ടകുത്ത് തിരുത്ത് പാലം അപ്രോച്ച് റോഡ് ( ഏലംകുളം ഗ്രാമ പഞ്ചായത്ത് , പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്) എന്ന പ്രോജക്ട് സി.എഫ്.സി ബേസിക്ക് ഗ്രാന്റ് 4406594 രൂപയും , വികസന ഫണ്ട് ജനറൽ 5593406 രൂപയും ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. 9063807 രൂപ ചെലവ് ചെയ്ത് അക്രഡിറ്റ് ഏജൻസിയായ KEL മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചത്. പ്രവൃത്തി ഏലംകുളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ , ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിലവിലുള്ള പാലത്തിലൂടെ യാത്ര സുഗമമാക്കുന്നതിന് വലത് ഭാഗത്ത് 24 മീറ്ററും ഇടത് ഭാഗത്ത് 31 മീറ്ററും നീളത്തിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുകയും റോഡ് വേ പൊതു സമൂഹത്തിന് ഉപയോഗിക്കാവുന്ന വിധത്തിൽ ഗതാഗത യോഗ്യമാക്കുകയുമാണ് പ്രോജക്ട് ലക്ഷ്യം. 13.12.2021 ന് വർക്ക് ഓർഡർ നൽകിയതായും 03/01/2022 ന് എർത്ത് വർക്ക് മെഷർ ചെയ്തതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 20.01.2022 ന് ഫൗണ്ടേഷൻ കോൺക്രീറ്റ് ചെയ്യുകയും 22.02.2022 ന് സൈഡ് വാൾ വർക്കുകൾ പൂർത്തിയാക്കിയതായും അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 6.5 മീറ്റർ വരെ ഉയരമുള്ള സൈഡ് വാൾ ഘട്ടം ഘട്ടമായിട്ടാണ് പൂർത്തിയാക്കേണ്ടത്. എന്നാൽ മതിയായ Curing നടത്താതെ ഒറ്റയടിക്ക് കോൺക്രീറ്റ് പൂർത്തിയാക്കിയതായിട്ടാണ് അളവ് ബുക്കിൽ നിന്ന് വ്യക്തമാവുന്നത്.

2. ആവശ്യമായ സോയിൽ ടെസ്റ്റ്, ഡ്രോയിംഗ്സ്, റോഡിലൂടെ ഓടുന്ന ഭാര വാഹനങ്ങളുടെയും അല്ലാത്തവയുടെയും ശരാശരി എണ്ണം എന്നിവ പഠന വിധേയമാക്കിയും ഭാവി വികസന സാധ്യതകൾ മുൻകൂട്ടി വിലയിരുത്തിയുമാണ് ഇത്തരം പ്രവൃത്തികൾക്ക് ഡിസൈൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം അടിസ്ഥാന ഘടകങ്ങൾ പരിഗണിക്കാതെയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാവുന്നു.

3. അളവ് ബുക്ക് പ്രകാരം വലത് ഭാഗത്ത് 1.9 മീറ്റർ ആഴത്തിലും , 1.7 മീറ്റർ ആഴത്തിലും ഇടത് ഭാഗത്ത് 1.7 മീറ്റർ ആഴത്തിലും , 2 മീറ്റർ ആഴത്തിലും എർത്ത് വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ വലത് ഭാഗത്ത് തോടാണ്. ഇടത് ഭാഗത്ത് ചെരിവുള്ള നിലവും. സ്വാഭാവികമായും മുകൾ ഭാഗത്ത് നിന്ന് മണ്ണ് ഒഴുകി വന്ന് ചെളി കെട്ടിനിൽക്കുന്നതായിരിക്കും തോടിന്റെ സൈഡ് ഭാഗം. ഈ ഭാഗത്ത് ഉറപ്പുള്ള പ്രതലം വരെ മണ്ണ് നീക്കി, എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് ഫൗണ്ടേഷൻ കോൺക്രീറ്റ് വർക്ക് നിർവ്വഹിക്കേണ്ടത്. എന്നാൽ , മുകൾ നിലയിലെ മണ്ണ് മാത്രം നീക്കം ചെയ്താണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത് എന്നാണ് പരിസര വാസികൾ വിശദീകരിക്കുന്നത്. ആയതിനാൽ തന്നെ അളവ് ബുക്കിലെ രേഖപ്പെടുത്തലുകൾ ആധികാരികമോ വിശ്വസനീയമോ അല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4. ഉയരം കൂടുതലുള്ള സൈഡ് വാളുകൾ നിർമ്മിക്കുമ്പോൾ , ഉയരത്തിന് ആനുപാതികമായി ബേസ് വിഡ്ത്ത് നൽകേണ്ടതുണ്ട്. കാന്റിലിവർ പോലുള്ള സംവിധാനങ്ങൾ നൽകി നിർമ്മിതിയെ ബലപ്പെടുത്തേണ്ടതുമുണ്ട്. സൈറ്റ് സാഹചര്യങ്ങൾ വിലയിരുത്തി ഉപയോഗിക്കേണ്ട കമ്പിയുടെ അളവിലും കനത്തിലും മാറ്റം വരുത്തേണ്ടതായും വരാറുണ്ട്. മതിയായ അളവിലും കനത്തിലുമുള്ള കമ്പി ഉപയോഗിച്ചാണോ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്ന് വിലയിരുത്തേണ്ടതാണ്.

5. അപ്രോച്ച് റോഡിന്റെ ഭാഗമായുള്ള സൈഡ് കോൺക്രീറ്റ് അപകടകരമായ വിധത്തിൽ , വശങ്ങളിലേക്ക് തള്ളിവന്നിട്ടുണ്ട്. വലത് ഭാഗത്ത് ഇപ്രകാരം ഒരടിയിലധികം പുറത്തേക്ക് തള്ളി നിൽക്കുന്നതായും ഇടത് ഭാഗത്ത് കെട്ടിന്റെ മധ്യഭാഗം പുറത്തേക്ക് തള്ളി വരുന്നതായും കാണുന്നു. മാത്രമല്ല , സൈഡ് വാളിൽ ക്രാക്കുകൾ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പുറത്തേക്കുള്ള തള്ളൽ കൂടി കൂടി വരുന്നതായി പരിസര വാസികൾ ആരോപിക്കുന്നുണ്ട്. അപ്രോച്ച് റോഡ് വീക്ഷിക്കുന്ന ഏതൊരാൾക്കും ഈ വസ്തുത ബോധ്യമാവുന്നതാണ്. സൈഡ് കോൺക്രീറ്റിന്റെ ഉയരത്തിന് ആനുപാതികമായ രീതിയിൽ ഫൗണ്ടേഷൻ , ബേസ് വിഡ്ത്ത് , കമ്പി എന്നിവ ഉപയോഗിക്കാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തിയാണ് കരാറുകാരൻ നടത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർമ്മാണം പൂർത്തിയാവുന്നതിന് മുമ്പ് തന്നെ സൈഡ് വാൾ തകരുന്നത് ഈ വസ്തുത ബലപ്പെടുത്തുന്നു. ഈ കരാറുകാരൻ നിർവ്വഹിച്ച കെൽ മുഖേനയുള്ള മറ്റ് പ്രവൃത്തികളിലും ഗുരുതരമായ സ്വഭാവമുള്ള ഗുണ നിലവാരമില്ലായ്മ പ്രകടമായിട്ടുണ്ട്.

<u>6.പൊതു സമൂഹത്തിന്റെ പരാതിക്ക് പരിഹാരമായില്ല.</u>

അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽ പെടുത്തിയും പരിഹാര നടപടികൾ ആവശ്യപ്പെട്ടും പട്ടകുത്ത് തിരുത്ത് പാലം ജനകീയ സമിതി 30.03.2022 ന് നൽകിയ പരാതി ഫയലിൽ ഉണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ട് 04.04.2022 ന് നിർവ്വഹണ ഏജൻസിയായ കെല്ലിന് രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം

പൂർത്തിയാവുന്നതിന് മുമ്പ് തന്നെ തകർന്ന സൈഡ് വാൾ , പ്രദേശവാസികൾ വ്യാപകമായി വാഹനം ഉപയോഗിച്ചതിനാലാണ് തകർന്നത് എന്ന വിചിത്ര നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് കെല്ലിന്റെ 04.05.2022 ലെ കത്തിൽ നിന്ന് വ്യക്തമാവുന്നു. തുടർന്ന് അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 04.06 2022 ന് കെല്ലിന് കത്ത് നൽകിയെങ്കിലും നാളിത് വരെ പരിഹാര നടപടികൾ സ്വീകരിക്കാൻ കരാറുകാരനോ, നിർവ്വഹണ ഏജൻസിയോ തയ്യാറായിട്ടില്ല. നിർമ്മാണത്തിലെ പിഴവുകൾക്ക് പൊതുസമൂഹത്തെ പഴിച്ച് രക്ഷപ്പെടാനാണ് ഏജൻസി / കരാറുകാരൻ ശ്രമിക്കുന്നത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

7. അക്രഡിറ്റഡ് ഏജൻസിയായ കെൽ മുഖേന പി.എം.സി ആയി ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരൻ ചെയ്ത പ്രവൃത്തികളിൽ വലിയ തോതിലുള്ള അപാകത നടന്നതായി ഓഡിറ്റ് വിഭാഗത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായും, കമ്പിയില്ലാതെ കോൺക്രീറ്റ് ചെയ്യുകയും എന്നാൽ കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തി തുക കൈപറ്റുകയും ചെയ്തിട്ടുണ്ട്. സുരക്ഷിതമായ അടിത്തറയില്ലാതെ തോട് സൈഡ് കോൺക്രീറ്റ് ചെയ്തതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി കെല്ലിന്റെ എഞ്ചിനീയർമാർ മെഷർ ചെയ്തതായും ബോധ്യമായിട്ടുണ്ട്. ആയത് പരാമർശിത കരാറുകാരൻ ചെയ്ത വർക്കുകളുടെ സൈറ്റ് പരിശോധനയിൽ ബോധ്യമാവുകയും പരിശോധനാ റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും നൽകുകയും ചെയ്തിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയുടെ മറവിൽ ഈ കരാറുകാരൻ പൊതു സമൂഹത്തിന്റെ ഫണ്ട് അനർഹമായി കൈപ്പറ്റിയതായി വ്യക്തമാണ്.

8. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരൻ 24.03.2022 ന് സപ്ലിമെന്ററി കരാർ വെക്കുന്നുണ്ട്. 14.01.2019 ന് വാങ്ങിയ സ്റ്റാമ്പ് പേപ്പറിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തൽ വരുത്തി പേര് അക്ബറലി പറമ്പൻ എന്ന് തിരുത്തിയതായി കാണുന്നു. (BV822121).എന്നാൽ കൂടെ വെച്ചിട്ടുള്ള രണ്ടാമത്തെ BV822122 സ്റ്റാമ്പ് പേപ്പറിൽ റിസ്മിൽ എന്ന പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു.

9. <u>അധിക നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി .</u>

സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന് Mord Data 11.1.1.1 കോഡ് പ്രകാരമുള്ള 804.54/m3നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് സൂക്ച്ചറുകൾക്കുള്ള നിരക്കാണ്. സംരക്ഷണ ഭിത്തിയുടെ എർത്ത് വർക്കിന് ഇപ്രകാരമുള്ള ഉയർന്ന നിരക്ക് അനുവദിക്കേണ്ട ആവശ്യം വരുന്നില്ല. ആയത് പരിശോധിക്കേണ്ടതാണ്. മാത്രമല്ല, 11.4.1.2 പ്രകാരമുള്ള കോൺക്രീറ്റിന് കെൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത് 8507.98/m3 നിരക്കാണ്. ഇത് പാലത്തിന് അനുവദിക്കുന്ന നിരക്കാണ്. അപ്രോച്ച് റോഡിന് പാലത്തിന്റെ നിരക്ക് നൽകുന്നത് അനുവദനീയമാണോ എന്ന് വിലയിരുത്തേണ്ടതാണ്.

10. സെക്ഷൻ, സബ് ഡിവിഷൻ, ഡിവിഷൻ ഉൾപ്പെടുന്ന വിപുലമായ എഞ്ചിനീയറിങ്ങ് സംവിധാനം ജില്ലയിൽ നിലവിലുണ്ട്. സാങ്കേതിക യോഗ്യതയും, പ്രവൃത്തി പരിചയവും , ഗ്രാമ വികസനത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരമായ പരിശീലനവും എഞ്ചിനീയറിങ്ങ് വിഭാഗത്തിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതു മരാമത്ത് പ്രവൃത്തികൾ പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുന്നത് അനുവദനീയമല്ല എന്ന കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല, എക്സിക്യൂട്ടീവ് എഞ്ചിനീയർ 02.07.2021 ന് A1/72/2020 നമ്പർ ആയി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ,സെക്രട്ടറി എന്നിവർക്ക് അയച്ച കത്തിലും ഏജൻസികൾക്ക് പ്രവൃത്തികൾ പതിച്ച് നൽകുന്നത് നിയമ വിരുദ്ധമാണ് എന്നും സർക്കാറിന് വലിയ തോതിലുള്ള സാമ്പത്തിക നഷ്ടം വരുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇതേ കാര്യങ്ങൾ 01.11.2022 ലെ DB4/General/22 കത്തിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നിട്ടും , ഈ നിർദേശങ്ങൾ മാനിക്കാതെ പ്രവൃത്തികൾ ഏജൻസികൾ മുഖേന നിർവഹിക്കാൻ ഭരണസമിതി തീരുമാനമെടുത്തത് അനുചിതമാണ്.നിർമ്മാണ പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കാതെ പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് 24.02.2022 ലെ സാധാരണ യോഗത്തിൽ അനുമതി നൽകിയതായി കാണുന്നു. (തീരുമാനം നമ്പർ 16, ക്രമ നമ്പർ B59)

11. അപകടാവസ്ഥയിലുള്ള റോഡിലൂടെയുള്ള പൊതു സമൂഹത്തിന്റെ യാത്ര അപകട സാധ്യതയുള്ളതാണ്. നിലവിൽ പുറത്തേക്ക് ദിനേനയെന്നോണം തള്ളി വരുന്ന സൈഡ് വാൾ നിലനിർത്തി കൊണ്ട് . പരിഹാര നടപടികൾ പ്രായോഗികവും സുരക്ഷിതവും അല്ല. കരാറുകാരന്റെയും , കെൽ എന്ന ഏജൻസിയുടെയും പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ Case History ഈ വസ്തുത അടിവരയിടുന്നുണ്ട്. പൊതു സമൂഹത്തിന്റെ ജീവൻ അപകടത്തിലാക്കുന്ന വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് കളമൊരുക്കുന്നത് നികുതിദായകരോടുള്ള വെല്ലുവിളിയാണ് . ഏജൻസിയുടെ/ കരാറുകാരന്റെ സ്വന്തം ചെലവിൽ സൈഡ് വാൾ പൊളിച്ച് നീക്കി , LID&EW വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ/ ഡിസൈനിന്റെ അടിസ്ഥാനത്തിൽ ഏജൻസിയുടെ /കരാറുകാരന്റെ സ്വന്തം ചെലവിൽ സൈഡ് വാൾ പുനർനിർമ്മിക്കാൻ ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെലവഴിച്ച തുകയുടെ ഗുണഫലങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചില്ല എന്നതിനാൽ ചെലവ് തുക 9063807 രൂപ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-12 പന്തീരായിപ്പാടം തോട് പുരോഗമനം -നിർവ്വഹണത്തിൽ അപാകതകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3519 |
| നിർവഹണം | കെൽ - (പി.എം.സി ) | സാങ്കേതികാനുമതി | CA/176/2020/06.05.2020/kel |
| BRN നമ്പർ , തുക | 1506624/29.03.2022-155467<br>1500887/27.03.2022-1844532 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 840/kel | കരാർ | AEE/LID&EW-DIV/213/2020-21<br>/16.12.2021 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 885/22 പന്തീരായിപ്പാടം തോട് പുരോഗമനം ( നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് , തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്) എന്ന സ്പിൽ ഓവർ പ്രോജക്ട് വികസന ഫണ്ട് ജനറൽ ഇരുപത് ലക്ഷം രൂപ ഉപയോഗിച്ചുള്ള പ്രവ്യത്തിയാണ്. അക്രഡിറ്റഡ് ഏജൻസിയായ കെൽ വഴി പി.എം.സി ആയിട്ടാണ് പ്രവ്യത്തി നിർവ്വഹിച്ചത്. പ്രവ്യത്തി നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ , ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവ്യത്തിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുരുതര പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. തോട് സംരക്ഷിക്കുന്നതിനാണ് പ്രോജക്ട് . എന്നാൽ ചെയ്തിട്ടുള്ളത് തോടിന്റെ സൈഡിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുകയാണ്. ഈ കോൺക്രീറ്റ് വാളിൽ വെള്ളം തോട്ടിലേക്ക് ഊർന്നിറങ്ങുന്നതിന് സഹായകമായ വിധത്തിൽ ഹോൾ (Weep Hole) വെച്ചിട്ടില്ല . ഇത്തരം പ്രവ്യത്തികളിൽ Weep Hole അനിവാര്യമാണ്.

2. എഞ്ചിനീയറിങ്ങ് വിങ്ങ് മുഖേനയുള്ള ഇത്തരം സൈഡ് സംരക്ഷണ പ്രവ്യത്തികൾക്ക് കരിങ്കൽ കെട്ടാണ് നൽകിയിട്ടുള്ളത് എന്ന് പ്രോജക്ട് ഫയലുകൾ പരിശോധിച്ചാൽ വ്യക്തമാവും. കരിങ്കൽകെട്ടാണ് അനുയോജ്യമായതും. എങ്കിൽ മാത്രമേ തോട്ടിലേക്ക് വെള്ളം ഊർന്നിറങ്ങുകയുള്ളൂ. വെള്ളകെട്ട് ഒഴിവാക്കാനും കരിങ്കൽ കെട്ടാണ് സഹായകരമാവുക. ആരുടെ ശുപാർശ അടിസ്ഥാനമാക്കിയാണ് തികച്ചും അനാവശ്യമായ കോൺക്രീറ്റ് വാൾ നിർമ്മിക്കാൻ ഇടയായത് എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം 2.1 പ്രകാരം തോടിന്റെ പ്രതലം, സൈഡ് , വാൾ ടോപ്പ് എന്നിവ പ്ലാസ്റ്ററിങ്ങ് നടത്തുന്നതിന് DSR 13.16.1 പ്രകാരമുള്ള 188.46/m2നിരക്ക് രേഖപ്പെടുത്തുകയും , അളവ് ബുക്ക് പേജ് 8 പ്രകാരം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തുകയും കെൽ അധികാരികൾ മെഷർ , ചെക്ക് മെഷർ ചെയ്യുകയും കരാറുകാരൻ അളവുകൾ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 180.495m2 ഏരിയയിൽ പ്ലാസ്റ്ററിങ്ങ് ചെയ്യുന്നതിന് 188.46/m2 നിരക്കിൽ 34016.09 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്ലാസ്റ്ററിങ്ങ് പ്രവൃത്തി സൈറ്റിൽ ചെയ്തിട്ടില്ല എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചെയ്യാത്ത പ്രവ്യത്തി ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയതും തുക നൽകിയതും ഗുരുതര പിഴവാണ്. തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

4. പ്രവ്യത്തിക്കായി 3346.239kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ഇതിനായി 248224.01 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. വെർട്ടിക്കൽ ബാറുകൾ 12mm കമ്പി ഉപയോഗിച്ചും , ഹൊറിസോണ്ടൽ ബാറുകൾ 10mm കമ്പി ഉപയോഗിച്ചും ചെയ്തതായിട്ടാണ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വെർട്ടിക്കൽ ബാറുകൾക്ക് 10mm കമ്പിയാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് , പുറത്ത് കാണുന്ന കമ്പികളിൽ നിന്ന് വ്യക്തമാവുന്നു. മാത്രമല്ല രണ്ട് കമ്പികൾക്കിടയിലെ സ്പേസിങ്ങ് 40cm ആണെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പ്രവ്യത്തിക്ക് ആവശ്യമായ കമ്പിയുടെ ആഡിക്വസി വർക്ക് ഔട്ട് ചെയ്യാതെയാണ് കമ്പി ഉപയോഗിച്ചത് എന്ന് വിലയിരുത്തുന്നു. വെർട്ടിക്കൽ ആയി 261 എണ്ണം 12mm കമ്പി ഉപയോഗിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കമ്പിക്ക് 4.24 മീറ്റർ നീളമുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 40cm സ്പേസിങ്ങിൽ 12mm കമ്പി വെൽട്ടിക്കലായി ഉപയോഗിച്ചാൽ , നിലവിൽ അനുവദിച്ചതിന്റെ പകുതി എണ്ണം (130 എണ്ണം) കമ്പി മാത്രമെ ആവശ്യമായി വരുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. 1.8mtr ഉയരമാണ് കോൺക്രീറ്റിന് ഉള്ളത് എന്ന് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെർട്ടിക്കൽ ബാറിന്റെ ഉയരം 4.24 എന്ന് രേഖപ്പെടുത്തിയത് വസ്തുതാ വിരുദ്ധമാണ്. കൂടാതെ, 1.8mtr മാത്രം ഉയരമുള്ള വാളിന് 21 ഹൊറിസോണ്ടൽ ബാറുകൾ നൽകിയതും യുക്തിസഹമല്ല. 20cm സ്പേസ് നൽകി കമ്പി വെച്ചതായി രേഖപ്പെടുത്തി എങ്കിലും സൈറ്റിൽ 40cm സ്പേസിലാണ് കമ്പികൾ വെച്ചത് എന്ന് പരിശോധനയിൽ വ്യക്തമായ സാഹചര്യത്തിൽ പകുതി കമ്പിയുടെ വില ഓഡിറ്റിൽ നിരാകരിക്കുന്നു. 124112 രൂപ തിരിച്ചടവാക്കേണ്ടതാണ്.

പ്രവ്യത്തിക്കായി ആവശ്യമായ , ഉപയോഗിച്ച കമ്പിയുടെ അളവ്, ഇനം, തരം എന്നിവ ആവശ്യമെങ്കിൽ ചെറിയ ഒരു ഭാഗം പൊളിച്ച് ഒഴിവാക്കി വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

5. എസ്റ്റിമേറ്റിൽ DSR 4.3.2 പ്രകാരമുള്ള ഫോം വർക്ക് ചെയ്യുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എഞ്ചിനീയറിങ്ങ്

വിങ്ങ് മുഖേനയുള്ള പ്രവൃത്തികളിൽ പ്ലിന്ത് ലെവൽ വരെയുള്ള ഫോം വർക്കിന് DSR 4.3. 1 പ്രകാരമുള്ള നിരക്കാണ് നൽകുന്നത്. ജില്ലാ പഞ്ചായത്തിന്റെ തന്നെ മറ്റ് ഭവന സുരക്ഷാ പ്രോജക്ടുകളിൽ 4.3.1 പ്രകാരമുള്ള നിരക്ക് രേഖപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ , കെൽ ഉയർന്ന നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് . മാത്രമല്ല വാളിന്റെ രണ്ട് ഭാഗത്തും ഫോം വർക്ക് ചെയ്തതായി അളവ് ബുക്കിൽ (പേജ് 4 ) രേഖപ്പെടുത്തിയ് വസ്തുതാപരമല്ല. തോടിന്റെ ഒരു ഭാഗത്ത് സ്വകാര്യ വ്യക്തി പണിത ചുറ്റമതിലിന് സമാന്തരമായി പണിത സൈഡ് വാളിന് ഒരു ഭാഗത്ത് ഫോം വർക്ക് ചെയ്യേണ്ട ആവശ്യമേ വരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കരാറുകാരന് അർഹമായ തുക താഴെ കൊടുക്കുന്നു.

| അനുവദിച്ച നിരക്ക് DSR 4.3.2 @496.19 | അനുവദിക്കാവുന്ന നിരക്ക് DSR4.3.1@ 254.19 | അധികം |
|---|---|---|
| 2x52x1.8 = 187.2<br>2x52x1.84 = 191.36<br>= 378.56<br>378.56x496.19=188023.18 | 2x52x1.8 = 187.2<br>1x52x1.84 = 95.68<br>= 282.88<br>282.88x254.19 = 71905.26 | 116117.92 |

6. എസ്റ്റിമേറ്റ് ഇനം 4 പ്രകാരമുള്ള (DSR 4.1.8) കോൺക്രീറ്റ് മൂന്ന് മീറ്റർ വീതിയിൽ ചെയ്തതായിട്ടാണ് അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൈറ്റിലെ കൂടിയ വീതി 2.35 Mtr ഉം , കുറഞ്ഞ വീതി 1.15 Mtr ഉം ആണെന്ന് പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. വസ്തുതാപരമല്ലാത്ത രേഖപ്പെടുത്തലുകൾ വരുത്തിയതായി റിപ്പോർട്ട് ചെയ്യുന്നു.

7. ഇതേ തോടിന്റെ അവശേഷിച്ച ഭാഗം സംരക്ഷിക്കുന്നതിന് 2022-23 വർഷം 28/23 പ്രോജക്ട് തയ്യാറാക്കുകയും പ്ലാൻ വിഹിതം 45 ലക്ഷം രൂപയും സി.എഫ്.സി വിഹിതം 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കെൽ എന്ന ഏജൻസി മുഖേന പ്രവൃത്തി നിർവ്വഹിക്കുകയും തുക നൽകിയതായും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നു. ഈ പ്രവൃത്തിക്കായി 5764754 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പരിശോധനാ സമയത്ത് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ച് , ഉപേക്ഷിച്ചതായിട്ടാണ് കാണുന്നത്. തോടിന്റെ ഒരു ഭാഗത്ത് Vertical കമ്പികൾ വെച്ചതായി സൈറ്റിൽ കാണുന്നുണ്ട്. 885/22 പ്രോജക്ടിന്റെ കൂടെ വർക്ക് ആരംഭിച്ചതായിട്ടാണ് വ്യക്തമാവുന്നത്. എന്നാൽ മറ്റ് നിർമ്മാണ മെറ്റീരിയലുകൾ സൈറ്റിൽ എത്തിച്ചതായും കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കാതെ, ഏജൻസിക്ക് ബിൽ നൽകാനിടയായത് ഗുരുത സ്വഭാവമുള്ളതാണ്. ഈ സാഹചര്യം പരിശോധനാ വിധേയമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 50/20.03.2023 പ്രകാരം അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-13 മുതുവിൻകുണ്ട് അങ്കനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം - സീലിങ്ങ് തകർന്ന് വീണു

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.സൈഫുള്ള .പി.കെ | എസ്റ്റിമേറ്റ് നമ്പർ | 2019/111735 |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 43663/2020-21 |
| BRN നമ്പർ , തുക | 0545671/22.10.2021- 447195<br>0763116/02.12.2021- 196568 | നിരക്ക് | DSR 2016 – Cost Index 31.06 |
| അളവ് പുസ്തകം | 293/2020-21<br>66/2021-22 | കരാർ | AEE/LSGD-DIV/MPM/134/2020-21 /04.09.2020 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 843/22 മുതുവിൻകുണ്ട് അംഗനവാടിക്ക് മുകളിൽ സ്ത്രീശാക്തീകരണ കേന്ദ്രം ( കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് , വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ) എന്ന സ്പിൽ ഓവർ പ്രോജക്ട്, വികസന ഫണ്ടിൽ നിന്ന് (ജനറൽ) 7.11ലക്ഷം രൂപ ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. പ്രവൃത്തി കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ സീലിങ്ങ് പ്രവൃത്തിയിൽ പിഴവുകൾ ഉള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് ഇനം 15, 16 എന്നിവ പുതിയതായി നിർമിച്ച ഒന്നാം നിലയുടെ ഫാൾസ് സീലിങ്ങ് ചെയ്യുന്നതിനുള്ളതാണ്. അലുമിനിയം സെക്ഷൻ ഉപയോഗിച്ചുള്ള ഫ്രെയിമിൽ , 7.5mm കനത്തിലുള്ള പി.വി.സി പാനൽ ബോർഡ് ഉപയോഗിച്ച് ഫാൾസ് സീലിങ്ങ് നടത്തുകയും ആയതിന് യഥാക്രമം 17510.86 രൂപയും , 3463.27 യും ഉൾപ്പെടെ ആകെ 20974.13 രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ , സീലിങ്ങ് തകർന്ന് അടർന്ന് വീണ അവസ്ഥയാണ് . സീലിങ്ങ്

പ്രവൃത്തിയിൽ നിലവാരമില്ലാത്ത ഘടകങ്ങൾ ഉപയോഗിച്ചതാണ് തകർച്ചക്ക് കാരണം എന്ന് വിലയിരുത്തുന്നു. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

2.ഇതേ പ്രോജക്ടിന്റെ ഭാഗമായി ചെയ്ത വയറിങ്ങ് പ്രവൃത്തി പരിശോധിച്ചു.മോഹനൻ .കെ എന്ന കരാറുകാരനാണ് പ്രവൃത്തി നിർവഹിച്ചത്. എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും രേഖപ്പെടുത്തിയ ഇനങ്ങളും തുകയും , ബിൽ കോപ്പിയിൽ രേഖപ്പെടുത്തിയ ഇനങ്ങളും തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. ബിൽ കോപ്പിയിൽ Description രേഖപ്പെടുത്തിയതിൽ പിഴവ് വന്നിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. ബിൽ കോപ്പിയിലെ രേഖപ്പെടുത്തൽ പ്രകാരം ഇനം 15 പ്രകാരം മൂന്ന് ഫാൻ സ്ഥാപിച്ചതിന് 485 രൂപയും ഇനം 16 പ്രകാരം ഏഴ് കോളിങ്ങ് ബെൽ സ്ഥാപിച്ചതിന് 13002 രൂപയും നൽകിയതായിട്ടാണ് കാണുന്നത്. അതേ സമയം അളവ് ബുക്കിലും എസ്റ്റിമേറ്റിലും ഈ ഇനങ്ങൾ യഥാക്രമം ഫാൻ ക്ലാമ്പ് , ഫാൻ എന്നിവയാണ്. എസ്റ്റിമേറ്റിലെ ഇനങ്ങൾ Cut And Paste ചെയ്തതിലെ പിഴവാണ് ഈ അപാകതക്ക് കാരണം . അപാകത ഓഡിറ്റ് എൻക്വയറി 51/20.03.2023 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-14 മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രെയിനേജ് നിർമ്മാണവും - അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി .പി. | എസ്റ്റിമേറ്റ് നമ്പർ | 2021/12863 |
| നിർവഹണം | കെൽ | സാങ്കേതികാനുമതി | 1214/2021-22 |
| BRN നമ്പർ , തുക | 301500931/27.03.2022-1000000<br>301500933/27.03.2022-2207684<br>301500938/27.03.2022-9790194 | നിരക്ക് | DSR 2018 – Cost Index 36.44 |
| അളവ് പുസ്തകം | 821/kel | കരാർ | AEE/LID&EW/MPM/TRP /02/2021-22/04.10.2021 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 73/22 മുതലമാട് കാളിക്കടവ് റോഡ് റീടാറിങ്ങും ഡ്രെയിനേജ് നിർമാണവും ( വേങ്ങര ഗ്രാമ പഞ്ചായത്ത് , വേങ്ങര ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ട് ജനറൽ പത്ത് ലക്ഷം രൂപയും , സി.എഫ്.സി ഫണ്ട് 9790194 രൂപയും ,മെയിന്റനൻസ് ഫണ്ട് (റോഡ്) 2207684 രൂപയും ഉൾപ്പെടെ ആകെ 1.3 കോടി രൂപ വകയിരുത്തിയ പ്രവൃത്തിയാണ്. പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസിയായ കെൽ മുഖേന ശ്രീ.അക്ബർ അലി. പി എന്ന കരാറുകാരനാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തി വേങ്ങര ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 06.03.2023 ന് ഓഡിറ്റ് വിഭാഗം പരിശോധന നടത്തി. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ പിഴവുകൾ ഉള്ളതായി ബോധ്യമായിട്ടുണ്ട്.

1. സൈഡ് സംരക്ഷണ പ്രവൃത്തിയുടെയും ഡ്രെയിനേജിന്റെയും നീളം പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള നീളത്തിൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ സൈഡ് സംരക്ഷണ പ്രവൃത്തിയിലും , ഡ്രെയിനേജ് നിർമ്മാണത്തിലും എർത്ത് വർക്ക് , കോൺക്രീറ്റ് , കമ്പി എന്നിവക്ക് അധിക നിരക്ക് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും തുക നൽകിയിട്ടുള്ളതും. എർത്ത് വർക്കിന് 3.5.1 കോഡും , കോൺക്രീറ്റിന് 11.4.4 എന്ന കോഡും, കമ്പിക്ക് 11.8 എന്ന കോഡും പ്രകാരമുള്ള തുകയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണ വകുപ്പ് LID&EW വിഭാഗം ചീഫ് എഞ്ചിനീയറുടെ 05. 04. 2021 ലെ DB1/3727/2021/CE/Lsgd സർക്കുലറിൽ, എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം കൈവരുത്തുന്നതിന് , ഓടകൾ നിർമ്മിക്കുമ്പോൾ ബഡ് കോൺക്രീറ്റിന് 11.4.1.1 കോഡ് ഉപയോഗിക്കണമെന്നും വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് മോർഡ് 11.4.2.1 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും, കമ്പിക്ക് 12.7 കോഡ് ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും കരാറുകാരന് തുക നൽകിയത് എന്നും വ്യക്തമായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ഡ്രെയിനേജ് വാൾ കോൺക്രീറ്റ് | 195.94cum | 1693454.56<br>@8642.72/cum | 1501889.9<br>@7665.05/cum | 191564.66 |
| സൈഡ് വാൾ കോൺക്രീറ്റ് | 178.2 Cum | 1540132.7<br>@8642.72/cum | 1365911.91<br>@7665.05/cum | 174220.79 |

| | | | | |
|---|---|---|---|---|
| സൈഡ് പ്രൊട്ടക്ഷൻ വാൾ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 81.6 Cum | 29435.57 @360.73 | 6858.48 @84.05/cum | 22577.09 |
| ഡ്രെയിനേജ് വാൾ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 181.44 M3 | 65450.85 @360.73 | 15250.03 @84.05/cum | 50200.82 |
| ആകെ | | | | 438563.36 |

2. ആകെ 240 മീറ്ററാണ് ഈ റോഡുള്ളത്. ഉയർച്ച താഴ്ച്ചകൾ ഇല്ലാത്ത നിരന്ന റോഡാണ്. ഈ പ്രവൃത്തിയുടെ ഭാഗമായി 263.04m3 മണ്ണ് കിളച്ചെടുത്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അളവ് തന്നെ അതിശയോക്തി നിറഞ്ഞതാണ് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമാവുന്നു. എന്നാൽ കിളച്ചെടുത്ത മണ്ണ് ഇതേ പ്രവൃത്തിക്കായി ഉപയോഗിച്ച വിവരം അളവ് ബുക്കിൽ രേഖപ്പെടുത്തുകയോ, മണ്ണിന്റെ വില ബില്ലിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. ഒരു ക്യൂബിക്ക് മീറ്റർ മണ്ണിന് 169.71 രൂപയാണ് മോർഡ് ഡാറ്റ പ്രകാരം വരുന്നത്. ഇപ്രകാരം 44640.51 രൂപ കരാറുകാരനിൽ നിന്ന് മണ്ണിന്റെ വിലയിനത്തിൽ ഈടാക്കേണ്ടതാണ്.

3. ഇതേ സൈറ്റിൽ മുൻ വർഷവും പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. 179/21 പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ മുഖേന പ്രവൃത്തി ചെയ്തതായി വ്യക്തമാക്കുന്ന നെയിം ബോർഡ് സൈറ്റിൽ ലഭ്യമാണ്. ഇതേ പ്രോജക്റ്റിന്റെ ഭാഗമായി 557103 രൂപ ചെലവഴിച്ചതായി സുലേഖ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. മുൻ പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത ഒരു പ്രവൃത്തിയുടെയും ശേഷിപ്പ് സൈറ്റിൽ കാണുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു. 179/21 പ്രോജക്റ്റിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികൾ എന്താണ് എന്ന് പരിശോധന നടത്തേണ്ടതും പ്രവൃത്തികളിൽ ആവർത്തനം / ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 52/20.03.2023 ) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-15 ഉണ്ണ്യാൽ ശ്മശാന സംരക്ഷണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.യർബാഷ്.പി | എസ്റ്റിമേറ്റ് നമ്പർ | 2020/22153 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 54424/2020-21 |
| BRN നമ്പർ , തുക | 1059233/04.02.2022- 1248215 | നിരക്ക് | DSR 2016 – Cost Index 31.06 |
| കരാർ | AEE/LISGD-DIV/MPM/170/2020-21 /06.10.2020 | അളവ് പുസ്തകം | 158/21-22<br>480/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 994/22 ഉണ്ണ്യാൽ ശ്മശാന സംരക്ഷണം (നിറമരുതൂർ ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്റ്റ് വികസന ഫണ്ടിൽ നിന്നും (എസ്.സി.പി) 19 ലക്ഷം രൂപ വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ സൈറ്റ് 07.03.2023 ന് നിറമരുതൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചു. താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു. (ഇതേ സൈറ്റിൽ അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള ചുമർ നിർമ്മാണത്തിന് Solid Block Masonary ഉപയോഗിച്ച് മറ്റൊരു കെട്ടിട നിർമ്മാണ പ്രവൃത്തി പുരോഗമിച്ച് വരുന്നുണ്ട്)

ചുറ്റമതിൽ നിർമ്മാണം , കെട്ടിട നിർമ്മാണം , റോഡ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഇനം 1.14, 2.13 എന്നിവ പ്രകാരം ചുറ്റമതിൽ , കെട്ടിടം എന്നിവ DSR 13.60.1 പ്രകാരമുള്ള നിരക്ക് രേഖപ്പെടുത്തി Acrylic Emulsion Paint ചെയ്യുന്നതിനാണ് . എന്നാൽ സൈറ്റിൽ Distembering മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. Acrylic Emulsion Paint ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് അർഹമായ തുക താഴെ കൊടുക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 54/20.03.2023 ). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| DSR 13.60.1@107.69/m2<br>(Base Rate 110.68/m2 ,<br>Rate Quoted 2.7% Below) | DSR 13.42@ 67.78/m2<br>(Base Rate 69.66/m2 ,<br>Rate Quoted 2.7% Below) | |
| 780.53x107.69 = 84055.28 | 780.53x67.78 = 52904.32 | 31150.96 |

| | | |
|---|---|---|
| 169.76x107.69 =18281.89 | 169.76x67.78 = 11506.33 | 6775.56 |
| | ആകെ | 37926.52 |

## 3-16 GVHSS പറവണ്ണ കോമ്പൗണ്ട് വാൾ – ചെങ്കല്ലിന് പകരം കരിങ്കല്ല് ഉപയോഗിച്ചു

| | | | |
|---|---|---|---|
| കൺവീനർ | ശ്രീമതി.ഉഷ അമ്മാൾ (Principal) | എസ്റ്റിമേറ്റ് നമ്പർ | 2018/108594 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 99021/2018-19 |
| BRN നമ്പർ , തുക | 1130008/15.02.2022- 77543<br>108050/05.04.2019 - 342105 | നിരക്ക് | DSR 2016 – Cost Index 37.25 |
| കരാർ | AEE/LISGD-DIV/MPM/486/2018-19 /05.01.2019 | അളവ് പുസ്തകം | 4093/18-19 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1485/22 GVHSS പറവണ്ണ കോമ്പൗണ്ട് വാൾ ( വെട്ടം ഗ്രാമ പഞ്ചായത്ത് , തിരൂർ ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ പ്രവൃത്തിയാണ്. ഗുണഭോക്തൃ സമിതി മുഖേനയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ സമിതിക്ക് വേണ്ടി സ്കൂൾ പ്രിൻസിപ്പലാണ് കരാർ വെച്ചിട്ടുള്ളത്. പ്രവൃത്തിയുടെ സൈറ്റ് 07.03.2023 ന് വെട്ടം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചു. . താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

എസ്റ്റിമേറ്റ് ഇനം രണ്ടിൽ DSR 50.6.7.1 പ്രകാരമുള്ള ചെങ്കൽ ഉപയോഗിച്ച് ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ നിർമിച്ച് ചെങ്കൽ ഉപയോഗിച്ച് തന്നെ ചുറ്റ് മതിലിന്റെ സൂപ്പർസ്ട്രക്ച്ചർ ചെയ്യുന്നതിനാണ്. അപ്രകാരം ചെയ്തതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും കൺവീനർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ കരിങ്കൽ ഉപയോഗിച്ചാണ് ചെയ്തിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായി.

ചുറ്റമതിൽ പ്ലാസ്റ്ററിങ്ങ് നടത്തിയിട്ടുണ്ട്. എന്നാൽ കരിങ്കൽ കെട്ടിന്റെ മുകൾഭാഗം കല്ലുകൾ ഇളകിയ അവസ്ഥയിലാണ് കാണുന്നത്. മുകൾ ഭാഗത്ത് പ്ലാസ്റ്ററിങ്ങ് നടത്തുന്ന വേളയിൽ വീഴുന്ന സിമന്റ് , സ്വാഭാവികമായും കരിങ്കൽ കെട്ടിന്റെ മുകൾ ഭാഗത്തെ നിരപ്പാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ മഴയിൽ ഇതെല്ലാം നഷ്ടപെട്ടതായി കാണുന്നു. പ്ലാസ്റ്ററിങ്ങിന്റെ ഗുണ നിലവാരമില്ലായ്മയാണ് ഇതിന് കാരണം എന്ന് വിലയിരുത്താവുന്നതാണ്. ഗുണഭോക്തൃ സമിതി മുഖേന നടത്തുന്ന പ്രവൃത്തികളിൽ ഇപ്രകാരം സംഭവിക്കുന്നത് ആശാസ്യമല്ല .

ഫയലിൽ ഉള്ളടക്കം ചെയ്ത സബ് വൗച്ചറുകളിൽ നിന്ന് പ്രവൃത്തിക്കായി കരിങ്കല്ല് ഇറക്കിയതായും തുക നൽകിയതായും കാണുന്നു. KL10W1934 വണ്ടിയുടെ ഡ്രൈവർക്ക് 12 ലോഡ് കരിങ്കല്ല് ഇറക്കിയതിന് 49200 രൂപ നൽകിയതായ സബ് വൗച്ചർ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ കൺവീനർക്ക് തുക നൽകിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. ബിൽ തയ്യാറാക്കിയ വേളയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിയതായും കാണുന്നില്ല. കൺവീനർക്ക് അർഹമായ തുകയുടെ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 55/20.03.2023) 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| DSR 50.6.7.1@ 5902.76/m3 | DSR 60.7.1 @ 2462.44 (BC Rate) | |
| 30.938 X 5902.76 = 182619.59 | 30.938 X 2462.44 = 76182.96 | 106436.63 |

## 3-17 കരാട്ടെ പരിശീലന കേന്ദ്രം - വെള്ളം വൈദ്യുതി എന്നിവ ലഭ്യമായിട്ടില്ല

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ശംസുദ്ധീൻ. പി | എസ്റ്റിമേറ്റ് നമ്പർ | 2020/36991 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സാങ്കേതികാനുമതി | 59729/2020-21 |
| BRN നമ്പർ , തുക | 15234413/30.03.2022- 1276888 | നിരക്ക് | DSR 2016 –<br>Cost Index 31.06 |
| കരാർ | AEE/LISGD-DIV/MPM/148/2020-21 /22.09.2020 | അളവ് പുസ്തകം | 807/20-21,<br>808/20-21 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 1051/22, അഡോളസെന്റ് ഗേൾസിന് കരാട്ടെ പരിശീലന കേന്ദ്രം ( എടയൂർ ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് പ്ലാൻ

വിഹിതം ജനറൽ ഫണ്ട് 13.89 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. ടെണ്ടർ നടപടികളിലൂടെയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 1276888 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

15.03.2023 ന് എടയൂർ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചു.താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ കെട്ടിടം പ്രയോജനപ്പെടുത്തുന്നുണ്ട്. എടയൂർ പഞ്ചായത്തിലെ നമ്പൂതിരിപ്പടി അംഗനവാടി ഈ കെട്ടിടത്തിലാണ് പ്രവൃത്തിച്ച് വരുന്നത്. അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിനായി മറ്റൊരു പേര് നൽകി പ്രോജക്ട് തയ്യാറാക്കിയതാണ് എന്ന് വിലയിരുത്തുന്നു.

2.എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി ലംപ്സം ആയി 75000 രൂപ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ വയറിങ്ങ് ചെയ്തിട്ടില്ല. വൈദ്യുതിയില്ലാത്തതിനാൽ രക്ഷിതാക്കൾ അംഗനവാടിയിലേക്ക് കുട്ടികളെ അയക്കാൻ മടിക്കുന്നതായും , ഒരു ഉയർന്ന പ്രദേശമായതിനാൽ കടുത്ത ചൂട് അനുഭവപ്പെടുന്നതായും അറിയാനിടയായി. അംഗനവാടിയിലേക്ക് വൈദ്യുതി കണക്ഷൻ എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ ഗ്രാമ പഞ്ചായത്തിന് നിർദേശം നൽകേണ്ടതാണ്.

3.കെട്ടിടത്തിൽ കുടിവെള്ളവും ലഭ്യമായിട്ടില്ല. പരിസര വാസികളുടെ സഹായത്തിലാണ് നിലവിൽ അംഗനവാടിയിലേക്ക് വെള്ളം എത്തിക്കുന്നത് എന്ന് വ്യക്തമാവുന്നു. വേനൽ വരുന്നതോടെ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞ് വരുന്നത് അംഗനവാടിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും അറിയിക്കുന്നു. വൈദ്യുതിയും വെള്ളവും ഇല്ലാത്തതിനാൽ വലിയ പ്രയാസം അനുഭവിക്കുന്നതായി ഹെൽപ്പർ അറിയിച്ചു. അംഗനവാടിയിലേക്കുള്ള റോഡ് നിർമ്മാണവും പൂർത്തിയായിട്ടില്ല. വെള്ളം , വൈദ്യുതി, മികച്ച ഗതാഗത സംവിധാനം എന്നിവ ഒരുക്കാൻ യുക്തവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. എസ്റ്റിമേറ്റ് ഇനം 40 പ്രകാരം Flushing System ഉള്ള വാട്ടർ ക്ലോസറ്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അപ്രകാരം സ്ഥാപിച്ചതായി അളവ് ബുക്കിൽ രേഖപ്പെടുത്തുകയും 4258.94 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓർഡിനറി വാട്ടർ ക്ലോസറ്റാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് സൈറ്റ് പരിശോധനയിൽ വ്യക്തമായി. അധികമായി കൈപറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 57/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| അനുവദിച്ച നിരക്ക്<br>DSR 17.1.1. @ 4579.5<br>(Rate Quoted 4258.94 , 7% Below) | അനുവദിക്കാവുന്ന നിരക്ക്<br>DSR 17.13.1. @ 1406.6<br>(Rate Quoted 1308.14 , 7% Below) | അധികം |
|---|---|---|
| 1 X 4258.94 = 4258.94 | 1 X 1308.14 = 1308.14 | 2951 |

## 3-18 വലിയകുന്ന് എസ്.സി കോളനി കണ്ണംകുളം നവീകരണം - നിർവ്വഹണത്തിൽ അപാകത

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അബ്ദുൽ റഹീം.കെ | എസ്റ്റിമേറ്റ് നമ്പർ | 2021/14059 |
| നിർവഹണം | SIDCO | | |
| BRN നമ്പർ , തുക | 1414968/22.03.2022-310867<br>1414548/22.03.2022- 3688263 | നിരക്ക് | DSR 2018 -<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/TRP11/2021-22/22.12.2021 | അളവ് പുസ്തകം | 216/20-21/SIDCO |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 338/22 വലിയകുന്ന് എസ്.സി കോളനിയിലെ കണ്ണംകുളം നവീകരണം ( ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് , കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് വികസന ഫണ്ട് (എസ്.സി.പി) വിഹിതം 40 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്. അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ വഴി പി.എം.സി ആയിട്ടാണ് ശ്രീ.അബ്ദുൽ റഹീം.കെ എന്ന കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചത്. 3999130 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

5.03.2023 ന് ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം ക്ലർക്കിന്റെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. തറനിരപ്പ് വരെ കരിങ്കൽ കെട്ട് നടത്തുകയും രണ്ടാമത്തെ ബെൽറ്റ് മുതൽ മുകളിലേക്ക് പോയന്റിങ്ങ് നടത്തിയതായും കാണുന്നു.

2022-23 വർഷവും 906/23 മൾട്ടി ഇയർ പ്രോജക്ടിന്റെ ഭാഗമായി പ്രവൃത്തി നിർവ്വഹിച്ചതായി വ്യക്തമാവുന്നു. കുളത്തിലേക്ക് മണ്ണ് ഇറങ്ങുന്ന വിധത്തിൽ , പരിസരത്ത് മണ്ണ് കൂട്ടിയിട്ടതായി കാണുന്നുണ്ട്. ഇനിയും വർക്കുകൾ പൂർത്തികരിക്കാനുണ്ടോ എന്ന കാര്യം വ്യക്തമല്ല.

സ്റ്റെപ്പുകളിൽ വിള്ളൽ കാണുന്നുണ്ട്. Intermediary Belt, Steps എന്നിവയിൽ കമ്പി ഉപയോഗിച്ചിട്ടില്ല എന്ന്

പരിസരവാസികളായ ആളുകൾ എഞ്ചിനീയറിങ്ങ് സ്റ്റാഫിന്റെ സാന്നിദ്ധ്യത്തിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ , അളവ് ബുക്ക് പേജ് 6 ൽ കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 12mm, 8mm കമ്പികൾ 640.395 Kg പ്രവൃത്തിക്കായി ഉപയോഗിച്ചതിന് 98.92/kg നിരക്കിൽ 63347.87 രൂപ കരാറുകാരൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് രേഖപ്പെടുത്തി ഗുണഭോക്തക്കളെയും ജില്ലാ പഞ്ചായത്തിനെയും, ഏജൻസിയും കരാറുകാരനും തെറ്റിദ്ധരിപ്പിച്ചതായി വ്യക്തമാവുന്നു. പ്രവൃത്തിക്കായി കമ്പി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി 58/20.03.2023).1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-19 കടുക്കാപ്പറമ്പ് എസ്.സി കോളനി ഭവന സുരക്ഷ - നിർവ്വഹണത്തിൽ ക്രമക്കേടുകൾ

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. പി | എസ്റ്റിമേറ്റ് നമ്പർ | 2020/3567 |
| നിർവ്വഹണം | കെൽ | | |
| BRN നമ്പർ , തുക | 1157650/18.03.2022-77202<br>1157649/26.02.2021- 915956 | നിരക്ക് | DSR 2016 –<br>Cost Index 31.06 |
| കരാർ | AEE/LID&EW-DIV/MPM/ 217/2020-21/22.10.2020 | അളവ് പുസ്തകം | 549/Kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 566/21 കടുക്കാപറമ്പ് എസ് .സി കോളനി ഭവന സുരക്ഷ - ( ഏലംകുളം ഗ്രാമ പഞ്ചായത്ത് , പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് 2020-21 വർഷം എസ്. സി. പി ഫണ്ട് 10 ലക്ഷം വകയിരുത്തിയ പ്രവൃത്തിയാണ്.

9.03.2023 ന് ഏലംകുളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. പി.എം.സി വർക്കായി കെൽ മുഖേന ശ്രീ.അക്ബർ അലി.പി എന്ന കരാറുകാരനാണ് പ്രവൃത്തി നിർവ്വഹിച്ചത്.പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് ഇനം അഞ്ച് സൈഡ് സംരക്ഷണ പ്രവൃത്തിക്ക് കമ്പി ഉപയോഗിക്കുന്നതിനാണ്. അളവ് ബുക്ക് പ്രകാരം 16 ഗുണഭോക്താക്കൾക്കായി 1307.98 Kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 74.18/kg നിരക്കിൽ 97025.96 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ , ശ്രീ.ശിവശങ്കർ, ശ്രീമതി.വിലാസിനി, ശ്രീമതി.ചക്കി എന്നീ മൂന്ന് ഗുണഭോക്താക്കളുടെ സൈറ്റിൽ മാത്രമാണ് കമ്പി ഉപയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ ഈ വസ്തുത ഓഡിറ്റ് ടീമിന്റെയും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെയും സാന്നിധ്യത്തിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ആവശ്യത്തിലേക്ക് ആകെ ഉപയോഗിച്ചത് 275.46kg കമ്പി മാത്രമാണ് എന്ന് അളവ് ബുക്കിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു. ചെയ്യാത്ത ഇനങ്ങൾ ചെയ്തു എന്ന് അളവ് രേഖപ്പെടുത്തിയ കെൽ എഞ്ചിനീയർമാർ ഗുരുതര പിഴവ് വരുത്തിയതായി അറിയിക്കുന്നു. അവശേഷിച്ച കമ്പിയുടെ വില 76592.3 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (1307.98 – 275.46 = 1032.52 @ 74.18/kg ). തുക തിരിച്ചടവാക്കേണ്ടതാണ്.

2.അർഹമായതിലും അധികം കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയതായി കാണുന്നു. ശ്രീമതി.വിലാസിനി എന്ന ഗുണഭോക്താവിന്റെ സൈറ്റിൽ കോൺക്രീറ്റ് വാൾ നിർമ്മിക്കുന്നത് 14.8മീറ്റർ നീളത്തിലാണ്. കൂടിയ ഉയരം .90 മീറ്ററും. (MB Page 10 ) എന്നാൽ ഉപയോഗിച്ച കമ്പി 1.95 നീളത്തിൽ 50 എണ്ണം വെർട്ടിക്കലായും , 15.4മീറ്റർ നീളത്തിൽ 11 എണ്ണം Horizondal ആയും ഉപയോഗിച്ചതായി കാണുന്നു. അതായത്, ഒരു മീറ്റർ ഉയരമുള്ള വാളിന് Horizondal ആയി 11 കമ്പികൾ നൽകി (Spacing .091 Cm) എന്നത് അതിശയോക്തി നിറഞ്ഞതാണ്. (MB Page 5). പരസ്പരം പൊരുത്തപ്പെടാത്ത വിധത്തിലാണ് കമ്പിയുടെ ഉപയോഗവും രേഖപ്പെടുത്തലും നടന്നിട്ടുള്ളത് എന്ന് കാണുന്നു. യഥാർത്ഥത്തിൽ സൈറ്റിൽ ആവശ്യമായ കമ്പിയുടെ അളവും സൈറ്റിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയ കമ്പിയുടെ അളവും തമ്മിൽ വലിയ വ്യത്യസമുണ്ട്. ഈ വസ്തുത സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ഇതേ പോലെ മറ്റ് ഗുണഭോക്താക്കളുടെ പ്രവൃത്തിയിലും അധികമായി കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുന്നു. വ്യക്തമായ പരിശോധന നടത്തി അനർഹമായ വിധത്തിൽ ഏജൻസി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് ഇനം മൂന്ന് കോൺക്രീറ്റിന് ആവശ്യമായ ഫോംവർക്ക് ചെയ്യുന്നതിനാണ്. DSR 5.9.2 പ്രകാരമുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്ലിന്ത് ലെവൽ വരെയുള്ള ഇത്തരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് DSR 5.9.1 പ്രകാരമുള്ള കുറഞ്ഞ നിരക്ക് മാത്രമാണ് അനുവദനീയമായിട്ടുള്ളത് . സൈറ്റ് സാഹചര്യം പരിശോധിച്ചാൽ DSR 5.9.2 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന വസ്തുത വ്യക്തമാവുന്നതാണ്. അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| അനുവദിച്ചത് | അർഹമായത് | അധികം |
|---|---|---|

| | | |
|---|---|---|
| (DSR 5.9.2@496.19/m2) | (DSR 5.9.1@254.191/m2) | |
| 323.027m2 @ 496.19 = 160282.77 | 323.027m2 @ 254.191 = 82110.557 | 78172.213 |

4.ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം എസ്.സി ഭവന സുരക്ഷ എന്ന പേരിൽ ധാരാളം പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. എല്ലാ പ്രോജക്ടിലും കരിങ്കൽ കെട്ടാണ് ശുപാർശ ചെയ്തിട്ടുള്ളത്. ചെയ്തിട്ടുള്ളതും കരിങ്കൽ കെട്ടാണ്. ഗുണഭോക്താക്കൾ ആഗ്രഹിക്കുന്നതും കരിങ്കൽ , ചെങ്കൽ ഉപയോഗിച്ചുള്ള കെട്ടാണ്. ഈ പ്രോജക്ടിന്റെ ഭാഗമായി ചെയ്ത ഒരു ഗുണഭോക്താവിന്റെ സൈറ്റിലും കോൺക്രീറ്റ് വാൾ ആവശ്യമായി വരുന്നില്ല എന്ന് വ്യക്തമാവുന്നു. ആരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കോൺക്രീറ്റ് വാൾ നിർമ്മിക്കാൻ ഇടയായത് എന്ന് അറിയിക്കേണ്ടതാണ്. പൊതു ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് അവസരമൊരുക്കിയ ഈ നടപടി അംഗീകരിക്കാനാവില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി എഞ്ചിനീയറിങ്ങ് വിഭാഗത്തിന് Common Specification ഉണ്ട്. ഇത് അടിസ്ഥാനമാക്കിയാണ് ഓരോ എസ്റ്റിമേറ്റും തയ്യാറാക്കുന്നത്. ഇത് ജില്ലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന , നിരക്ക് അനുവദിക്കുന്ന കാര്യത്തിൽ പൊതു സമീപനങ്ങൾ സ്വീകരിക്കാനും ഏകീകൃത സ്വഭാവം നിലനിർത്താനും സഹായിച്ചിട്ടുണ്ട് . എന്നാൽ ഒരേ ഇനം പ്രവൃത്തിക്ക് ചെലവേറിയ നിരക്ക് അനുവദിക്കാനും , രണ്ട് വ്യത്യസ്ത രീതികൾ അവലംബിക്കുക വഴി വിവേചനം വരുത്തുവാനുമാണ് അക്രഡിറ്റഡ് ഏജൻസികളുടെ സാന്നിധ്യം കൊണ്ട് ഇടയാക്കിയിട്ടുള്ളത്.(ഓഡിറ്റ് എൻക്വയറി 62/20.03.2023). 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-20 വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവ്

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.അക്ബർ അലി. കെ | എസ്റ്റിമേറ്റ് നമ്പർ | 2021/12866 |
| നിർവ്വഹണം | കെൽ | സാങ്കേതികാനുമതി | 1215/2021-2022 |
| BRN നമ്പർ , തുക | 25426/21.03.2022 / 7220933<br>1366796/18.03.2022 / 1074309<br>1367066/18.03.2022 / 699170 | നിരക്ക് | DSR 2018 – Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP-01/2021-22 /04.10.2021 | അളവ് പുസ്തകം | 731/Kel |

9.03.2023 ന് പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അക്രഡിറ്റ് ഏജൻസിയായ കെൽ (Kerala Electrical & Allied Engineering Company ) മുഖേന നടപ്പിലാക്കിയ 171/22 വളപുരം കെ.പി കുളമ്പ് റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഡ്രെയിനേജ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് ഇനം 3 പ്രകാരം മോർഡ് ഡാറ്റ 11.4.4 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. മാത്രമല്ല , ഇനം 4 പ്രകാരം സ്റ്റീൽ വാങ്ങുന്നതിന് മോർഡ് ഡാറ്റ 13.3 പ്രകാരമുള്ള നിരക്ക് കണക്കാക്കിയും കരാറുകാരന് തുക നൽകിയിട്ടുണ്ട് . ഇപ്രകാരം ഡ്രെയിൻ, സംരക്ഷണ ഭിത്തി എന്നിവക്കായി എർത്ത് വർക്കിന് മോർഡ് ഡാറ്റ 3.5.1 പ്രകാരമുള്ള നിരക്കും നൽകിയതായി വ്യക്തമാവുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് LID&EW വിഭാഗം ചീഫ് എഞ്ചിനീയറുടെ 05. 04. 2021 ലെ DB1/3727 /2021/CE/Lsgd സർക്കുലറിൽ, എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം കൈവരുത്തുന്നതിന് , ഓടകൾ നിർമ്മിക്കുമ്പോൾ ബഡ് കോൺക്രീറ്റിന് 11.4.1.1 കോഡ് ഉപയോഗിക്കണമെന്നും വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് മോർഡ് 11.4.2.1 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും, സ്റ്റീലിന് മോർഡ് 12.7 പ്രകാരമുള്ള കോഡ് ഉപയോഗിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദേശം പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും കരാറുകാരന് തുക നൽകിയത് എന്നും വ്യക്തമായിട്ടുണ്ട് . 11.4.2.1 പ്രകാരമുള്ള നിരക്കാണ് കോൺക്രീറ്റിന് അർഹമായത് . എർത്ത് വർക്ക് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ എസ്റ്റിമേറ്റുകളിൽ 3.5.2 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിക്കാറുള്ളത്. ഇതാണ് അനുവദനീയവും (ഉദാ: 40/22 ചെമ്മാണിയോട് തേലക്കാട് റോഡ് - പെരിന്തൽമണ്ണ ബ്ലോക്ക് )

കൂടാതെ, റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉൾപെടുന്ന 11.4.4 പ്രകാരമുള്ള 8642.72/m3 നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ , ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് റോഡ് പ്രവൃത്തി നേരിട്ട് പരിശോധിച്ച് ബോധ്യമായിട്ടുണ്ട്. ആയത് പരിശോധനാ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷൻ അംഗീകൃത ഒബ്സർവ്ഡ് കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം നൽകാറുള്ളത്. ഈ ഡാറ്റയിൽ നിന്ന് സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്ക് കുറവ് ചെയ്താണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് . അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 62/20.03.2023 )

| ക്രമ നമ്പർ | പ്രവൃത്തി ഇനം | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | (ഡ്രെയിൻ സൈഡ് കോൺക്രീറ്റ് -എസ്റ്റിമേറ്റ് App 1- Item 2) | 204.75cum | 1769596.92 @8642.72/cum | 1569418.98 @7665.05/cum | 200177.94 |
| 2 | (ഡ്രെയിൻ സൈഡ് കോൺക്രീറ്റ് കമ്പി - എസ്റ്റിമേറ്റ് App 1- Item 4) | 5.98 Ton | 548300.82 @91689.1 | 531814.92 @88932.26 (MORD 12.7 ) | 16485.9 |
| 3 | റിവൈസ്ഡ് എസ്റ്റിമേറ്റ് App 6- Item 2).സൈഡ് കോൺക്രീറ്റ് (ഏജൻസികൾ മുഖേന നിർവഹണം നടത്തിയ മറ്റ് പ്രവൃത്തികളിൽ കോഡ് 16.42 പ്രകാരമുള്ള 8102.83 /Cum നിരക്കാണ് നൽകിയിട്ടുള്ളത് ഉദാ : 490/22 പ്രോജക്ട് ) | 76.98cum | 665316.59 @8642.72/cum (കോഡ് 11.4.4) | 612883.96 7961.6/cum | 52432.63 |
| 4 | റിവൈസ്ഡ് എസ്റ്റിമേറ്റ് App 6- Item 1).സൈഡ് കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ | 307.92m 2 | 111075.98 @360.73 (കോഡ് 3.5.1) | 25880.68 @84.05 (കോഡ് 3.5.2) | 85195.3 |
| 5 | എസ്റ്റിമേറ്റ് App 1- Item 1 - ഡ്രയിൻ കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ ) | 736.173 M3 | 265559.69 @360.73 (കോഡ് 3.5.1) | 61875.34 @84.05 (കോഡ് 3.5.2 | 203684.35 |
| 6 | എസ്റ്റിമേറ്റ് App 3- Item 1) സംരക്ഷണ ഭിത്തി കോൺക്രീറ്റിനായി സ്ഥലം ഒരുക്കൽ ) | 33.572m3 | 12110.43 @360.73 (കോഡ് 3.5.1) | 2821.73 @84.05 (കോഡ് 3.5.2 | 9288.7 |
| 7 | എസ്റ്റിമേറ്റ് App 6- Item 2) റോഡ് സൈഡ് കോൺക്രീറ്റ് | 76.98m3 | 665316.59 @8642.72 (കോഡ് 11.4.4) | 612883.96 @7961.6/$m^3$ | 52432.63 |
| | ആകെ | | | | 619697.45 |

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

## 3-21 മദിരശ്ശേരി പമ്പ് ഹൗസ് റോഡ് റീ ടാറിങ്ങ് - അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13849 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1366875/18.03.2022 - 1382838<br>1367095/18.03.2022 - 116553 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 17/21-22/31.12.2021 | അളവ് പുസ്തകം | 818/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 327/22 മദിരശ്ശേരി പമ്പ്ഹൗസ് റോഡ് റീടാറിങ്ങ് - ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് മെയിന്റനൻസ് ഫണ്ട് (റോഡ്) 15 ലക്ഷം വകയിരുത്തിയതാണ്. 1499391 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ്

തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് പരിഗണിച്ചിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ , അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 65/20.03.2023)

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക (@8102.83) | നൽകാവുന്ന തുക | അധികം |
|---|---|---|
| 87.43m3 X 8102.83 = 708430.43 | 87.43m3 X 7961.6 = 696082.68 | 12347.74 |

## 3-22 മറവഞ്ചേരി തൃക്കണാപുരം റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13827 |
| നിർവ്വഹണം | Kel | | |
| BRN നമ്പർ , തുക | 1367146/18.03.2022 - 155420<br>1366851/18.03.2022 - 1843972 | നിരക്ക് | DSR 2018 –<br>Cost Index 36.44 |
| കരാർ | AEE/LID&EW-DIV/MPM/ TRP 19/21-22/31.12.2021 | അളവ് പുസ്തകം | 817/kel |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 326/22 മറവഞ്ചേരി തൃക്കാണപുരം റോഡ് റീടാറിങ് , സൈഡ് കോൺക്രീറ്റിങ് - ( തവനൂർ ഗ്രാമ പഞ്ചായത്ത് , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ) എന്ന പ്രോജക്ട് റോഡ് മെയിന്റനൻസ് ഫണ്ട് 20 ലക്ഷം വകയിരുത്തിയതാണ്. 1999392 രൂപ ചെലവ് വന്നിട്ടുണ്ട്.

8.3.2023 ന് തവനൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. കെൽ മുഖേന പി.എം.സി ആയിട്ടാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പ്രവ്യത്തിയുടെ നിർവ്വഹണത്തിൽ താഴെ രേഖപ്പെടുത്തിയ അപാകതകൾ ഉണ്ട്.

റോഡ് പ്രവൃത്തികൾക്ക് MORD ഡാറ്റയാണ് പരിഗണിക്കേണ്ടത്. എന്നാൽ DSR ഡാറ്റയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുള്ളത്. റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്ക് ഉള്ള 16.42 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഫോം വർക്ക് ചെയ്യാതെയാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഡാറ്റയിൽ നിന്ന് ഫോം വർക്കിനുള്ള നിരക്ക് കുറവ് ചെയ്യാത്തതിനാൽ ,അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. അർഹമായ നിരക്ക് 100.65 + 2.86 + കോസ്റ്റ് ഇൻഡക്സ് തുകയായ 141.23 കുറവ് ചെയ്ത് 7961.6 രൂപ മാത്രമാണ്. വിശദ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി 66/20.03.2023).

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 16 പ്രകാരം സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനിൽ ചുമത്തുന്നു.

| നൽകിയ തുക @8102.83 | നൽകാവുന്ന തുക | അധികം |
|---|---|---|
| 137.5m3 X 8102.83 = 1114139.13 | 137.5m3 X 7961.6 = 1094720 | 19419.13 |

## 3-23 നേഡറ്റ് NH ഭാരതപ്പുഴ റോഡ് - സൈഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

| | | | |
|---|---|---|---|
| കരാറുകാരൻ | ശ്രീ.ടി. കെ ഹുസൈൻ | എസ്റ്റിമേറ്റ് നമ്പർ | 2021/13850 |
| നിർവഹണം | Kel | | |
